*04-06-2026*

*Discussion on the motion of thanks to the Governor's address – discussion to be concluded*

**ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്മേലുള്ള ചർച്ച**

<u>ശ്രീ. സി. ആർ. മഹേഷ്</u>: സർ, ബഹുമാനപ്പെട്ട ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തി ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച ഉപക്ഷേപത്തെ ഞാൻ പിന്തുണയ്ക്കുന്നു. ഒരിക്കൽക്കൂടി നിയമസഭയ്ക്കുള്ളിൽ കയറാനും സഭാംഗമായി കരുനാഗപ്പള്ളി നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കാനും അവസരം നൽകിയ, പാർട്ടി നോക്കാതെ വോട്ട് രേഖപ്പെടുത്തിയ നാട്ടുകാരോടും കൊടുംചൂടിലും പ്രവർത്തനം നടത്തിയ പാർട്ടി പ്രവർത്തകരോടും ഉള്ളുരുകി പ്രാർഥിച്ചവരോടും ഈ അവസരത്തിൽ നന്ദി രേഖപ്പെടുത്തുന്നു. കഴിഞ്ഞ സഭയിൽ നമ്മോടൊപ്പമുണ്ടായിരുന്നതും വിവിധ സമയങ്ങളിൽ നമ്മളെ വിട്ടുപിരിയുകയും ചെയ്ത അംഗങ്ങളായ ഉമ്മൻ ചാണ്ടി, പി. ടി. തോമസ്, വാഴൂർ സോമൻ, കാനത്തിൽ ജെമീല തുടങ്ങിയവരുമായി പങ്കിട്ട നല്ല നിമിഷങ്ങളെയും ഈ അവസരത്തിൽ ഓർക്കുന്നു. പരാജയപ്പെട്ടാൽ രാഷ്ട്രീയ വനവാസത്തിന് പോകുമെന്ന് പറഞ്ഞൊരാൾ, നല്ലപോലെ വായിക്കുകയും കേൾക്കുകയും ചെയ്യുന്നൊരാൾ, ചിരിക്കുന്ന നല്ലൊരാൾ... ശ്രീ. വി. ഡി. സതീശന്റെ നേതൃത്വത്തിൽ യു.ഡി.എഫ്. ഭരണം ആരംഭിച്ചിരിക്കുന്നു. കേരളത്തിലെ കോൺഗ്രസ്സ് ചരിത്രത്തിലെ അഞ്ചാമത്തെ മുഖ്യമന്ത്രിയാണ് അദ്ദേഹം. ആർ. ശങ്കർ, കെ. കരുണാകരൻ, ശ്രീ. എ. കെ. ആന്റണി, ഉമ്മൻ ചാണ്ടി എന്നിവരുടെ പിൻഗാമിയാണ് ശ്രീ. വി. ഡി. സതീശൻ. 2001-ൽ ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്ന നിയമസഭയിൽ നൂറിൽ ഒരാളായി ആദ്യം ഈ നിയമസഭയിലേക്ക് കടന്നുവന്ന ശ്രീ. വി. ഡി. സതീശൻ എന്ന വ്യക്തി 2026-ൽ 102 അംഗങ്ങളുടെ പിന്തുണയോടുകൂടി മുഖ്യമന്ത്രിയായി ചരിത്രത്തിൽ ഇടംപിടിച്ചിരിക്കുകയാണ്. കാലം ശ്രീ. വി. ഡി. സതീശനെ കൊണ്ടുനിർത്തിയിരിക്കുന്നത് അസാധാരണമായ ഒരു രാഷ്ട്രീയ തിളക്കത്തിലാണ്. ഇന്നലെ പരിണിതപ്രജ്ഞനായ കമ്മ്യൂണിസ്റ്റ് നേതാവും ഈ സഭയിലെ ഏറ്റവും സീനിയർ അംഗവുമായ ശ്രീ. ജി. സുധാകരൻ പറഞ്ഞതുപോലെ ശ്രീ. വി. ഡി. സതീശനെ ജനങ്ങൾ വലിയ പ്രതീക്ഷയോടുകൂടിയാണ് കാണുന്നത്. കോൺഗ്രസ്സ്/യു.ഡി.എഫ്. എന്നതിനപ്പുറം ജനം അങ്ങയെ പുതുയുഗത്തിലേക്കുള്ള രക്ഷകനായി കാണുന്നു. അതിനനുസരിച്ച് ഉയരുവാനും എല്ലാവരെയും ഒരുമിച്ച് മുന്നോട്ട്

*04-06-2026*

*Discussion on the motion of thanks to the Governor's address – discussion to be concluded*

കൊണ്ടുപോകാനും അങ്ങേക്ക് കഴിയട്ടെയെന്ന് ആശംസിക്കുന്നു. കഴിഞ്ഞ സഭയിൽ ആക്രോശിച്ച ഒരുപാട് ആളുകളുണ്ട്. അശരീരി മുഴക്കിയവരുണ്ട്, അകമ്പടിക്കാരുണ്ട്, ഡെസ്കിൽ അടിച്ച് താളം പിടിച്ചവരുണ്ട്, വാഴ്ത്തുപാട്ടുകാരുണ്ട്. ഭരണപക്ഷമാണെന്നുള്ള രീതിപോലും മറന്ന് എണ്ണത്തിൽ കുറവായിരുന്ന അന്നത്തെ പ്രതിപക്ഷ ശബ്ദങ്ങളെ വല്ലാതെ അടിച്ചമർത്താൻ നേതൃത്വം കൊടുത്ത മന്ത്രിമാർക്ക് മോഡറേഷൻ കൊടുത്തിട്ടുപോലും ജയിച്ചില്ലെന്നതും അവർക്കാർക്കും ഈ സഭയിൽ അംഗമാകാൻ കഴിഞ്ഞില്ലെന്നതും വരും ദിവസങ്ങളിൽ അപ്പുറത്തിരിക്കുന്നവരും ഇപ്പുറത്തിരിക്കുന്നവരും ഓർത്താൽ നല്ലതായിരിക്കും. ഇല്ലെങ്കിൽ ഒറ്റത്തവണ തീർപ്പാക്കലായി ജനം വീട്ടിലിരുത്തും. പൂരം കഴിഞ്ഞ പറമ്പിൽ നിന്നും പൊട്ടാത്ത പടക്കം പെറുക്കിയെടുക്കുംപോലെ ഈ വലിയ ജനാധിപത്യ യുദ്ധത്തിൽ ആരൊക്കെ പൊട്ടി എങ്ങനെയൊക്കെ പൊട്ടിയെന്ന് പഠന വിഷയമാക്കണം. കലത്തിലെ ചോറ് വെന്തോയെന്നറിയാൻ മുഴുവനും ഞെക്കി നോക്കേണ്ട ആവശ്യമില്ല. ഒന്നോ രണ്ടോ എണ്ണം ഞെക്കി നോക്കിയാൽ മതി. ഈ സർക്കാർ എങ്ങനെ പോകുമെന്നറിയാൻ ആദ്യ നയപ്രഖ്യാപനം മാത്രം നോക്കിയാൽ മതിയാകും. ഒരു നയവും മയവുമില്ലാത്ത സർക്കാരിൽ നിന്നും പുതുയുഗത്തിലേക്കുള്ള പുതിയ സർക്കാരിന്റെ യാത്ര മംഗളമായി ആരംഭിച്ചിരിക്കുന്നു. വികസനമെന്നത് അംബരചുംബികളായ കെട്ടിടങ്ങൾ കെട്ടിപ്പൊക്കുക മാത്രമല്ല, ജനങ്ങളുടെ ദൈനംദിന ജീവിതത്തെ തൊടുന്നതെല്ലാം വികസനമാണെന്ന് പുതിയ സർക്കാർ ഉറപ്പുവരുത്തുന്നു. അധ്വാനത്തിന്റെ ന്യായ വിലയ്ക്കുവേണ്ടി കാത്തിരിക്കുന്ന കർഷകൻ, ഉന്നത വിദ്യാഭ്യാസം ആഗ്രഹിക്കുന്ന വിദ്യാർഥികൾ, അന്തസ്സ് തേടുന്ന തൊഴിലാളികൾ, വളരാനുള്ള അവസരം തേടുന്ന സംരംഭകർ, അന്തസ്സാർന്ന ജീവിതം ആഗ്രഹിക്കുന്ന വയോജനങ്ങൾ, സർക്കാരിൽനിന്നും പിന്തുണ പ്രതീക്ഷിക്കുന്ന പാവപ്പെട്ടവർ തുടങ്ങിയ എല്ലാവരുടെയും മുഖങ്ങൾ ഈ നയപ്രഖ്യാപനത്തിൽ ഉൾപ്പെട്ടിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സ്ത്രീകൾക്ക് സൗജന്യയാത്ര ഉറപ്പാക്കുകയും, കോളേജ് വിദ്യാർഥിനികൾക്ക് പ്രതിമാസം ആയിരം രൂപ വീതം ധനസഹായം നൽകുവാനും ക്ഷേമ പെൻഷൻ മൂവായിരം രൂപയായി നിലവിലെ സർക്കാർ വർധിപ്പിക്കുവാനും തീരുമാനിച്ചത് നിലവിലെ സർക്കാരിന്റെ

ശ്രദ്ധേയമായ ക്ഷേമനടപടികളാണ്. രോഗംകൊണ്ട് വലയുന്ന കുടുംബങ്ങൾക്ക് ഉമ്മൻ ചാണ്ടിയുടെ പേരിലുള്ള 25 ലക്ഷം രൂപയുടെ ഇൻഷ്വറൻസ്, ചെറുപ്പക്കാർക്ക് പലിശരഹിത വായ്പയായി അഞ്ച് ലക്ഷം രൂപ, കൂടാതെ വയോജനങ്ങളുടെ ക്ഷേമത്തിന് ചരിത്രത്തിൽ ആദ്യമായി പ്രത്യേക വകുപ്പ് രൂപീകരിക്കുകയും ചെയ്തു. അങ്ങനെ പാവപ്പെട്ടവരുടെ ജീവിതത്തെ സ്പർശിക്കുന്നതെല്ലാം ഈ നയപ്രഖ്യാപനത്തിലുണ്ട്. അത് തീർത്തും അഭിമാനകരമായ കാര്യമാണ്. പ്രതിപക്ഷം പറയുന്നത് ഇപ്പോഴും ഖജനാവ് നിറഞ്ഞിരിക്കുന്നുയെന്നാണ്.  പൂച്ച പ്രസവിച്ചതിന്റെ കാര്യം വരെ ഇന്നലെ ഒരു മുൻമന്ത്രി ഇവിടെ സൂചിപ്പിച്ചു. ശരിയാണ്, ഖജനാവ് നിറഞ്ഞിരിക്കുകയാണ്. കടംകൊണ്ടാണ് ഖജനാവ് നിറഞ്ഞിരിക്കുന്നത്. ഈ നിയമസഭയ്ക്ക് നിരവധി പ്രത്യേകതകളുണ്ട്.  ഇടതുപക്ഷത്തിന്റെ നെഞ്ചിനകത്ത് ഇടിമുഴക്കം തീർത്തുകൊണ്ട് എത്ര നല്ല കമ്മ്യൂണിസ്റ്റുകാരാണ് യു.ഡി.എഫ്.-ന്റെ പിന്തുണയോടുകൂടി ഈ സഭയിലെ അംഗങ്ങളായി തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത്. ശ്രീ. ജി. സുധാകരൻ, ശ്രീ. സി. പി. ജോൺ, ശ്രീമതി കെ. കെ. രമ, ശ്രീ. വി. കുഞ്ഞികൃഷ്ണൻ, ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ അങ്ങനെ എത്രപേർ. നിങ്ങൾക്ക് വേണമെങ്കിൽ നന്നാവാം. മുൻമുഖ്യമന്ത്രി പറഞ്ഞതുപോലെ പരാജയം ഒന്നിന്റെയും അവസാനമല്ല. ഞങ്ങൾക്ക് അങ്ങനെ ആക്ഷേപവുമില്ല. പക്ഷേ തിരുമൽ നിർത്തി തിരുത്തുവാൻ തയ്യാറാകണം. ഉണക്ക തേങ്ങയ്ക്ക് ഉത കൊടുത്തിട്ട് കാര്യമില്ല. ഇരുട്ടുകൊണ്ട് ഓട്ട അടച്ചിട്ടും കാര്യമില്ല. അധികാരത്തിലെത്താനും അതിനുശേഷം ആ അധികാരത്തിൽ അള്ളിപ്പിടിച്ചിരിക്കാനുമുള്ള മാർഗ്ഗമായി കമ്മ്യൂണിസത്തെ കാണാതെ, കമ്മ്യൂണിസം ഒരു ജീവിതരീതിയാണെന്നും അതൊരു നിത്യജീവിത സമരമായി കാണാനും കമ്മ്യൂണിസ്റ്റുകാർക്ക് കഴിഞ്ഞാൽ മാത്രമേ ഈ പ്രസ്ഥാനം കേരളത്തിൽ ഇനി ഉയർത്തെഴുന്നേൽക്കൂ. ഇപ്പോഴും അപ്പുറത്തിരുന്ന് യു.ഡി.എഫ്.-നെ പള്ള് പറയുന്ന പ്രതിപക്ഷാംഗങ്ങളെ, നിങ്ങൾ പലപ്പോഴും തിരുത്തേണ്ടിടത്ത് വായില്ലാക്കുന്നിലപ്പന്മാരായി പോയെന്നുള്ളതാണ് സങ്കടകരം. അച്ചടിഭാഷയിൽ ഇവിടെ വന്ന് വർത്തമാനം പറഞ്ഞിട്ടോ പച്ചവെള്ളം ചവച്ചുകുടിക്കുന്നതായി അഭിനയിച്ച് കാണിച്ചിട്ടോ കാര്യമില്ല. പറ്റുമെങ്കിൽ നിയമസഭാ ഉപനേതാവ് സ്ഥാനമെങ്കിലും

ഒപ്പിച്ചെടുക്കാൻ നോക്കും. ചരിത്രത്തിലാദ്യമായി ഒരു മന്ത്രിക്ക് സ്വന്തം വീട്ടിൽ ചോറ് നൽകിയതിന് വന്ദ്യ വയോധികനായ കമ്മ്യൂണിസ്റ്റുകാരനെ പുറത്താക്കിയ ഏക പാർട്ടി സി.പി.ഐ.(എം.) ആണ്. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ ഈ സഭയിലില്ലാത്തത് വലിയൊരു നഷ്ടമാണ്. തിരഞ്ഞെടുപ്പ് സമയത്ത് അദ്ദേഹം പറഞ്ഞത് പാവങ്ങൾ എന്നൊരു വാക്ക് ഇനി മലയാള നിഘണ്ടുവിൽ ഇല്ലായെന്നാണ്. തിരഞ്ഞെടുപ്പ് ഫലം വന്നപ്പോൾ അദ്ദേഹം തന്നെ ഇല്ലാണ്ടായി. ഇന്നലത്തെ വാർത്ത, ശ്രീ. കെ. ടി. ജലീൽ സി.പി.ഐ.(എം.)-ൽ അംഗത്വം എടുത്തുയെന്നതാണ്. മോളെ കെട്ടിക്കാറായപ്പോൾ വീണ്ടും ബാപ്പ പുതിയാപ്ല ആയതുപോലെയാണ് ഈ വാർത്ത. നയപ്രഖ്യാപനത്തിൽ സ്വർണ്ണം കട്ടവരെക്കുറിച്ച് പറഞ്ഞില്ലെന്ന് ബി.ജെ.പി. അംഗം ഇന്നലെ പരിതാപം പറയുന്നതുകേട്ടു. നാക്ക് അകത്തേയ്ക്ക് ഇട്ടില്ല, അതിനുമുമ്പ് പാലക്കാട് ദേവസ്വം ഭണ്ഡാരം കുത്തിതുറന്നതിന് മുൻ ബി.ജെ.പി. സ്ഥാനാർത്ഥിയായ ശ്രീമതി പ്രഭാവതി അകത്തായി. കുൽസുബീവി ആകാത്തതുഭാഗ്യം, അല്ലെങ്കിൽ അതിന്റെ പേരിൽ വേറൊരു കലാപവും മുതലെടുപ്പും ഉണ്ടായേനെ. ഉറക്കത്തിൽ ശ്വാസം വിടുന്നതുപോലും ദേശീയതയിൽ അധിഷ്ഠിതമായ പാർട്ടി ഭരിക്കുമ്പോൾ ഇന്ത്യയിൽ ആദ്യമായി NEET (National Eligibility cum Entrance Test), CBSE (Central Board of Secondary Education) എന്നീ പരീക്ഷകൾ കുളമാക്കി. എല്ലാ മേഖലകളെയും തൊട്ടുണർത്തികൊണ്ടുള്ള വളരെ മനോഹരമായ, ചരിത്രത്തിൽ ഇടംപിടിച്ച ഈ നയപ്രഖ്യാപനത്തെ ഞാൻ ഒരിക്കൽകൂടി പിന്തുണയ്ക്കുന്നു.

<u>ശ്രീ. കെ. പ്രേമൻ</u>: സർ, ആദ്യമായി ബഹുമാനപ്പെട്ട കേരള നിയമസഭയുടെ സദസ്സിനെയും ചെയറിനെയും ഞാൻ വന്ദിക്കുന്നു. ഈ നിയമസഭയിൽ വരാനും ഇതുപോലെ സംസാരിക്കാനും അവസരമൊരുക്കിയ എന്റെ പാർട്ടിക്കും പ്രതിസന്ധിയുടെ പെരുമഴക്കാലത്തും കക്ഷിരാഷ്ട്രീയത്തിനതീതമായി എന്നെ ചേർത്തുപിടിച്ച നെന്മാറയിലെ പ്രിയപ്പെട്ട ജനതയ്ക്കും ഹൃദയപൂർവ്വം നന്ദി രേഖപ്പെടുത്തുകയാണ്.

കേരളത്തിലെ ഭവനരഹിതരായ പാവപ്പെട്ട മനുഷ്യരുടെ ഏറ്റവും വലിയ പ്രതീക്ഷയായിരുന്ന കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ നടപ്പാക്കിയ ലൈഫ് പദ്ധതി.

*04-06-2026*
*Discussion on the motion of thanks to the Governor's address – discussion to be concluded*

സ്വന്തമായി ഒരു വീട് എന്ന സ്വപ്നമാണ് അവർക്ക് എപ്പോഴും ആത്മാഭിമാനമായി മാറുക എന്നുള്ളതുകൊണ്ടുതന്നെ ഇന്ത്യാരാജ്യത്തിനും ലോകത്തിനും മാതൃകയായ ആ പദ്ധതിയുടെ തുടർച്ചപോലുമില്ലാത്ത നയപ്രഖ്യാപനമാണ് ഇവിടെ നടത്തിയത്. ഈ നാട്ടിലെ സാധാരണക്കാരായ പാവപ്പെട്ടവർക്കെതിരെയുള്ള വിധിയെഴുത്തായിവേണം ഈ നയപ്രഖ്യാപനത്തെ കാണാൻ. വർണ്ണക്കടലാസിൽ പൊതിഞ്ഞ മധുരമില്ലാത്ത മിഠായിയാണ് ഈ നയപ്രഖ്യാപന പ്രസംഗം എന്നുള്ളതുകൊണ്ടുതന്നെ അതിനെ അതിശക്തമായി ഞാൻ എതിർക്കുകയാണ്. ലോകത്താകെയുള്ള കണക്കെടുത്താൽ മതിയായ പാർപ്പിട സൗകര്യങ്ങളില്ലാത്ത മനുഷ്യർ ഏകദേശം 160 കോടിയോളം വരും. അത് ലോകത്തിന്റെ അഞ്ചിലൊന്നാണ്. അതിൽ മാതൃകാപരമായ ഒരു പദ്ധതി എന്നുള്ള നിലയിൽ കേരളത്തിൽ നടപ്പാക്കിയ ലൈഫ് പദ്ധതിയിലൂടെ 5,00,962 കുടുംബങ്ങൾക്ക് സുരക്ഷിതമായ ഭവനം നൽകാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ പാവങ്ങളുടെ അത്താണിയായ ഈ പദ്ധതിയെ രാഷ്ട്രീയ തിമിരം ബാധിച്ച ഇന്നത്തെ സർക്കാർ കഴുത്തുഞെരിച്ച് കൊല്ലുകയാണ്. കഴിഞ്ഞ സർക്കാരിന്റെ പേരിൽ അറിയപ്പെടുന്ന ഒരു പദ്ധതിയും ഇവിടെ തുടരേണ്ടതില്ല എന്നത് തികച്ചും ഹീനമായ രാഷ്ട്രീയ ലക്ഷ്യം മാത്രമാണ് ഇതിനുപിന്നിലുള്ളതെന്നാണ് എനിക്ക് പറയാനുള്ളത്. നിലവിൽ 107513 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരികയാണ്. സർക്കാരിന്റെ ഈ പിന്മാറ്റം പാതിവഴിയിലായ വീടുകളുടെ നിർമ്മാണം പൂർണ്ണമായും നിലയ്ക്കാൻതന്നെ കാരണമാകും. ആരോഗ്യവും വിദ്യാഭ്യാസവും മുതൽ പാർപ്പിടം വരെയുള്ള അടിസ്ഥാന അവകാശങ്ങളെല്ലാം സ്വകാര്യ മേഖലയ്ക്ക് നൽകാനുള്ള വലതുപക്ഷ നയങ്ങളുടെ അതേ പാതയിൽതന്നെയാണ് ഈ സർക്കാരും മുന്നോട്ടുപോകുന്നത് എന്നത് വളരെ വ്യക്തമാണ്. ആശാ വർക്കർമാർക്ക് 21,000/- രൂപ വേതനം നൽകണമെന്ന് വാദിച്ച കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്തെ പ്രതിപക്ഷനേതാവ് ഇപ്പോൾ മുഖ്യമന്ത്രിയായി അധികാരത്തിലേറിയപ്പോൾ വെറും 3,000 രൂപമാത്രം വർധിപ്പിച്ച് തൊഴിലാളികളെ വഞ്ചിച്ചിരിക്കുകയാണ്. 2011-16 കാലഘട്ടത്തിലെ ഉമ്മൻചാണ്ടി സർക്കാർ വെറും 500 രൂപ മാത്രമാണ് വർധിപ്പിച്ചത്. എന്നാൽ കഴിഞ്ഞ പത്ത്

വർഷത്തെ എൽ.ഡി.എഫ്. ഭരണകാലത്ത് കേന്ദ്ര സർക്കാർ അടിച്ചേൽപ്പിച്ച കടുത്ത സാമ്പത്തിക ഞെരുക്കങ്ങൾക്കിടയിലും ആശാ വർക്കർമാർക്ക് 8,000 രൂപയുടെ വേതവ വർധനയാണ് വരുത്തിയിട്ടുള്ളതെന്നതും മറക്കാൻ പാടില്ല. പരിമിതികൾക്കുള്ളിൽനിന്നുകൊണ്ട് അങ്കണവാടി ജീവനക്കാർക്കും പാചക തൊഴിലാളികൾക്കും ഇന്ത്യയിലെതന്നെ ഏറ്റവും മികച്ച വേതന വർധനയും സാമൂഹ്യ സുരക്ഷിതത്വവും നൽകിയത് കേരളത്തിലെ എൽ.ഡി.എഫ്. സർക്കാർ ആയിരുന്നുയെന്നതും മറക്കാൻ പാടില്ല. കേരളത്തിന്റെ ഫെഡറൽ സംവിധാനം സംരക്ഷിക്കാൻ കഴിഞ്ഞ പത്ത് വർഷക്കാലം ഇടതുപക്ഷത്തോടൊപ്പം നിൽക്കാൻ തയ്യാറാകാത്ത കോൺഗ്രസ്, എന്നാൽ ഇന്ന് ചില അനുഭാവപൂർണ്ണമായ സമീപനങ്ങളിലൂടെ പാമ്പിനെയാണ് പാല് കൊടുത്ത് വളർത്തുന്നതെന്നതും ഓർക്കുന്നത് നന്നായിരിക്കും. സംസ്ഥാനത്തിന്റെ പൊതുധനകാര്യം കടുത്ത സമ്മർദ്ദത്തിലാണെന്നും സാമ്പത്തിക നിലയെക്കുറിച്ച് ധവളപത്രമിറക്കുമെന്നും പറയുന്ന സർക്കാർ തന്നെയാണ് കോടിക്കണക്കിന് രൂപയുടെ അധിക ബാധ്യത വരുത്തുന്ന ആറ് ഇന്ദിരാ ഗ്യാരന്റികൾ പ്രഖ്യാപിച്ചിരിക്കുന്നത്. എന്നാൽ സാമ്പത്തിക ഞെരുക്കമെന്നുപറയുന്ന സർക്കാർതന്നെ കോടികണക്കിന് രൂപയുടെ അധിക ബാധ്യത വരുത്തുന്ന ഈ പദ്ധതികൾ എങ്ങനെ പ്രായോഗികമാക്കുമെന്ന് അറിയില്ല. വരാൻ പോകുന്ന പൂരം പറഞ്ഞറിയിക്കേണ്ടതില്ല എന്നതാണ് എനിക്ക് പറയാനുള്ളത്. ഞാൻ പ്രതിനിധീകരിക്കുന്ന നെന്മാറ മണ്ഡലം പ്രധാനമായും നെൽകൃഷിയെ ആശ്രയിക്കുന്ന കാർഷിക മേഖലയാണ്. ഈ മഴക്കാലത്ത് വളരെ ആശങ്കകളോട്ടുകൂടിയാണ് കർഷകർ കഴിഞ്ഞുകൂടുന്നത്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് കേരള ബാങ്കിന് പി.ആർ.എസ്. (പാഡി റെസീപ്റ്റ് ഷീറ്റ്) അടിക്കുകയും അതിന്റെ പ്രവർത്തനം നടന്നുവരുന്നതിനിടയിലാണ് ആ പദ്ധതികൾ റദ്ദാക്കിയെന്ന് അറിയാൻ കഴിയുന്നത്. ഇനിയും പി.ആർ.എസ്.-മായി ബന്ധപ്പെട്ടുകൊണ്ടുള്ള സാങ്കേതികത്വം പൂർത്തീകരിക്കുന്നതിന് മാസങ്ങളോളം സമയം വേണ്ടിവരുമ്പോൾ കർഷകന്റെ കണ്ണീരാണ് മഴത്തുള്ളികൾക്കൊപ്പം ഈ മണ്ണിൽ വീണലിയുന്നതെന്നുകൂടി ഈ സർക്കാർ

മനസ്സിലാക്കണം. അന്നം നൽകുന്ന കർഷകന്റെ അന്നം മുട്ടിക്കുന്ന ഏർപ്പാടുകളിൽനിന്നും ഈ സർക്കാർ പിന്മാറണമെന്നും അവരുടെ ആശങ്കകൾ പരിഹരിക്കണമെന്നുമുള്ള അഭ്യർഥനയാണ് എനിക്ക് മുന്നോട്ടുവയ്ക്കാനുള്ളത്.

മി. സ്പീക്കർ: പ്ലീസ്, പ്ലീസ് ...

ശ്രീ. കെ. പ്രേമൻ: സർ, ഇടതുപക്ഷജനാധിപത്യ മുന്നണി സർക്കാരിന്റെ കാലത്ത് ആരംഭിച്ച നിരവധി പൊതുമരാമത്ത് റോഡ് പദ്ധതികൾ ഇപ്പോൾ പൂർത്തീകരണ ഘട്ടത്തിലെത്തിയിരിക്കുകയാണ്. എന്നാൽ അസംസ്കൃത വസ്തുക്കളുടെ വിലയിൽ ഉണ്ടായ അപ്രതീക്ഷിത വർധനവ് കരാറുകാർക്ക് വലിയ സാമ്പത്തിക പ്രതിസന്ധി സൃഷ്ടിച്ചിരിക്കുകയാണ്. ഈ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള വ്യക്തമായ നടപടികൾ ഈ നയപ്രഖ്യാപനത്തിൽ പ്രതിഫലിക്കുന്നില്ല. അതിനാൽ ജനപക്ഷ നിലപാട് സ്വീകരിച്ച് സാധാരണക്കാരുടെയും പാവപ്പെട്ട തൊഴിലാളികളുടെയും ക്ഷേമത്തിന് ഉപകരിക്കുന്ന പദ്ധതികൾ ആസൂത്രണം ചെയ്ത് ഫലപ്രദമായി നടപ്പാക്കണമെന്ന് വിനയപൂർവം അഭ്യർഥിക്കുന്നു. ഈ ആവശ്യങ്ങൾ സഭയുടെ ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ടും നയപ്രഖ്യാപന പ്രസംഗത്തെ ശക്തമായി എതിർത്തുകൊണ്ടും ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു. നന്ദി, നമസ്കാരം.

മി. സ്പീക്കർ: ഇപ്പോൾ സഭയിൽ വിതരണം ചെയ്ത ധവളപത്രത്തിന്റെ മലയാളം കോപ്പി പല അംഗങ്ങളും ആവശ്യപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് അതിന്റെ മലയാളം കോപ്പി എത്തിക്കണമെന്ന് അഭ്യർഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, അത് ഇന്നുതന്നെ വിതരണം ചെയ്യുന്നതാണ്.

മി. സ്പീക്കർ: ശരി. നന്ദി.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, നയപ്രഖ്യാപന പ്രസംഗത്തിന്റെ ഭാഗമായി ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച ഉപക്ഷേപത്തെ ഞാൻ അനുകൂലിക്കുന്നു. രണ്ടാം തവണയാണ് ഈ സഭയിൽ അംഗമായി എത്താൻ എനിക്ക് അവസരം ലഭിക്കുന്നത്. ഈ ഗൗരവമേറിയ

ഉത്തരവാദിത്വം എന്നിൽ അർപ്പിച്ച എന്റെ പ്രസ്ഥാനത്തോടും അതിന്റെ അമരക്കാരായ ശ്രീ. പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങൾ, ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി എന്നിവരോടും അതോടൊപ്പം കുടുംബാംഗത്തെപോലെ എന്നെ നെഞ്ചോട് ചേർത്ത് സ്വീകരിക്കുകയും ചെയ്ത എന്റെ നിയോജകമണ്ഡലമായ കുറ്റ്യാടിയിലെ ജനങ്ങളോടുള്ള നന്ദിയും കടപ്പാടും ഈ അവസരത്തിൽ അറിയിക്കുന്നു.

കഴിഞ്ഞ തിരഞ്ഞെടുപ്പിൽ നമ്മൾ ഒരു പുതുയുഗ പിറവിക്ക് ആരംഭം കുറിച്ചു. ആ തിരഞ്ഞെടുപ്പിന് ഒരുപാട് പ്രത്യേകതകളുണ്ടായിരുന്നു. മുൻ കാലങ്ങളിലും നൂറിലധികം സീറ്റുകൾ നേടി പലതവണ വിവിധ മുന്നണികൾ അധികാരത്തിൽ വന്നിട്ടുണ്ട്. ഈ തിരഞ്ഞെടുപ്പിൽ യു.ഡി.എഫ്-ന് നൂറ് സീറ്റിൽ കൂടുതൽ ലഭിക്കുമെന്നും 102 സീറ്റുണ്ടാകുമെന്നും ഒരു ഡസൻ മന്ത്രിമാർ പരാജയപ്പെടുമെന്നും ഭരണകക്ഷി കനത്ത പരാജയത്തിലേയ്ക്ക് പോകുമെന്നും സി.പി.ഐ.(എം.) സഭയിൽ രണ്ടക്ക സംഖ്യയിൽ ഒതുങ്ങുമെന്നും യു.ഡി.എഫ്. ടീം വളരെ കൃത്യമായി നേരത്തെതന്നെ പ്രവചിച്ചിരുന്നു. ആ രാഷ്ട്രീയ വിലയിരുത്തലിന് നേതൃത്വം വഹിച്ച ആദരണീയനായ നമ്മുടെ മുഖ്യമന്ത്രി ശ്രീ. വി. ഡി. സതീശൻ ഉൾപ്പെടെയുള്ള യു.ഡി.എഫ്. നേതൃത്വം അത് കൃത്യമായി പ്രവചിച്ചുവെന്നതാണ് ഈ തിരഞ്ഞെടുപ്പിലെ ഏറ്റവും വലിയ പ്രത്യേകത. ഈ പറഞ്ഞതുപോലെയും നേരത്തെ കണ്ടതുപോലെയും പ്രവാചകനെപ്പോലെ പ്രവചിച്ചതെല്ലാം തിരഞ്ഞെടുപ്പ് റിസൾട്ട് വന്നപ്പോൾ സത്യമായിരുന്നു. നൂറ് സീറ്റിൽ കൂടുതൽ കിട്ടിയില്ലെങ്കിൽ വനവാസത്തിന് പോകുമോയെന്ന് ചോദിച്ചപ്പോൾ വനവാസത്തിന് പോകാൻ തയ്യാറാണെന്ന് പറഞ്ഞ നിശ്ചയദാർഢ്യമുള്ള ടീം ആയിരുന്നു യു.ഡി.എഫ്. എന്തുകൊണ്ടാണ് ഇത് സംഭവിച്ചതെന്ന് ഇടതുപക്ഷം ചിന്തിക്കേണ്ടതാണ്. മത്സരരംഗത്തുണ്ടായിരുന്ന ഒരു ഡസനിലധികം മന്ത്രിമാർ പരാജയപ്പെടുമെന്നും ഭരണകക്ഷി വലിയ തിരിച്ചടി നേരിടുമെന്നും യു.ഡി.എഫ്. വളരെ നേരത്തെ തന്നെ പ്രവചിച്ചിരുന്നു. ആ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുപ്പിനെ നേരിട്ട യു.ഡി.എഫ്. സംഘത്തിന്റെ ആത്മവിശ്വാസം പിന്നീട് ഫലത്തിലൂടെ ശരിവയ്ക്കപ്പെട്ടു. തിരഞ്ഞെടുപ്പ് ഫലം

ഇത്രയും കൃത്യമായി മുൻകൂട്ടി വിലയിരുത്തുകയും അത് യാഥാർത്ഥ്യമാവുകയും ചെയ്ത അനുഭവം കേരള രാഷ്ട്രീയ ചരിത്രത്തിൽ അപൂർവമാണ്. 'വനവാസത്തിന് പോകുമോ' എന്ന ചോദ്യം ഉയർന്നപ്പോൾ 'വനവാസത്തിന് പോകാൻ തയ്യാറാണ്' എന്ന് തുറന്നുപറയാൻ ധൈര്യം കാണിച്ചു. ഇത്തരം നിലപാടുകൾ കേരളത്തിന്റെ ചരിത്രത്തിൽതന്നെ ഒരു റെക്കോർഡ് ആണ്. എറണാകുളം ജില്ല മുഴുവൻ യു.ഡി.എഫ്. തൂത്തുവാരുമെന്ന് ശ്രീ. വി. ഡി. സതീശൻ വ്യക്തമാക്കിയിരുന്നു. അതുപോലെ മലപ്പുറത്ത് 16-ൽ 16 സീറ്റുകളും യു.ഡി.എഫ്. തൂത്തുവരുമെന്ന് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബും പ്രഖ്യാപിച്ചിരുന്നു. ഇവർ പ്രഖ്യാപിച്ചതുപോലെ എറണാകുളം ജില്ലയിലും മലപ്പുറം ജില്ലയിലും യു.ഡി.എഫ്. തൂത്തുവാരി. കോഴിക്കോടിനെക്കുറിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബ് ചോദിക്കുകയും ഞങ്ങൾ മറുപടി പറയുകയും ചെയ്തിരുന്നു. കോഴിക്കോട് 13 സീറ്റുകളിൽ 12 സീറ്റുകളും യു.ഡി.എഫ്. നേടിയിരുന്നു. രണ്ട് സീറ്റുകൾ മാത്രമുണ്ടായിരുന്ന സ്ഥാനത്ത് 12 അംഗങ്ങൾ ഇന്ന് ഈ സഭയിൽ എത്തി നിരന്നിരിക്കുന്നതുതന്നെ ആ ജനവിധിയുടെ ശക്തമായ തെളിവാണ്. ഏതാണ് ഈ കോഴിക്കോട്? തീരുവാക്ക് എതിർവാ ഇല്ലെന്ന് പറഞ്ഞ്, ടി. പി. ചന്ദ്രശേഖരനെ അൻപത്തിരണ്ട് വെട്ട് വെട്ടി കൊന്ന്, പ്രതികളുടെ വാഹനത്തിൽ 'മാഷാ അള്ളാ' സ്റ്റിക്കർ ഒട്ടിച്ച് നാട് കടത്താൻ ശ്രമിച്ച സി.പി.ഐ(എം) പ്രവർത്തകർ കോഴിക്കോട് ജില്ലയുമായി ബന്ധപ്പെട്ടവരാണ്. പാലക്കാട് നിന്ന് വടകരയിൽ മത്സരിക്കാൻ ശ്രീ. ഷാഫി പറമ്പിൽ വന്നപ്പോൾ 'കാഫീർ സ്ക്രീൻ ഷോട്ട്' ഉണ്ടാക്കി, വ്യാജ സ്ക്രീൻഷോട്ടുണ്ടാക്കി നാട്ടിൽ കലാപമുണ്ടാക്കാൻ ശ്രമിച്ച ഡി.വൈ.എഫ്.ഐ. -കാരുടെ കോഴിക്കോട്, ഇക്കഴിഞ്ഞ തിരഞ്ഞെടുപ്പിൽ ജയിക്കാൻ വേണ്ടി 'ഖൗമിലെ കുട്ടി' എന്ന വൃത്തികെട്ട അനൗൺസ്മെന്റ് നടത്തിയ ഇടതുപക്ഷക്കാരുള്ള കോഴിക്കോട്, അതിനെ ന്യായീകരിച്ചവർ ആരും ഇന്ന് ഈ സഭയിലില്ല. അവരെല്ലാം വീട്ടിൽ ഇരിക്കുകയാണ്. ചെങ്കോട്ട എന്ന് കരുതി എന്തും ചെയ്യാൻ മടിക്കാത്ത ധിക്കാരികളായ സി.പി.ഐ.(എം.)-നെയും ഇടതുപക്ഷത്തെയും ജനാധിപത്യ മാർഗ്ഗത്തിൽ നേരിട്ടാണ് 13 മണ്ഡലങ്ങളുള്ള കോഴിക്കോട് ജില്ലയിൽനിന്ന് ഞങ്ങൾ ഈ സഭയിലെത്തിയത്. മതങ്ങളെയും വിവിധ

സമുദായങ്ങളെയും ഭിന്നിപ്പിച്ച് ഭരണം പിടിക്കാൻ ശ്രമിച്ച സഖാക്കൾ കോഴിക്കോടിന്റെ ചരിത്രം മനസ്സിലാക്കാതെയാണ് ഹിന്ദുവിനെയും മുസൽമാനെയും വേർതിരിച്ച് നിർത്താനുള്ള ശ്രമം നടത്തിയത്. ചരിത്രവും പാരമ്പര്യവും ഇനിയെങ്കിലും മനസ്സിലാക്കണം. സാമൂതിരിയുടെയും കുഞ്ഞാലിമരക്കാരുടെയും നാടാണ് കോഴിക്കോട്. ഹിന്ദുവിനെയും മുസൽമാനെയും ഭിന്നിപ്പിച്ച് ഭരിക്കാൻ ശ്രമിച്ച പറങ്കികൾക്ക് തിരിച്ചടി നൽകിയിട്ടുണ്ട്. അവർക്ക് നടത്താൻ കഴിയാത്തത് സി.പി.ഐ.(എം.)-ന് നടത്താൻ സാധിക്കുമെന്ന് ധരിക്കുന്നത് മൗഢ്യമാണെന്ന് കഴിഞ്ഞ തിരഞ്ഞെടുപ്പ് തെളിയിച്ചു. നിങ്ങൾ എന്താണ് കരുതിയത്; ഭിന്നിപ്പിക്കാൻ എളുപ്പത്തിൽ കഴിയുമെന്നാണോ? ഇനിയും ഭിന്നിപ്പിന്റെ സ്വരവുമായി വന്നാൽ; ഭിന്നിപ്പിന്റെ രാഷ്ട്രീയം പറഞ്ഞാൽ; ഇപ്പോൾ നിങ്ങൾ തോറ്റിട്ടേയുള്ളൂ, ഇനി നിങ്ങൾ വിദ്വേഷ പ്രസംഗം നടത്തിയാൽ ജനങ്ങൾ നിങ്ങളെ കൈകാര്യം ചെയ്യുന്ന സ്ഥിതി സംജാതമാകും. വടകര താലൂക്കിൽ പ്രത്യേകിച്ച് കുറ്റ്യാടിയിൽ സി.പി.ഐ.(എം.) ഉയർത്തിയ അക്രമ വിദ്വേഷ രാഷ്ട്രീയത്തിനെതിരെയുള്ള പോരാട്ടത്തിന്റെകൂടി വിജയമാണിത്. ഇവിടെയുള്ള 140 സാമാജികരും തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. എന്നാൽ ഇവിടെയുള്ള ആർക്കും തിരഞ്ഞെടുപ്പ് സമയത്ത് ശാന്തിയാത്ര നടത്തേണ്ടി വന്നിട്ടുണ്ടാകില്ല. പക്ഷേ കുറ്റ്യാടിയിൽ ഞങ്ങൾക്ക് ആ അവസ്ഥ സംജാതമാകുന്ന സ്ഥിതിയായിരുന്നു. കോൺഗ്രസിന്റെ സമുന്നതനായ നേതാവ് ശ്രീ. കെ. സി. വേണുഗോപാലും അഭിവന്ദ്യനായ പാണക്കാട് മുനവറലി ശിഹാബ് തങ്ങളും ശ്രീ. ഷാഫി പറമ്പിൽ എം. പി.-യും ചേർന്ന് അവിടെ സമാധാന യാത്ര നടത്തേണ്ടിവന്നിട്ടുണ്ട്. കോടന്നൂരിലെ കെ.എസ്.യു. പ്രവർത്തകനായ ബിഥുലിനെ ഓർമ്മയില്ലേ? മുൻ ആരോഗ്യമന്ത്രി ശ്രീമതി വീണാ ജോർജ്ജ്-നെതിരെ ജനാധിപത്യപരമായി സമരം ചെയ്തതിന്റെ പേരിൽ സ്വന്തം അച്ഛനും അമ്മയും കിടന്നുറങ്ങുമ്പോൾ ബിഥുലിന്റെ വീട്ടിലേയ്ക്ക് ബോംബെറിഞ്ഞു. ബോംബെറിഞ്ഞ സി.പി.ഐ.(എം.) പ്രവർത്തകൻ കരുതിയത് ആരും അറിയില്ലെന്നായിരുന്നു. പക്ഷേ സി.സി.ടി.വി.-യിൽ കുടുങ്ങി. അവസാനം പിടിക്കപ്പെട്ടപ്പോഴാണ് സി.പി.ഐ.(എം.) പ്രവർത്തകനായ അധ്യാപകനായിരുന്ന

അതെന്ന് മനസിലാകുന്നത്. ആലോചിച്ചുനോക്കൂ, ഒരു അധ്യാപകനാണ് ഇരുളിന്റെ മറവിൽ ബോംബെറിയുന്നത്. ബോംബേറ് കേസിലെ പ്രതിക്ക് ജാമ്യം ലഭിച്ചപ്പോൾ തിരഞ്ഞെടുപ്പ് വേളയിൽ പരസ്യമായി സി.പി.ഐ.(എം.) നേതാക്കൾ സ്വീകരണം നൽകിയത് കണ്ടതല്ലേ; വടകരയിൽ വ്യാജ സ്ക്രീൻ ഷോട്ട് സൃഷ്ടിച്ച് കലാപത്തിന് ശ്രമിച്ചതിനെക്കുറിച്ചുള്ള അന്വേഷണം അവസാനം ചെന്നെത്തിയതും ഒരു ഡി.വൈ.എഫ്.ഐ. പ്രവർത്തകനായ അധ്യാപകനിലാണ്. ഞാൻ ദീർഘിപ്പിക്കുന്നില്ല. ഈ സ്ക്രീൻ ഷോട്ട് സൃഷ്ടിച്ച അധ്യാപകനെതിരെ, സി.പി.ഐ.(എം.)-നെതിരെ അന്വേഷണം നടത്താൻ ബഹുമാന്യനും ആദരണീയനുമായ ആഭ്യന്തര വകുപ്പുമന്ത്രി ഒരു സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം (SIT)-നെ പ്രഖ്യാപിച്ചിട്ടുണ്ട്. ഞാൻ ബഹുമാന്യനായ ആഭ്യന്തര വകുപ്പുമന്ത്രിയെയും ഈ ഗവൺമെന്റിനെയും അഭിനന്ദിക്കുന്നു.

ഒരു കാര്യം സൂചിപ്പിക്കാനുള്ളത്, നമ്മുടെ സമ്പദ്ഘടനയുടെ നട്ടെല്ലായ പ്രവാസി മലയാളികൾ വളരെയേറെ പ്രതിസന്ധിയിലാണ്. അതേറെ ഗൗരവത്തോടെ കാണേണ്ടതുണ്ട്. വലിയ പ്രതീക്ഷയിലാണ് പ്രവാസികൾ നിൽക്കുന്നത്. മിഡിൽ ഈസ്റ്റ് യുദ്ധം പ്രവാസികളുടെ ജോലിയെയും ബിസിനസിനെയും ബാധിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് വ്യക്തമായ നിലപാട് ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ഈ നന്ദിപ്രമേയ ചർച്ചയെ ഞാൻ അനുകൂലിക്കുന്നു.

<u>ശ്രീ. കെ. കെ. വൽസരാജ്</u>: സർ, സർക്കാരിനുവേണ്ടി ബഹുമാനപ്പെട്ട ഗവർണ്ണർ അവതരിപ്പിച്ച നയപ്രഖ്യാപനത്തെയും നന്ദിപ്രമേയത്തെയും ഞാൻ എതിർക്കുകയാണ്. ഇളങ്കോവടികളുടെയും ചിലപ്പതികാരത്തിന്റെയും ഓർമ്മകൾ നിറയുന്ന സംഘകാല സാഹിത്യം വളർന്ന് പന്തലിച്ചുനിൽക്കുന്ന തൃക്കണാമതിലകത്തിന്റെ മണ്ണിൽനിന്നാണ് ഞാൻ വരുന്നത്. കേരളത്തിലെ പ്രധാനപ്പെട്ട വാണിജ്യ കേന്ദ്രമായിരുന്ന മുസിരിസ് തുറമുഖത്തിന്റെ ഗതകാല സ്മരണകൾ ഉറങ്ങുന്ന തീരദേശത്തിന്റെ പ്രതിനിധിയായി ഈ സഭയിൽ നിൽക്കുമ്പോൾ നിറഞ്ഞ ഹൃദയത്തോടെ കയ്പമംഗലം നിയോജകമണ്ഡലത്തിലെ ജനങ്ങളോടുള്ള നിസ്സീമമായ നന്ദി ഞാൻ രേഖപ്പെടുത്തട്ടെ; നിയമനിർമ്മാണ സഭയുടെ

ചരിത്രത്തിൽ പ്രൗഢോജ്ജ്വലമായ പങ്ക് നിർവഹിച്ച കേരളനിയമസഭയിൽ അംഗമാകാൻ കഴിഞ്ഞതിലുള്ള അഭിമാനം കൂടി ഞാൻ ഇവിടെ പങ്കുവയ്ക്കട്ടെ. കഴിഞ്ഞ ദിവസം ചർച്ചയിൽ പങ്കെടുത്ത ഒരു ഭരണപക്ഷ അംഗം കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ദേശീയ ബോധത്തെ ചോദ്യം ചെയ്യാൻ സഖാവ് പി. സി. ജോഷി-യുടെ പേര് അനാവശ്യമായി വലിച്ചിഴയ്ക്കുകയുണ്ടായി. ഇന്ത്യയിലെ എക്കാലത്തെയും സമുന്നതനായ കമ്മ്യൂണിസ്റ്റ് നേതാവായ പി. സി. ജോഷിയെ ഒറ്റുകൊടുത്ത വ്യക്തിയായി ഇവിടെ അവതരിപ്പിക്കുകയുണ്ടായി. സഖാവ് പി. സി. ജോഷി ഏതെങ്കിലും എം.എൽ.എ.-യോ എം.പി.-യോ ആകാനായി രാഷ്ട്രീയത്തിൽ കടന്നുവന്ന വ്യക്തിയല്ലെന്ന് എല്ലാവർക്കും അറിയാം. ഇവിടെ ഡൈ ഇൻ ഹാർനെസ്-ൽ അത്തരം സ്ഥാനങ്ങളിൽ വന്നവർക്ക് ഒരുപക്ഷേ അത് മനസ്സിലാക്കാൻ സാധിക്കില്ല. 1907-ൽ ജനിച്ച സഖാവ് പി. സി. ജോഷി ബിരുദാനന്തര ബിരുദം നേടിയശേഷം കർഷകരെയും തൊഴിലാളികളെയും സംഘടിപ്പിച്ചുകൊണ്ട് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ഭാഗമായി മാറിയതാണ് ചരിത്രം. 22-ാം വയസ്സിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ ചേർന്ന അദ്ദേഹത്തെ ബ്രിട്ടീഷ് ഭരണത്തെ അട്ടിമറിക്കാൻ ഗൂഢാലോചന നടത്തിയെന്ന കുറ്റം ചുമത്തി ബ്രിട്ടീഷ് ഭരണകൂടം മീററ്റ് ഗൂഢാലോചന കേസിൽ ഉൾപ്പെടുത്തി ആറ് വർഷക്കാലം ആൻഡമാനിലെ സെല്ലുലാർ ജയിലിൽ തടവിലടച്ചതും നമ്മുടെ ചരിത്രത്തിന്റെ ഭാഗമാണ്. 1935 മുതൽ 1947 വരെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ജനറൽ സെക്രട്ടറിയായി അദ്ദേഹം പ്രവർത്തിച്ച കാലം ഇന്ത്യയിലെ സമര പോരാട്ടങ്ങളുടെ കാലമായിരുന്നുവെന്നതും ഇന്ത്യയുടെ ചരിത്രമാണ്. തെലങ്കാന, തേഭാഗ, പുന്നപ്ര-വയലാർ, കയ്യൂർ എന്നിവയുൾപ്പെടെ എത്രയോ സമരപോരാട്ടങ്ങൾ നടന്ന കാലയളവുകൂടിയായിരുന്നു അത്. ഇന്ത്യയിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയെ രാജ്യവ്യാപകമായി വളർത്തുന്നതിന് നേതൃത്വം കൊടുത്ത ജനറൽ സെക്രട്ടറി കൂടിയായിരുന്ന ധിഷണശാലിയായ സഖാവ് പി. സി. ജോഷി. അദ്ദേഹത്തിന്റെ പങ്ക് നമ്മുടെ ചരിത്രത്തിൽ വളരെ കൃത്യമായി അടയാളപ്പെടുത്തിയിട്ടുണ്ട്. ഇന്ത്യയിലെ പ്രധാനപ്പെട്ട പല പ്രസ്ഥാനങ്ങളും രൂപീകരിക്കപ്പെട്ടതും ഈ നാളുകളിലായിരുന്നു. ഇന്ത്യൻ പീപ്പിൾസ് തിയേറ്റേഴ്സ് അസോസിയേഷൻ (IPTA), കിസാൻ സഭ, വിദ്യാർഥി പ്രസ്ഥാനം, പ്രോഗ്രസീവ്

റൈറ്റേഴ്സ് മൂവ്മെന്റ് ഉൾപ്പെടെയുള്ള ഒട്ടനവധി പ്രസ്ഥാനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നതിന് അന്നത്തെ സെക്രട്ടറിയായി പ്രവർത്തിച്ച സഖാവ് പി. സി. ജോഷിക്ക് സാധ്യമായിരുന്നു. പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ഏറ്റവും ആദരവോടെ കണ്ടിരുന്നതും അദ്ദേഹത്തിന്റെ ഏറ്റവും വലിയ സൗഹൃദ വലയത്തിൽപ്പെട്ട നേതാവുകൂടിയായിരുന്നു പി. സി. ജോഷിയെന്ന കാര്യം ഇപ്പോഴത്തെ ആളുകൾ മനസ്സിലാക്കണം. കൈഫി ആസ്മി, ഭീഷം സാഹ്നി, കെ. എ. അബ്ബാസ് എന്നിവരുൾപ്പെടെ രാജ്യം ആദരിക്കുന്ന കലാ-സാംസ്കാരിക-സാഹിത്യ മണ്ഡലങ്ങളിലെ നിരവധി പ്രമുഖരെ ദേശീയതയുടെ മുഖ്യധാരയിലേക്ക് കൊണ്ടുവന്നതും അദ്ദേഹത്തിന്റെ നാളുകളിലായിരുന്നു. ദേശീയതയ്ക്കുവേണ്ടി ആയിരങ്ങളെ ബലി നൽകിയ പ്രസ്ഥാനമാണ് ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം. സ്വാതന്ത്ര്യ സമര കാലഘട്ടത്തിലും സ്വാതന്ത്ര്യാനന്തര ഭാരതത്തിലും കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ അത്തരം പ്രവർത്തനങ്ങൾ നന്നായി നടക്കുകയുണ്ടായി. പഞ്ചാബിലെ വിഘടനവാദികൾ ഖാലിസ്ഥാൻ പ്രസ്ഥാനത്തിനുവേണ്ടി നിലകൊണ്ടപ്പോൾ മൂവായിരത്തിലധികം സഖാക്കളെയാണ് ദേശീയ ഐക്യത്തിനുവേണ്ടി കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് ബലി നൽകേണ്ടിവന്നതെന്നതും ചരിത്രത്തിന്റെ ഭാഗമാണ്. ദേശീയതയെക്കുറിച്ചും സ്വാതന്ത്ര്യസമരത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പങ്കിനെക്കുറിച്ചും ആരുടെയെങ്കിലും സർട്ടിഫിക്കറ്റ് ആവശ്യമുണ്ടെന്ന് ഞങ്ങൾ കരുതുന്നില്ല. അത് ഇന്ത്യയുടെ ചരിത്രത്തിന്റെ ഭാഗമാണെന്ന് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്.

ഇവിടെ അവതരിപ്പിക്കപ്പെട്ട നന്ദിപ്രമേയത്തിൽ സൂചിപ്പിച്ച ചില കാര്യങ്ങൾകൂടി പറയുകയാണ്. വിദ്യാഭ്യാസ രംഗത്ത് NEP (National Education Policy), PM SHRI (Pradhan Manthri Schools for Rising India) തുടങ്ങിയ കേന്ദ്ര ഗവൺമെന്റ് പദ്ധതികൾ കൊണ്ടുവരുന്നതിൽ ഈ ഗവൺമെന്റിന്റെ നിലപാട് എന്താണെന്നറിയാൻ ഞങ്ങൾക്ക് അതിയായ താൽപര്യമുണ്ട്. അതുപോലെ നവകേരള സൃഷ്ടിക്കുവേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് സാമ്പത്തിക ശക്തിസ്രോതസായി നിലകൊണ്ട കിഫ്ബിയോടുള്ള ഗവൺമെന്റ് നിലപാട് എന്താണെന്ന് അറിയാനും ഏറെ താൽപാര്യമുണ്ട്. സാമൂഹ്യക്ഷേമ പദ്ധതികളോടുള്ള സമീപനവും വ്യക്തമാക്കപ്പെടണം. തണ്ണീർത്തട സംരക്ഷണ നിയമത്തിൽ

വെള്ളം ചേർക്കുന്നതിനുള്ള അപകടകരമായ നീക്കമുണ്ടോയെന്ന് അതിലെ വരികൾക്കിടയിലൂടെ വായിക്കുമ്പോൾ ബോധ്യമാകുന്ന കാര്യമാണ്. ഇത്രയും കാര്യങ്ങൾ വ്യക്തമായ പ്രതിപാദിക്കാത്തതും നയരാഹിത്യം നിറഞ്ഞതുമായ നയപ്രഖ്യാപനത്തോടും അതിന്മേലുള്ള നന്ദിപ്രമേയത്തോടും ശക്തമായ ഭാഷയിൽ വിയോജിച്ചുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

ശ്രീ. വർഗ്ഗീസ് മാമ്മൻ: സർ, ബഹുമാനപ്പെട്ട ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച ഉപക്ഷേപത്തെ ഞാൻ സർവാത്മനാ പിന്തുണയ്ക്കുന്നു. ഇന്ത്യൻ ജനാധിപത്യ ചരിത്രത്തിൽത്തന്നെ അവിസ്മരണീയമായ നിരവധി നിയമനിർമ്മാണങ്ങൾക്ക് സാക്ഷ്യം വഹിച്ച ഈ സഭയിൽ അംഗമായി നിൽക്കാൻ അവസരം നൽകിയ സർവശക്തനായ ദൈവത്തിനും എന്നെ തിരഞ്ഞെടുത്തയച്ച തിരുവല്ലയിലെ സമ്മതിദായകരോടും എന്റെ പ്രിയപ്പെട്ട നേതാവ് ശ്രീ. പി. ജെ. ജോസഫ് സാറിനോടുമുള്ള നന്ദി ഞാൻ അറിയിക്കുന്നു. നിയമനിർമ്മാണ സഭയുടെതന്നെ ചരിത്രത്തിന്റെ ഭാഗമായ കേരള കോൺഗ്രസ് പാർട്ടിയുടെ സ്ഥാപകനേതാക്കളായ യശശ്ശരീരനായ പി. ടി. ചാക്കോ, കെ. എം. ജോർജ് എന്നിവരെയും തിരുവല്ലയിലെ എന്റെ മുൻഗാമികളായ ഇ. ജോൺ ജേക്കബ്, മാമ്മൻ മത്തായി, ശ്രീ. പി. സി. തോമസ് എന്നിവരെയും ഞാൻ ഇവിടെ ഓർക്കുകയാണ്. കേരളത്തിന്റെ വികസന പാതയിൽ നിരവധി മാറ്റങ്ങൾക്ക് ചുക്കാൻ പിടിച്ച കേരളത്തിലെ കർഷകരുടെ പ്രതീക്ഷയായ ശ്രീ. പി. ജെ. ജോസഫ് മുന്നോട്ടുവച്ച നൂതന ആശയങ്ങൾ ഈ സർക്കാരിന്റെ നയത്തിന്റെ ഭാഗമായതിൽ ഞങ്ങൾ അഭിമാനിക്കുന്നു. ഞാൻ പ്രതിനിധാനം ചെയ്യുന്ന തിരുവല്ല ഉൾപ്പെടുന്ന പത്തനംതിട്ടയിലെ അഞ്ച് നിയോജകമണ്ഡലങ്ങളും കഴിഞ്ഞ പ്രാവശ്യം എൽ.ഡി.എഫ്.-നോടൊപ്പമായിരുന്നു. ഈ തിരഞ്ഞെടുപ്പിൽ അഞ്ചിൽ നാല് നിയോജകമണ്ഡലങ്ങളും യു.ഡി.എഫ്.-ന് അനുകൂലമായാണ് ജനങ്ങൾ വിധിയെഴുതിയത്. ഈ വിജയം അഹങ്കരിക്കാനുള്ളതല്ല, മറിച്ച് വിനയത്തോടും ഉത്തരവാദിത്വ ബോധത്തോടുംകൂടി പ്രവർത്തിക്കാനുള്ള അവസരമായി കാണുന്നു. കഴിഞ്ഞ 20 വർഷക്കാലം

*04-06-2026*
*Discussion on the motion of thanks to the Governor's address – discussion to be concluded*

തിരുവല്ല നിയോജകമണ്ഡലം ഇടതുപക്ഷത്തിനോടൊപ്പം ആയിരുന്നു, ഇപ്രാവശ്യം ഇടതുപക്ഷം അവിടെ മൂന്നാം സ്ഥാനത്തേക്ക് പോയി. പ്രധാനമന്ത്രി നേരിട്ടുവന്ന് അഭ്യർഥിച്ചിട്ടും വെറുപ്പിന്റെ കമ്പോളം തുറക്കണ്ട, സ്നേഹത്തിന്റെ കട തുറന്നാൽ മതിയെന്ന് തീരുമാനിച്ച തിരുവല്ലയിലെ ജനങ്ങളെ ഞാൻ ഒരിക്കൽക്കൂടി അഭിവാദ്യം ചെയ്യുകയാണ്. വികസനരംഗത്ത് വലിയ പ്രതീക്ഷയാണ് ഈ നാട്ടിലെ ജനങ്ങൾക്ക് സർക്കാരിന്മേലുള്ളത്. ഇവിടെ സൂചിപ്പിച്ചതുപോലെ നാട്ടിലെ വികസന പ്രവർത്തനങ്ങളുടെ ഭാഗമായ റോഡ് നിർമ്മാണ പ്രവർത്തനങ്ങളാകെ ടാറിന്റെയും ഉൽപന്നങ്ങളുടെയും വിലവർധനവ് മൂലം കരാറുകാർ നിർത്തി വച്ചിരിക്കുകയോ പുതിയ പ്രവൃത്തികളിൽനിന്നും പിന്മാറുകയോ ചെയ്തിരിക്കുകയാണ്. ഇക്കാര്യത്തിൽ അടിയന്തര നടപടിയുണ്ടാകുമെന്ന് വിശ്വസിക്കുന്നു. വിദ്യാർഥി-യുവജന മേഖലയെ കാർന്നുതിന്നുന്ന സാമൂഹിക തിന്മകൾക്കെതിരെ ഈ നയപ്രഖ്യാപന പ്രസംഗത്തിൽ സുപ്രധാന പ്രഖ്യാപനങ്ങളുണ്ട്. നമ്മുടെ നഗരങ്ങളെയും ക്യാമ്പസുകളെയും രക്ഷിക്കാൻ ആഭ്യന്തരവകുപ്പ് പ്രഖ്യാപിച്ചിരിക്കുന്ന മയക്കുമരുന്ന് വിരുദ്ധ നിലപാടായ "ഓപ്പറേഷൻ തൂഫാൻ" ഇന്ത്യക്കുതന്നെ മാതൃകയാണ്. കായികരംഗത്ത് കുട്ടികളുടെ കർമ്മശേഷി പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി കേരളത്തിൽ പുതിയ സ്റ്റേഡിയങ്ങളും കളിസ്ഥലങ്ങളുമുണ്ടാകണം. എന്റെ നിയോജകമണ്ഡലമായ തിരുവല്ലയിലെ പബ്ലിക് സ്റ്റേഡിയം ദേശീയ നിലവാരത്തിലേക്ക് ഉയർത്തണമെന്ന് അഭ്യർഥിക്കുകയാണ്. കേരളത്തിന്റെ സമ്പദ്ഘടനയുടെ അടിത്തറയായ പ്രവാസികളുടെ കേന്ദ്രംകൂടിയാണ് എന്റെ നിയോജകമണ്ഡലം ഉൾപ്പെടുന്ന തിരുവല്ല. പ്രവാസികൾ നേരിടുന്ന യുദ്ധഭീഷണി, വിമാന യാത്രക്കൂലി ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ ഞാൻ ഈ സഭയിൽ അവതരിപ്പിക്കുകയാണ്. വിദേശത്ത് ജോലി നഷ്ടപ്പെട്ട പ്രവാസികൾക്കായി പ്രവാസി ഭവന നിർമ്മാണ പദ്ധതിക്ക് ഈ സർക്കാർ തുടക്കം കുറിക്കണമെന്ന് വിനീതമായി അഭ്യർഥിക്കുന്നു. വിദ്യാർഥികൾ നാട്ടിൽത്തന്നെ പഠിച്ച് ഇവിടെത്തന്നെ തൊഴിൽ നേടണമെന്ന ആശയമാണ് ഈ നയപ്രഖ്യാപന പ്രസംഗത്തിലൂടെ മുന്നോട്ടുവയ്ക്കുന്നത്. അതുകൊണ്ട് പുതിയ ഐ. ടി. പാർക്കുകൾ ആരംഭിച്ച് തൊഴിലവസരങ്ങൾ സൃഷ്ടിക്കണമെന്നുകൂടി ഞാൻ അഭ്യർഥിക്കുന്നു.

എന്റെ മണ്ഡലമായ തിരുവല്ലയിലെ The Travancore Sugars & Chemical Limited (TCSL)-ന്റെ നൂറ് ഏക്കർ സ്ഥലം ഇപ്പോഴും ഉപയോഗശൂന്യമായി കിടക്കുകയാണ്. അവിടെ ഒരു ഐ. ടി. പാർക്ക് ആരംഭിക്കണമെന്ന് അഭ്യർഥിക്കുകയാണ്. ഈ നാട്ടിലെ വികസന പ്രവർത്തനങ്ങൾക്ക് മാത്രമല്ല, അവശതയനുഭവിക്കുന്ന ജനങ്ങളുടെയാകെ കണ്ണുനീർ ഒപ്പുന്നതിനുള്ള നിരവധി പദ്ധതികൾ ഈ നയപ്രഖ്യാപനത്തിലുണ്ട്.

ദുഃഖിതരുടെ ദുഃസ്ഥിതി മാറ്റാൻ
ദുരിതം മാറ്റാൻ പൊരുതു
കലവറയില്ലാതൊഴുകിച്ചേരു
കാലത്തിന്റെ തിരക്കുകത്തിൽ

എന്ന ഈരടികൾ ഈ ഗവൺമെന്റിന്റെ ആപ്തവാക്യമായിത്തീരുമെന്ന് വിശ്വസിച്ചുകൊണ്ട് ഞാൻ ഈ നന്ദിപ്രമേയത്തെ പിന്തുണയ്ക്കുന്നു.

മി. സ്പീക്കർ: കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 284 ഉപവകുപ്പ് (x) പ്രകാരം അധ്യക്ഷന്റെ മുൻകൂട്ടിയുള്ള അനുവാദത്തോടുകൂടിയല്ലാതെ എഴുതപ്പെട്ട ഒരു പ്രസംഗം വായിക്കാൻ പാടുള്ളതല്ലെന്ന് പ്രത്യേകമായി പരാമർശിച്ചിട്ടുണ്ട്. ഇപ്പോൾ ചെയ്ത കാര്യങ്ങളെ സംബന്ധിച്ചുള്ള പരാമർശമാണെന്ന് അംഗങ്ങൾ തെറ്റിദ്ധരിക്കരുത്. എന്നാൽ ഇതൊരു പൊതുവായ നിബന്ധനയായി പാലിക്കേണ്ടതാണെന്ന് എല്ലാ അംഗങ്ങളെയും ഓർമ്മപ്പെടുത്തുകയാണ്.

രണ്ടാമതായി, സഭ ആരംഭിച്ച് ഒന്നാം ദിവസവും രണ്ടാം ദിവസവും സഭയ്ക്കകത്ത് പാലിക്കേണ്ട പൊതുവായ അച്ചടക്കത്തെക്കുറിച്ച് ചെയർ പരാമർശിച്ചിരുന്നതാണ്. എന്നാൽ മൂന്നാം ദിവസവും അച്ചടക്കലംഘനം ആവർത്തിക്കുന്നതായി തോന്നുകയും ചില മാധ്യമങ്ങൾ ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിരുന്നു. സ്പീക്കറുടെ റൂളിങ് ഉണ്ടായിരുന്നെങ്കിലും സഭയ്ക്കകത്ത് അച്ചടക്കത്തിന്റെ കാര്യത്തിൽ ഫലമുണ്ടായില്ലെന്ന് എന്നെത്തന്നെ കുറ്റപ്പെടുത്തുന്ന രീതിയിലേക്ക് വരികയും അക്കാര്യം ഞാൻ അംഗീകരിക്കുകയും ചെയ്യുന്നു. Decorum keep ചെയ്യുകയെന്നത് സഭയുടെ പൊതുവായ ആവശ്യമാണ്. പുതിയ അംഗങ്ങൾ

അറിയാതെയാണ് അങ്ങനെ പെരുമാറുന്നതെങ്കിൽ മുതിർന്ന അംഗങ്ങൾ അത് തിരുത്തണമെന്നാണ് മുമ്പ് സൂചിപ്പിച്ചത്. ദയവായി അംഗങ്ങൾ അതത് സീറ്റുകളിൽ ഇരിക്കുകയും പുതിയ അംഗങ്ങൾ ഈ സഭ എങ്ങനെ നടക്കുന്നുവെന്ന് വീക്ഷിക്കുകയും ചെയ്താൽ ഭാവിയിൽ നിങ്ങൾക്കത് പ്രയോജനകരമാകുമെന്നാണ് എന്റെ അഭിപ്രായം. ആയതിനാൽ ഇക്കാര്യം അംഗീകരിക്കണമെന്ന് എല്ലാ അംഗങ്ങളെയും ഒരിക്കൽക്കൂടി ഓർമ്മിപ്പിക്കുകയാണ്.

<u>ശ്രീ. രാജീവ് ചന്ദ്രശേഖർ</u>: സർ, ഈ സഭയിൽ സംസാരിക്കാൻ അവസരം ലഭിച്ചതിലുള്ള നന്ദി ഞാൻ രേഖപ്പെടുത്തുകയാണ്. ഈ സർക്കാരിന്റെ ഉപക്ഷേപത്തെ ഞങ്ങളുടെ പാർട്ടി എതിർക്കുന്നു. ജനങ്ങളുടെ അവകാശമായ വികസനത്തിന് ഏറ്റവും പ്രധാനപ്പെട്ട ആവശ്യം നാടിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുക എന്നതാണ്. ഈ നാടിന്റെ സാമ്പത്തിക സ്ഥിതി ദുർബലവും മോശവും കടത്തിന്റെ കടലിൽ മുങ്ങുന്ന അവസ്ഥയിലുമാണെന്നാണ് എന്റെ അഭിപ്രായം. ഒരു വിവാദമുണ്ടാക്കാനോ രാഷ്ട്രീയത്തിനുവേണ്ടിയോ അല്ല ഞാനിത് പറയുന്നത്, മറിച്ച് അതിനെക്കുറിച്ച് വിശദമായി പഠിച്ച് മനസ്സിലാക്കിയശേഷമാണ് ഞാൻ ഇവിടെ സംസാരിക്കുന്നത്. സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ മാറ്റം കൊണ്ടുവന്നില്ലെങ്കിൽ ഗവർണറുടെ നയപ്രഖ്യാപനത്തിൽ പറഞ്ഞ പല വാഗ്ദാനങ്ങളും വെറും മധുരസ്വപ്നങ്ങളായി മാത്രം നിൽക്കുമെന്ന് പറയാൻ ഞാനാഗ്രഹിക്കുകയാണ്. ഈ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയിൽ മാറ്റം കൊണ്ടുവരികയെന്നത് ഒരു നിസാര കാര്യമല്ല. ബഹു. മുഖ്യമന്ത്രി ഇന്ന് അവതരിപ്പിച്ച ധവളപത്രത്തെ സംബന്ധിച്ച് സഭയിൽ ഒരു ചർച്ച നടത്തണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. സർക്കാരിന്റെ പുതിയ രീതികളും സാമ്പത്തിക തന്ത്രവും കേരളത്തിന്റെ ഇക്കണോമിക് മോഡലും എന്താണെന്ന് അറിയണമെങ്കിൽ ഇക്കാര്യങ്ങൾ ചർച്ച ചെയ്യേണ്ടത് ആവശ്യമാണ്. എങ്കിൽ മാത്രമേ ഭാവിയിൽ എന്തെല്ലാം വികസനങ്ങൾ നടത്താൻ കഴിയുമെന്നും ഇല്ലെന്നും തീരുമാനിക്കാൻ സാധിക്കുകയുള്ളൂ. ഈ ധവളപത്രം ബജറ്റ് ചർച്ചാവേളയിൽ ചർച്ച ചെയ്യപ്പെടണമെന്നത് എന്റെ ഒരഭ്യർഥനയാണ്. എങ്കിൽ

മാത്രമേ ഇവിടെ വികസനം സൃഷ്ടിക്കാൻ കഴിയുമെന്ന് ജനങ്ങൾക്ക് വിശ്വാസമുണ്ടാവുകയുള്ളൂ. എനിക്ക് സംസാരിക്കാൻ അല്പസമയം കൂടി അനുവദിക്കണം.

രണ്ടാമതായി, രാജ്യത്ത് തൊഴിലില്ലായ്മ രൂക്ഷമായൊരു സംസ്ഥാനമാണ് കേരളം. കേരളത്തിലെ തൊഴിലില്ലായ്മ നിരക്ക് മുപ്പത് ശതമാനമാണ്. തൊഴിലില്ലായ്മ പരിഹരിക്കുന്നതിനായി പുതിയ തൊഴിലവസരങ്ങൾ കൊണ്ടുവരുമെന്ന് നയപ്രഖ്യാപന പ്രസംഗത്തിലൂടെ സർക്കാർ പറഞ്ഞിട്ടുണ്ട്. അതൊരു ചെറിയ കാര്യമല്ല. വിദ്യാഭ്യാസ മേഖലയിലും വൻതോതിൽ ആധുനികീകരണം കൊണ്ടുവരേണ്ടതുണ്ട്. കോളേജ് ക്യാമ്പസുകൾ യുവാക്കളുടെ സ്വപ്നങ്ങൾ യാഥാർഥ്യമാക്കുന്ന, അവരുടെ സ്വപ്നങ്ങൾ മുന്നോട്ടു കൊണ്ടുപോകാനുള്ള കേന്ദ്രങ്ങളാക്കി മാറ്റണം. കഴിഞ്ഞ ഒൻപത് കൊല്ലം 500 ക്യാമ്പസ് വയലൻസ് കേസുകളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നത്. ക്യാമ്പസുകൾ രാഷ്ട്രീയ ആക്രമണത്തിനുള്ള ഇടങ്ങളും ലഹരികേന്ദ്രങ്ങളുമായി മാറരുത്. ഇതിനെക്കുറിച്ച് ചർച്ച ചെയ്യുകയും സർക്കാരിന്റെ നിലപാടിൽ കൂട്ടിച്ചേർക്കുകയും ചെയ്യണമെന്ന് ഞാൻ അഭ്യർഥിക്കുന്നു.

<u>ശ്രീമതി കെ. കെ. രമ</u>: സർ, ബഹുമാന്യനായ കേരള ഗവർണർ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തെ അനുകൂലിച്ച് ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച നന്ദിപ്രമേയത്തെ സർവാത്മനാ പിന്തുണയ്ക്കുകയാണ്. പതിനാറാം കേരള നിയമസഭയിൽ വടകരയുടെ ജനപ്രതിനിധിയായി ജനങ്ങൾക്കുവേണ്ടി സംസാരിക്കാൻ വീണ്ടും അവസരമൊരുക്കിയ വടകര ജനതയോടുള്ള സ്നേഹവും നന്ദിയും ഈ അവസരത്തിൽ ഞാൻ രേഖപ്പെടുത്തുകയാണ്. ബഹു. ചെയറിന്റെ റൂളിങ്ങിനെക്കൂടി മുഖവിലയ്ക്കെടുത്തുകൊണ്ടാണ് ഞാൻ സംസാരിക്കുന്നത്. അടുത്ത തവണ സംസാരിക്കുമ്പോൾ ബഹു. സ്പീക്കറുടെ റൂളിംഗ് കൃത്യമായി പാലിക്കാം.

ഒരു ദശകത്തോളം നീണ്ട അമിതാധികാര പ്രയോഗങ്ങളുടെയും അസഹിഷ്ണുതയുടെയും അക്രമങ്ങളുടെയും അഴിമതിയുടെയും ജനവിരുദ്ധതയുടെയും വർഗീയ അവസരവാദത്തിന്റെയുമെല്ലാം വഞ്ചക ഭരണവാഴ്ചയെ ചരിത്രത്തിന്റെ ചവറ്റുകുട്ടയിലേക്ക്

ളുത്തെറിഞ്ഞ് വീറോടെ ജനവിധിയെഴുതിയ കേരളത്തിലെ മുഴുവൻ ജനതയെയും അഭിനന്ദിക്കുകയാണ്. ഒരു പാർട്ടിയും ഒരു ഭരണകൂടവും എന്ത് ആയിക്കൂടാ എന്നതിന്റെ സർവലക്ഷണമൊത്ത ഉദാഹരണമായി സി.പി.ഐ(എം) പാർട്ടിയും അതിനെ നയിച്ച ഭരണവും സകല ജനാധിപത്യ പ്രസ്ഥാനങ്ങൾക്കും ഭരണകർത്താക്കൾക്കുമുള്ള പാഠവും സന്ദേശവുമായി മുന്നിൽ നിൽക്കുകയാണ്. ത്യാഗഭരിതവും ഇതിഹാസതുല്യവുമായ ചരിത്രവും ജനകീയ പ്രതിബദ്ധതയും വർഗരാഷ്ട്രീയ ഉള്ളടക്കവുമുണ്ടായിരുന്ന ഒരു കമ്മ്യൂണിസ്റ്റ് പാർട്ടി, ഒരൊറ്റ ഉടമ പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയായി മാറിത്തീർന്നതിന്റെ ദുരന്തഫലമാണ് സി.പി.ഐ(എം) ഇന്ന് അനുഭവിച്ചുകൊണ്ടിരിക്കുന്നത്. കുലംകുത്തികളായി മുദ്രകുത്തപ്പെട്ടവരെ കേരള മണ്ണ് ജനാധിപത്യ വീറോടെ ജനകീയ നേതാക്കളായി ഉയർത്തിക്കാണിച്ചതിന്റെ ചിത്രമാണ് ഇന്ന് കാണാൻ സാധിക്കുന്നത്. വടകരയും പയ്യന്നൂരും തളിപ്പറമ്പും അമ്പലപ്പുഴയുമെല്ലാം ഭാവി ഇടതു ബദൽ രാഷ്ട്രീയത്തിന് ദിശാസൂചകമായ വിളക്കുമാടങ്ങളായി ഇന്ന് കേരളത്തിനു മുന്നിൽ ജ്വലിച്ചുനിൽക്കുകയാണ്. തീർച്ചയായും സുശക്തമായ ഒരു ജനാധിപത്യ മതനിരപേക്ഷ ഐക്യമുന്നണി രൂപപ്പെടുന്നതിന്റെ വിളംബരം കൂടിയാണ് ഈ തിരഞ്ഞെടുപ്പ് ഫലം. വലിയ പ്രതീക്ഷകളോടെയാണ് ജീവിതത്തിന്റെ സമസ്ത മേഖലകളിലുമുള്ള മനുഷ്യർ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വി. ഡി. സതീശന്റെ നേതൃത്വത്തിലുള്ള സർക്കാരിനെ നോക്കിക്കാണുന്നത്. അധികാരമേറ്റ ഉടനെ അടിസ്ഥാന ജനവിഭാഗമായ സ്ത്രീകളുടെ ഉന്നമനത്തിന് മുൻഗണന നൽകിയ സർക്കാരിനെ അഭിനന്ദിക്കുകയാണ്. ആശാ വർക്കർമാരുടെ ആദ്യ ഗഡു ശമ്പള വർധനവ്, അങ്കണവാടി വർക്കേഴ്സിനും ഹെൽപ്പേഴ്സിനും പ്രീ-പ്രൈമറി ടീച്ചർമാർക്കുമുള്ള ശമ്പള വർധനവ്, സ്കൂൾ പാചകത്തൊഴിലാളികൾക്കുള്ള വേതന വർധനവ്, കെ.എസ്.ആർ.ടി.സി.-ൽ സ്ത്രീകൾക്ക് സൗജന്യയാത്ര, പെൺകുട്ടികൾക്കുള്ള ആർത്തവാവധി, കമ്മീഷൻ ധാർഷ്ട്യത്തിന്റെ മഞ്ഞക്കുറ്റിയെ നവകേരളത്തിൽനിന്ന് സമ്പൂർണ്ണമായി പിഴുതെറിയാനുള്ള തീരുമാനം, ജനാധിപത്യ പ്രക്ഷോഭങ്ങളെ ശത്രുസൈന്യത്തെപ്പോലെ നേരിട്ട പഴയ മുഖ്യമന്ത്രിയുടെ പൊലീസ് ഗുണ്ടകളുടെ രക്ഷാപ്രവർത്തനത്തെ നിയമനടപടിക്ക് വിധേയമാക്കാനുള്ള

തീരുമാനം, വയോജന വകുപ്പ് രൂപീകരിക്കാനുള്ള തീരുമാനം തുടങ്ങി ജനവിധിയുടെ ആത്മാവ് അറിഞ്ഞുകൊണ്ടുള്ള ഏറെ പ്രതീക്ഷ നൽകുന്ന ചുവടുവയ്പുകളാണ് ഈ സർക്കാർ മുന്നോട്ടുവയ്ക്കുന്നത്. ഇതോടൊപ്പം തന്നെ പരിഗണിക്കപ്പെടേണ്ട ചില അടിസ്ഥാന വിഭാഗങ്ങൾ കൂടിയുണ്ട്. ഖാദി കൈത്തറി മേഖലകളിലൊക്കെ പണിയെടുക്കുന്ന സാധാരണക്കാരായ സ്ത്രീത്തൊഴിലാളികളുടെ പ്രശ്നങ്ങൾ വലിയ ഗൗരവത്തോടുകൂടി കാണണം. കൂടാതെ, ജോലിസ്ഥിരതയോ സ്ഥിരവരുമാനമോ ഇല്ലാത്ത സാക്ഷരതാ പ്രേരക്മാരുടെ വിഷയങ്ങൾ ഉൾപ്പെടെ കാണാൻ കഴിയണം. കഴിഞ്ഞ അഞ്ച് വർഷവും കാര്യമായ പരിഗണന ലഭിക്കാതെപോയ ഒരു മണ്ഡലമാണ് വടകര നിയോജകമണ്ഡലം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യം വളരെ ഗൗരവത്തോടെ കാണുമെന്ന് പ്രതീക്ഷിക്കുകയാണ്.

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഏറെ പഴി കേട്ട ഒരു വിഭാഗമാണ് ആരോഗ്യ വകുപ്പ്. പുതിയ സർക്കാരിന്റെ ആരോഗ്യ വകുപ്പിനെയും ആരോഗ്യ വകുപ്പുമന്ത്രിയെയും ഏറെ പ്രതീക്ഷയോടെയാണ് കേരളം വീക്ഷിക്കുന്നത്. ആരോഗ്യ വകുപ്പിന്റെ ആദ്യഘട്ട പ്രവർത്തനങ്ങൾ വളരെ പ്രതീക്ഷ നൽകുന്നതാണ്. പുതിയ ആരോഗ്യ വകുപ്പുമന്ത്രി വടകരയുടെ മുൻ ജനപ്രതിനിധിയാണ് എന്നുള്ളത് ഞങ്ങൾക്കേറെ അഭിമാനവും സന്തോഷവുമുള്ള കാര്യമാണ്. വടകരയിലെ പ്രധാനപ്പെട്ട രണ്ട് ആശുപത്രികളാണ് വടകര ജില്ലാ ആശുപത്രിയും ഓർക്കാട്ടേരി സി.എച്ച്.സി.-യും. വടകര ജില്ലാ ആശുപത്രിയുടെ പേരിനു മാത്രമാണ് ജില്ല. കാരണം അടിസ്ഥാനപരമായി യാതൊരു മാറ്റവും അവിടെയില്ല. അതൊരു ജില്ലാ ആശുപത്രിയായി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. ഓർക്കാട്ടേരിയിലെ സി.എച്ച്.സി.-ൽ നേരത്തെ കിടത്തി ചികിത്സയുണ്ടായിരുന്നു. അത് പുനഃരാരംഭിക്കുന്നതിന് ആവശ്യമായ നടപടി ആരോഗ്യ വകുപ്പിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. കൂടാതെ, ഒരു ഫോറൻസിക് സർജനെകൂടി നിയമിച്ച് വടകരയുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ അടിയന്തര ശ്രദ്ധനൽകണമെന്ന് ആവശ്യപ്പെടുകയാണ്.

ആഭ്യന്തര വകുപ്പുമന്ത്രിയെയും ആഭ്യന്തര വകുപ്പിനെയും പ്രതീക്ഷയോടുകൂടി കാണുകയാണ്. നീതിയുക്തമായ നടപടികളും തീരുമാനങ്ങളും ആഭ്യന്തരവകുപ്പിന്റെ

ഭാഗത്തുനിന്നും ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുകയാണ്. കഴിഞ്ഞ കാലങ്ങളിൽ ജയിലുകളിലുണ്ടായ അനുഭവങ്ങൾ നമുക്ക് മുന്നിലുണ്ട്. ടി. പി. ചന്ദ്രശേഖരൻ വധക്കേസിലെ പ്രതികൾക്കുൾപ്പെടെ നിർബാധം പരോളുകൾ കൊടുത്ത് അവർക്ക് മയക്കുമരുന്ന് കച്ചവടമുൾപ്പെടെയുള്ള എല്ലാ ക്രിമിനൽ പ്രവർത്തനങ്ങളും നടത്താൻ ജയിലുകളിൽ സൗകര്യമൊരുക്കിക്കൊടുത്ത കാര്യങ്ങൾ നമുക്ക് കാണാൻ സാധിച്ചതാണ്. അതിൽ മാറ്റമുണ്ടാകണം. ഇക്കാര്യത്തിൽ ആവശ്യമായ തിരുത്തലുകളുണ്ടാക്കി നീതിയുക്തമായ നടപടി ഉണ്ടാകണമെന്നുകൂടി അഭ്യർഥിക്കുകയാണ്.

അടിസ്ഥാന വിഭാഗക്കാർ മാത്രമല്ല എല്ലാ വിഭാഗം ജനങ്ങളും പല മേഖലകളിലും ധാരാളം പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നുണ്ട്. പി.എസ്.സി. നിയമനത്തിനായി കാത്തുനിൽക്കുന്ന നിരവധി യുവതീ-യുവാക്കൾ നമ്മുടെ നാട്ടിലുണ്ട്. കഴിഞ്ഞ പത്തുവർഷക്കാലമായി ഒരു ഒഴിവ് പോലും റിപ്പോർട്ട് ചെയ്യപ്പെടാത്തതിനാൽ റാങ്ക് ലിസ്റ്റിൽ ഒന്നാമതായ ഉദ്യോഗാർഥിക്കുപോലും ജോലി ലഭിക്കാത്ത സാഹചര്യം നിലനിൽക്കുകയാണ്. ഇതിന് അടിയന്തര പരിഗണന സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം. എൽ.പി./യു.പി./ഹൈസ്കൂൾ ഉൾപ്പെടെയുള്ള സ്കൂളുകളിൽ റാങ്ക് ലിസ്റ്റിൽ വന്ന ഉദ്യോഗാർഥികൾക്ക് നിയമനം ലഭിക്കാത്ത സാഹചര്യം സംസ്ഥാനത്ത് ഇപ്പോഴുമുണ്ട്.

സെക്രട്ടേറിയറ്റിലെ ഫയലുകളെ സംബന്ധിച്ച് ഓരോ ഫയലും ഓരോരുത്തരുടെ ജീവിതമാണെന്നാണ് മുൻമുഖ്യമന്ത്രി പറഞ്ഞിട്ടുള്ളത്. എന്നാൽ, ഇപ്പോഴും അതേ അവസ്ഥ തുടരുകയാണ്. സാധാരണക്കാർ തങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റാൻ സെക്രട്ടേറിയറ്റിനുമുന്നിൽ കാത്തുനിൽക്കേണ്ട ഗതികേടുണ്ടാവുകയാണ്. അടിയന്തരമായി സെക്രട്ടേറിയറ്റിലെ ഫയലുകൾ തീർപ്പാക്കുന്നതിനുള്ള നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം.

ആരോഗ്യ മേഖലയിൽ ടൈപ്പ്-1 ഡയബറ്റിക് കുട്ടികൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ നിരവധിയാണ്. ഇഞ്ചക്ഷനുൾപ്പെടെയുള്ള ചികിത്സാ സൗകര്യങ്ങൾ ലഭിക്കാതെ മരണത്തിന് കീഴടങ്ങുന്ന സാഹചര്യം ഇന്നും സംസ്ഥാനത്ത് നിലനിൽക്കുകയാണ്. ഗുരുതരമായ ഇത്തരം

പ്രശ്നങ്ങളെ അഭിസംബോധന ചെയ്യുന്നതിനും അതിന് പരിഹാരമുണ്ടാക്കുന്നതിനും സർക്കാർ അടിയന്തര ശ്രദ്ധ പതിപ്പിക്കണമെന്നുകൂടി ഈ അവസരത്തിൽ സൂചിപ്പിക്കുകയാണ്. ജനക്ഷേമത്തിനും പുരോഗതിയുടെയും സമൃദ്ധിയുടെയും ജനപക്ഷത്തിന്റെ വഴിയിലൂടെ നാടിനെ നയിക്കാൻ തുടർന്നും ഈ സർക്കാരിന് സാധിക്കട്ടെയെന്ന് ആഗ്രഹിക്കുകയാണ്. സർക്കാരിന്റെ നയപ്രഖ്യാപനത്തെ ഒരിക്കൽക്കൂടി സ്വാഗതം ചെയ്തുകൊണ്ട് അവസാനിപ്പിക്കുന്നു.

<u>ശ്രീ. എം. എം. നസീർ</u>: സർ, ബഹുമാന്യനായ ഗവർണർ അവതരിപ്പിച്ച നയപ്രഖ്യാപനത്തെയും ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച നന്ദിപ്രമേയത്തെയും ഞാൻ പിന്തുണയ്ക്കുന്നു. 25 വർഷം മുമ്പ് എം.എൽ.എ. ആയിരുന്ന പ്രയാർ ഗോപാലകൃഷ്ണനുശേഷം ഇടതുപക്ഷ പുന്നാപുരംകോട്ട എന്നറിയപ്പെടുന്ന ചടയമംഗലം നിയോജകമണ്ഡലത്തിൽനിന്നാണ് ഞാൻ എം.എൽ.എ. ആയി നിയമസഭയിലെത്തുന്നത്. ചടയമംഗലം നിയോജകമണ്ഡലത്തിൽനിന്നും എന്നെ വിജയിപ്പിച്ച എല്ലാ ജനാധിപത്യ വിശ്വാസികൾക്കും അതിലുപരി എന്റെ പാർട്ടി സുഹൃത്തുക്കൾക്കും എനിക്ക് അകമഴിഞ്ഞ പിന്തുണ നൽകിയ പാർട്ടി സഖാക്കൾക്കും ഞാൻ ഈ അവസരത്തിൽ നന്ദി രേഖപ്പെടുത്തുകയാണ്. പ്രയാർ ഗോപാലകൃഷ്ണന്റെ ചരമദിനം കൂടിയായ ഇന്ന് അദ്ദേഹത്തെ ഞാൻ അനുസ്മരിക്കുകയാണ്.

കേരളത്തിന്റെ അടുത്ത അരനൂറ്റാണ്ടിലെ പദ്ധതികളുടെയും സമഗ്ര വീക്ഷണത്തിന്റെയും സമർപ്പണമാണ് ടീം യു.ഡി.എഫ്. ലീഡർ നവയുഗ പുരുഷനായ ശ്രീ. വടശ്ശേരി ദാമോദര മേനോൻ സതീശനിലൂടെ കേരളം പ്രതീക്ഷിക്കുന്നത്. വരാനിരിക്കുന്ന കേരളം ഭാവി വിസ്മയങ്ങളുടേതായിരിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. കർഷകരെയും തൊഴിലാളികളെയും വനിതകളെയും വിദ്യാർഥികളെയും യുവാക്കളെയും കുഞ്ഞുങ്ങളെ വരെ തലോടിയുണർത്തിയ ഒരു നയപ്രഖ്യാപനമാണ് ഇവിടെ അവതരിപ്പിച്ചത്. കഴിഞ്ഞ പത്തുവർഷക്കാലത്തെ എൽ.ഡി.എഫ്.-ന്റെ ഭരണകാലത്ത് അവർക്കുണ്ടായ ദുരന്തങ്ങൾ ഒരു ലോട്ടറി ആയിരുന്നു. ആ ലോട്ടറി അടിച്ചതിന്റെ ഭാഗമായിട്ടാണ് രണ്ടാമതും ശ്രീ. പിണറായി വിജയന്റെ

നേതൃത്വത്തിൽ ഭരണം വന്നത്. ശ്രീ. എം. വിൻസെന്റ്- ന്റെ നന്ദിപ്രമേയത്തെ അനുകൂലിക്കുമ്പോൾ ഒരു സത്യം പറയട്ടെ. അപ്പുറത്തിരിക്കുന്ന പൊന്നപ്പന്മാരും തങ്കപ്പന്മാരും എന്നെ ആശ്ലേഷിച്ചതുകൊണ്ടുമാത്രമാണ് ഞാനിവിടെ എം.എൽ.എ. ആയിരിക്കുന്നത്. നന്ദിയുണ്ട്. അവരോട് പ്രത്യേകിച്ച് നന്ദിയുണ്ട്. പത്തുപതിനഞ്ച് വർഷങ്ങൾക്കുമുമ്പ് കെ.സി.യു. അംഗമായിരുന്ന സമയത്ത് ഞാനും റാന്നി അംഗമായ ശ്രീ. പഴകുളം മധുവും കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ അംഗമായ ശ്രീ. വി. പി. സജീന്ദ്രനുമൊക്കെ സഭയ്ക്കുചുറ്റും കറങ്ങിനടക്കുമ്പോൾ ഞങ്ങൾക്ക് എന്നാണ് നിയമസഭ കവാടത്തിനുള്ളിൽ കയറാൻ കഴിയുന്നതെന്ന് പരസ്പരം ചോദിക്കുമായിരുന്നു. ഓട് പൊളിച്ചേ ഉള്ളിലേയ്ക്ക് പ്രവേശിക്കാൻ സാധിക്കുകയുള്ളൂവെന്ന് ആ സമയത്ത് ശ്രീ. വി. പി. സജീന്ദ്രൻ പറയുമായിരുന്നു. പക്ഷേ, ഓട് പൊളിക്കാതെ തന്നെ ജനങ്ങൾ ഞങ്ങളെ ഈ നിയമസഭയിലേക്ക് കടത്തിവിട്ടുവെന്നത് ഒരു ചരിത്ര നിമിഷമായി ഞാൻ കാണുകയാണ്. പയ്യന്നൂർ, തളിപ്പറമ്പ്, ധർമ്മടം എന്നീ കമ്മ്യൂണിസ്റ്റ് കേന്ദ്രങ്ങളെപോലെയാണ് ചടയമംഗലം നിയോജകമണ്ഡലം. എനിക്ക് തിരഞ്ഞെടുപ്പ് പ്രചരണത്തിനായി പത്തൊൻപത് ദിവസം മാത്രമേ ലഭിച്ചിരുന്നുള്ളൂ. തിരഞ്ഞെടുപ്പ് പ്രചാരണത്തിനായി വേണ്ടത്ര ഫോട്ടോയോ പോസ്റ്ററോ പതിപ്പിക്കാനുള്ള സമയമില്ലായിരുന്നു. പക്ഷേ, ഭാഗ്യംകൊണ്ട് മുൻ മുഖ്യമന്ത്രിയുടെയും കഴിഞ്ഞ സർക്കാരിന്റെ വകുപ്പുമന്ത്രിയും എന്റെ മുൻഗാമിയുമായ ശ്രീമതി ചിഞ്ചുറാണിയുടെ ഫോട്ടോയും ഹോർഡിങ്ങസുമൊക്കെ വലിയരീതിയിൽ അവിടെയുണ്ടായിരുന്നതുകൊണ്ട് ജനംകൂട്ടംകൂട്ടമായി വന്ന് എനിക്ക് വോട്ട് ചെയ്യുകയാണുണ്ടായത്. അവരോട് എനിക്ക് പ്രത്യേകം നന്ദിയുണ്ട്. ഇന്ദിരാ ഗ്യാരന്റിയെക്കുറിച്ച് എന്റെ നിയോജകമണ്ഡലത്തിൽ സംസാരിക്കാനുള്ള സമയമൊന്നും ലഭിച്ചില്ല. അതുകൊണ്ടൊന്നുമല്ല എനിക്ക് വോട്ട് ലഭിച്ചതെന്ന് ഞാൻ ഉറച്ച് വിശ്വാസിക്കുകയാണ്. എന്റെ മണ്ഡലത്തിൽ കടയ്ക്കൽ എന്ന ഗ്രാമവും കടയ്ക്കൽ ദേവീക്ഷേത്രവുമുണ്ട്. കേരളത്തിൽ നവകേരള ബസ് എല്ലാ സ്ഥലത്തും കറങ്ങിയതുപോലെ കടയ്ക്കൽ ദേവീക്ഷേത്രത്തിന്റെ മതിൽ പൊളിച്ചു കയറാൻ ശ്രമിച്ചു. പക്ഷേ, ബഹു.

ഹൈക്കോടതി തടഞ്ഞതുകൊണ്ട് അത് നടന്നില്ല. അവിടത്തെ ക്ഷേത്രത്തിൽ വലിയ പാട്ട് കച്ചേരിയുണ്ടായിരുന്നു. എന്തായിരുന്നു ആ വിപ്ലവ ഗാനം? 'പുഷ്പനെ അറിയാമോ' എന്ന വിപ്ലവ ഗാനം ക്ഷേത്രോത്സവത്തിനിടയിൽ പാടിയതിനെത്തുടർന്ന് വലിയ വിവാദമായി മാറിയിരുന്നു. 'പുഷ്പനെ അറിയാമോ' എന്ന പാട്ടിനെക്കുറിച്ച് ഞാൻ പറയാതെതന്നെ നിങ്ങൾക്കറിയാം. കൂത്തുപറമ്പ് വെടിവയ്പ്പ്, സ്വാശ്രയ സമരം, രക്തസാക്ഷികൾ,.... കൂത്തുപറമ്പ് വെടിവയ്പ്പിൽ വെടിവച്ച വ്യക്തിയെതന്നെ പിന്നീട് ഡി.ജി.പി. ആക്കിയ ഇടതുപക്ഷഭരണത്തെക്കുറിച്ച് ഞാൻ ഇവിടെ സൂചിപ്പിക്കുന്നില്ല. എന്തൊക്കെയായിരുന്നു; നവോത്ഥാനം, നവകേരളം, ആഗോളവൽക്കരണം, ഉദാരവൽക്കരണം, കേരളീയം, മാനവീയം, വൈരുദ്ധ്യാധിഷ്ഠിത ഭൗതികവാദം എന്നിങ്ങനെയുള്ള കടുകട്ടിയായ ചില പ്രയോഗങ്ങൾ സി.പി.ഐ (എം.) എപ്പോഴും നടത്തും. കോടികളുടെ പി.ആർ. വർക്കുകൊണ്ട് എന്താണ് നേടിയത്? "മെഷീൻ ഗൺ, ബോംബ്, മലപ്പുറം കത്തി, ഉലക്കയുടെ മൂട് ഒടുവിൽ പവനായി ശവമായി" എന്നൊക്കെ നടോടികാറ്റ് സിനിമയുടെ അവസാനം നടൻ തിലകൻ പറയുന്ന വാക്കുകളാണ്. എനിക്ക് പിണറായി സഖാവിനോട് സ്നേഹമേയുള്ളൂ. കാരണം, അദ്ദേഹത്തിനെക്കുറിച്ച് എനിക്ക് കൂടുതൽ പറഞ്ഞുതന്നത്, പത്തുവർഷം മുമ്പ് അവിടെ ചെന്നിട്ട് പത്ത് വർഷത്തിനുശേഷം തിരിച്ചുവന്ന ഈ അടുത്തസമയത്ത് ചുംബന വിവാദത്തിൽപ്പെട്ട എന്റെയൊരു നേതാവാണ്. പിണറായി സഖാവ് നല്ലൊരു നേതാവാണ്. പക്ഷേ, കൂടെയുള്ളവരെല്ലാം വലിയ പണിക്കാരാണ് എന്നാണ് അദ്ദേഹം പറഞ്ഞത്. കൂടെയുള്ളവർ പിണറായി എന്ന നല്ലൊരു സഖാവിനെ പണിയാക്കി/വഴിയാധാരമാക്കി കുളിപ്പിച്ച് കുളിപ്പിച്ച് കുട്ടിയില്ലാണ്ടാക്കി എന്ന അവസ്ഥയാണ് സത്യത്തിൽ നടന്നതെന്ന് ഞാൻ ആലോചിച്ചപ്പോൾ ശരിയാണെന്ന് എനിക്കിപ്പോൾ തോന്നുന്നു. കേരളത്തിൽ പത്തുവർഷത്തിനുള്ളിലാണ് ലഹരി ഉപയോഗം രൂക്ഷമായി വർധിച്ചത്. നമ്മൾ ആരെങ്കിലും എം.ഡി.എം.എ. എന്ന് കേട്ടിട്ടുണ്ടോ; എന്നാലിപ്പോൾ എം.ഡി.എം.എ. എന്നത് കേരളത്തിൽ മുഴുവൻ വ്യാപകമായിരിക്കുകയാണ്. ഈ ലഹരി വസ്തു എങ്ങനെയാണ് കുട്ടികൾക്ക് ലഭിക്കുന്നത്? സ്കൂളുകളിലെ കൊച്ചുകുട്ടികൾക്ക് സഖാക്കളായ മുതിർന്ന കുട്ടികൾ

കൊടുക്കുകയും പിന്നീട് അത് കോളേജ് തലത്തിലേക്ക് വ്യാപിക്കുകയും തുടർന്ന് വ്യാപക കച്ചവടമായി മാറുകയും ചെയ്യുന്നു. എന്നാൽ ഇത്തരം ലഹരി മാഫികളെ എക്സൈസ് വകുപ്പിന് പിടികൂടാൻ കഴിയില്ല. ഒരു സ്കൂളിൽ പി.ടി.എ. എന്നുപറയുന്നത് ആരാണ്? എ.കെ.പി.സി.ടി.എ., കെ.എസ്.ടി.എ., എൽ.സി., എക്സൈസ്, പൊലീസ് ഇവരെല്ലാം ഉൾപ്പെട്ടതാണ് മിക്കവാറും സ്കൂൾ പി.ടി.എ. എന്നത് പറയുന്നത്. ബഹു. മുഖ്യമന്ത്രി ശ്രീ. വി. ഡി. സതീശനും ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രി ശ്രീ. രമേശ് ചെന്നിത്തലയും ചേർന്ന് കേരളത്തിൽ ലഹരി വിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി 'ഓപ്പറേഷൻ തൂഫാൻ' എന്നൊരു പദ്ധതി ആരംഭിച്ചിട്ടുണ്ട്.

<u>സ്പീക്കർ</u>: യെസ്സ്.....യെസ്സ്......

<u>ശ്രീ. എം. എം. നസീർ</u>: സർ, നമ്മുടെ സംസ്ഥാനത്ത് ലഹരി വസ്തുക്കൾ വലിയ തോതിൽ പിടിമുറുക്കിയിരിക്കുകയാണ്. ഇതിനെതിരെ ശക്തമായ നടപടികളുമായി സർക്കാർ മുന്നോട്ടുപോകണം. മാത്രമല്ല, ഇതിനെതിരായ പല സിനിമകളും പുറത്തിറങ്ങിയിട്ടുണ്ട്. പത്മശ്രീ മോഹൻലാൽ അഭിനയിച്ച 'ലൂസിഫർ', അഭിനേതാവും രാഷ്ട്രീയ പ്രവർത്തകനുമായ കമലഹാസൻ അഭിനയിച്ച 'വിക്രം', രജനികാന്തിന്റെ 'ജയിലർ' എന്നീ സിനിമകൾ നൂറുകോടി ക്ലബ്ബിൽ ഉൾപ്പെട്ടവയാണ്. ഇവയിലൊക്കെ ലഹരിക്കെതിരായ പോരാട്ടമാണ് പ്രതിപാദിക്കുന്നത്. നമ്മുടെ രാജ്യത്ത് ലഹരി പിടിമുറുക്കുന്നതിന് ആരാണ് ഉത്തരവാദി? നമ്മൾ ഒരു കാര്യംകൂടി മനസ്സിലാക്കണം. മുൻ മുഖ്യമന്ത്രിക്കും കുടുംബത്തിനുമെതിരെ വലിയ ആക്ഷേപമുണ്ടായപ്പോൾ ആ തെറ്റ് തിരുത്താൻ പാർട്ടി തയ്യാറായില്ല. പാർട്ടി സഖാക്കൾ കമ്മിറ്റിയിൽ പറഞ്ഞത് എന്താണ്? "വിഘടനവാദികളും പ്രതിക്രിയാവാദികളും പ്രഥമദൃഷ്ട്യാ അകൽച്ചയിലായിരുന്നുവെങ്കിലും അവർക്കിടയിലുള്ള അന്തർധാര സജീവമായിരുന്നു. ബൂർഷ്വാസികൾ തക്കം പാർത്തിരുന്നു, വർഗാധിപത്യവും കൊളോണിയലിസ്റ്റ് ചിന്താസരണികളും റാഡിക്കലായിട്ടുള്ള മാറ്റമല്ല." സഖാക്കൾക്ക് ആർക്കെങ്കിലും ഇത് മനസ്സിലായോ? ആർക്കുമൊന്നും മനസ്സിലായിട്ടില്ല. ഇതാണ് കേരളത്തിലെ പാർട്ടി സഖാക്കൾക്ക് സി.പി.ഐ.(എം.) നേതാക്കൾ പറഞ്ഞു കൊടുക്കുന്ന ക്ലാസ്. ശ്രീമതി വീണാ

ജോർജ്ജിനെതിരെ രണ്ട് കെ.സി.യു.-കാർ മുദ്രാവാക്യം വിളിച്ചത് നിങ്ങൾക്ക് അറിയാമല്ലോ; സി.പി.ഐ.(എം.) പാർട്ടിയുടെ വലിയ നേതാവാണ് ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ; അദ്ദേഹവും മുൻ മുഖ്യമന്ത്രിയുമടക്കം പറഞ്ഞത് എന്തായിരുന്നു? ശ്രീമതി വീണാ ജോർജ്ജിന്റെ കഴുത്ത് പിടിച്ച് ഞെരിച്ച് ഓടിച്ച് വലിച്ചെന്നാണ് പറഞ്ഞത്. അതുകൊണ്ടുതന്നെ അവർക്കെതിരെ കൊലപാതക കുറ്റത്തിന് കേസെടുത്തു. നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപമായി മുൻ മുഖ്യമന്ത്രിയുടെ വീട്ടിൽ ഈയടുത്ത കാലത്ത് നടന്ന ഇ.ഡി. റെയ്ഡ് പ്രധാന വിഷയമായി ഉന്നയിക്കുമെന്നാണ് ഞാൻ കരുതിയത്. എന്നാൽ, മുൻ മുഖ്യമന്ത്രി ഇതുസംബന്ധിച്ചൊന്നും സംസാരിച്ചിട്ടില്ല. ബഹു. പ്രതിപക്ഷനേതാവിന്റെ വായിൽ നാവുണ്ടോയെന്ന് പലപ്രാവശ്യം കൈയിട്ട് നോക്കി. മുഖ്യമന്ത്രി ശ്രീ. വി. ഡി. സതീശൻ കേന്ദ്രത്തിൽപോയി ശ്രീ. നരേന്ദ്ര മോദിയെ കാണുകയും അദ്ദേഹം ആവശ്യപ്പെട്ടതിൻപ്രകാരം പതിനൊന്ന് സ്ഥലങ്ങളിൽ റെയ്ഡ് ചെയ്തതെന്നും പറഞ്ഞപ്പോൾ പിന്നെ നിങ്ങൾക്ക് നാക്കില്ല. ശ്രീ. രാഹുൽഗാന്ധിയെ 58 മണിക്കൂർ ഇ.ഡി.-യുടെ ആർ.എസ്.എസ്. ടീം ചോദ്യം ചെയ്തപ്പോൾ നിങ്ങൾ അതിനെ ബിഗ് സല്യൂട്ട് ചെയ്തുകൊണ്ടാണ് രാഹുൽഗാന്ധിയുടെ വയനാട്ടിലെ ഓഫീസ് ആക്രമിച്ചത്. എൽ.ഡി.എഫ്. എന്നുപറഞ്ഞാൽ സി.പി.ഐ.(എം.)-ന്റെ വിദ്യാർഥി-യുവജന സംഘടനക്കാരാണ് ഓഫീസ് ആക്രമിച്ചതെന്ന് നിങ്ങൾ മനസ്സിലാക്കണം. കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ ബി.ജെ.പി.-ക്ക് എങ്ങനെയാണ് വോട്ട് കുറഞ്ഞത്. ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ എങ്ങനെയാണ് ബി.ജെ.പി.-ക്ക് വോട്ട് വർധിച്ചത്? ചാത്തന്നൂർ, കൊട്ടാരക്കര നിയോജകമണ്ഡലങ്ങളിൽ യു.ഡി.എഫ്.-നാണ് വോട്ട് വർധിച്ചത്. അവിടെയൊക്കെ വോട്ട് കച്ചവടമാണ് നടന്നത്. കോവളം, നേമം നിയോജകമണ്ഡലങ്ങളിൽ ദുർബല സ്ഥാനാർഥികളെ മത്സരിപ്പിക്കാൻ തീരുമാനിച്ചത് ആരാണെന്ന് നിങ്ങൾക്ക് അറിയാം. പല ആരോപണങ്ങൾക്കും വിധേയരായവരെ സ്ഥാനാർഥികളാക്കിയിട്ടാണ് ഇവിടെ ബി.ജെ.പി.-ക്ക് അക്കൗണ്ട് തുറന്നുകൊടുത്തത്. ഞങ്ങൾ ബി.ജെ.പി.-ക്ക് അക്കൗണ്ട് തുറന്നിട്ടില്ല. അവിടെ ശ്രീ. കെ. മുരളീധരൻ നേമം നിയോജകമണ്ഡലത്തിൽ പോയി

മത്സരിച്ചതുകൊണ്ടാണ് ബി.ജെ.പി.-യുടെ അക്കൗണ്ട് പൂട്ടിയതെന്ന് സഖാക്കൾ മനസ്സിലാക്കണം. അതുകൊണ്ട് യഥാർഥ വസ്തുതകൾ മറച്ചുവയ്ക്കാൻ ജനങ്ങൾ ആരും വിഡ്ഢികളല്ല. അതുകൊണ്ടാണ് ചടയമംഗലം നിയോജകമണ്ഡലത്തിൽനിന്ന് ഒരു സീറ്റ് ജയിച്ചുവന്നത്. അതെല്ലാം നിങ്ങൾ മനസ്സിലാക്കണം. ഈ നന്ദിപ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. ഞങ്ങൾ അതിശക്തമായിമുന്നോട്ടുപോയി മാറ്റങ്ങളുണ്ടാക്കുമെന്ന പ്രതീക്ഷ കേരളത്തിലെ ജനങ്ങൾക്കുണ്ട്. ആ പ്രതീക്ഷ ഞങ്ങൾക്കുണ്ട്. അത് നിറവേറ്റുകതന്നെ ചെയ്യും.

<u>ശ്രീ. സെബാസ്റ്റ്യൻ എം. ജെ.</u>: സർ, ഗവർണറുടെ നിയമപ്രഖ്യാപന പ്രസംഗത്തിന് നന്ദിരേഖപ്പെടുത്തിക്കൊണ്ട് ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച ഉപക്ഷേപത്തെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുന്നു. മലനാടിന്റെയും ഇടനാടിന്റെയും കവാടമായ പൂഞ്ഞാറിൽനിന്നും എന്നെ തിരഞ്ഞെടുത്ത പ്രിയപ്പെട്ട പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ ജനതയ്ക്കും എനിക്ക് ജനപ്രതിനിധിയായി മത്സരിക്കാൻ അവസരംതന്ന പാർട്ടിയോടും നേതാക്കന്മാരോടും നന്ദി പ്രകാശിപ്പിക്കുന്നു. ഈ സർക്കാർ കേരളത്തിന്റെ സാമ്പത്തിക സ്ഥിതിയിലും കാർഷിക മേഖലയിലും തികച്ചും വ്യത്യസ്തമായ സാമ്പത്തിക പരിഷ്കാരം കൊണ്ടുവരുമെന്നുള്ള കാര്യത്തിൽ യാതൊരു തർക്കവുമില്ല. ബഹുമാന്യനായ മുഖ്യമന്ത്രി ശ്രീ. വി. ഡി. സതീശന്റെ കാഴ്ചപ്പാടുകൾ വളരെ വ്യക്തമായി പറഞ്ഞിട്ടുള്ള നയരേഖയാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. പ്രത്യേകിച്ചും റബ്ബർ, നെല്ല് എന്നിവയുൾപ്പെടുന്ന കാർഷിക മേഖല കഴിഞ്ഞ പത്തുവർഷമായി തകർന്നടിഞ്ഞ അവസ്ഥയിലായിരുന്നു. മധ്യകേരളത്തിന്റെ പ്രധാന സാമ്പത്തികസ്രോതസ്സായ റബ്ബറിന് 140-150 രൂപയാണ് കഴിഞ്ഞ സർക്കാർ കാലഘട്ടങ്ങളിൽ ലഭിച്ചുകൊണ്ടിരുന്നത്. പതിനഞ്ച് വർഷംവരെയും റബ്ബറിന് 250 രൂപ ലഭിച്ചുകൊണ്ടിരുന്ന സാഹചര്യത്തിൽ, ഇന്ന് ഇതിന്റെ വില 250 രൂപയായി മാറിയിട്ടുണ്ട്. പത്തുവർഷം നൂറ് രൂപ കർഷകർക്ക് നഷ്ടം വന്നപ്പോൾ, ഏഴ് ലക്ഷം ടൺ ഉൽപാദിപ്പിക്കുന്ന റബ്ബർ മേഖലയിൽ 7000 കോടി രൂപയുടെ നഷ്ടം വരുന്ന സാഹചര്യമുണ്ടായി. പത്തുവർഷംകൊണ്ട് കേരളത്തിന്റെ സാമ്പത്തിക നിലയിൽ 70,000 കോടി രൂപയുടെ

നഷ്ടമാണ് റബ്ബർ മേഖലയിൽനിന്നും മാത്രം വന്നിരിക്കുന്നത്. ശരിയായൊരു സാമ്പത്തിക മേഖലയിൽ റബ്ബറിന് തറവില പ്രഖ്യാപിച്ച് 250 രൂപ ലഭിക്കുമായിരുന്നെങ്കിൽ 70000 കോടി രൂപ എന്നുള്ളത്, ഫ്രഞ്ച് സാമ്പത്തിക ശാസ്ത്രജ്ഞൻ പറഞ്ഞ എം.എൻ.ആർ.ഇ.ജി.എ. സ്കീമിൽ നടപ്പാക്കിയതുപോലെ ചെയ്തിരുന്നെങ്കിൽ ഗവൺമെന്റ് ഒരാൾക്ക് 10000 രൂപ സബ്സിഡി കൊടുക്കുമ്പോൾ 4 വട്ടം അത് തിരിച്ച് കറങ്ങിവന്ന് 40,000 രൂപയാകുമ്പോൾ ഗവൺമെന്റിലേക്ക് 10,000 രൂപ തിരിച്ചുവരികയും ഗവൺമെന്റ് കൊടുത്ത സബ്സിഡി തിരിച്ചുലഭിക്കുകയും കേരളത്തിന്റെ കാർഷിക മേഖലയ്ക്ക് സമഗ്രമായി പിടിച്ചുനിൽക്കാനുള്ള സാഹചര്യവുമുണ്ടാകുമായിരുന്നു. അതിൽനിന്നും വ്യത്യസ്തമായി പുതിയ ടീം, യു.ഡി.എഫ്. പ്രഖ്യാപിച്ച കാർഷിക നയം കേരളത്തിന്റെ റബ്ബർ ഉൾപ്പെടുന്ന കാർഷിക മേഖലയിൽ ഗണ്യമായ മാറ്റം വരുത്തുമെന്ന് ഞാൻ വിചാരിക്കുന്നു. അതോടൊപ്പം റവന്യൂ-വിദ്യാഭ്യാസ മേഖലയിൽ ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ മിഷൻ രൂപീകരിക്കുമെന്ന് പറഞ്ഞിരിക്കുന്നത്, ആർട്ടിഫിഷ്യൽ ഇന്റലിജൻസും ഡാറ്റാ സയൻസും ലോകം ഭരിക്കുന്ന ക്രമത്തിലേക്ക് എത്തിനിൽക്കുന്ന സാഹചര്യത്തിൽ, കേരളത്തിൽ അടിയന്തരമായി സാങ്കേതിക മേഖലയിലുള്ള വിദ്യാഭ്യാസം ചെറുപ്പം മുതൽ അല്ലെങ്കിൽ ഏറ്റവും താഴെ തട്ടിലുള്ള സ്കൂളുകളിൽ തുടങ്ങി കൊണ്ടുവന്നാൽ ഈ മേഖലയിൽ തികച്ചും മാറ്റമുണ്ടാകും എന്നതിന്റെ ഏറ്റവും വലിയ തെളിവാണ്. ഉദാഹരണമായി, വിദേശ രാജ്യങ്ങളിൽ ആന്ത്രോപിക് എന്ന് പറയുന്ന ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ ടൂൾ 4 വർഷംകൊണ്ട് 33 ലക്ഷം കോടി രൂപ ഗെയിൻ ചെയ്ത് 50 ശതമാനം ഐ.ടി. സെക്ടറിലെ തൊഴിൽ നഷ്ടപ്പെടുത്തുന്ന നിലയിലേക്ക് വളർന്നുകഴിഞ്ഞു. അതോടൊപ്പം എൻവിഡിയ (NVIDIA) ഉൾപ്പെടെയുള്ള നിരവധി കമ്പനികൾ ആധിപത്യം സ്ഥാപിക്കുന്നൊരു സാഹചര്യമുള്ളപ്പോൾ, ഇവിടെയുള്ള കഴിവും പ്രാപ്തിയുമുള്ള വിദ്യാർഥികളെ പ്രോത്സാഹിപ്പിക്കുകയും അതോടൊപ്പം റിസർച്ച് ആൻഡ് ഡെവലപ്മെന്റ് ഫണ്ട് കൊടുക്കുന്ന സാഹചര്യമുണ്ടാകുകയും ചെയ്താൽ വിദ്യാഭ്യാസ മേഖലയിൽ വളരെ വലിയ മാറ്റം കൊണ്ടുവരാൻ സാധിക്കുമെന്ന കാര്യത്തിൽ യാതൊരു

തർക്കവുമില്ല. അത് നയരേഖയിൽ ഉൾപ്പെടുത്തിയ ബഹുമാന്യനായ മുഖ്യമന്ത്രിയുൾപ്പെടെയുള്ള ടീം, യു.ഡി.എഫ്.-ന് ഞാൻ പ്രത്യേകം നന്ദി പറയുകയാണ്.

അടുത്തതായി പറയാൻ പോകുന്നത് സഹകരണ മേഖലയെക്കുറിച്ചാണ്. എന്തുകൊണ്ടാണ് സഹകരണ മേഖല തകർന്നത്? കേരള ബാങ്ക് രൂപീകരിച്ചപ്പോൾ റിസ്ക് അനാലിസിസിന്റെ ബേസിൽ ഒരു രൂപപോലും തിരിച്ചുകൊടുക്കാൻ സാധ്യമല്ലാത്ത രീതിയിൽ, നാഷണലൈസ്ഡ് ആൻഡ് ഷെഡ്യൂൾഡ് ബാങ്ക് പോലെ കേരള ബാങ്ക് മാറിയപ്പോൾ, കരുവന്നൂർ ഉൾപ്പെടെയുള്ള നിരവധി ബാങ്കുകൾക്ക് പണം ആവശ്യമായി വരികയും നേരത്തെയുള്ള ജില്ലാ ബാങ്കുകളിൽ നിന്ന് പത്തോഅമ്പതോ കോടി രൂപ കൊടുക്കുന്ന മാതൃകയിൽ കൊടുക്കാൻ സാധിക്കാതെ വരികയും ചെയ്തതുകൊണ്ട് നിരവധി ബാങ്കുകൾ തകർന്നടിയുകയും കേരളത്തിന്റെ സഹകരണ മേഖല പൂർണ്ണമായും നിന്നുപോകുന്ന നിലയിലേക്ക് കാര്യങ്ങളെത്തുകയും ചെയ്തു. അതിന് തിരിച്ചൊരു മാറ്റം വരുത്താനുള്ള സാഹചര്യം യു.ഡി.എഫ്. ഗവൺമെന്റ് കൊണ്ടുവരുമെന്നത് നല്ലൊരു നയരേഖയായി ഞാൻ കാണുകയാണ്. അതോടൊപ്പം വന്യജീവികളുടെ ആക്രമണം ഉൾപ്പെടെയുള്ള പ്രശ്നങ്ങൾക്ക് തികച്ചും നൂതനമായ ഒരു സംവിധാനം അനിവാര്യമാണ്. വനം വകുപ്പുമന്ത്രി ഇന്നലെ വനമേഖലയുമായി ബന്ധപ്പെട്ട മുപ്പതോളം എം.എൽ.എ.-മാരെയും ഉദ്യോഗസ്ഥരെയും വിളിച്ച് ചർച്ച നടത്തി അടിയന്തര പ്രാധാന്യത്തോടുകൂടി മൂന്ന് മാസത്തിനകം കർമ്മരേഖയുണ്ടാക്കുമെന്ന് പറഞ്ഞത് ഈ ഗവൺമെന്റിന്റെ നല്ലൊരു രീതിയായി ഞാൻ കാണുകയാണ്. ഇടുക്കി, കോട്ടയം, വയനാട് ഉൾപ്പെടെയുള്ള മേഖലകളിൽ ആയിരക്കണക്കിന് ഏക്കർ തോട്ടങ്ങൾ ഉപയോഗശൂന്യമായി കിടക്കുകയാണ്. അവിടെ ഭൂപരിഷ്കരണ നിയമങ്ങളിൽ മാറ്റം വരുത്തി പഴവർഗകൃഷിയുൾപ്പെടെയുള്ള ആധുനിക കൃഷിരീതികൾ അടിയന്തരമായി ചെയ്യുന്നത് കേരളത്തിന്റെ കാർഷിക സാമ്പത്തിക മേഖലയിൽ മികച്ച ഉന്നതിയുണ്ടാക്കുമെന്ന് പറഞ്ഞുകൊണ്ട് ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തിയ ഉപക്ഷേപത്തെ പൂർണ്ണമായും പിന്താങ്ങിക്കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു. നന്ദി നമസ്കാരം.

*04-06-2026*
*Discussion on the motion of thanks to the Governor's address – discussion to be concluded*

ശ്രീ. എം. വിജിൻ: സർ, നന്ദി രേഖപ്പെടുത്തിയ ഉപക്ഷേപത്തെ എതിർക്കുകയാണ്. യു.ഡി.എഫ്.-ന്റെ വിജയത്തെ അവർ അഭിനന്ദിക്കുകയാണ്. തിരഞ്ഞെടുപ്പിൽ ഞങ്ങൾക്കുണ്ടായ പരാജയം പരിശോധിച്ച് തിരുത്തി കരുത്തോടെ മുന്നോട്ടുവരിക തന്നെ ചെയ്യും. ഈ ഗവൺമെന്റിന്റെ നയം കാണുമ്പോൾ പൗലോ കൊയ്‌ലോയുടെ ആൽക്കെമിസ്റ്റാണ് എനിക്ക് ഓർമ്മ വരുന്നത്. സെക്കമോർ (Sycamore) മരത്തിനടിയിൽ സ്വപ്നത്തിലെ നിധി തേടിയുള്ള ആട്ടിടയനായ സാന്റിയാഗോയുടെ യാത്ര. ആ യാത്ര എത്ര കഠിനമായിരുന്നെന്ന് ആൽക്കെമിസ്റ്റ് പറയുന്നുണ്ട്. ആ കഠിനമായ യാത്രയ്ക്കിടയിൽ സാന്റിയാഗോ അനുഭവിക്കേണ്ടിവന്ന ദുരിതങ്ങളെക്കുറിച്ച് ആൽക്കെമിസ്റ്റ് നമ്മളോട് പങ്കുവയ്ക്കുന്നു. കഠിനമായ യാത്രയ്ക്കൊടുവിലാണ് സാന്റിയാഗോ തിരിച്ചറിയുന്നത്, താൻ സ്വപ്നം കണ്ട ആ നിധി തകർന്നുവീണ പള്ളിക്കകത്തെ സെക്കമോർ (Sycamore) മരത്തിനടിയിലായിരുന്നു എന്നത്. വിദൂരമല്ലാത്ത ഭാവിയിൽ കേരള ജനത ഇടതുപക്ഷമെന്ന ആ നിധി തിരിച്ചറിയുകതന്നെ ചെയ്യും. ഞങ്ങൾ കൂടുതൽ കരുത്തോടെ തിരിച്ചുവരികതന്നെ ചെയ്യും. ഈ സർക്കാർ അധികാരത്തിലെത്തി ദിവസങ്ങൾക്കുള്ളിൽ സർക്കാരിന്റെ നയം വ്യക്തമാകുകയാണ്. ജനക്ഷേമമല്ല ഈ സർക്കാരിന്റെ നയം, മറിച്ച് പ്രതികാര രാഷ്ട്രീയമാണ്, സ്വജനപക്ഷപാതമാണ്, അഴിമതിയാണ്. ഇതിലേക്കുള്ള തുടക്കമാണ് ആദ്യമാസങ്ങളിൽത്തന്നെ ഈ ഗവൺമെന്റ് നയമായി മുന്നോട്ടുവച്ചിരിക്കുന്നത്. ഇവിടെ സഭയിൽത്തന്നെ സൂചിപ്പിച്ചു, കേരള ജനതയുടെ സ്വപ്നമായിരുന്നു ലൈഫ് പദ്ധതി. കേരളത്തിൽ കഴിഞ്ഞ പത്തുവർഷക്കാലം പിണറായി വിജയൻ ഗവൺമെന്റ് അഞ്ച് ലക്ഷത്തിലധികം കുടുംബങ്ങളുടെ സ്വപ്നങ്ങൾ സാക്ഷാത്കരിച്ച പദ്ധതിയാണിത്. ആ പദ്ധതിയിൽ ഇപ്പോഴും 107513 വീടുകൾ പ്രവൃത്തിയുടെ വിവിധ ഘട്ടത്തിലാണ്. ഈ സർക്കാർ നയമെന്താണ്? പാവങ്ങളുടെ സ്വപ്ന പദ്ധതിയായ അടച്ചുറപ്പുള്ള വീട് എന്ന സ്വപ്നത്തെ തകർക്കുന്ന നയമാണ് ഈ സർക്കാർ മുന്നോട്ടുവയ്ക്കുന്നത്. ആയിരക്കണക്കിന്, ലക്ഷക്കണക്കിന് പാവങ്ങളുടെ സ്വപ്നത്തെ തകർക്കുന്ന ഘട്ടത്തിലേക്കാണ് ലൈഫ് പദ്ധതിയുമായി ഈ സർക്കാരിന്റെ നയം മുന്നോട്ടുപോകുന്നത്. കേരളത്തിന്റെ ആരോഗ്യരംഗം

ലോകോത്തര നിലവാരത്തിലേക്ക് ഉയർത്തിയ പത്ത് വർഷക്കാലം, എഫ്.എച്ച്.സി. മുതൽ മെഡിക്കൽ കോളേജ് വരെ നമ്പർ വൺ ആയി കേരളത്തിന്റെ ആരോഗ്യരംഗത്തെ മാറ്റിയ ഒരു ഗവൺമെന്റാണ് കഴിഞ്ഞ പത്ത് വർഷക്കാലം ഉണ്ടായിരുന്നത്. എന്നാൽ ആ ഗവൺമെന്റിനെ, അന്നത്തെ ആരോഗ്യ വകുപ്പുമന്ത്രിയെ വ്യക്തിപരമായി വേട്ടയാടാൻ, വിചാരണ ചെയ്യാൻ മത്സരിച്ച ആളുകളാണ് ഇന്ന് ഭരണപക്ഷത്തിരിക്കുന്നത്. അധികാരത്തിൽ വന്ന് ഒരു മാസം തികയുന്നതിനുമുമ്പേ കേരളത്തിന്റെ ആരോഗ്യരംഗത്തുനിന്ന് വരുന്ന വാർത്തകൾ എന്തൊക്കെയാണ്; ഇന്നും മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തില്ലേ; മെഡിക്കൽ കോളേജിൽ ചികിത്സയിലിരിക്കെ മുറിവിൽ പുഴുവരിക്കുകയാണ്, എന്തേ വിചാരണ ഇല്ലാത്തത്; എന്തേ തെരുവിൽ മത്സരം നടത്താൻ ഭരണപക്ഷത്തുള്ള അംഗങ്ങളാരും തയ്യാറാകാത്തത്; ആശുപത്രിക്കിടക്കയിൽനിന്ന് രോഗി വീണ് മരിക്കുന്ന വാർത്തയാണ് പുറത്തുവരുന്നത്. സ്വന്തം കാലിൽ നടന്ന് ആശുപത്രിയിലേക്ക് വന്നവർ കിടപ്പിലായി മടങ്ങിപ്പോകുന്ന നിലയിലേക്ക് കേരളത്തിന്റെ ആരോഗ്യരംഗം മാറുകയാണ്. എന്തേ വിചാരണ ഇല്ലാത്തത്; എന്തേ ഒരക്ഷരം മിണ്ടാത്തത്? കേരളത്തിന്റെ ആരോഗ്യ രംഗത്തെ നമ്പർ വൺ ആക്കിയ അന്നത്തെ ആരോഗ്യ വകുപ്പുമന്ത്രിയെ തെരുവിൽ വിചാരണ ചെയ്തവർ, ഇപ്പോൾ ഭരണപക്ഷത്തുള്ള അംഗങ്ങൾ ഇവിടെ പരിഹസിക്കുന്നുണ്ടല്ലോ; എന്തേ പുഴുവരിക്കുന്നത് നിങ്ങൾ കാണാതെ പോകുന്നത്; ഈ നയപ്രഖ്യാപനത്തിൽ കേന്ദ്ര വിമർശനം പേരിന് പോലുമുണ്ടോ? നിങ്ങൾ ഡീലിനെക്കുറിച്ച് പറയുന്നു. ഈ സർക്കാരിന്റെ നയം കേരളത്തിലെ ജനങ്ങൾ തിരിച്ചറിഞ്ഞുകൊണ്ടിരിക്കുകയാണ്. ബി.ജെ.പി.-യുമായിട്ടുള്ള ഡീലിലേക്കുള്ള യാത്രയാണ്. അത് സത്യപ്രതിജ്ഞ മുതൽ കാണുകയാണ്.

കേരളത്തിന്റെ വിദ്യാഭ്യാസരംഗം, നേരത്തെ ആരോഗ്യരംഗത്തെക്കുറിച്ച് സൂചിപ്പിച്ചതുപോലെ പാഠപുസ്തകം കൊടുക്കാതെ, പൊതുവിദ്യാലയങ്ങൾ അടച്ചുപൂട്ടാൻ തീരുമാനിച്ച, 2011 മുതൽ 2016 വരെ കേരളം ഭരിച്ച യു.ഡി.എഫ്. ഗവൺമെന്റിൽനിന്ന് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിലൂടെ കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയെ

ഹൈടെക്കാക്കി ഉന്നത തലത്തിലേക്ക് നയിച്ച ഒരു ഗവൺമെന്റായിരുന്നു കഴിഞ്ഞ പത്തുവർഷം ഈ കേരളം ഭരിച്ചത്. എന്നാൽ കോൺഗ്രസ്സ് ഭരിക്കുന്ന സംസ്ഥാനങ്ങളെപ്പോലെ, പി.എം.ശ്രീ. പദ്ധതിയിൽ നിങ്ങൾ ഒപ്പ് വയ്ക്കുമോ ഇല്ലയോ എന്നാണ് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയോട് നേരിട്ട് ചോദിക്കാനുള്ളത്. ഇക്കാര്യത്തിൽ നിങ്ങളുടെ നയം എന്താണ്? ആ നയം ചോദിച്ചാൽ ഈ ഗവൺമെന്റ് ഉരുണ്ടുകളിക്കുന്ന നയമാണ് മുന്നോട്ടുവയ്ക്കുന്നത്. (...ബഹളം...) പി.എം.ശ്രീ.-യിൽ നിങ്ങൾ ഒപ്പ് വയ്ക്കുമോ? മതനിരപേക്ഷ വിദ്യാഭ്യാസം മുന്നോട്ടുവച്ച ഒരു ഗവൺമെന്റാണ് കഴിഞ്ഞ പത്ത് വർഷക്കാലം കേരളത്തിലുണ്ടായിരുന്നത്. നിങ്ങളിപ്പോൾ ആ നയം മുന്നോട്ടുവയ്ക്കുന്നുണ്ടോ എന്ന നേരിട്ടുള്ള ചോദ്യമാണ് ഞാൻ ചോദിക്കുന്നത്. ഇന്നലെ കർണ്ണാടകത്തിൽ നിങ്ങളുടെ ഗവൺമെന്റ് സത്യപ്രതിജ്ഞ ചെയ്യുമ്പോഴും ആ വന്ദേമാതര ഗാനം മുഴുവൻ ആലപിക്കുകയാണ്. കേരളത്തിൽ നിങ്ങൾ തുടർന്ന അതേ നയം. ശ്രീ. രാഹുൽ ഗാന്ധിയും മല്ലികാർജ്ജുൻ ഖാർഗെയും ഉൾപ്പെടെയുള്ള നേതാക്കന്മാർ കർണ്ണാടകയിൽ ഇന്നലെയും വന്ദേമാതരം ഗാനം മുഴുവനായും എഴുന്നേറ്റുനിന്ന് കേൾക്കുന്ന സംഭവമുണ്ടായി. എവിടേക്കാണ് കോൺഗ്രസ്സ് ഈ നാടിനെ കൊണ്ടുപോകുന്നത്? ബി.ജെ.പി.-യുടെ ആലയിലേക്ക് നിങ്ങൾ പതിയെപ്പതിയെ എത്തിക്കൊണ്ടിരിക്കുന്നു. ഈ ഗവൺമെന്റിന്റെ നയവും അവരുമായുള്ള തുറന്ന ഡീലാണെന്നാണ് കാണുന്നത്. പിന്നെ നിങ്ങളുടെ മറ്റൊരു നയം എന്താണ്? കേരള സർവകലാശാലയിൽ എസ്.എഫ്.ഐ. വിജയിച്ചു. സ്വാഭാവികമായും ആഹ്ലാദപ്രകടനമുണ്ടാകും. ആ ആഹ്ലാദ പ്രകടനത്തിനുനേരെ കെ.എസ്.യു. ആക്രമിക്കുകയാണ്. അങ്ങനെയുള്ള കെ.എസ്.യു.-ക്കാരെ സംരക്ഷിക്കുന്ന പൊലീസ്, എസ്.എഫ്.ഐ. പ്രവർത്തകർക്കുനേരെ ജലപീരങ്കി, ഗ്രനേഡ് എന്നിവ പ്രയോഗിച്ച് അവരെ വേട്ടയാടുകയാണ്. ഇതാണോ നിങ്ങളുടെ നയം? ആ നയമാണ് നിങ്ങൾ തുടരുന്നത്. എറണാകുളത്ത് ദളിത് കുടുംബങ്ങളെ കുടിയൊഴിപ്പിക്കാൻ നിങ്ങളുടെ പൊലീസ് നടത്തിയ നയം നാം കാണുകയാണ്. അധികാരത്തിൽവന്ന് മാസങ്ങൾക്കുള്ളിൽതന്നെ ഓരോ മേഖലയിലുമുള്ള കേരളജനതയുടെ സ്വപ്നങ്ങളെ തകർക്കുന്ന നിലപാടിലേക്ക് നിങ്ങൾ

പോകുകയാണ്. നേരത്തെ ഒരംഗം ഇ.ഡി.-യെക്കുറിച്ച് പ്രസംഗിക്കുന്നത് കേട്ടു. ഇ.ഡി.-യെക്കുറിച്ച് കോൺഗ്രസ്സിന്റെ നിലപാടെന്താണ്? ഇതുസംബന്ധിച്ച് നേരത്തെതന്നെ കേരളത്തിലെ ജനത വ്യക്തമായി മനസ്സിലാക്കിയ ഒരു ഭാഗമുണ്ട്. കോൺഗ്രസ്സിന് ഇ.ഡി.-യെക്കുറിച്ച് വാളയാർ ചുരത്തിനപ്പുറം ഒരു നയം, കേരളത്തിൽ മറ്റൊരു നയം. കേരളത്തിന്റെ മുൻമുഖ്യമന്ത്രി, ഇപ്പോഴത്തെ പ്രതിപക്ഷനേതാവിനെ നിങ്ങൾ പരിഹസിച്ചില്ലേ; രാജ്യത്തെ പ്രതിപക്ഷ പാർട്ടി നേതാക്കന്മാരെ വേട്ടയാടാൻ ബി.ജെ.പി. ഉപയോഗിക്കുന്ന ഇ.ഡി.-യെ ഉപയോഗിച്ച് എത്രകാലമായി പ്രതിപക്ഷ നേതാവിനെയും കുടുംബത്തെയും വേട്ടയാടാൻ ശ്രമിക്കുന്നു.

<u>മാഡം ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. എം. വിജിൻ.... അങ്ങയുടെ സമയം കഴിഞ്ഞു... പ്ലീസ് ...

<u>ശ്രീ. എം. വിജിൻ</u>: നിങ്ങൾ അത് ആഘോഷിക്കുകയാണോ? ഇ.ഡി.-യെക്കുറിച്ചുള്ള നിങ്ങളുടെ നിലപാട് എന്താണ്? ഞങ്ങൾ ഒരു കാര്യം വ്യക്തമാക്കാം, ഞങ്ങളുടെ പ്രിയപ്പെട്ട നേതാവ് സഖാവ് പിണറായി വിജയൻ പങ്കുവച്ചതുപോലെ 'മടിയിൽ കനമുള്ളവനേ വഴിയിൽ പേടിക്കേണ്ടതുള്ളൂ.' ഒരു ഇ.ഡി. വന്നാലും വേട്ടയാടൽ നടത്തിയാലും ഞങ്ങൾക്ക് ഭയമില്ല. പക്ഷേ നിങ്ങളുടെ നിലപാട് വ്യക്തമാക്കണം. നിങ്ങൾക്ക് അവിടെ ഒരു നയം, ഇവിടെ ഒരു നയം. ഇത് കേരളത്തിലെ ജനങ്ങൾ തിരിച്ചറിയും. നിങ്ങൾ മുന്നോട്ടുവച്ചിട്ടുള്ള ഒരോ നയങ്ങളും കേരളത്തിലെ ജനങ്ങൾ തിരിച്ചറിയും. നിങ്ങൾ അധികാരത്തിൽവന്ന് ഏതാനും മാസങ്ങൾക്കുള്ളിൽത്തന്നെ കേരളത്തിലെ ജനങ്ങൾക്ക് അവർക്ക് സംഭവിച്ച തെറ്റ് മനസ്സിലായിക്കഴിഞ്ഞു. അധികാരത്തിന്റെ മത്ത് മൂത്ത് നിങ്ങൾ ഞങ്ങളെ പരിഹസിക്കുകയാണ്. നിങ്ങൾ 'പൂക്കി' ഗവൺമെന്റാണെന്ന് ഇന്നലെ ഈ സഭയിൽ ഭരണപക്ഷത്തുനിന്നുള്ള ഒരു അംഗം പ്രസംഗിച്ചപ്പോൾ പറഞ്ഞിരുന്നു. ഈ നയവുമായാണ് നിങ്ങൾ മുന്നോട്ടു പോകുന്നതെങ്കിൽ 'പൂക്കി' ഗവൺമെന്റ് 'കുക്കി' ഗവൺമെന്റായി മാറാൻ മാസങ്ങൾപോലും വേണ്ടിവരില്ല എന്ന് ബഹുമാനപ്പെട്ട അംഗങ്ങളെ ഞാൻ ഓർമ്മിപ്പിക്കുകയാണ്. ഏതൊരു പിന്നോട്ടുപോക്കിലും ഏതൊരു തകർച്ചയിലും ജനങ്ങളെ

കരുത്തരാക്കിക്കൊണ്ട് ഞങ്ങൾ തിരിച്ചുവന്നിട്ടുണ്ട് എന്നാണ് പരിഹസിക്കുന്നവരോട് എനിക്ക് പറയാനുള്ളത്. യാതൊരു മരുഭൂമിയിൽനിന്നും മുളപൊട്ടി പ്രതീക്ഷയുടെ പച്ചപ്പായി ഞങ്ങൾ വളർന്നുവരികതന്നെ ചെയ്യും. ജനങ്ങളുടെ അവകാശങ്ങൾക്കുവേണ്ടി വളരെ കരുത്തോടെ ഈ കേരള മണ്ണിൽ ഇടതുപക്ഷമുണ്ടാകും എന്ന് ഒരിക്കൽക്കൂടി ഓർമ്മിപ്പിച്ചുകൊണ്ട് ഈ നയപ്രഖ്യാപനത്തെ എതിർത്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. കെ. പി. നൗഷാദ് അലി</u>: സർ, ബഹുമാനപ്പെട്ട ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന് പിന്തുണ അറിയിക്കുകയാണ്. ഞാൻ പൊന്നാനിയിൽനിന്നാണ് വരുന്നത്. പൊന്നാനിക്ക് മറ്റ് വിശേഷണങ്ങൾ ആവശ്യമില്ലാത്തതിനാൽ ഞാൻ വാചാലനാകുന്നില്ല. കഴിഞ്ഞ നിയമസഭാ തിരഞ്ഞെടുപ്പ് ഫലം ഒരു അക്കാദമിക് സ്വഭാവമുള്ളതാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. കാരണം, 2001-നുശേഷം കോൺഗ്രസ്സ് ഒരു ആധികാരിക വിജയം നേടിയിട്ടില്ലെന്നുള്ള ആക്ഷേപമുണ്ടായിരുന്നു. കേരള സംസ്ഥാന ചരിത്രത്തിൽ ഏറ്റവും ഉയർന്ന സീറ്റുകൾ നേടിയാണ് ഇപ്പോൾ കോൺഗ്രസ് വിജയിച്ചിരിക്കുന്നത്. അതുപോലെ മുസ്ലീം ലീഗും അവരുടെ ചരിത്രത്തിലെ ഏറ്റവും മികച്ച നമ്പറിലാണ് ഈ തിരഞ്ഞെടുപ്പിന്റെ ഫിനിഷിങ് ടേപ് തൊട്ടിട്ടുള്ളത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവായിരുന്ന ശ്രീ. വി.ഡി. സതീശൻ കൃത്യമായി ആദ്യമേ സാഹചര്യങ്ങളെ മുൻനിർത്തി, തങ്ങൾ നൂറിലധികം സീറ്റുകൾ നേടുമെന്ന് പരസ്യമായി പ്രഖ്യാപിച്ചിരുന്നു. അതിന് ആനുപാതികമായൊരു തിരഞ്ഞെടുപ്പ് ഫലം കേരളത്തിലുണ്ടായത് ഒരു അക്കാദമിക വിഷയമാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇടതു പൊതുബോധമാണ് യു.ഡി.എഫ്.-നെ രക്ഷിച്ചതെന്നാണ് ആദ്യമായി എനിക്ക് പറയാനുള്ളത്. കാരണം, അടിസ്ഥാനപരമായി ഒരു ഇടതുപക്ഷ സ്വഭാവമെന്നതിൽനിന്നും വ്യതിചലിച്ച ഒരു ഭരണമായിരുന്നു കേരളത്തിൽ നടന്നത്. അതുസംബന്ധിച്ച് ധാരാളം കാര്യങ്ങളുണ്ടെങ്കിലും വിസ്താരഭയം കാരണം ഒരുകാര്യം മാത്രം പറയാൻ ഞാനാഗ്രഹിക്കുകയാണ്. എൽ.ഡി.എഫ്./സി.പി.ഐ.(എം.) ഭരണകാലത്ത്

എട്ടോളം മാവോയിസ്റ്റ് പ്രവർത്തകരാണ് കേരളത്തിൽ പോയിന്റ് ബ്ലാങ്കിൽ വെടിവച്ച് കൊല്ലപ്പെട്ടത് എന്നത് ഞെട്ടിപ്പിക്കുന്ന ഒരു കണക്കാണ്. നിർഭാഗ്യവശാൽ, 1975-77 കാലഘട്ടത്തിൽ രാജൻ എന്ന ഒരാൾ ദുരൂഹസാഹചര്യത്തിൽ നമ്മിൽനിന്നും മാഞ്ഞുപോയി. അതേത്തുടർന്ന് എല്ലായിടത്തും പ്രതിഷേധമുണ്ടായെങ്കിലും ആ സമരത്തെയൊക്കെ റൊമാന്റിസൈസ് ചെയ്ത് വിലാപഗീതികൾ ചമച്ച് വർഷങ്ങളോളം രാഷ്ട്രീയ മൂലധനമാക്കി രാഷ്ട്രീയത്തിന്റെ ഉയർന്ന പടവുകളിലേക്ക് കടന്നുവന്നവർ മുഖ്യ പദവികളിലിരിക്കുന്ന ഒരു കാലത്താണ് ഇതൊക്കെ സംഭവിക്കുന്നത്. എട്ടുപേർ പോയിന്റ് ബ്ലാങ്കിൽ വെടിവെച്ച് കൊല്ലപ്പെട്ടതിനെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം വേണമെന്ന ആവശ്യം ഉന്നയിച്ചതിനെത്തുടർന്ന് 90 വയസ്സ് കഴിഞ്ഞ ഗ്രോ വാസുവിനെവരെ പോലീസുകാർ ഒന്നടങ്കം സാക്ഷിപറഞ്ഞ് ജയിലിൽ കയറ്റിയ സ്ഥിതിവിശേഷമൊക്കെ നാം കണ്ടതാണ്. അങ്ങനെയൊരു ഇടതുപൊതുബോധം സമ്പൂർണ്ണമായും സി.പി.ഐ.(എം.)-നെയും കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിനെയും കൈയൊഴിഞ്ഞിരുന്നു. അതുതന്നെയാണ് യു.ഡി.എഫ്.-ന്റെ രക്ഷയ്ക്കെത്തിയതും ഇത്തരത്തിൽ വലിയ വിജയമുണ്ടാക്കിയതും. അതുപോലെ മലബാറിനെ സംബന്ധിച്ചിടത്തോളം അവിടെയുള്ള ന്യൂനപക്ഷ വിഭാഗങ്ങൾക്കിടയിൽ എല്ലാക്കാലത്തും സി.പി.ഐ.(എം.)-നെ പിന്തുണയ്ക്കുന്ന ഒരു വിഭാഗമുണ്ട്. അതൊരു ചെറുവിഭാഗമാണെങ്കിലും എല്ലാക്കാലത്തുമുണ്ട്. ന്യൂനപക്ഷ വിഭാഗം എന്നുപറയുമ്പോൾ അതിൽ മുസ്ലീങ്ങളും ക്രിസ്ത്യാനികളുമുൾപ്പെടും. അവിടെ മുസ്ലീം ലീഗും കോൺഗ്രസ്സും യു.ഡി.എഫ്.-ഉം എല്ലാം ശക്തമാണെങ്കിലും സി.പി.ഐ.(എം.)-നെ പിന്തുണയ്ക്കുന്ന ആ വിഭാഗവും കൈയൊഴിഞ്ഞ ഒരു തിരഞ്ഞെടുപ്പായിരുന്നു കഴിഞ്ഞ തവണ കണ്ടത്. അതിന് ധാരാളം കാരണങ്ങളുമുണ്ട്. ഫാസിസ്റ്റ് വിരുദ്ധ വിഷയങ്ങളിൽ സി.പി.ഐ.(എം.) ആകും മുന്നിലുണ്ടാകുകയെന്നൊരു തെറ്റിദ്ധാരണ ഒരു വിഭാഗം ന്യൂനപക്ഷങ്ങൾക്കുണ്ടായിരുന്നു. പലപ്പോഴും തെരുവ് സംഘട്ടനങ്ങളിൽ സി.പി.ഐ.(എം.)-ന് ഒരു മേൽക്കൈയുണ്ട്, അതൊരു മോശമായ പ്രവണതയാണെങ്കിൽക്കൂടി ജനങ്ങൾ അങ്ങനെയൊക്കെ ചിന്തിച്ചതിന്റെ ഭാഗമായി സി.പി.ഐ.(എം.) മികച്ചതാണെന്ന് കരുതിയ വലിയൊരു വിഭാഗമുണ്ടായിരുന്നു.

എന്നാൽ അവരെല്ലാം സമ്പൂർണ്ണമായി സി.പി.ഐ.(എം.)-നെ കൈയൊഴിഞ്ഞു. നമുക്ക് മനസ്സിലാകാത്ത കുറെ കാര്യങ്ങളായിരുന്നു കഴിഞ്ഞ ഭരണത്തിൽ നടന്നത്. പതിനയ്യായിരത്തിനടുത്ത് കേസ് മാത്രമുണ്ടായിരുന്ന മലപ്പുറം ജില്ലയിൽ, ഹോം മിനിസ്റ്ററെ അങ്കിൾ എന്നു വിളിക്കാൻ സ്വാതന്ത്ര്യമുള്ള ഒരാൾ വന്ന് അത് മൂന്നിരട്ടി വർധിപ്പിച്ച് അരലക്ഷത്തിലധികമാക്കിയ കാഴ്ച, റോഡരികിൽനിന്ന താമിർ ജിഫ്രി എന്ന ചെറുപ്പക്കാരനെ തല്ലിക്കൊന്ന് വലിച്ചെറിഞ്ഞിട്ട് ഒരു പ്രതികരണവുമില്ലാത്ത അവസ്ഥ, ഇത്തരത്തിൽ പോലീസിനെക്കുറിച്ച് വ്യാപകമായ സംശയങ്ങൾ അക്കാലത്ത് നിലനിന്നിരുന്നു. അതുപോലെ സാമൂഹ്യ മാധ്യമങ്ങളിൽ പരസ്യമായി വിഷം ചീറ്റുന്ന ആളുകൾക്കെതിരെ മൃദുസമീപനം പുലർത്തിക്കൊണ്ട് മുന്നോട്ടുപോകുന്ന ഒരു രാഷ്ട്രീയ സാഹചര്യം, അതിന് സി.പി.ഐ.(എം.)-കാർക്കുപോലും ഉത്തരമില്ല. അത്തരം പ്രതികരണമാണ് ഈ തിരഞ്ഞെടുപ്പിൽ നിഴലിച്ചത്. അതുപോലെ കേരളത്തിലെ രണ്ട് പ്രബല ന്യൂനപക്ഷ സമുദായങ്ങളെ പരസ്പരം തമ്മിലടിപ്പിക്കാൻവേണ്ടി ചില കുൽസിത ശക്തികൾ ബോധപൂർവമായ ശ്രമങ്ങൾ നടത്തി രാഷ്ട്രീയ മുതലെടുപ്പിന് ശ്രമിക്കുമ്പോൾ, അതൊക്കെ നടക്കുന്നെങ്കിൽ നടക്കട്ടെ, അതിന്റെ ആദ്യ ഗുണഭോക്താവ് തങ്ങളാണല്ലോ എന്ന ലാഭേച്ഛയിൽ ചിന്തിച്ച് ആശയം മറന്ന സി.പി.ഐ.(എം.)-നെയൊക്കെ വളരെ കൃത്യമായി ആളുകൾ കൈയൊഴിഞ്ഞതിന്റെ ഫലമായാണ് സി.പി.ഐ.(എം.) ഇത്തരത്തിൽ പരാജയപ്പെട്ടത്. ഇരുപത് കൊല്ലംമുമ്പുള്ള രാഷ്ട്രീയത്തിലൊന്നും തൃക്കരിപ്പൂരിലും പയ്യന്നൂരിലും തളിപ്പറമ്പിലുമൊക്കെ സി.പി.ഐ.(എം.) തോൽക്കുമെന്ന് നമുക്ക് സ്വപ്നം കാണാൻപോലും കഴിയില്ലായിരുന്നു. ഇപ്പോൾ അതൊക്കെ സംഭവിച്ചിരിക്കുകയാണ്. സി.പി.ഐ.(എം.)-ന് അങ്ങനെയൊരു കുത്തക സീറ്റൊന്നും കേരളത്തിലില്ലെന്ന് ബോധ്യംവന്ന തിരഞ്ഞെടുപ്പ് ഫലമായിരുന്നു ഇത്. തീർച്ചയായും സി.പി.ഐ.(എം.)-നുള്ള കമ്മ്യൂണിസം ചോർന്നുപോയതാണ് കാരണം. ഇടതുപൊതുബോധവും ഇത്തരത്തിൽ വലിയ രീതിയിൽ പിന്തുണയ്ക്കുന്ന വിഭാഗങ്ങളുമൊക്കെയാണ് യു.ഡി.എഫ്.-നെ ഇത്തരത്തിലുള്ള വലിയ വിജയത്തിലേക്ക് നയിച്ചത്. സ്വാഭാവികമായും ഭരണം സമ്പൂർണ്ണ പരാജയമായിരുന്നു.

ആരോഗ്യ രംഗത്താണെങ്കിൽ ചികിത്സാ പിഴവുകളുടെ ഘോഷയാത്രയും തകർന്ന വീഴുന്ന കെട്ടിടങ്ങളും. വിദ്യാഭ്യാസ രംഗം എടുത്താൽ, യൂണിവേഴ്സിറ്റികളിൽ വൈസ് ചാൻസലർമാരില്ല, കോളേജുകളിൽ പ്രിൻസിപ്പാൾമാരില്ല. അതുപോലെ വിലക്കയറ്റ സൂചികയിൽ കഴിഞ്ഞ ഒരു വർഷമായി കേരളമാണ് ഒന്നാമത്. അഴിമതി കഥകൾ പലതും നമ്മൾ കേട്ടിട്ടുണ്ടെങ്കിലും ശബരിമല ക്ഷേത്രവുമായി ബന്ധപ്പെട്ട് അഴിമതിയുണ്ടാകുകയെന്നുപറഞ്ഞാൽ കേരളത്തിന്റെ പൊതുബോധത്തിനും അന്തസ്സിനും ആഭിജാത്യത്തിനുമുള്ള വലിയൊരു പരിക്കായിരുന്നു അത്. അത്തരത്തിൽ ധാരാളം അക്ഷന്തവ്യമായ കാര്യങ്ങളുണ്ട്. നിങ്ങൾ മലയോര മേഖലയെ സമ്പൂർണ്ണമായും വിസ്മരിച്ചു. പത്ത് വർഷംകൊണ്ട് ആയിരത്തോളം കർഷകരാണ് അവിടെ വന്യജീവി ആക്രമണത്തിന് ഇരയായത്. കൂടാതെ മത്സ്യത്തൊഴിലാളി മേഖലയെ സമ്പൂർണ്ണമായി തമസ്കരിക്കുകയാണ് ചെയ്തത്. അവിടെയുള്ള മനുഷ്യരെയൊക്കെ രണ്ടാംകിട പൗരന്മാരായാണ് നിങ്ങൾ സമീപിച്ചത്. അപ്പോഴാണ് മത്സ്യത്തൊഴിലാളി മേഖലയിൽ എസ്.സി.എസ്.പി./ടി.എസ്.പി. മാതൃകയിൽ പ്രത്യേക ഫണ്ട് വകയിരുത്തുമെന്ന് പ്രഖ്യാപിച്ചുകൊണ്ട് യു.ഡി.എഫ്. രംഗത്തുവരുന്നത്. അവശക്രൈസ്തവർ, ദളിത് ആദിവാസികൾ, മൺപാത്ര നിർമ്മാണക്കാർ, വിശ്വകർമ്മജർ, മത്സ്യത്തൊഴിലാളികൾ അങ്ങനെ എല്ലാവരെയും ചേർത്തുപിടിക്കുന്ന, പിന്നാക്ക വിഭാഗങ്ങൾക്കിടയിൽ അവസര സമത്വത്തിനുവേണ്ടി കമ്മീഷൻ രൂപീകരിക്കുന്ന, ജവഹർലാൽ നെഹ്റുവിന്റെ പേരിൽ സയന്റിഫിക് ടെമ്പർ പ്രചരിപ്പിക്കുന്ന, ഗാന്ധിയൻ ഫിലോസഫി പഠിപ്പിക്കുന്ന, രോഹിത് വെമുലയ്ക്കുവേണ്ടി ജാതിവിവേചനത്തിനെതിരെ കലാലയങ്ങളിൽ നിയമമുണ്ടാക്കുന്ന, വിദ്യാർത്ഥികൾക്കുവേണ്ടി ഓംബുഡ്സ്മാനെ കൊണ്ടുവരുന്ന ഇത്തരത്തിലുള്ള നൂതമായ കുറെ കാര്യങ്ങൾ സാമൂഹിക മുന്നേറ്റത്തിന് ആനുപാതികമായി മുന്നോട്ട് വച്ചപ്പോഴാണ് കാലങ്ങളായി നിങ്ങളെ പിന്തുണച്ചിരുന്ന വിഭാഗങ്ങളൊക്കെ യു.ഡി.എഫ്.-നെ പിന്തുണയ്ക്കാൻ മുന്നോട്ടുവന്നത്. തീർച്ചയായും വളരെ ക്ലേശകരമായ കാലത്തിലൂടെയുള്ള പ്രതിപക്ഷ യാത്രയായിരുന്നു കഴിഞ്ഞ അഞ്ചുവർഷത്തെ യാത്ര എന്നുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ശ്രീ. വി. ഡി. സതീശൻ ഇനി മുഖ്യമന്ത്രി ഊഴമൊക്കെ കഴിഞ്ഞ്

അദ്ദേഹത്തിന്റെ രാഷ്ട്രീയത്തെ ആരെങ്കിലും വീക്ഷിക്കുകയാണെങ്കിൽ, ഏറ്റവും ശ്രദ്ധേയമായ സംഭാവന കേരള രാഷ്ട്രീയത്തിന് നൽകിയത് അദ്ദേഹം പ്രതിപക്ഷ നേതാവായിരുന്ന അഞ്ച് വർഷക്കാലമാണ് എന്ന് പറയേണ്ടിവരുമെന്നാണ് എന്റെ അഭിപ്രായം. കാരണം, വളരെ മോശമായ ഒരു കാലത്തായിരുന്നു ഇത്തരത്തിലുള്ള വർഗീയ വിഭജനത്തിന് ആനുപാതികമായി സി.പി.ഐ.(എം.)-ഉം, കേരള സർക്കാരുംവരെ ചിന്തിക്കുന്ന ഒരുകാലത്ത് അതിനെതിരെ ശക്തമായ നിലപാടെടുത്ത്, വിദ്വേഷ പ്രസംഗങ്ങൾക്കും വംശീയ വിരുദ്ധ പരാമർശങ്ങൾക്കുമെതിരെ നിലപാടെടുത്ത് വളരെ ക്ലേശകരമായി വർഗീയതയെ ചെറുക്കുന്ന ഒരു രാഷ്ട്രീയം/ഒരു മെറിറ്റോറിയസായ രാഷ്ട്രീയം ഇവിടെ നടപ്പാക്കിയ അഞ്ചുവർഷമാണ് കഴിഞ്ഞുപോയത്. അതിന്റെ ഗുണഫലമാണ് തീർച്ചയായും ഈ തിരഞ്ഞെടുപ്പ് ഫലം. ഇനിയും ഇത്തരത്തിലുള്ള ഗുണഫലങ്ങളെ ചേർത്തുപിടിച്ച് നന്മയിൽ ഭരണ- പ്രതിപക്ഷ ഭേദമില്ലാതെ സഹകരിച്ച് മുന്നോട്ടുപോകുന്ന ഒരു പുതുയുഗ കേരളം പിറവിയെടുക്കട്ടെയെന്ന് പ്രത്യാശിച്ചുകൊണ്ട് ഞാൻ ചുരുക്കുന്നു.

<u>ശ്രീ. സന്ദീപ് വാര്യർ</u>: സർ, ബഹുമാനപ്പെട്ട ഗവർണ്ണർ നടത്തിയ യു.ഡി.എഫ്. സർക്കാരിന്റെ നയപ്രഖ്യാപന പ്രസംഗത്തെയും അതിനെ പിന്തുണച്ച് ശ്രീ. എം. വിൻസെന്റ് എം.എൽ.എ. അവതരിപ്പിച്ച ഉപക്ഷേപത്തെയും അനുകൂലിച്ച് ഞാനിവിടെ സംസാരിക്കുകയാണ്. ആദ്യമായി, എന്നെ തിരഞ്ഞെടുത്ത് ഈ നിയമസഭയിലേയ്ക്കയച്ച തൃക്കരിപ്പൂരിലെ ജനങ്ങളോടുള്ള എന്റെ അകൈതവമായ നന്ദി രേഖപ്പെടുത്താൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. സഖാവ് ഇ.എം.എസ്. നമ്പൂതിരിപ്പാട് മുതൽ സഖാവ് ഇ. കെ. നായനാർ വരെയുള്ള ഒട്ടേറെ ശീർഷരായിട്ടുള്ള കമ്മ്യൂണിസ്റ്റ് നേതാക്കൾ വിജയിച്ചുപോന്നിട്ടുള്ള, ചരിത്രത്തിൽ ഇന്നേവരെ ഇടതുപക്ഷ ജനാധിപത്യമുന്നണി മാത്രം വിജയിച്ചുപോന്ന ഒരു നിയോജകമണ്ഡലത്തിൽനിന്ന് യു.ഡി.എഫ്.-ന്റെ ഒരു എം.എൽ.എ.-യായി നിയമസഭയ്ക്കകത്തേയ്ക്ക് പ്രവേശിക്കാൻ സാധിച്ചതിലുള്ള അതിയായ സന്തോഷം ഞാൻ രേഖപ്പെടുത്തുകയാണ്. അതോടൊപ്പം കഴിഞ്ഞ രണ്ടുവർഷക്കാലമായി ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ഭാഗമായി പ്രവർത്തിക്കുന്ന എന്നെ, ഞാനൊരു 'ക്രിസ്റ്റൽ ക്ലിയർ' ആണെന്ന

സർട്ടിഫിക്കറ്റ് നൽകി ഈ പാർട്ടിയിലേക്ക് പറഞ്ഞയച്ച സി.പി.ഐ.(എം.)-ന്റെ സമുന്നതരായ നേതാക്കൾക്കും നന്ദി രേഖപ്പെടുത്താൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. സി.പി.ഐ.(എം.)-ന്റെ 5500 ബ്രാഞ്ച് കമ്മിറ്റികളിൽ എന്തുകൊണ്ടാണ് തൃക്കരിപ്പൂർ പരാജയപ്പെട്ടത് എന്നത് സംബന്ധിച്ച് ചർച്ച നടക്കുന്നതായി അറിയാൻ സാധിച്ചു. വല്ലാതെ ചർച്ച നടത്തി വിഷമിക്കേണ്ട കാര്യമൊന്നുമില്ല; കഴിഞ്ഞ പത്ത് വർഷക്കാലത്തെ ഭരണമികവുതന്നെയാണ് തൃക്കരിപ്പൂർ നിയോജകമണ്ഡലംപോലും നിങ്ങൾക്ക് നഷ്ടപ്പെടാൻ ഇടയാക്കിയതെന്ന തിരിച്ചറിവാണ് നിങ്ങൾക്ക് വേണ്ടത്. എന്തുകൊണ്ട് പരാജയപ്പെട്ടുവെന്ന് ചോദിക്കുമ്പോൾ, കഴിഞ്ഞതവണ നൽകിയത് കൂടുതലും വാഗ്ദാനങ്ങളായിരുന്നുവെന്ന തിരിച്ചറിവ് ഉണ്ടായിരിക്കണം. എന്താണ് നയപ്രഖ്യാപനം? നയപ്രഖ്യാപനമെന്നത് ഒരു സർക്കാരിന്റെ മുന്നോട്ടുള്ളപോക്കിനെ സംബന്ധിച്ച ദിശാബോധം നൽകുന്ന ഒരു പ്രഖ്യാപനമാണ്. എന്നാൽ കഴിഞ്ഞ പത്തുവർഷക്കാലം പരിശോധിക്കുമ്പോൾ നയപ്രഖ്യാപനങ്ങൾക്കപ്പുറം ഒരു പോളിസി പരാലിസിസ് അതായത് ഒരു നയവൈകല്യമായിരുന്നു കേരളത്തിലുണ്ടായിരുന്നത് എന്നാണ് വ്യക്തമാകുന്നത്. പ്രഖ്യാപിക്കുന്നത് ഒന്നും നടപ്പാക്കുന്നത് മറ്റൊന്നുമായിരുന്നു. കഴിഞ്ഞ പത്തുവർഷക്കാലം ഇവരുടെ നയങ്ങളെന്തൊക്കെയായിരുന്നു; സിൽവർ ലൈനുമായി ബന്ധപ്പെട്ട് ഇവരുടെ നയമെന്തായിരുന്നു? അവർ ആ പദ്ധതി നടപ്പാക്കുമെന്ന് കൊട്ടിഘോഷിച്ചു. പക്ഷെ, ജനങ്ങളിൽനിന്ന് വലിയ തോതിൽ എതിർപ്പ് നേരിട്ടപ്പോൾ അതിൽനിന്ന് പിന്മാറേണ്ടിവന്നു. അതോടൊപ്പം, കഴിഞ്ഞ തവണത്തെ മദ്യനയം എന്തായിരുന്നു? കേരളത്തിലെ പ്രശസ്തയായ, ഞാൻ ഏറെ ബഹുമാനിക്കുന്ന ഒരു സിനിമാ നടി യു.ഡി.എഫ്. സർക്കാരിനെ വലിയ തോതിൽ വിമർശിച്ചിരുന്നു. അവർ ഇപ്പോൾ ജീവിച്ചിരിപ്പില്ല. കേരളത്തിൽ മദ്യം ഘട്ടംഘട്ടമായി കുറയ്ക്കുകയാണ് ഇടതുപക്ഷത്തിന്റെ നയമെന്ന് പറഞ്ഞിട്ട്, കഴിഞ്ഞ പത്തുവർഷക്കാലത്തിനുള്ളിൽ ആയിരത്തോളം ബാറുകളാണ് ഇവിടെ പ്രവർത്തനമാരംഭിച്ചത്. കേരളത്തെ ധാരാളം മദ്യം കിട്ടുന്ന അവസ്ഥയിലേക്ക് ഇവർ എത്തിച്ചു. അതുപോലെ, ബ്രൂവറീസുമായി ബന്ധപ്പെട്ട് സർക്കാർ നയത്തിന് വിരുദ്ധമായല്ലേ

മലമ്പുഴയിൽ പുതിയ മദ്യനിർമ്മാണ കമ്പനിക്ക് തുടക്കംകുറിക്കാൻ പരിശ്രമമുണ്ടായതും വലിയ എതിർപ്പുണ്ടായതും. ഇവിടെ വ്യവസായ നയത്തെക്കുറിച്ചും ഈസ് ഓഫ് ഡൂയിങ് ബിസിനസ്സിനെക്കുറിച്ചുമൊക്കെ ഇവർ വാചാലരായിരുന്നു. എന്നാൽ കഴിഞ്ഞ പത്തുവർഷക്കാലത്തിനിടയ്ക്കാണ് ഒരു സംരംഭകന് ആത്മഹത്യ ചെയ്യേണ്ട ഗതികേടുണ്ടായതും ഇവിടത്തെ പ്രധാനപ്പെട്ട വ്യവസായ സ്ഥാപനങ്ങൾ മറ്റ് സംസ്ഥാനങ്ങളിലേക്ക് പറിച്ച് നടപ്പെടുന്ന സാഹചര്യമുണ്ടായതും. നിങ്ങൾ പറയുന്ന നയം ഒന്നും നടപ്പാക്കുന്ന നയം മറ്റൊന്നുമായിപ്പോയതാണ് നിങ്ങളുടെ പരാജയത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട കാരണം. അതുപോലെയാണ് കടമെടുപ്പ്, ധനനയത്തിലെ പരാജയം. വലിയ തോതിലുള്ള കടമെടുപ്പും നിത്യനിദാന ചെലവുകൾക്കുപോലും കടമെടുക്കേണ്ട സാഹചര്യത്തിലേക്ക് ഈ കേരളം മാറിപ്പോയത് കഴിഞ്ഞ പത്തുവർഷക്കാലത്തായിരുന്നു. ആ നയവൈകല്യമാണ് നിങ്ങളെ പരാജയപ്പെടുത്തിയത്. അതുപോലെതന്നെയാണ് പോലീസുമായും ആഭ്യന്തര വകുപ്പുമായും ബന്ധപ്പെട്ട കാര്യങ്ങൾ. നിങ്ങളുടെ നയം എന്തായിരുന്നു? യു.എ.പി.എ. (Unlawful Activities (Prevention) Act) അമെന്റ്മെന്റ് ആക്റ്റ് കേരളത്തിൽ നടപ്പാക്കില്ലെന്ന് അന്നത്തെ മുഖ്യമന്ത്രിയും ഇന്നത്തെ പ്രതിപക്ഷ നേതാവുമായ ശ്രീ. പിണറായി വിജയൻ പ്രഖ്യാപിച്ചല്ലോ? ആ പ്രഖ്യാപനം നടത്തി നാക്ക് വായിലേക്ക് ഇടുന്നതിന് മുമ്പല്ലേ രണ്ട് സഖാക്കളെ അതേ നിയമത്തിന്റെ പേരിൽ പിടിച്ച് അകത്തിട്ടത്. അക്കാലത്ത് ഞാനും ശ്രീ. എം. വി. ഗോവിന്ദൻ മാഷും പങ്കെടുത്ത ഒരു ചാനൽ ചർച്ചയിൽ, ഞാൻ അദ്ദേഹത്തോട് "അല്ല മാഷേ, ബഹുമാനപ്പെട്ട പ്രധാനമന്ത്രി നരേന്ദ്ര മോദി സർക്കാരിന്റെ യു.എ.പി.എ. അമെന്റ്മെന്റ് ആക്റ്റ് ഇവിടെ നടപ്പാക്കില്ലെന്ന് പറഞ്ഞിട്ട് ഇപ്പോൾ എങ്ങനെ നടപ്പാക്കി" എന്ന് ചോദിച്ചപ്പോൾ, അദ്ദേഹമെന്നോട് പറഞ്ഞത് 'ഈ ഭരണവും ഭരണകൂടവും വ്യത്യസ്തമാണ്' എന്നാണ്. അതെന്താണെന്ന് എനിക്കിതുവരെ മനസ്സിലായിട്ടില്ല. അത് അവരുടെ പാർട്ടിക്കാർക്കും മനസ്സിലാകാത്തതിനാലാണ് ഇത്തവണ തളിപ്പറമ്പിലുൾപ്പെടെ അവർക്ക് പരാജയപ്പെടേണ്ടി വന്നത്. ഇവിടെ മതവർഗീയതക്കെതിരെയുള്ള വിധി കൂടിയാണ് വന്നിട്ടുള്ളത്. ന്യൂനപക്ഷ ഏകീകരണവും മുസ്ലീം ഏകീകരണവുമുണ്ടായെന്ന കടുത്ത വർഗീയ

പ്രചരണമാണ് ഞാൻ മത്സരിക്കുന്ന സ്ഥലത്തുൾപ്പെടെ ഇവർ നടത്തിയത്. എന്നോടൊപ്പം മത്സരിച്ച് പരാജയപ്പെട്ട സ്ഥാനാർഥിയുടെ പേര് ഡോ. വി. പി. പി. മുസ്തഫ എന്നാണ്. അവിടെയുള്ള മുസ്ലീം കമ്മ്യൂണിറ്റി സന്ദീപ് വാര്യർക്ക് വോട്ട് ചെയ്തിട്ടുണ്ടെങ്കിൽ അതെങ്ങനെയാണ് മതവർഗീയതയാകുന്നത്? എന്റെ പ്രിയ സുഹൃത്ത് ശ്രീ. വി. എസ്. ജോയി ഇവിടെ ഇരിക്കുന്നുണ്ട്. തവനൂർ നിയോജകമണ്ഡലത്തിൽ അദ്ദേഹത്തിന്റെ സമുദായത്തിൽപ്പെട്ടവർ എത്രയാണുള്ളത്; മലപ്പുറം ജില്ലയെ വർഗീയവാദികളുടെ ജില്ല എന്ന് വിളിച്ചതാരാണ്? നിങ്ങളല്ലേ മലപ്പുറം ജില്ലയെ ഇതുപോലെ ആക്ഷേപിച്ചത്. അവിടെ ശ്രീ. വി. എസ്. ജോയി എങ്ങനെ വിജയിച്ചു. അങ്ങനെ ഒട്ടേറെ ഉദാഹരണങ്ങൾ എനിക്ക് ചൂണ്ടിക്കാണിച്ചുതരാൻ സാധിക്കും. ഞാനതിലേക്ക് ദീർഘമായി കടക്കുന്നില്ല.

'സ്വർണ്ണം കട്ടവനാരപ്പ, സഖാക്കളാണേ അയ്യപ്പാ' എന്ന് ഞങ്ങൾ പാടിയെന്ന് ഇവിടെ ബി.ജെ.പി.-യുടെ ബഹുമാന്യനായ ഒരു നേതാവ് പറയുകയുണ്ടായി. എനിക്ക് അങ്ങയോട് എല്ലാ ബഹുമാനവുമുണ്ട്. ഇവിടെ ബി.ജെ.പി.-യുടെ മൂന്നംഗങ്ങൾ ഇരിക്കുന്നുണ്ട്. ഇവിടെ സ്വർണ്ണക്കൊള്ള നടന്ന കാലയളവിൽ നിങ്ങൾ മൗനത്തിന്റെ വല്മീകത്തിൽ ഒളിച്ചിരിക്കുകയായിരുന്നില്ലേ? പത്തുദിവസം ആ സ്വർണ്ണക്കൊള്ളയ്ക്കെതിരെ പ്രതിഷേധിച്ചതിന്റെ പേരിൽ ജയിലിൽ കിടന്നിട്ടാണ് യു.ഡി.എഫ്.-ന്റെ അംഗമായി ഞാൻ ഈ നിയമസഭയിലെത്തിയത്. നിങ്ങൾ എവിടെയായിരുന്നു? കോൺഗ്രസിന് നേട്ടമുണ്ടാകുമെന്ന് വിലയിരുത്തി സ്വർണ്ണക്കൊള്ളയ്ക്കെതിരെ വായ തുറക്കാൻപോലും ബി.ജെ.പി. തയ്യാറായില്ല. 2019-ലെ ബി.ജെ.പി.-യുടെ പ്രകടന പത്രികയായ 'സങ്കല്പ പത്രം' (Sankalp Patra)ആണ് എന്റെ കൈയിലുള്ളത്. അവിടെയിരിക്കുന്ന ബി.ജെ.പി. അംഗങ്ങളിൽ പലർക്കും അറിയാവുന്ന കാര്യമാണ്. അതിൽ 'We will endeavour to secure constitutional protection on issues related to faith and belief' എന്ന് ശബരിമലയെക്കുറിച്ച് 36-ാം പേജിൽ പറയുന്നുണ്ട്. 2019-ൽ ബഹുമാനപ്പെട്ട പ്രധാനമന്ത്രി പത്തനംതിട്ടയിൽ വന്ന് ഗുജറാത്തിയിൽ 'സ്വാമിയേ ശരണമയ്യപ്പാ' എന്നു വിളിച്ചുപോയതല്ലാതെ, എന്തുകൊണ്ട് ഭരണഘടനയിൽ പരിഷ്കാരം കൊണ്ടുവന്ന് ശബരിമലയെ സംരക്ഷിക്കാൻ ശ്രമിച്ചില്ല എന്ന്

ഞാൻ ചോദിക്കുകയാണ്. എന്നോടതിന്റെ ന്യായീകരണം പറയേണ്ട. ബഹുമാന്യനായ എൻ.എസ്.എസ്. ജനറൽ സെക്രട്ടറിയെ ബോധ്യപ്പെടുത്തിയാൽ മതി. നിങ്ങൾ നൽകിയ വാഗ്ദാനം പാലിച്ചില്ലെന്ന് എൻ.എസ്.എസ്. പറയുന്നുണ്ടല്ലോ? ശബരിമല എന്നത് ബി.ജെ.പി.-യുടെ എക്കാലത്തേയും പൊളിറ്റിക്കൽ ടൂൾ മാത്രമാണ്. നിങ്ങൾക്ക് അയ്യപ്പനിലോ ശബരിമലയിലോ യാതൊരു വിശ്വാസവുമില്ല. ഞാൻ ഒരു കാര്യം കൂടി പറയാനാഗ്രഹിക്കുകയാണ്; ബി.ജെ.പി.-യും യു.ഡി.എഫ്.-ഉം തമ്മിൽ എന്തോ ഡീലുണ്ടെന്ന് ബഹുമാനപ്പെട്ട സി.പി.ഐ.(എം.)-ന്റെ അംഗങ്ങൾ പറഞ്ഞു. എന്ത് ഡീൽ? യു.ഡി.എഫ്. സർക്കാർ ഒരു കാലത്തും ബി.ജെ.പി.-യുമായി ഡീൽ ഉണ്ടാക്കാൻ ഒരു പാലവും പണിയില്ലെന്ന ഉറപ്പ് ഈ കേരളത്തിലെ ജനങ്ങൾക്കുണ്ട്. ഒരു ബ്രിഡ്ജും ഞങ്ങൾ ഉണ്ടാക്കില്ല. ആരാണ് ബ്രിഡ്ജിന്റെ കാര്യം സഭയിൽ പറഞ്ഞതെന്ന് നമുക്കറിയാമല്ലോ? യു.ഡി.എഫ്.-ന്റെ മന്ത്രിസഭയിൽനിന്ന് ഒരാളും ഒരു പൊലീസ് മേധാവിയെയും ശ്രീ. ദത്താത്രേയ ഹൊസബാലെ-യെ (Dattatreya Hosabale) കാണാൻ വേഷം മാറ്റി വിടില്ലെന്ന ഉറപ്പ് കേരളത്തിലെ ജനങ്ങൾക്കുണ്ട്. അതുകൊണ്ടാണ് അവർ ഞങ്ങൾക്ക് വോട്ട് ചെയ്തത്. അതുപോലെതന്നെ യു.ഡി.എഫ്. സർക്കാർ നയിക്കുന്ന ഒരു പരിപാടിയിലും യോഗി ആദിത്യനാഥിന്റെ ആശംസാ സന്ദേശം വായിക്കില്ലെന്ന ഉറപ്പ് കേരളത്തിലെ ജനങ്ങൾക്കുണ്ട്. അതുകൊണ്ടാണ് അവർ ഞങ്ങൾക്ക് വോട്ട് ചെയ്തത്.

നീറ്റ് എക്സാമുമായി ബന്ധപ്പെട്ട് ചില കാര്യങ്ങൾ പറയേണ്ടതുണ്ട്. വിദ്യാർഥി സമൂഹം വളരെ ആശങ്കയിലാണ്. നീറ്റ് എക്സാമുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട കഴക്കൂട്ടം നിയോജകമണ്ഡലാംഗത്തെ വിളിച്ച് ആശംസയർപ്പിക്കാൻ മനസ്സ് കാണിച്ച കേന്ദ്ര വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. ധർമ്മേന്ദ്ര പ്രധാൻ, നീറ്റിന്റെ എക്സാമിൽ വിഷമം അനുഭവിച്ച് ആത്മഹത്യ ചെയ്യപ്പെട്ട കുട്ടികളുടെ കുടുംബാംഗങ്ങളെ വിളിക്കാൻ മനസ്സുകാണിച്ചിട്ടില്ല. ദയവുചെയ്ത്, ഈ പണി പറ്റില്ലെങ്കിൽ ഒന്നിറങ്ങി പോകണമെന്ന് ശ്രീ. ധർമ്മേന്ദ്രജിയോട് കഴക്കൂട്ടം നിയോജകമണ്ഡലാംഗം വിളിച്ചുപറയണം. അതാണ് രാജ്യത്തെ ജനങ്ങൾ ആവശ്യപ്പെടുന്നതും കുട്ടികൾ ആഗ്രഹിക്കുന്നതും. കഴക്കൂട്ടം നിയോജകമണ്ഡലാംഗം

കുട്ടികൾക്ക് മിഠായി വാങ്ങി മേശപ്പുറത്ത് വിതറിക്കൊടുക്കുന്നത് കണ്ടു. സന്തോഷം. കഴിഞ്ഞ പത്തുവർഷക്കാലം മാത്രമല്ല കുറെ വർഷങ്ങളായി സ്വന്തം പാർട്ടി പ്രവർത്തകർക്ക് ഒരു കോൽമിഠായിപോലും വാങ്ങിക്കൊടുക്കാത്ത വ്യക്തി നിയമസഭാംഗം ആയതിനുശേഷം കുറച്ചൊക്കെ മനസ്സ് നൈർമ്മല്യം വന്ന് മിഠായികൾ മേശപ്പുറത്തെങ്കിലും ഇടാൻ തുടങ്ങിയല്ലോ? അതുതന്നെ നല്ല മാറ്റമായി, ജനാധിപത്യത്തിന്റെ സൗന്ദര്യമായി കരുതുകയാണെന്നുമാത്രം പറഞ്ഞുകൊണ്ട് ഈ സർക്കാരിന്റെ നയപ്രഖ്യാപനത്തെ പൂർണ്ണമായും പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

<u>ശ്രീ. വിനു ജോബ് കുഴിമണ്ണിൽ</u>: സർ, പതിനാറാം നിയമസഭയിൽ ബഹുമാനപ്പെട്ട ഗവർണ്ണർ അവതരിപ്പിച്ച നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച ഉപക്ഷേപത്തിന് ഞാൻ പൂർണ്ണ പിന്തുണ അറിയിക്കുകയാണ്. ജനാധിപത്യത്തിന്റെ ശ്രീകോവിലായ ഈ നിയമസഭയിൽ നിങ്ങളെയെല്ലാവരെയും അഭിസംബോധന ചെയ്ത് സംസാരിക്കാൻ അവസരം നൽകിയ ദൈവത്തിന് ആദ്യം ഞാൻ നന്ദി പറയുന്നു. അതോടൊപ്പം കേരള കോൺഗ്രസ് പാർട്ടി ചെയർമാനും എന്റെ നേതാവുമായ ശ്രീ. പി. ജെ. ജോസഫ് സാറിനെ ബഹുമാനപൂർവം കാത്തുസൂക്ഷിച്ചുകൊണ്ടും ചങ്ങനാശ്ശേരിയെ നാലുപതിറ്റാണ്ടോളം നയിച്ച ശ്രീ. സി. എഫ്. തോമസ് സാറിനെ സ്മരിച്ചുകൊണ്ടും ഞാൻ തുടങ്ങട്ടെ. എന്നെ ഞാനാക്കിയ പ്രബുദ്ധരായ ചങ്ങനാശ്ശേരിയിലെ ജനങ്ങൾക്ക് ഹൃദയത്തിന്റെ ഭാഷയിൽ ഞാനാദ്യം നന്ദി അർപ്പിക്കുകയാണ്. ഒരു ഗ്രാമത്തിൽ പതിവില്ലാതെ സന്ധ്യാസമയത്ത് ഏറെ ഇരുട്ട് അനുഭവപ്പെട്ടപ്പോൾ അവിടെയൊരു വൃദ്ധൻ വന്ന് റോഡരികിൽ ഒരു വിളക്ക് തെളിച്ചു. ഇതുകണ്ട് മറ്റൊരു വ്യക്തിയും ഒരു വിളക്ക് തെളിച്ചു. ഇതുതന്നെ എല്ലാവരും ആവർത്തിച്ചപ്പോൾ ഇരുട്ടായ ആ ഗ്രാമം മുഴുവൻ പ്രകാശം പരന്നിരിക്കുന്നു. കേരളത്തിൽ 102 വിളക്കുകൾ തെളിഞ്ഞിരിക്കുകയാണ്. അതിന്റെ പ്രകാശം കേരളത്തിൽ അങ്ങോളമിങ്ങോളം ഉണ്ടായിരിക്കുമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. മലയാളികൾ കാണാൻ കൊതിച്ച, കേൾക്കാനാഗ്രഹിച്ച സമസ്ത മേഖലയിലും നന്മയുടെ അംശം അടങ്ങിയിരിക്കുന്ന

നയപ്രഖ്യാപനമാണ് ഇവിടെ നടത്തിയിരിക്കുന്നത്. ആദ്യത്തെ കാബിനറ്റ് യോഗത്തിൽത്തന്നെ ചങ്ങനാശ്ശേരിയിലെ സൗന്ദര്യമുള്ള ഒരു ഗ്രാമമായ മാടപ്പള്ളിയെ കീറിമുറിച്ചുകൊണ്ട് 'കെ-റെയിൽ' പദ്ധതി വേണ്ടെന്ന തീരുമാനമെടുത്ത മലയാളികളുടെ പ്രിയപ്പെട്ട മുഖ്യമന്ത്രി ശ്രീ. വി. ഡി. സതീശൻ സാറിന് ചങ്ങനാശ്ശേരിക്കാരുടെ ഒരു ബിഗ് സല്യൂട്ട് നൽകുന്നു. കേരളത്തിലെ ജനങ്ങൾ നെഞ്ചിലേറ്റിയ ഒരു വലിയ സ്വപ്നപദ്ധതിയാണ് ഇന്ദിരാ ഗ്യാരന്റി പദ്ധതി. പ്രഭാതം മുതൽ സായാഹ്നം വരെ വീടുകൾതോറും കയറിയിറങ്ങി ക്ഷേമാന്വേഷണം നടത്തുന്ന ആശാ വർക്കർമാരെ പുറംകാലുകൊണ്ട് തള്ളിക്കളഞ്ഞിട്ടും അവരെ നെഞ്ചോട് ചേർത്തുനിർത്തിയ ഒരു ഭരണാധികാരിയാണ് ഇവിടെ അധികാരത്തിലിരിക്കുന്നത്. പ്രതിവർഷം 25 ലക്ഷം രൂപയുടെ സൗജന്യ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി പാവങ്ങളുടെ മുഖ്യമന്ത്രിയായിരുന്ന ഉമ്മൻ ചാണ്ടിയുടെ പേരിൽ തുടങ്ങിയത് എത്രയോ വലിയൊരു ആശയമാണ്. ഞാൻ പ്രതിനിധാനം ചെയ്യുന്ന ചങ്ങനാശ്ശേരി, അപ്പർ കുട്ടനാട് പ്രദേശമാണ്. ഇവിടുത്തെ നെൽകർഷകരുടെയും മറ്റ് കർഷകരുടെയും ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില സമയബന്ധിതമായി നൽകുമെന്നും ഉൽപാദനച്ചെലവ് കുറയ്ക്കാൻവേണ്ടിയുള്ള നടപടി സ്വീകരിക്കുമെന്നും പ്രഖ്യാപിച്ചത് കർഷകർക്ക് ആശ്വാസമാണ്. നെൽകർഷകർക്ക് ഉൽപ്പന്നങ്ങൾക്കുമേൽ നൽകുന്ന ലോൺ മാറ്റി പകരമൊരു റിവോൾവിങ് ഫണ്ട് സംവിധാനം ഏർപ്പെടുത്തണമെന്ന് അവർ ആഗ്രഹിക്കുന്നു. നമ്മുടെ രാജ്യത്ത് നിക്ഷേപം ആകർഷിക്കുന്നതിന് വിദേശ മലയാളികളുമായി സഹകരിച്ച് ഗ്രാമങ്ങളിൽ പുതിയ വ്യവസായ പാർക്കുകൾ തുടങ്ങുന്നത് യുവജനങ്ങൾക്ക് നാടിനെപ്പറ്റിയുള്ള പ്രതീക്ഷകൾക്ക് ജീവൻ വയ്ക്കുന്നതായിരിക്കും. അതുകൊണ്ടുതന്നെ ചങ്ങനാശ്ശേരിയിൽ മഞ്ഞക്കുറ്റികളാൽ നിറഞ്ഞ മാടപ്പള്ളി പ്രദേശത്ത് ഭൂമി ലഭ്യതയുള്ളതിനാൽ ഒരു വ്യവസായ പാർക്ക് തുടങ്ങണമെന്ന് ഞാൻ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ശ്രീ. കുഞ്ഞാലിക്കുട്ടി സാഹിബിനോട് അഭ്യർത്ഥിക്കുകയാണ്. ഒരു നാടിന്റെ അടിസ്ഥാന വികസനമെന്നത് ആ നാടിന്റെ റോഡ് സംവിധാനമാണ്. പൊതുസ്വകാര്യ പങ്കാളിത്തത്തോടെ മികച്ച സാങ്കേതികവിദ്യ

ഉപയോഗിച്ച് നിലവിലുള്ള പുതിയ ബൈപാസുകൾ നാലുവരി പാതയാക്കുമെന്ന തീരുമാനം സ്വാഗതാർഹമാണ്. അഞ്ചുവിളക്കിന്റെ നാടായ ചങ്ങനാശ്ശേരി, പൗരാണികത നിറഞ്ഞ മാർക്കറ്റ്, എന്നാൽ ചങ്ങനാശ്ശേരിയിൽ ഗതാഗതക്കുരുക്കിനാൽ നട്ടം തിരിയുന്ന യാത്രക്കാർക്ക് ശാശ്വത പരിഹാരമായി ഒരു പടിഞ്ഞാറൻ ബൈപാസ് ഞങ്ങളുടെ സ്വപ്ന പദ്ധതിയാണ്. ഞങ്ങൾക്ക് ഏറെ പ്രതീക്ഷ നൽകുന്ന ഈ ഗവൺമെന്റിന്റെ നന്മ നിറഞ്ഞ എല്ലാ പ്രവർത്തനങ്ങൾക്കും ഗവർണ്ണറുടെ നയപ്രഖ്യാപനത്തിനും ഒരായിരം പിന്തുണ അറിയിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

<u>ശ്രീ. പി. കെ. നവാസ്</u>: സർ, ബഹുമാനപ്പെട്ട ശ്രീ. എം. വിൻസെന്റ്, എം.എൽ.എ. അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ പിന്തുണയ്ക്കുകയാണ്. പുതിയ ആൽഫാ ജനറേഷനുവേണ്ടി ഒരു എ.ഐ. വകുപ്പും കേരള സമൂഹം വൃദ്ധസദനങ്ങളിലേക്ക് തള്ളിവിടുന്ന വയോജന വിഭാഗങ്ങളെ ചേർത്തുവയ്ക്കാൻ ഒരു വയോജന വകുപ്പുമുണ്ടാക്കി സർവതലസ്പർശിയായി മുന്നോട്ടുപോകുന്ന ഈ സർക്കാരിന്റെ നയപ്രഖ്യാപനത്തെ എങ്ങനെയാണ് പിന്തുണയ്ക്കാതിരിക്കാൻ കഴിയുക. ഇത് പുതുയുഗം തന്നെയാണ് എന്ന് ഒരിക്കൽകൂടി അടിവരയിടുന്നതാണ് ഈ സർക്കാരിന്റെ നയപ്രഖ്യാപനം. പതിനാറാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിൽ ഈ വിനീതന് ഇവിടെ നിൽക്കാൻ അവസരം നൽകിയത് താനൂർ നിയോജക മണ്ഡലത്തിലെ ജനങ്ങളാണ്. ഞാൻ അവരോട് നന്ദി പറയുകയാണ്. വ്യാവസായിക പാർക്കുകളും വിദ്യാഭ്യാസ സ്ഥാപനങ്ങളുമുണ്ടായിരുന്ന സമ്പന്നമായൊരു മണ്ഡലമായിരുന്നു എന്റെ താനൂർ. പക്ഷേ 2011-ലെ പഠനങ്ങളൊന്നുമില്ലാത്ത അശാസ്ത്രീയമായ വിഭജനത്തിലൂടെ ആ നിയോജക മണ്ഡലം, പുനർനിർണ്ണയത്തിലൂടെ ചിറകരിഞ്ഞുപോയ ഒരു മണ്ഡലമായി മാറി. ഇന്ന് ആ നിയോജകമണ്ഡലത്തിൽ സ്വന്തമായി വ്യവസായ പാർക്കുകളോ മറ്റ് വികസനപ്രവർത്തനങ്ങളോ കാര്യമായി ഒന്നും ഇല്ലാത്ത ഒരു നാടായി മാറിയിരിക്കുന്നു. മലപ്പുറം ജില്ലയിലെ പതിനാറ് നിയമസഭാമണ്ഡലങ്ങളിൽ വികസന കാര്യങ്ങളിൽ ഏറ്റവും പിന്നാക്കം നിൽക്കുന്ന ഒരു മണ്ഡലമായി പുതിയ താനൂർ മാറിയിരിക്കുന്നു എന്നത് ഏറെ വേദനാജനകമാണ്. പുതിയ താനൂരിന് വലിയ സ്വപ്നങ്ങളുണ്ട്.

ആ സ്വപ്നങ്ങളുള്ള മനുഷ്യരുടെ പ്രതീക്ഷയുമായാണ് ഞാൻ ഈ സഭയിൽ നിൽക്കുന്നത്. അവരുടെ കിനാവുകൾക്ക് ചിറക് നൽകാനാണ് ആ ജനത എന്നെ ഇങ്ങോട്ട് അയച്ചത്. ഈ നിയോഗത്തിന് എന്നെ ചുമതലപ്പെടുത്തിയ പാർട്ടിയുടെ സമാരാധ്യനായ അധ്യക്ഷൻ പ്രിയപ്പെട്ട സയ്യിദ് സാദിഖ് അലി ഷിഹാബ് തങ്ങൾക്കും പാർട്ടി ലീഡർ പ്രിയപ്പെട്ട കെ. കുഞ്ഞാലിക്കുട്ടി സാഹിബിനും യു.ഡി.എഫ്.-ന്റെ നേതാക്കന്മാരോടും നന്ദി പറയാൻ ഈ അവസരത്തെ ഞാൻ ഉപയോഗപ്പെടുത്തുകയാണ്.

എന്റെ താനൂരിന് ഒരുപിടി കിനാവുകളുണ്ട്. എ.ഐ.-ക്ക് ഒപ്പം സഞ്ചരിക്കാൻ പുതുയുഗ കേരളത്തക്കുറിച്ച് ചർച്ച ചെയ്യുന്ന ഈ സഭയ്ക്കകത്ത് ഞാൻ ഓർമ്മപ്പെടുത്തുകയാണ്, വറുതിയുടെ കാലത്ത് ഒരു നേരമെങ്കിലും അടുക്കള പുകയണമെന്ന കിനാവുമായാണ് താനൂരിലെ ജനങ്ങൾ ജീവിക്കുന്നത്. പ്രശസ്തമായ ' മൂര്യാട് കപ്പ് ' അരങ്ങേറുന്ന താനൂരിലെ തരിശ്ശ് ഭൂമിക്ക് മുമ്പിൽ പ്രതീക്ഷ നഷ്ടപ്പെട്ടുപോയ ആ ജനത കയ്യിൽ പിടിച്ച വിത്തുകളുമായി കാത്തിരിക്കുകയാണ്. ആ കർഷക ജനതയുടേതാണ് എന്റെ താനൂർ. ആറ് തദ്ദേശ സ്ഥാപനങ്ങളുള്ള താനൂരിൽ അഞ്ച് തദ്ദേശ സ്ഥാപനങ്ങളിലും കുടിവെള്ളംമാത്രം പ്രതീക്ഷിച്ച് ജീവിക്കുന്ന ജനതയാണുള്ളത്. എന്റെ താനൂർ കടലിനോട് പോരാടി ജീവിതം നെയ്യുന്ന മത്സ്യത്തൊഴിലാളികളുടെ നാടാണ്, മണ്ണിനോട് സംസാരിച്ച് അന്നം വിളയിക്കുന്ന കർഷകരുടെ നാടാണ്, വിയർപ്പിനെ സമ്പത്താക്കി മാറ്റുന്ന സാധാരണ മനുഷ്യരുടെ നാടാണ്. അഭിമാനത്തോടുകൂടിയാണ് ഞാൻ ഈ സഭയിൽ നിൽക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രിമാരെല്ലാവരും ഇവിടെയുണ്ട്. താനൂരിലെ കത്തുകൾക്ക് ഒരു ജനതയുടെ അതിജീവനത്തിനായുള്ള അക്ഷരങ്ങളുടെ ഭാരമുണ്ടാകുമെന്ന് ബഹുമാനപ്പെട്ട മന്ത്രിമാരോട് പറയാൻ ഈ അവസരം ഉപയോഗപ്പെടുത്തുകയാണ്. ആ അർത്ഥത്തിൽ ആ കത്തുകളെ പരിഗണിക്കാൻ നിങ്ങൾ തയ്യാറാകണമെന്ന് ഹൃദയത്തിൽതൊട്ടുകൊണ്ട് അപേക്ഷിക്കുകയാണ്. ഇന്ന് യു.ഡി.എഫ്.-ന്റെ ഒരു പ്രതിനിധിയായി, ഒരു കന്നിയങ്കക്കാരനായി ഈ സഭയിൽ ഞാൻ നിൽക്കുമ്പോൾ ഏറെ അഭിമാനമുണ്ട്. കാരണം കേരള നിയമസഭയുടെ സമീപകാല ചരിത്രത്തിലെ ഏറ്റവും വലിയ അക്കമാണ് 102

*04-06-2026*

*Discussion on the motion of thanks to the Governor's address – discussion to be concluded*

എന്നുപറയുന്നത്. ആ നൂറ്റിരണ്ടിന്റെ ഭാഗമായി ഞാൻ ഈ സഭയിൽ നിൽക്കുമ്പോൾ ഞാനോർക്കുന്നത് പ്രതിപക്ഷത്തെക്കുറിച്ചാണ്. പ്രതിപക്ഷത്തിന്റെ നേതാവായി ആദരണീയനായ ശ്രീ. പിണറായി വിജയൻ അവർകൾ ഈ സഭയിലുണ്ട്. ആയിരത്തി തൊള്ളായിരത്തി എഴുപതുകളിൽ അദ്ദേഹം ഞങ്ങളെപ്പോലെ കന്നിയങ്കക്കാരനായി ഈ സഭയിലേക്ക് കയറി വരുമ്പോൾ സി.പി.എം.-ന്റെ ചരിത്രത്തിലെ ഏറ്റവും കുറവ് പാർട്ടിയംഗങ്ങളോടൊപ്പമാണ് അദ്ദേഹം ഈ സഭയിലിരുന്നത്. എന്നാൽ ഇന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇരിക്കുന്ന കസേരയുടെ പിന്നിലേക്ക് നോക്കിയാൽ എഴുപതുകളിലെ ആ ഓർമ്മകളിലേക്ക് താങ്കളെ തിരിച്ചുകൊണ്ടുപോകുന്ന അവസ്ഥയാണുള്ളതെന്ന് പറയാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. ദുർബലമായ ഒരു പ്രതിപക്ഷത്തിന്റെ നേതൃസ്ഥാനത്താണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇരിക്കുന്നത്. എന്താണ് ഈ ദുർബലമായ അവസ്ഥയുടെ കാരണം; എന്തുകൊണ്ടാണ് പ്രതിപക്ഷത്തിന് ഈ ദുർബലമായ സാഹചര്യമുണ്ടായത്? സി.പി.എം.-ന്റെ കണ്ണൂർ പാർട്ടി സെക്രട്ടറി പറഞ്ഞത് ന്യൂനപക്ഷ വർഗ്ഗീയത തിമിർത്താടിയെന്നാണ്. അതുകൊണ്ടാണോ ഈ അവസ്ഥ വന്നതെന്നത് പരിശോധിക്കപ്പെടേണ്ടതല്ലേ. പ്രതിപക്ഷ നേതാവായ ശ്രീ. പിണറായി വിജയൻപോലും അതിനെ എൻഡോർസ് ചെയ്യുന്ന രൂപത്തിൽ സംസാരിക്കുന്നത് മലയാളി വേദനയോടുകൂടി കേട്ടു. അങ്ങനെ ന്യൂനപക്ഷ വർഗ്ഗീയത നിറഞ്ഞാടിയതുകൊണ്ടാണോ ഇവർ ഇങ്ങനെ ദുർബലമായിപ്പോയത്. നേരത്തെ ഇവിടെ സൂചിപ്പിച്ചല്ലോ, തൃക്കരിപ്പൂരും തവനൂരും മഞ്ചേശ്വരവും തിരുവമ്പാടിയും കൊച്ചിയും പേരാമ്പ്രയും നിങ്ങൾ പരിശോധിക്കണം. ഇവ മാത്രം പരിശോധിച്ചാൽ കേരളത്തിലെ ജനങ്ങൾ എങ്ങനെയാണ് നിങ്ങളെ ദുർബലപ്പെടുത്തിയതെന്ന് മനസിലാക്കാൻ സാധിക്കും. ചൂണ്ടിക്കാണിക്കാൻ ഒരു ഉദാഹരണംപോലുമില്ലാത്തവർക്ക് വർഗ്ഗീയതയിൽ അഭയം തേടേണ്ടി വന്നേക്കാം. ആ അഭയം തേടലാണ് സി.പി.ഐ.(എം)-ന്റെ ജില്ലാ സെക്രട്ടറി അങ്ങനെയൊരു പ്രസംഗം നടത്താനുള്ള കാരണം. മറ്റൊരു വിചിത്രമായ വാദം കേരളത്തിലുണ്ടായി. അത് ഈ നിയമസഭയിൽ അംഗമായിരുന്ന സി.പി.ഐ.(എം)-ന്റെ

സാംസ്കാരിക നേതാവ് എന്നറിയപ്പെടുന്ന ശ്രീ. എം. സ്വരാജിന്റേതാണ്. അദ്ദേഹം പറഞ്ഞത് വോട്ട് ചെയ്ത ജനങ്ങൾക്കാണ് തെറ്റുപറ്റിയതത്രേ; അവർക്കാണത്രേ പ്രശ്നമുണ്ടായത്. ഗബ്രിയേൽ ഗാർസിയ മാർക്വേസ് രചിച്ച 'ഏകാന്തതയുടെ നൂറ് വർഷങ്ങൾ' എന്ന പുസ്തകത്തിൽ പരിചയപ്പെടുത്തുന്ന 'മക്കോണ്ട' എന്ന പട്ടണത്തെക്കുറിച്ചാണ് ഞാൻ ഓർക്കുന്നത്. ആ പട്ടണത്തെപ്പോലെ പിണറായി വിജയൻ എന്ന മുഖ്യമന്ത്രി ഉണ്ടായപ്പോഴാണ് കേരളമുണ്ടായതെന്നും ആ കേരളം ഒരു സ്വർഗ്ഗമായിരുന്നുവെന്നും ആ സ്വർഗ്ഗത്തിലെ പ്രജകൾ വെറും വിഡ്ഢികളായതുകൊണ്ടാണ് അവർ പിണറായി വിജയൻ സർക്കാരിനെ പരാജയപ്പെടുത്തിയത് എന്നുമാണ് അദ്ദേഹം ഫേസ്ബുക്കിലൂടെ പറയാൻ ശ്രമിക്കുന്നത്. അദ്ദേഹത്തിന്റെ കുറിപ്പ് വായിച്ചപ്പോൾ കഴിഞ്ഞ പത്ത് വർഷമായി കേരളത്തിൽ ഏതോ ഒരു രാജാവിന്റെ കീഴിൽ രാജഭരണം നടക്കുന്നു എന്നാണ് തോന്നിയത്. പ്രജകൾ രാജാവിനോട് നന്ദികേട് കാണിച്ചുവെന്നാണ് അദ്ദേഹം പറയാൻ ശ്രമിക്കുന്നത്. ഞാൻ ഇടതുപക്ഷത്തെ ഓർമ്മപ്പെടുത്തുന്നു, ഇന്ത്യ ഒരു സ്വതന്ത്ര റിപ്പബ്ലിക്കാണ്. ആ സ്വതന്ത്ര റിപ്പബ്ലിക്കിലെ അധികാരികൾ ജനങ്ങളാണ്. അവരാണ് നേതൃത്വത്തെ തിരഞ്ഞെടുക്കേണ്ടതെന്ന് അടിവരയിട്ട് ഓർമ്മപ്പെടുത്തുകയാണ്. സി.പി.ഐ.(എം)-ന്റെ പാർട്ടി സെക്രട്ടറി ഈ കനത്ത തെരഞ്ഞെടുപ്പ് പരാജയത്തിനുശേഷം മാധ്യമങ്ങൾക്ക് മുമ്പിൽ വന്നുനിന്ന് പാർട്ടി സഖാക്കളോട് പറഞ്ഞത് ഭയമില്ലാതെ ചോദ്യങ്ങൾ ചോദിക്കണമെന്നും ഭയക്കാതെതന്നെ അഭിപ്രായങ്ങൾ പറയണമെന്നുമാണ്. ചോദ്യം ചോദിക്കണമെന്ന് അണികളെ ഓർമ്മപ്പെടുത്താൻ പാർട്ടി സെക്രട്ടറിക്ക് ഈ ദയനീയമായ പരാജയത്തെ കാത്തിരിക്കേണ്ടി വന്നു. ഇങ്ങനെ തകർന്നടിയേണ്ടിവന്നു. അഭിപ്രായങ്ങൾ പറയണമെന്ന് സ്വന്തം അണികളോട് പാർട്ടി സെക്രട്ടറി ഓർമ്മപ്പെടുത്താൻ ഇത്രമേൽ ദുർബലമായ അവസ്ഥയിലേക്ക് അവർ പോകേണ്ടിവന്നു. ഈ പരാജയമുണ്ടാകുംമുമ്പേ ഭയക്കാതെ അഭിപ്രായം പറഞ്ഞവരുണ്ടായിരുന്നു. അങ്ങനെ ഭയക്കാതെ അഭിപ്രായം പറഞ്ഞ സഖാവ് ജി. സുധാകരൻ ഇന്ന് ഈ സഭയ്ക്കകത്ത് ഇരിക്കുകയാണ്, അങ്ങനെ ഭയക്കാതെ ചോദ്യങ്ങൾ ചോദിച്ച സഖാവ് ടി.കെ. ഗോവിന്ദൻ ഇന്ന് ഈ സഭയിൽ ഇരിക്കുകയാണ്, അങ്ങനെ

ഭയക്കാതെ എഴുതിവച്ചിട്ടുള്ള പ്രിയപ്പെട്ട വി. കുഞ്ഞികൃഷ്ണൻ അവർകൾ ഇന്ന് ഈ സഭയിൽ ഇരിക്കുകയാണ്. എന്നാൽ ഭയത്താൽ അഭിപ്രായം പറയാൻ മറന്നുപോയ, അത് മറച്ചുപിടിച്ച രാജാവിന് മുന്നിൽ 'റാൻ' മൂളിക്കൊണ്ട് കഴിഞ്ഞ സഭയിൽ ഉണ്ടായിരുന്ന 64 പേരെയാണ് ജനങ്ങൾ ഈ തെരഞ്ഞെടുപ്പിലൂടെ വീട്ടിലേക്ക് തിരിച്ചയച്ചത്. ആരാണ് ഞാൻ പറഞ്ഞ മൂന്ന് പേർ. അവർ ഞങ്ങളോടൊപ്പം വന്നിരിക്കേണ്ടവരാണോ? അവർ പ്രതിപക്ഷത്തിന്റെ ബഞ്ചിലിരിക്കേണ്ടവരാണ്, പ്രതിപക്ഷത്തിന് കരുത്ത് പകരേണ്ടവരാണ്. എന്തുകൊണ്ടാണ് അവർ ഞങ്ങൾക്കൊപ്പം വന്നിരിക്കേണ്ട അവസ്ഥയുണ്ടായത്. കേരളത്തിലെ യഥാർത്ഥ ഇടതുപക്ഷമെന്ന് പറയുന്നത് യു.ഡി.എഫ്. ആണ് എന്ന തിരിച്ചറിവുകൊണ്ടാണ് അവർ ഞങ്ങൾക്കൊപ്പം വന്നിരുന്നത്. എങ്ങനെയാണ് ഇവർക്കൊപ്പമിരിക്കാൻ അവർക്ക് സാധ്യമാവുക. നല്ല കമ്യൂണിസ്റ്റുകൾക്ക് എങ്ങനെയാണ് ഇടതുപക്ഷത്തോടൊപ്പമിരിക്കാൻ സാധിക്കുന്നത്. കണ്ണൂർ ജില്ലാ സെക്രട്ടറി തുടർച്ചയായി പറഞ്ഞ ഒരുവാചകം നമുക്കോർമ്മയുണ്ട്. കാവിരാഷ്ട്രീയത്തിന് വളക്കൂറുള്ള മണ്ണ് അത് യു.ഡി.എഫ്-ന്റെ അല്ല എൽ.ഡി.എഫ്.-ന്റെ ആണെന്ന ധ്വനിയിലാണ് അദ്ദേഹം സംസാരിച്ചത്. ആ മണ്ണിൽ കാലുറച്ച് നിൽക്കാൻ യഥാർഥ കമ്മ്യൂണിസ്റ്റുകാർക്കുപോലും കഴിയാത്ത വിധം ഇവർ ജനങ്ങളിൽനിന്നും അന്യമായിരിക്കുന്നു. എന്തുകൊണ്ടാണ് ഇവർ പരാജയപ്പെട്ടത്? നിങ്ങളുടെ ഈ ദയനീയ പരാജയത്തിന്, ഒറ്റ ഉത്തരമേയുള്ളൂ. നിങ്ങൾ കണ്ടെത്തേണ്ട ഒരേഒരുത്തരമെന്ന് പറയുന്നത് ജനജീവിതം നിങ്ങളാൽ പൊറുതിമുട്ടിയപ്പോൾ ജനം നിങ്ങളെ മടുത്തു. കേരളത്തിലെ ജനങ്ങളുടെ ഹൃദയത്തിൽ നിങ്ങളോ നിങ്ങളുടെ ഹൃദയത്തിൽ കേരളത്തിലെ ജനങ്ങളോ ഉണ്ടായിരുന്നില്ല. ഇവിടെ യു.ഡി.എഫ്. അധികാരത്തിൽ വന്നിരിക്കുന്നു. അഭിവന്ദ്യനായ കേരളത്തിന്റെ മുഖ്യമന്ത്രി ശ്രീ. വി. ഡി. സതീശന്റെ നേതൃത്വത്തിൽ സർവതലസ്പർശിയായ വികസനപ്രവർത്തനങ്ങളുടെ അജണ്ടകൾ മുന്നോട്ടുവയ്ക്കുന്നു. ഒരു കാര്യം കൂടിപറഞ്ഞു ഞാൻ എന്റെ സംസാരം അവസാനിപ്പിക്കുകയാണ്. ഇന്നുകാലത്ത് കേരളത്തിലെ അച്ഛനമ്മമാർ എത്ര സന്തോഷത്തോടുകൂടിയാണ് വാർത്താമാധ്യമങ്ങൾ കണ്ടത്. 'ഓപ്പറേഷൻ ത്രൂഫാൻ', അതിനെക്കുറിച്ചാണ് ഇന്നത്തെ

വാർത്ത. നാടിന്റെ യൗവനങ്ങളെ ഇല്ലായ്മ ചെയ്യുന്ന, നാടിന്റെ കൗമാരങ്ങളെ തകർത്തുകളയുന്ന ലഹരിമാഫിയാ സംഘത്തിലെ 137 പേരെയാണ് ഒരു പകലുകൊണ്ട് ഈ സർക്കാർ ജയിലറയിലേക്ക് കൊണ്ടുപോയത്. എന്തുകൊണ്ടാണ് ഈ പ്രതിപക്ഷം ഭരണപക്ഷത്തിരുന്നപ്പോൾ അവർക്കിത് സാധിക്കാതെ പോയത്. ഇച്ഛാശക്തി ഉണ്ടാകണമായിരുന്നു. അങ്ങനെ ഇച്ഛാശക്തിയുള്ള ഒരു ആഭ്യന്തര വകുപ്പിനെ ഈ സഭയിൽവച്ച് അഭിനന്ദിച്ചുകൊണ്ടും ഈ ഉപക്ഷേപത്തെ അനുകൂലിച്ചുകൊണ്ടും ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സർ, ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച ഈ ഉപക്ഷേപത്തിന്മേലുള്ള ചർച്ചയ്ക്ക് ഞാനും നന്ദി രേഖപ്പെടുത്തുകയാണ്. ഗവർണ്ണറോട് നന്ദി രേഖപ്പെടുത്തുന്നതോടൊപ്പം തന്നെ അപ്പുറത്തിരിക്കുന്ന പ്രതിപക്ഷ നേതാവ് ശ്രീ. പിണറായി വിജയനോടും നന്ദി രേഖപ്പെടുത്തുകയാണ്. കാരണം ഇത്രയും വലിയ ഭൂരിപക്ഷത്തിന് ഞങ്ങൾക്കൊക്കെ ജയിക്കുവാനുള്ള അവസരം ഒരുക്കിയ മനുഷ്യനാണ് അദ്ദേഹം. പി.ആർ.ഡി. സ്ഥാപിച്ച 'എൽ.ഡി.എഫ്. അല്ലാതെ മാറ്റാരുണ്ട്' എന്ന ബോർഡുകൾ കേരളത്തിൽ എല്ലാ ജങ്ഷനുകളിലും ഇപ്പോഴുമുണ്ട്. അത് മാറ്റരുതെന്നാണ് എനിക്ക് മുഖ്യമന്ത്രിയോട് അഭ്യർഥിക്കാനുള്ളത്. ആ ബോർഡുകളാണ് ഇന്ന് ഇപ്പോൾ യു.ഡി.എഫ്.-ന്റെ ഐശ്വര്യം. ശ്രീ. പിണറായി വിജയനോടൊപ്പം പ്രവർത്തിച്ച മറ്റ് മന്ത്രിമാരോടും ഞാൻ നന്ദി രേഖപ്പെടുത്തുകയാണ്. തിരുവനന്തപുരം മുതൽ പറയാം. ആദ്യം എനിക്ക് നന്ദി രേഖപ്പെടുത്താനുള്ളത്, ശ്രീ. വി. ശിവൻകുട്ടി. ശ്രീ. വി. ശിവൻകുട്ടിയോട് നന്ദി രേഖപ്പെടുത്താതെ പറ്റില്ലല്ലോ? ശ്രീ. വി. ശിവൻകുട്ടിയെ ലോകം അറിയുന്നത് അങ്ങ് ഇരിക്കുന്ന ചേംബറിൽ കയറി ആ കമ്പ്യൂട്ടറുകളും കസേരകളും തല്ലിപ്പൊളിച്ച് മുണ്ട് മടക്കിക്കുത്തി ആനന്ദനൃത്തമാടിയ ആളായാണ്. അന്നാണ് ലോകമെമ്പാടും ആദ്യമായി ശ്രീ. വി. ശിവൻകുട്ടിയുടെ ശുഷ്കാന്തി കണ്ടത്. കേരളത്തിലൊരു എം.എൽ.എ. ലോകമെമ്പാടും അദ്ദേഹത്തിന്റെ ശുഷ്കാന്തി കാണിച്ചൊരു സമയമായിരുന്നു അന്ന്. ഞാൻ അന്ന് ഈ നിയമസഭയിലെ അംഗമായിരുന്നു. ഇന്ന് തിരുവനന്തപുരത്തെ എം.എൽ.എ.-മാരോട്

ചോദിച്ചാൽ അറിയാം. തിരുവനന്തപുരത്തുള്ള അയൽവാസികൾ വഴക്കുണ്ടാക്കിയാൻ അവർ പറയുന്നൊരു വാക്കുണ്ട്, തള്ളേ നീ എത്ര ചീത്തകൾ വേണമെങ്കിലും വിളിച്ചോ, പക്ഷെ ശിവൻകുട്ടി അണ്ണനെപ്പൊലെ ശുഷ്കാന്തി കാണിക്കരുത്, എന്റെ ഭാര്യയും മക്കളുമൊക്കെ ഇവിടെ നിൽക്കുകയാണെന്നാണ് പറയുന്നത്. അദ്ദേഹത്തോട് നന്ദി പറയണം. അടുത്തത് കൊല്ലത്തേക്ക് കടക്കുമ്പോൾ, ശ്രീമതി ജെ. ചിഞ്ചുറാണിയാണ്. ശ്രീമതി ജെ. ചിഞ്ചുറാണി, മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രിയായിരുന്നു. കന്നുകാലികൾക്കുപോലും നയാപൈസയുടെ പ്രയോജനമുണ്ടായില്ല. ഞങ്ങൾ ചടയമംഗലം തിരിച്ചുപിടിക്കാൻവേണ്ടി കേരള പ്രദേശ് കോൺഗ്രസ് കമ്മിറ്റിയിലെ നിത്യഹരിത നായകനായ പ്രേം നസീറിനെ രംഗത്തിറക്കി ആ സീറ്റ് തിരിച്ചുപിടിച്ചു. കേരളത്തിലെ കന്നുകാലികളും ആടുമാടുകളും പോലും പ്രതിഷേധിച്ച ഒരു മന്ത്രിയായിരുന്നു. ശ്രീമതി ജെ. ചിഞ്ചുറാണിയെ വിജയിപ്പിക്കേണമേ വിജയിപ്പിക്കേണമേയെന്ന് പറഞ്ഞുകൊണ്ട് തിരഞ്ഞെടുപ്പ് കാലത്ത് മൈക്ക് അനൗൺസ്മെന്റ് നടന്നപ്പോൾ കൂട്ടിൽ കിടന്ന ആടുകൾപോലും ചെയ്യരുതേ, ചെയ്യരുതേയെന്നാണ് കരഞ്ഞുകൊണ്ടിരുന്നത്. ശ്രീ. പിണറായി വിജയൻ സർക്കാരിനെതിരെ മൃഗങ്ങൾപോലും ഇത്രമാത്രം പ്രതികരിച്ച ഒരു തിരഞ്ഞെടുപ്പ് ഈ കഴിഞ്ഞ തിരഞ്ഞെടുപ്പാണ്. (....ബഹളം...) അടുത്ത കാലത്ത്..... (....ബഹളം...) അവർ പറഞ്ഞോട്ടെ, എനിക്ക് പറയാനുള്ളതിന് മറുപടിയായിട്ട് പ്രതിപക്ഷ നേതാവുണ്ട്.

<u>മാഡം ഡെപ്യൂട്ടി സ്പീക്കർ</u>: പറയട്ടേ... പറയട്ടേ...

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സർ, അടുത്തതായി ശ്രീ. കെ. ബി. ഗണേഷ് കുമാർ, അദ്ദേഹത്തോട് നന്ദി പറയാതിരിക്കാൻ കഴിയില്ല. കാരണം അദ്ദേഹത്തിന്റെ പ്രധാന ജോലിയെന്ന് പറയുന്നത് (ബഹളം...)

<u>മാഡം ഡെപ്യൂട്ടി സ്പീക്കർ</u>: അദ്ദേഹം പറയട്ടേ... അതിനുശേഷം നിങ്ങൾക്ക് പറയാം.

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സർ, അദ്ദേഹത്തിന്റെ പ്രധാന ജോലിയെന്നു പറയുന്നത്, മന്ത്രിപണിയെന്ന് പറയുന്നത് അദ്ദേഹത്തിന്റെ പാർട്ട് ടൈം പണിയായിരുന്നു. അദ്ദേഹം കത്ത് തയ്യാറാക്കി കൊടുക്കുന്നൊരു വിദഗ്ധനായിരുന്നു. ഉമ്മൻ ചാണ്ടി സാറിനെതിരെ

വ്യാജകത്ത് തയ്യാറാക്കി കൊടുത്തയാളാണ് ശ്രീ. കെ. ബി. ഗണേഷ് കുമാർ. അദ്ദേഹമിപ്പോൾ തോൽവിയേറ്റതിനുശേഷം ഒരു ആത്മകഥയെഴുതുകയാണെന്നാണ് ഞാൻ അറിഞ്ഞത്. മന്ത്രി പണി എനിക്ക് പാർട്ട് ടൈം പണിയായിരുന്നു എന്നുള്ളതാണ് അദ്ദേഹത്തിന്റെ ആത്മകഥയുടെ പേരെന്നാണ് അദ്ദേഹത്തിന്റെ അടുത്തയാളുകൾ പറയുന്നത്. ഇന്ദിരാ ഗ്യാരന്റി പ്രഖ്യാപിച്ചപ്പോൾ ആദ്യമേ അദ്ദേഹം അതിനെയെതിർത്തു. ഇന്ദിരാ ഗ്യാരിന്റിയിൽ കെ.എസ്.ആർ.ടി.സി. ബസിൽ സ്ത്രീകൾക്ക് സൗജന്യ യാത്ര, അദ്ദേഹം എന്തിനാണ് എതിർക്കുന്നത്? അന്ന് അദ്ദേഹം ഗതാഗത വകുപ്പുമന്ത്രിയായിരുന്നു. അത് യു.ഡി.എഫ്. സർക്കാർ ഭരണത്തിൽ വന്നുകഴിയുമ്പോൾ നടപ്പിലാക്കേണ്ട പദ്ധതിയല്ലേ; അതിന് ഇദ്ദേഹം എന്തിനാണ് എതിർക്കുന്നത്? അദ്ദേഹത്തിന്റെ അയ്യായിരത്തിൽ നാലായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റിയെട്ട് പേർ ആ ബസിൽ കേറുമോയെന്ന പേടികൊണ്ടാണ് അദ്ദേഹം അന്ന് എതിർത്തതെന്ന് എനിക്ക് മനസ്സിലാക്കാൻ കഴിയുന്നുണ്ട്. അദ്ദേഹത്തിനോടും ഈ സർക്കാരിനെ അധികാരത്തിൽ കൊണ്ടുവന്നതിന് നന്ദി രേഖപ്പെടുത്തുന്നു. പിന്നീടുള്ളത് ശ്രീ. വി. എൻ. വാസവൻ ആണ്. ശ്രീ. വി. എൻ. വാസവൻ എന്നുപറയുന്ന മുൻമന്ത്രി, 'സ്വർണ്ണം കട്ടത് ആരപ്പാ സഖാക്കളാണേ അയ്യപ്പാ...' എന്നുള്ളത് സഖാക്കന്മാരുടെ ഫോണുകളിൽപോലും റിങ്ടൂൺ ആണ്. അപ്പോൾ ശ്രീ. വി. എൻ. വാസവൻ ജയിക്കുമോ? പിന്നെ ശ്രീ. കടകംപള്ളി സുരേന്ദ്രൻ, അദ്ദേഹം പോട്ടെ, അദ്ദേഹം മന്ത്രിയായിരുന്നില്ല. അയ്യപ്പൻ എന്നുപറയുന്ന ദൈവത്തിന്റെ സ്വർണ്ണം, അയ്യപ്പൻ ആദ്യമൊക്കെ ക്ഷമിക്കും, ആചാരലംഘനം നടത്തിയപ്പോൾ അദ്ദേഹം ക്ഷമിച്ചു. ഇപ്പോൾ നമ്മൾ ആണെങ്കിലും നമ്മളോട് ഒരു ശത്രു തെറ്റുചെയ്താൽ ആദ്യവും രണ്ടാമതുമൊക്കെ ക്ഷമിക്കും. പക്ഷെ അദ്ദേഹത്തിന്റെ സ്വർണ്ണം വരെ മോഷ്ടിച്ചുപോയ സഖാവ് വാസവനെ ഇനി നിയമസഭ കാണിക്കേണ്ടായെന്ന് ജനം തീരുമാനിച്ചു. അങ്ങനെയാണ് സഖാവ് വാസവൻ ഇപ്പോൾ ഇരിക്കുന്നത്. അതിനുമുമ്പ് പത്തനംതിട്ടയിൽനിന്ന് ശ്രീമതി വീണാ ജോർജ് ഉണ്ട്. (ബഹളം...)

<u>മാഡം ഡെപ്യൂട്ടി സ്പീക്കർ</u>: അദ്ദേഹം പറയട്ടേ, അദ്ദേഹത്തിന്റെ സമയമല്ലേ.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ശ്രീമതി വീണാ ജോർജ് എന്ന് പറയുന്ന മന്ത്രി, അവരോട് എത്ര നന്ദി പറഞ്ഞാലും മതിയാകില്ല. അവരെക്കുറിച്ചൊരു സിനിമയെടുക്കാൻ തീരുമാനിച്ചിരിക്കുകയാണ്. From ventilator to Home എന്നാണ് ഈ സിനിമയുടെ ഇതിവൃത്തം. കാരണം ലോകത്തിൽ ആദ്യമായി വെന്റിലേറ്ററിൽനിന്നും ഡിസ്ചാർജ് ചെയ്ത് വീട്ടിലേക്ക് പോയ ആദ്യ വ്യക്തിയാണ്. ട്രംപിനുപോലും അങ്ങനെ സംഭവിച്ചിട്ടില്ല. അപ്പോൾ അവരെ അഭിനയിക്കാൻ കിട്ടിയാൽ ആ പടത്തിന് അവാർഡ് ലഭിക്കുമെന്ന പ്രതീക്ഷയിലാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. പിന്നെയുള്ളത്, ശ്രീ. റോഷി അഗസ്റ്റിൻ. കേരളാ കോൺഗ്രസിന്റെ നേതാവ് മാണി സാർ സ്വർഗ്ഗലോകത്തിരുന്ന് സന്തോഷിക്കുന്നുണ്ടാകും. കാരണമെന്തെന്ന് ചോദിച്ചാൽ കോഴമാണി, കോഴമാണി എന്ന് പറഞ്ഞുകൊണ്ട് ഈ സഭയിൽ വച്ച് അങ്ങിരിക്കുന്ന കസേര വരെ തല്ലിപ്പൊളിച്ചവരോടൊപ്പം ചിക്കൻ ബിരിയാണിയും കഴിച്ച് അവരോടൊപ്പം സുഖജീവിതം നയിച്ചയാളാണ് ശ്രീ. റോഷി അഗസ്റ്റിൻ. പാവം ശ്രീ. ജോസ് കെ. മാണിയെപോലും തെറ്റിദ്ധരിപ്പിച്ച് ഒരു പരുവത്തിലാക്കി നിൽക്കുകയാണ്. അപ്പോൾ അധികം താമസിക്കാതെ കേരള കോൺഗ്രസ് (റോ) എന്നുപറയുന്ന ഒരു പാർട്ടി കേരളത്തിലുണ്ടാകും. റോഡിലിറങ്ങാൻ ആളില്ലെങ്കിലും റോ പാർട്ടി സിന്ദാബാദ് എന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ട് അദ്ദേഹം മുന്നോട്ടുപോകും. പിന്നെയുള്ളത്....

മി. സ്പീക്കർ: പ്ലീസ്.. പ്ലീസ്..

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഇപ്പോൾ ഈ സഭയിൽ ഇല്ലാത്ത മുൻമന്ത്രിമാരായ ശ്രീമതി ജെ. ചിഞ്ചുറാണിയെകുറിച്ച് പറഞ്ഞു, ശ്രീ. വി. എൻ. വാസവനെക്കുറിച്ച് പറഞ്ഞു, അന്തരിച്ച കെ. എം. മാണി സാറിനെക്കുറിച്ച് പറഞ്ഞു, ശ്രീ. റോഷി അഗസ്റ്റിനെ കുറിച്ച് പറഞ്ഞു, ഇല്ലാത്ത കാര്യം ആളുകളെ കുറിച്ച് പറയുക, അത് പറയുന്നത് ശരിയാണോ?

മി. സ്പീക്കർ: ഞാൻ പരിശോധിക്കാം+.

---

\+ ബഹുമാനപ്പെട്ട സഭാധ്യക്ഷന്റെ തീരുമാനപ്രകാരം (കെ.എൽ.എസ്./3245/2026/എഡിറ്റിങ്) സഭാരേഖകളിൽ നിലനിർത്തി.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, അങ്ങനെ പറയുന്നത് ശരിയല്ല.

മി. സ്പീക്കർ: ഞാൻ പരിശോധിക്കാം+.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, അവർക്ക് ഇവിടെ വന്നിട്ട് റെപ്രസന്റ് ചെയ്യാൻ കഴിയില്ലല്ലോ; അവർക്ക് ഇവിടെവന്ന് തിരിച്ചുപറയാൻ കഴിയില്ലല്ലോ? അദ്ദേഹം പഴയ മെമ്പറാണ്, അദ്ദേഹം പ്രേം നസീറിനെപോലെ പണ്ടുതൊട്ടേ ഒരേ പ്രായമായിരിക്കുന്ന ശ്രീ. എം. എം. നസീറിനെ പറഞ്ഞതിൽ എനിക്ക് വിഷമമില്ല. അത് അദ്ദേഹത്തിന് പറയാം, പക്ഷേ ഇവിടെയില്ലാത്തവരെക്കുറിച്ച് അങ്ങനെ പറയരുത്.

മി. സ്പീക്കർ: പരിശോധിക്കാം+.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, നന്ദിയാണ് അവരെക്കുറിച്ച് പറഞ്ഞത്. അടുത്തത് പറയാൻ പോകുന്നത് ഞാൻ എം.എൽ.എ. ആയ എറണാകുളം നിയോജകമണ്ഡലത്തിലെ ശ്രീ. പി. രാജീവിനെകുറിച്ചാണ്. അദ്ദേഹം ഇതുവരെ തോൽവിയേ സമ്മതിച്ചിട്ടില്ല. അദ്ദേഹത്തിനോട് പത്രക്കാർ ചോദിച്ചു, ഈ തിരഞ്ഞെടുപ്പിൽ എന്താണ് സംഭവിച്ചതെന്ന്, അദ്ദേഹം പറഞ്ഞ മറുപടി, ആഗോള തലത്തിലുണ്ടായ ചില മാറ്റങ്ങളുടെ അടിസ്ഥാനത്തിൽ വന്ന വ്യതിചലനങ്ങളുടെ ഭാഗമായി ഉരുത്തിരിഞ്ഞുവന്ന ചില മാറ്റങ്ങളായിട്ടേ ഇതിനെ കാണാൻ കഴിയുള്ളുവെന്നാണ്. വീണ്ടും അദ്ദേഹത്തോട് പത്രക്കാർ ചോദിച്ചപ്പോൾ, ഹോർമൂസ് കടലിടുക്കിനിടയിൽ നിന്നും വന്ന അന്തർവാഹിനിയിൽ നിന്നും ഒലിച്ചുവന്ന ലാവയിലൂടെ പ്രവഹിച്ച ചില മാറ്റങ്ങളാണ് ഇതെല്ലാം എന്നദ്ദേഹം പറഞ്ഞു. വീണ്ടും പത്രക്കാർ ചോദിച്ചു, കളമശ്ശേരിയിൽ എന്തുണ്ടായെന്ന്. തോറ്റിട്ടു ജയിക്കുകയും ജയിച്ചിട്ടു തോൽക്കുകയും ചെയ്യുന്ന ചില പ്രതിഭാസത്തിന്റെ അടിസ്ഥാനത്തിൽ റിട്ടേണിങ് ഓഫീസിൽ കൊടുത്തൊരു സർട്ടിഫിക്കറ്റിന്റെ സാങ്കേതികമായ അടിസ്ഥാനത്തിൽ ചില മാറ്റങ്ങൾ സംഭവിച്ചതായിട്ടെ പറയാൻ കഴിയൂ. ഇദ്ദേഹം ജയിച്ച് പ്രതിപക്ഷ നേതാവിന്റെ കസേരയിൽ വന്നാൽ അങ്ങ് എന്ത് ചെയ്യുമായിരുന്നു. അങ്ങ് അത് ഡിക്ഷ്ണറിയൊക്കെയെടുത്ത് വച്ച് അത് മനസ്സിലാക്കിയൊക്കെ പോയേനെ, എഴുതാൻ ഇരിക്കുന്ന ഉദ്യോഗസ്ഥർ എന്തുചെയ്യും. അവർ

+ ബഹുമാനപ്പെട്ട സഭാധ്യക്ഷന്റെ തീരുമാനപ്രകാരം (കെ.എൽ.എസ്./3245/2026/എഡിറ്റിങ്) സഭാരേഖകളിൽ നിലനിർത്തി.
+ ബഹുമാനപ്പെട്ട സഭാധ്യക്ഷന്റെ തീരുമാനപ്രകാരം (കെ.എൽ.എസ്./3245/2026/എഡിറ്റിങ്) സഭാരേഖകളിൽ നിലനിർത്തി.

ഇത് വൈകിട്ട് എഴുതി തന്നില്ലെങ്കിൽ അങ്ങ് അവരെ പുറത്താക്കില്ലേ. പിന്നെ നന്ദി പറയാനുള്ളത് ഡോ. ആർ. ബിന്ദുവിനാണ്. ഡോ. ആർ. ബിന്ദു എന്നുപറയുന്ന മുൻമന്ത്രി...

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, കൃത്യതയും വ്യക്തതയില്ലായ്മയുടേയും പേരിൽ ബഹുമാനപ്പെട്ട സ്പീക്കറെ കളിയാക്കാൻ പാടില്ല. അങ്ങനെ പറയാൻ പാടില്ലല്ലോ? സ്പീക്കറെ പറഞ്ഞുകൊണ്ട് പറഞ്ഞതാണ്. പറയുന്നത് ശരിയാകുന്നില്ല, വ്യക്തമാകുന്നില്ല എന്നല്ലേ ഉദ്ദേശിച്ചത്.

മി. സ്പീക്കർ: സ്പീക്കർ എന്നുപറയുന്നത് ക്ഷമയുടെ കേന്ദ്രം ആയിരിക്കുണം.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, തൃശ്ശൂരിൽ നിന്നുള്ള ഡോ. ആർ. ബിന്ദുവായിരുന്നു ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി. ബിന്ദുവിൽനിന്ന് ബിന്ദുവിലേക്ക് പെൻഡുലം ആടിയതല്ലാതെ വിദ്യാഭ്യാസ വകുപ്പിൽ ഒന്നും നടന്നില്ല. ശ്രീ. കെ. കൃഷ്ണൻകുട്ടി പ്രായമുള്ള ആളും എനിക്ക് വളരെ അടുപ്പമുള്ള ആളുമാണ്. ഞാൻ അദ്ദേഹത്തെ വെറുതെ വിടുകയാണ്. അദ്ദേഹം മന്ത്രിസ്ഥാനം ഒഴിഞ്ഞുപോയപ്പോൾ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കേരളത്തിലുണ്ടായ വെള്ളപ്പൊക്കം മനുഷ്യ നിർമ്മിതമായിരുന്നു എന്ന സത്യംകൂടി വിളിച്ചു പറഞ്ഞുകൊണ്ട് ഞാൻ അദ്ദേഹത്തെക്കുറിച്ചൊന്നും പറയുന്നില്ല. ശ്രീ. വി. അബ്ദുറഹിമാൻ കായിക വകുപ്പുമന്ത്രിയായിരുന്നു. സ്വന്തം മണ്ഡലത്തിൽനിന്ന് ശ്രീമതി പി. ടി. ഉഷ ഓടുന്നതിനേക്കാളും വേഗത്തിൽ ഓടി തിരൂരിൽപ്പോയി മത്സരിച്ചു. തിരൂരിൽപ്പോയി മത്സരിച്ചപ്പോൾ ശ്രീ. കുറുക്കോളി മൊയ്തീൻ തന്റെ ക്രിക്കറ്റ് ബാറ്റ് എടുത്ത് സിക്സ് അടിച്ചു. മലപ്പുറം ജില്ലയിൽപ്പോലും നിന്നില്ല. ഇപ്പോൾ എവിടെയാണെന്ന് കണ്ടുപിടിക്കാൻ കഴിയുന്നില്ല. അടുത്തത് കോഴിക്കോടുള്ള ശ്രീ. എ. കെ. ശശീന്ദ്രൻ ആണ്. അദ്ദേഹം ഇപ്പോഴാണ് കാര്യങ്ങളൊക്കെ മനസ്സിലാക്കി വരുന്നത്. കാരണം മന്ത്രിയായശേഷം അഞ്ച് വർഷം എന്താണ് നടന്നതെന്ന് അദ്ദേഹത്തിന് അറിഞ്ഞുകൂടാ. നിയമസഭയിലും സെക്രട്ടേറിയറ്റിലും വന്നിരുന്നുപോയി. അദ്ദേഹത്തിന് അങ്ങനെ ബോധമില്ലാതെ വരാൻ കാരണം, കോഴിക്കോട് ജില്ലയിലെ ഒരു ഡി.എഫ്.ഒ. കോഴിക്കോട് ഗസ്റ്റ് ഹൗസിൽവച്ച് അദ്ദേഹത്തിനെ ഒരു മയക്കുവെടി വച്ചു. അഞ്ച് വർഷക്കാലം നിൽക്കുന്ന എഫക്ടായിരുന്നു.

എന്തായാലും മയക്കുവെടി വച്ചതുകൊണ്ട് അഞ്ച് വർഷക്കാലം നാട്ടുകാർക്ക് ഒരു ശല്യവും മന്ത്രിയെകൊണ്ടുണ്ടായില്ല, വന്യമൃഗങ്ങളുടെ ശല്യം നാട്ടുകാർക്ക് ഉണ്ടായെങ്കിലും. എനിക്ക് ശ്രീ. ഷിബു ബേബി ജോണിനോടു പറയാനുള്ളത്, ആ ഡി.എഫ്.ഒ.-യെ കണ്ടുപിടിച്ച് അദ്ദേഹത്തിന് ട്രിബിൾ പ്രൊമോഷൻ കൊടുത്ത് ആദരിക്കണമെന്നാണ്. ശ്രീ. ഒ. ആർ. കേളുവാണ് മറ്റൊരു മന്ത്രി. അദ്ദേഹം മര്യാദക്കാരനും പാവവുമായിരുന്നു. ചുരം ഇറങ്ങി വന്നതാണ്. മുൻ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ പട്ടികജാതി-പട്ടികവർഗക്കാരുടെ ഫണ്ട് അനുവദിച്ചതെല്ലാം തിരിച്ചു പിടിച്ചു. ആരെങ്കിലും ചെയ്യുമോ? കേരളത്തിൽ എത്ര സാമ്പത്തിക പ്രതിസന്ധി വന്നാലും പട്ടികജാതി-പട്ടികവർഗക്കാരുടെ ഫണ്ട് ബജറ്റിൽ വകയിരുത്തിയതിനുശേഷം തിരിച്ചുപിടിച്ച ശ്രീ. കെ. എൻ. ബാലഗോപാൽ ആണ് ഞാൻ പ്രസംഗിക്കുമ്പോൾ തർക്കം പറഞ്ഞുകൊണ്ടിരിക്കുന്നത്. ___അദ്ദേഹത്തിന് സമയം കൊടുക്കരുത്. പട്ടികജാതിക്കാരുടെ കണ്ണീർ വീണ സർക്കാരാണ് കഴിഞ്ഞ സർക്കാർ. ഫണ്ട് അനുവദിച്ചതിനുശേഷം തിരിച്ചു പിടിച്ചു. (ബഹളം)

<u>മി. സ്പീക്കർ</u>: സമയം തീർന്നു.

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സർ, പട്ടികജാതിക്കാരുടെ ഫണ്ട് തിരിച്ചുപിടിച്ച ആളാണ് ശ്രീ. കെ. എൻ. ബാലഗോപാൽ.

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: Point of order.

<u>മി. സ്പീക്കർ</u>: സമയം തീർന്നു.

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സർ, എനിക്ക് നന്ദി പറയേണ്ടതുണ്ട്. ശ്രീ. സി. ആർ. മഹേഷിന്റെ ഒന്നര മിനിറ്റുണ്ട്.

<u>മി. സ്പീക്കർ</u>: അത് ഇവിടെ പെർമിറ്റ് ചെയ്യില്ല.

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സർ, അതിലും കൂടുതൽ രണ്ട് മിനിറ്റ് തന്നാൽ അങ്ങ് നല്ലവനാണെന്നുംകൂടി ഞാൻ പറഞ്ഞേക്കാം.

<u>മി. സ്പീക്കർ</u>: അതൊരു കൈക്കൂലി പോലെയാകും. അതുവേണ്ട.

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സർ, പട്ടികജാതിക്കാരുടെ ഫണ്ട് വെട്ടിപ്പിടിച്ച ആളാണ് ശ്രീ. കെ. എൻ. ബാലഗോപാൽ. ഇദ്ദേഹത്തിന് ഒരു കാരണവശാലും മൈക്ക് കൊടുക്കരുത്.

<u>മി. സ്പീക്കർ</u>: സമയമായി, അടുത്ത് പ്രതിപക്ഷ നേതാവിന് സംസാരിക്കാനുള്ളതാണ്. സമയം കഴിഞ്ഞു. രണ്ടു മിനിറ്റോളം കൂടുതലായി. ഇത് കൺക്ലൂഡ് ചെയ്യുന്നതിനായി മൈക്ക് കൊടുക്കു.

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സർ, കഴിഞ്ഞ ദിവസം ഞാൻ എറണാകുളത്തുനിന്ന് തിരുവനന്തപുരത്തേക്ക് പോരുമ്പോൾ ഒരു യാത്രക്കാരൻ എന്നോടു ചോദിച്ചു. നിങ്ങൾ എവിടെ പോകുന്നു, നിങ്ങളെ കണ്ടു പരിചയമുണ്ടല്ലോയെന്ന്. ഞാൻ ഇന്ന ആളാണെന്ന് പറഞ്ഞു. അദ്ദേഹം കണ്ണൂരിൽനിന്ന് വരികയാണ്. അദ്ദേഹം പറഞ്ഞു, ഞങ്ങളുടെ നേതാവ് ശ്രീ. പിണറായി വിജയനാണ്. ഞാനൊരു ജോത്സ്യനാണ്. നിങ്ങൾക്ക് അദ്ദേഹത്തെ ഒരു പുല്ലും ചെയ്യാൻ പറ്റില്ല. ഞാൻ പറഞ്ഞു, ആയിക്കോട്ടെ. അദ്ദേഹം ഏത് പോസ്റ്റിലിരുന്നാലും പത്ത് വർഷക്കാലത്തിലധികം ഇരിക്കും. അതായത്, പാർട്ടി സെക്രട്ടറിയായി പതിനേഴ് വർഷമിരുന്നു. മുഖ്യമന്ത്രിയായി പത്ത് വർഷമിരുന്നു. ഇനി പ്രതിപക്ഷ നേതാവായിട്ടും നിങ്ങൾക്ക് അദ്ദേഹത്തെയൊരു പുല്ലും ചെയ്യാൻ കഴിയില്ല. ശ്രീ. കെ. എൻ. ബാലഗോപാൽ അതുകണ്ട് ആഗ്രഹിക്കുകയും വേണ്ട. പത്തുവർഷക്കാലം അദ്ദേഹം ഇരിക്കും. ഒരു കാര്യം കൂടി പറയാനുണ്ട്. അങ്ങ് പത്ത് വർഷക്കാലം കേരളത്തിന്റെ മുഖ്യമന്ത്രി ആയിരുന്നപ്പോൾ അങ്ങ് രക്ഷാപ്രവർത്തനം നടത്തുന്ന കരിമ്പൂച്ചകളുടെ നടുവിലായിരുന്നു. ഭൂമിയിലിറങ്ങുമ്പോൾ ആണ്. അല്ലാത്തപ്പോൾ, കാറിൽ കയറുമ്പോൾ അങ്ങ് കറുത്ത കാറിന്റെ ഇടയിലായിരുന്നു. അങ്ങ് പാർട്ടി പ്രവർത്തകരെ കാണാൻ തയ്യാറല്ല. അങ്ങ് സാധാരണ മനുഷ്യരോടും മൈക്കിനോട് പോലും യുദ്ധം ചെയ്ത ആളാണ്. അപ്പോൾ അങ്ങനെയുള്ള ആൾ പത്തുവർഷക്കാലം പ്രതിപക്ഷ നേതാവായി ഇരിക്കട്ടെ എന്ന് ആശംസിക്കുന്നു. അങ്ങേക്ക് ദീർഘായുസ്സ് കിട്ടട്ടെ എന്നാഗ്രഹിക്കുന്നു. അങ്ങയെക്കുറിച്ച്

നല്ലത് പറയാൻ അവസരം തരാത്തതിന് ഞാൻ വിഷമത്തോടുകൂടി ഈ പ്രമേയത്തെ അനുകൂലിക്കുന്നു. നന്ദി.

മി. സ്പീക്കർ: നമുക്കത് വ്യക്തിപരമായി പറയാം.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഞാനൊരു Point of order ഉന്നയിച്ചു. അത് ഒരു അംഗം എന്ന നിലയിൽ എന്റെ അവകാശമാണ്. മുൻമന്ത്രിയായിരുന്ന ശ്രീ. ഒ. ആർ. കേളുവിനെക്കുറിച്ച് സംസാരിച്ചപ്പോൾ, ഞാൻ ധനകാര്യ മന്ത്രിയായിരുന്നപ്പോൾ ഇവിടുത്തെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിന് അനുവദിച്ച പണം മൊത്തം വെട്ടിപ്പിടിച്ചുവെന്ന് പറയുകയുണ്ടായി. അടിസ്ഥാനരഹിതമായ അത്തരം കാര്യങ്ങൾ പറയുന്നത് തെറ്റാണ്. എത്ര മെമ്പർമാർ ആയിക്കോട്ടെ, അംഗങ്ങൾ കുറഞ്ഞോട്ടെ, കൂടിക്കോട്ടെ. അത് പ്രൊട്ടക്റ്റ് ചെയ്യുവാനുള്ള ഉത്തരവാദിത്വം അങ്ങേക്ക് ഉണ്ട്. ബാക്കി പ്രസംഗിച്ചതിനെക്കുറിച്ചല്ല, അതൊക്കെ ഓരോരുത്തരുടെ ശൈലിയാണ്. പക്ഷേ അടിസ്ഥാനരഹിതമായ ഒരു കാര്യം അങ്ങനെ വെട്ടിപ്പിടിച്ചു, വെട്ടിക്കുറച്ചു എന്നുപറയാൻ പാടില്ല. പ്രസംഗിക്കുമ്പോൾ അങ്ങനെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിന്റെ പണം വെട്ടിക്കുറച്ചു എന്നു പറയുകയും അത് പ്രസംഗത്തിൽ പോകുകയും അത് രേഖയിൽ കിടക്കുകയും ചെയ്യുമ്പോൾ അതിന്റെയൊരു എഫക്റ്റ് എന്താണ്? അങ്ങനെ വസ്തുതാപരമല്ലാത്ത കാര്യമാണ് പറഞ്ഞത്. അങ്ങനെ കുറച്ചിട്ടില്ല. ഇത്തരം തെറ്റായ കാര്യങ്ങൾ പറയുമ്പോൾ അത് തെറ്റാണെന്നും രേഖയിൽ കാണില്ലെന്നും അങ്ങ് പറയേണ്ടതാണ്.

മി. സ്പീക്കർ: ഞാൻ രേഖകൾ പരിശോധിച്ചിട്ട് വിവരം അറിയിക്കാം[+].

പ്രതിപക്ഷ നേതാവ് (ശ്രീ. പിണറായി വിജയൻ): സർ, ഒരു പുതിയ സർക്കാർ അധികാരത്തിൽ വരുമ്പോൾ സ്വാഭാവികമായും എല്ലാവരും ഉറ്റുനോക്കുന്നത് ആ സർക്കാരിന്റെ ആദ്യത്തെ നയപ്രഖ്യാപന പ്രസംഗമാണ്. സർക്കാരിന്റെ നയം, എന്താണ് സർക്കാരിന്റെ ദിശ ഇതെല്ലാം മനസ്സിലാക്കാൻ കഴിയുന്ന ഒന്നാവണം സാധാരണഗതിയിൽ നയപ്രഖ്യാപനം. പക്ഷേ നിരാശയാണ് ഈ നയപ്രഖ്യാപന പ്രസംഗത്തിലൂടെയുണ്ടായത്.

---

\+ ബഹുമാനപ്പെട്ട സഭാധ്യക്ഷന്റെ തീരുമാനപ്രകാരം (കെ.എൽ.എസ്./3245/2026/എഡിറ്റിങ്) സഭാരേഖകളിൽ നിലനിർത്തി.

അതായത് ഇതിന്റെ മുഖമുദ്ര നയരാഹിത്യമാണ്. ഈ നയപ്രഖ്യാപനം ഒരു പ്രതീക്ഷയും സമൂഹത്തിന് മുന്നിൽ വയ്ക്കുന്നില്ലെന്നതാണ് വസ്തുത. സൂക്ഷ്മ വായനയിൽ ആ നയരാഹിത്യം നിഷ്ക്രിയത്വത്തിന്റേതാണ്. ഈ നയം കേരളത്തിന്റെ മുന്നോട്ടുപോക്കിന് ഉതകുന്നതല്ല. മാത്രമല്ല കേരളത്തിന്റെ തകർച്ചയ്ക്ക് വഴിവയ്ക്കുന്നതുകൂടിയാണ്. ഇതിന്റെ ഏറ്റവും വലിയ പ്രത്യേകത ഈ നയം സംഘപരിവാർ രാഷ്ട്രീയത്തെ തുറന്നു കാണിക്കുന്നില്ല എന്നുള്ളതാണ്. ഒരുതരം സമരസപ്പെടൽ, കീഴടങ്ങൽ മനോഭാവം ഇതിനകത്ത് കാണാൻ കഴിയും. കേരളത്തിന്റെ താൽപര്യങ്ങൾ ഹനിക്കുന്നതാണ് സംഘപരിവാറിന്റെ നേതൃത്വത്തിലുള്ള കേന്ദ്ര സർക്കാരിന്റെ നിലപാടുകളെന്ന് എല്ലാവർക്കും അറിയാം. ആ കേന്ദ്ര സർക്കാരിന്റെ നിലപാടുകൾക്ക് എതിരായി ഈ നയ പ്രഖ്യാപന പ്രസംഗത്തിൽ യാതൊന്നും പരാമർശിക്കപ്പെട്ടില്ല. ഇവിടെ നമ്മുടെ സംസ്ഥാനങ്ങളുടെ ഭരണഘടനപരമായ അവകാശങ്ങൾക്കുമേൽ ഇപ്പോഴത്തെ ഭരണത്തിന്റെ പ്രാരംഭ ഘട്ടത്തിൽതന്നെ ഒരുതരം രാഷ്ട്രീയ ദുരൂഹത ഉയർന്നുവന്നു എന്നുള്ളത് കാണേണ്ടതായിട്ടുണ്ട്. ഇപ്പോൾ കൂടുതലായിട്ട് അതിലേക്ക് പോകുന്നില്ല. പതിയെ അതിന്റെ എല്ലാ കാര്യങ്ങളും പുറത്തുവരുമെന്നാണ് പ്രതീക്ഷിക്കുന്നത്. സംസ്ഥാനത്ത് മികച്ച ഭൂരിപക്ഷത്തോടെ യു.ഡി.എഫ്. ജയിച്ചുവന്നതിനുശേഷം കണ്ടത് മുഖ്യമന്ത്രി പദത്തിലേക്ക് വലിയ തർക്കം നടക്കുന്നതാണ്. അത് ആ പാർട്ടിയുടെ പ്രശ്നമാണ്; ഞങ്ങളാരും അക്കാര്യത്തിൽ അഭിപ്രായം പറയാൻ പോയില്ല. പക്ഷെ തെരുവുകളിൽ ഗ്രൂപ്പ് യുദ്ധം സംഘടിപ്പിക്കുന്നതായി പിന്നീട് കാണാൻ കഴിഞ്ഞു. അതിനെല്ലാംശേഷം ഭരണം തുടങ്ങി. തുടക്കത്തിൽ എന്താണ് കാണാൻ കഴിയുന്നത്? ഇവിടെ കൂട്ടുത്തരവാദിത്വം നഷ്ടപ്പെടുന്നുവെന്നതാണ് തുടക്കത്തിൽത്തന്നെയുണ്ടായ പ്രതീതി. ഉന്നത ഉദ്യോഗസ്ഥതലത്തിൽ നടത്തിയ മാറ്റങ്ങൾ ഏകപക്ഷീയമായിപ്പോയെന്ന ആരോപണം മന്ത്രിമാരുടെ ഭാഗത്തുനിന്നുതന്നെ ഉയരുകയാണ്. അവിടെയാണ് കൂട്ടുത്തരവാദിത്വത്തിന്റെ ഇല്ലായ്മ വരുന്നത്. ഇവിടെ ബി.ജെ.പി. നേതൃത്വത്തിലുള്ള കേന്ദ്ര സർക്കാർ ഭരണഘടനാ മൂല്യങ്ങളെ അട്ടിമറിക്കാനും ഫെഡറൽ വ്യവസ്ഥയെ തച്ചുതകർക്കാനുമാണ് ശ്രമിക്കുന്നത്. പ്രതിപക്ഷ കക്ഷികൾ

ഭരിക്കുന്ന സംസ്ഥാനങ്ങൾക്കെതിരെ സാമ്പത്തിക ഉപരോധം, ഗവർണ്ണർമാരെ ഉപയോഗിച്ചുകൊണ്ടുള്ള രാഷ്ട്രീയക്കളി തുടങ്ങിയവയെല്ലാം തുടർന്നുവരികയാണ്. മതനിരപേക്ഷത അനുദിനം അപകടപ്പെടുത്തുന്ന സമീപനം ശക്തിപ്പെടുന്നു. പക്ഷെ കേന്ദ്ര സർക്കാരിന്റെ ഇത്തരം നയങ്ങൾക്കെതിരെ നയപ്രഖ്യാപനത്തിൽ കുറ്റകരമായ മൗനം പാലിച്ചതായാണ് കാണാൻ സാധിക്കുന്നത്. സത്യപ്രതിജ്ഞാവേളയിൽ "വന്ദേ മാതരം" ആലപിച്ചതുമായി ബന്ധപ്പെട്ട പ്രശ്നം നാം ചർച്ച ചെയ്തതാണ്. അത് വല്ലാത്തൊരു ദുരനുഭവമായല്ലോ. കേന്ദ്ര സർക്കാരിന്റെ രാഷ്ട്രീയ നിലപാടുകളോടുള്ള കീഴ്പ്പെടലല്ലേ അതുവഴിയുണ്ടായത്? അത് യാദൃച്ഛികമായി സംഭവിച്ചതാണെന്ന് കരുതാൻ കഴിയുമോ? ഇന്നലെ കർണ്ണാടകയിലും അതാവർത്തിച്ചുവെന്ന് കാണുമ്പോൾ ഒരു അനുഭവത്തിൽനിന്നും കാര്യങ്ങൾ ഉൾക്കൊള്ളുന്നില്ല എന്നല്ലേ മനസ്സിലാക്കേണ്ടത്? സത്യപ്രതിജ്ഞാവേദിയിൽ മന്ത്രിസഭാംഗങ്ങൾ മാത്രം മതിയെന്ന് ബഹുമാനപ്പെട്ട ഗവർണ്ണർ നിർദേശിച്ചുവെന്നും അത് തിരുത്തിക്കാൻ തങ്ങൾക്ക് കഴിഞ്ഞുവെന്നും സർക്കാർ അഭിമാനപൂർവം പറയുന്നതായി കണ്ടു. അങ്ങനെയാണെങ്കിൽ ആർ.എസ്.എസ്. അജണ്ടയ്ക്ക് വഴങ്ങാതിരിക്കാൻ കഴിയാതിരുന്നത് എന്തുകൊണ്ടാണ്? ഞങ്ങൾ ഇക്കഴിഞ്ഞ തിരഞ്ഞെടുപ്പിൽ നേരിട്ട പരാജയം അംഗീകരിച്ചുതന്നെയാണ് മുന്നോട്ടുപോകുന്നത്. പക്ഷെ ഞങ്ങൾ ഈ സംസ്ഥാനത്ത് ഉയർത്തിയ രാഷ്ട്രീയവും കഴിഞ്ഞ സർക്കാർ മുന്നോട്ടുവച്ച വികസന പരിപ്രേക്ഷ്യവുമെല്ലാം ഞങ്ങൾ മുറുകെ പിടിക്കുകതന്നെ ചെയ്യും. ഇവിടെ നേരത്തെ ചില പരാമർശങ്ങളുണ്ടായി. ഇതോടെ എല്ലാം അവസാനിച്ചുവെന്നല്ല ഞങ്ങൾ കാണുന്നത്. മുൻകാലങ്ങളിലുണ്ടായതുപോലെതന്നെ കൂടുതൽ കരുത്തോടെ ഞങ്ങൾ തിരിച്ചുവരും. നേമം, കഴക്കൂട്ടം, ചാത്തന്നൂർ നിയോജകമണ്ഡലങ്ങളിൽ ബി.ജെ.പി. ജയിച്ചിരിക്കുകയാണ്. ഈ മൂന്ന് മണ്ഡലങ്ങളിലും യു.ഡി.എഫ്. മൂന്നാം സ്ഥാനത്താണ്. ഇപ്പോൾ യു.ഡി.എഫ്.-ന് അനുകൂലമായി മഹാതരംഗം ഉയർന്നുവന്നിട്ടും നേമം മണ്ഡലത്തിൽ 2021-ൽ കിട്ടിയ അത്രയും വോട്ട് 2026-ൽ ലഭിക്കാതിരുന്നത് എന്തുകൊണ്ടാണെന്നുള്ളത് പരിശോധിക്കേണ്ട കാര്യമാണ്. ഞാനിപ്പോൾ അതിന്റെ മറ്റ് വിശദാംശങ്ങളിലേക്ക് പോകുന്നില്ല.

ഒരു പ്രത്യേകത കാണാനിടയായി. ബി.ജെ.പി.-യുടെ സംസ്ഥാന അധ്യക്ഷൻ ബഹുമാനപ്പെട്ട ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തെ അഭിനന്ദിക്കുന്നതായി കാണാൻ കഴിഞ്ഞു. നയപ്രഖ്യാപനത്തിലുള്ള ഭൂരിഭാഗം കാര്യങ്ങളും ബി.ജെ.പി.-യുടെ പ്രകടനപത്രികയിൽനിന്നും കാഴ്ചപ്പാടിൽനിന്നും പ്രചോദനമുൾക്കൊണ്ട് കടമെടുത്ത് തയ്യാറാക്കിയതാണെന്നാണ് അദ്ദേഹം സാമൂഹ്യ മാധ്യമങ്ങളിൽ പങ്കുവച്ച കുറിപ്പിൽ അവകാശപ്പെട്ടിരിക്കുന്നത്. ബി.ജെ.പി. അജണ്ട അനാവരണം ചെയ്യുന്ന നയപ്രഖ്യാപനമാണെന്ന് കണ്ടുകൊണ്ടാണ് അദ്ദേഹമതിനെ അനുകൂലിച്ചതെന്നാണ് ഈ ഫേസ്ബുക്ക് പോസ്റ്റിൽനിന്ന് വ്യക്തമാകുന്നത്.

നമ്മുടെ സംസ്ഥാനം കേന്ദ്ര സർക്കാരിൽനിന്നും കടുത്ത സാമ്പത്തിക വിവേചനം നേരിടുന്നുണ്ട്. ജി.എസ്.ടി. നഷ്ടപരിഹാരം, വായ്പാ പരിധി നിയന്ത്രണം, കേന്ദ്ര നികുതി വിഹിതത്തിലെ അനീതി, കേന്ദ്രാവിഷ്കൃത പദ്ധതികളിലെ വിഹിതക്കുറവ്, സംസ്ഥാനത്തിന്റെ ഭരണഘടനാപരമായ അവകാശങ്ങളിലുള്ള ഇടപെടലുകൾ തുടങ്ങി കേരളത്തിന്റെ ധനസ്ഥിതിയെ തകർക്കാനുള്ള ഒട്ടേറെ ശ്രമങ്ങളാണ് കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുന്നത്. ഇതിനെല്ലാമെതിരെ കരുത്തുറ്റ പോരാട്ടങ്ങളാണ് കഴിഞ്ഞ പത്ത് വർഷം എൽ.ഡി.എഫ്. സർക്കാർ നടത്തിയത്. ഇതെല്ലാം നേരിട്ടുകൊണ്ടുതന്നെയാണ് വികസനക്ഷേമ പ്രവർത്തനങ്ങളുമായി ആ സർക്കാർ മുന്നോട്ടുപോയത്. എന്നാൽ ആ കാലത്ത് കേരളത്തിന്റെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നുള്ള സഹായം ഒരുഘട്ടത്തിലും ലഭിച്ചില്ല എന്നത് ഓർക്കേണ്ടതാണ്.

ഇപ്പോൾ ധവളപത്രം ഇറക്കിക്കഴിഞ്ഞിരിക്കുകയാണ്. അത് കൈയിൽ ലഭിച്ചെങ്കിലും വായിച്ച് നോക്കിയിട്ടില്ല. ഒരു സ്റ്റാറ്റസ് റിപ്പോർട്ടാണെന്ന മട്ടിലാണ് നേരത്തെ പറഞ്ഞത്. ഇതിലൊരു വൈരുധ്യമില്ലേ? ഇന്നലെ വൈകുന്നേരമാണ് ആ റിപ്പോർട്ട് ലഭിക്കുന്നത്. സാധാരണനിലയിൽ അത്തരമൊരു റിപ്പോർട്ട് ലഭിച്ചാൽ, നേരത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ സാഹചര്യത്തിൽ, അതുമായി ബന്ധപ്പെട്ട ഒരു ഫാക്ട് ചെക്കിങ് ധനകാര്യ വകുപ്പ് നടത്തേണ്ടതല്ലേ; ധനകാര്യ വകുപ്പ് അത്തരമൊരു ഫാക്ട് ചെക്കിങ് നടത്തിയിട്ടുണ്ടോ;

നിയമ വകുപ്പ് കാണേണ്ട കാര്യങ്ങൾ ഇതിലുണ്ടായിരുന്നോ; സിവിൽ സെർവന്റ്സ് പരിശോധിച്ച് സർക്കാർ രേഖയായി ആതന്റിക്കേറ്റ് ചെയ്യാതെ കണ്ണടച്ച് സഭയിലേക്ക് കൊണ്ടുവരുന്നത് ശരിയായ രീതിയാണോ? മന്ത്രിസഭ കണ്ടുവെന്ന് നേരത്തെ അവകാശപ്പെടുകയുണ്ടായി. മന്ത്രിസഭ കണ്ടതുകൊണ്ട് ഫാക്ട് ചെക്കിങ് നടന്നുവെന്ന് കണക്കാക്കാൻ കഴിയുമോ?

സർക്കാരിന്റെ പേരിൽ പുറത്തുവരുന്ന പോളിസി ഡോക്യുമെന്റുകൾ prescribed procedure അനുസരിച്ചല്ലേ വേണ്ടത്? സാമ്പത്തിക നയം, ധനകാര്യ വിലയിരുത്തൽ ഇതിലെല്ലാം അതിന്റേതായ നടപടിക്രമങ്ങൾ വേണ്ടേ. ഇവയ്ക്കെല്ലാം സാധാരണ സ്വീകരിക്കുന്ന നടപടിക്രമങ്ങളുണ്ടല്ലോ. ക്യാബിനറ്റ് സർക്കുലേഷൻ, മുഖ്യമന്ത്രിയുടെ അംഗീകാരം, ഫിനാൻസ് ഡിപ്പാർട്ടുമെന്റിന്റെ കൺകറൻസ് ഇതെല്ലാം ഈ രേഖയുടെ കാര്യത്തിൽ നടപടിക്രമങ്ങൾ പാലിച്ച് ഉണ്ടായിട്ടുണ്ടോ. ഇവിടെ ജനങ്ങൾ പ്രതീക്ഷിക്കുന്നത് ജനക്ഷേമത്തെ അധിക ചെലവായി കാണാത്ത, സാമൂഹിക നീതിയുടെ അടിത്തറയായി കാണുന്ന ഒരു രാഷ്ട്രീയ ദിശയാണ്. ആ നിലപാട് ഈ നയപ്രഖ്യാപന പ്രസംഗത്തിൽ പ്രതിഫലിച്ചില്ല. ഇത് കേരളീയരെ സംബന്ധിച്ചിടത്തോളം അത്യന്തം നിരാശാജനകമാണ്. തൊഴിലുറപ്പ് നിയമം അട്ടിമറിച്ച് പുതുതായി വന്ന 'VB-G RAM G' [വികസിത ഭാരത് ഗാരണ്ടി ഫോർ റോസ്ഗാർ ആൻഡ് അജീവിക മിഷൻ (ഗ്രാമീൺ)]-യെപ്പറ്റി ഒന്നും പരാമർശിച്ചതായി കണ്ടില്ല. കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക നയങ്ങൾ, വർഗീയ ചേരിതിരിവ് സൃഷ്ടിക്കുന്ന നയങ്ങൾ ഇതൊന്നും എതിർത്തതായി കാണുന്നില്ല. പശ്ചിമേഷ്യയിലെ യുദ്ധസാഹചര്യം നമ്മുടെ നാടിനെ വല്ലാതെ ബാധിക്കുന്നതാണ്. അതിലും കേന്ദ്ര സർക്കാരിന്റെ നിലപാടുകളെ തുറന്ന് എതിർക്കുന്നതായി കാണുന്നില്ല. പ്രവാസികളെ ദോഷകരമായി ബാധിക്കുന്ന ഗൾഫ് പ്രതിസന്ധിയെപ്പറ്റിയും പരാമർശമില്ല. ഈ സ്ഥിതിവിശേഷം കേരളത്തെ എങ്ങനെ ബാധിക്കും, ഇത് മറികടന്നുപോകാൻ എന്തൊക്കെയാണ് നയപരിപാടികൾ എന്നൊന്നും നയപ്രഖ്യാപനത്തിൽ പരാമർശിക്കുന്നില്ല. വലിയ ആശങ്കയുയർത്തുന്നത് ക്ഷേമനയങ്ങളെക്കുറിച്ചുള്ള അനിശ്ചിതത്വമാണ്. 'പൊതുവിദ്യാഭ്യാസ മേഖലയുടെ

സംരക്ഷണം തുടരുമോ, പൊതുജനാരോഗ്യ സംവിധാനത്തെ കൂടുതൽ ശക്തിപ്പെടുത്തുമോ, ലൈഫ് ഭവന പദ്ധതി തുടരുമോ, ക്ഷേമ ബോർഡുകൾ സംരക്ഷിക്കപ്പെടുമോ, ഭാവി കേരള വികസനത്തിന്റെ ചാലകശക്തിയായ കിഫ്ബി തുടരുമോ, അതിദാരിദ്ര്യ നിർമ്മാർജ്ജന പരിപാടിക്ക് തുടർച്ചയുണ്ടാകുമോ' ഇതിനെല്ലാമുള്ള മറുപടി ജനങ്ങൾ ആഗ്രഹിക്കുന്നതാണ്. 'പുതുയുഗ കേരളം' ഒരു മുദ്രാവാക്യം മാത്രമായി നയപ്രഖ്യാപനത്തിൽ എഴുതിച്ചേർത്തിട്ടുണ്ട്. പക്ഷെ എന്താണ് അതിനുള്ള കർമ്മപരിപാടി എന്നത് സംബന്ധിച്ച് ഒരു വരിപോലും ഈ നയപ്രഖ്യാപനത്തിലില്ല എന്നതാണ് വസ്തുത.

മി. സ്പീക്കർ: അങ്ങേയ്ക്ക് ഇനി എത്ര സമയം കൂടി ആവശ്യമുണ്ട്?

ശ്രീ. പിണറായി വിജയൻ: സർ, ഞാൻ അവസാനിപ്പിക്കാനുദ്ദേശിക്കുകയാണ്. പക്ഷെ ഒരു കാര്യംകൂടി പറയാനുണ്ട്. അതിന് അങ്ങ് സമയം അനുവദിക്കണം. അതായത് ബഹുമാന്യനായ നിലമ്പൂർ അംഗം നേരത്തെ സംസാരിച്ചപ്പോൾ ഒരു കാര്യം പറയുകയുണ്ടായി. അദ്ദേഹവും അദ്ദേഹത്തെപ്പോലുള്ള ചില അംഗങ്ങളും കാര്യങ്ങൾ മനസ്സിലാക്കുന്നതിന് അത് പറയുന്നത് നന്നായിരിക്കുമെന്നാണ് തോന്നുന്നത്. അതിനുള്ള സമയം അങ്ങ് അനുവദിക്കുമെന്ന് പ്രതീക്ഷിക്കുകയാണ്. ഇന്നലെ നിലമ്പൂർ അംഗം എന്തോ ഒരു പുതിയ കണ്ടുപിടുത്തം എന്നുള്ള നിലയിലാണ് കാര്യങ്ങൾ ഉന്നയിക്കുന്നതായി കണ്ടത്. ഇത് കേട്ട് കയ്യടിച്ച ആളുകൾ നമ്മുടെ സഭയിലുണ്ട്. ഇതൊരു പുതിയ കാര്യമല്ല. വർഷങ്ങൾക്ക് മുമ്പ് ശ്രീ. അരുൺ ഷൂരി 'The illustrated Weekly of India' എന്ന മാഗസിനിൽ എഴുതി നിറംപിടിപ്പിച്ച നുണകളും അർധ സത്യങ്ങളും ഇവിടെ വീണ്ടും ഉയർത്തി പുതിയ കാര്യമായി കാണിക്കുകയാണുണ്ടായത്. ശ്രീ. അരുൺ ഷൂരിയാകട്ടെ ആശ്രയിച്ചത് സംഘ്പരിവാറിന്റെയും ചില പഴയ കോൺഗ്രസ്സുകാരുടെയും മുനതേഞ്ഞ ആരോപണങ്ങളാണ്. അതിനെല്ലാം അപ്പപ്പോൾ മറുപടിയും നൽകിയിട്ടുണ്ട്. ആ മറുപടിക്ക് മുമ്പിൽ വിശദീകരണമില്ലാതെ അവർ തളർന്നിരുന്നിട്ടുമുണ്ട്. അത് ബഹുമാന്യനായ ആര്യാടൻ ഷൗക്കത്ത് ചിലപ്പോൾ അറിഞ്ഞിട്ടുണ്ടാകില്ല. ക്വിറ്റ് ഇന്ത്യ സമരത്തിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നിലപാടിനെ വിമർശിച്ചായിരുന്നു ശ്രീ. അരുൺ ഷൂരിയുടെ ആ ലേഖനം. അതിന്

അന്നത്തെ പാർട്ടി പോളിറ്റ് ബ്യൂറോ അംഗം എം. ബസവപുന്നയ്യ 'The Illustrated Weekly of India'-ൽതന്നെ മറുപടി നൽകി; People's Democracy-ൽ വിശദമായ മറുപടിയും നൽകി. രണ്ടാം ലോക മഹായുദ്ധം 1939-ൽ രണ്ട് സാമ്രാജ്യത്വ ശക്തി ധ്രുവങ്ങളാണുണ്ടാക്കിയത്. അച്ചുതണ്ട് ശക്തികളായ ജർമ്മനി, ജപ്പാൻ, ഇറ്റലി എന്നിവർ ഒരു ഭാഗത്തും മറുവശത്ത് സഖ്യശക്തികളായ ബ്രിട്ടൻ, ഫ്രാൻസ്, അമേരിക്ക എന്നിവരും. സോവിയറ്റ് യൂണിയൻ ആദ്യ ഘട്ടത്തിൽ യുദ്ധത്തിൽ പങ്കെടുക്കാതെ ഇരുവശത്തുമില്ലായിരുന്നു. 1941-ൽ ജർമ്മനിയും കൂട്ടാളികളും വലിയ മുന്നേറ്റമുണ്ടാക്കിയ ശേഷം സോവിയറ്റ് യൂണിയനെ ആക്രമിക്കാൻ പുറപ്പെട്ടു. അതോടെയാണ് സോവിയറ്റ് യൂണിയൻ ബ്രിട്ടനോടൊപ്പം ചേർന്ന് ജർമ്മനിക്കെതിരെ യുദ്ധരംഗത്തേക്ക് വന്നത്. ആ സമയത്ത് നമ്മുടെ രാജ്യത്ത് തീക്ഷ്ണമായ സ്വാതന്ത്ര്യസമരം നടക്കുകയാണ്. സോവിയറ്റ് യൂണിയൻ ആക്രമിക്കപ്പെട്ടപ്പോൾ മഹാത്മാഗാന്ധിതന്നെ പറഞ്ഞത്, 'എന്റെ സഹതാപം ഇംഗ്ലണ്ടിനോടൊപ്പമാണ്' എന്നാണ്. ബ്രിട്ടീഷ് വൈസ്രോയി ലിൻലിത്ഗോ പ്രഭുവിനോട് താൻ അങ്ങനെ പറഞ്ഞതായി ഗാന്ധിജിതന്നെ അദ്ദേഹത്തിന്റെ സമാഹൃത കൃതികളിൽ എഴുതിയിട്ടുമുണ്ട്. ഇതേ കാലത്താണ് യുദ്ധോത്സുകമായ മുന്നേറ്റത്തിന് സുബാഷ് ചന്ദ്ര ബോസ് ഇറങ്ങുന്നത്. നേതാജിയുടെ സമരോത്സുകതയോട് ജനങ്ങൾ കൂടുതൽ അടുക്കുന്നത് കണ്ടാണ് 1942 ആഗസ്റ്റിൽ 'ക്വിറ്റ് ഇന്ത്യാ' സമരം പ്രഖ്യാപിക്കുന്നത്. ഗാന്ധിജിപോലും രണ്ടാം ലോകമഹായുദ്ധകാലത്ത് ബ്രിട്ടനും സോവിയറ്റ് യൂണിയനും നേതൃത്വം നൽകിയ സഖ്യത്തിനാണ് മാനസിക പിന്തുണ നൽകിയതെന്ന് പറഞ്ഞല്ലോ. ഹിറ്റ്ലറുടെ ജർമ്മനി യുദ്ധം ജയിക്കുന്ന ഘട്ടം വന്നാൽ ലോകത്തെയാകെ നാസിസം കീഴ്പ്പെടുത്തുമെന്ന ശരിയായ വിലയിരുത്തലായിരുന്നു അന്ന് കമ്മ്യൂണിസ്റ്റ് പാർട്ടി നടത്തിയത്. അതിനാലാണ് സോവിയറ്റ് യൂണിയൻ നേതൃത്വം നൽകിയ പക്ഷത്തിന് പിന്തുണ നൽകിയത്. അതിന്റെയർഥം 'ബ്രിട്ടീഷ് രാജ്'-നെ അംഗീകരിച്ചുകൊടുത്തുവെന്നല്ല. രണ്ടാം ലോകമഹായുദ്ധത്തിന്റെ കാലത്ത് ബ്രിട്ടനൊപ്പം മാനസികമായി നിലകൊണ്ട ഗാന്ധിജി തൊട്ടടുത്ത വർഷം 1943-ൽ ക്വിറ്റ് ഇന്ത്യാ സമരം പിൻവലിച്ചത് ലോകരാഷ്ട്രീയത്തെ ഫാസിസം വിഴുങ്ങുമെന്ന ആസന്നമായ

കാര്യത്തെ മുൻകൂട്ടിക്കണ്ടുകൊണ്ടാണ്. ക്വിറ്റ് ഇന്ത്യാ സമരത്തെക്കുറിച്ച് പറയുന്നവർ ഒരു കൊല്ലത്തിനുള്ളിൽ അത് പിൻവലിക്കപ്പെട്ട സാഹചര്യവും ആലോചിക്കണം. ഇനി വേറൊരു കാര്യം, ശ്രീ. അരുൺ ഷൂരി ആക്ഷേപിച്ച അതേ കമ്മ്യൂണിസ്റ്റുകാർ തന്നെയാണ് ആ ഘട്ടത്തിൽ ബ്രിട്ടീഷുകാരെ സായുധമായി എതിരിട്ടത്. പെഷവാർ, കാൺപൂർ, മദ്രാസ്, മീററ്റ്, ലാഹോർ ഗൂഡാലോചന കേസുകൾ കമ്മ്യൂണിസ്റ്റുകാർക്കുമേൽ ചുമത്തപ്പെട്ടത് ഇതേ കാലത്താണ്. കോൺഗ്രസ്സിനുമേൽ അക്കാലത്ത് നിരോധനമില്ലായിരുന്നു. എന്നാൽ അക്കാലത്ത് ബ്രിട്ടീഷുകാർ കമ്മ്യൂണിസ്റ്റ് പാർട്ടിയെ നിരോധിച്ചിരുന്നു എന്നതും ഓർക്കേണ്ടതാണ്. നിരോധനം നീങ്ങി 1943-ലാണ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഒന്നാം പാർട്ടി കോൺഗ്രസ് ബോംബെയിൽ നടന്നത്. 139 പ്രതിനിധികളായിരുന്നു അതിലുണ്ടായിരുന്നത്. ആ 139 പ്രതിനിധികളുടെ credential report വന്നപ്പോൾ അവർ ആകെ ജയിലിൽ കഴിഞ്ഞത് 411 വർഷമാണ്. ഇതാണ് കമ്മ്യൂണിസ്റ്റുകാരുടെ സമര ചരിത്രം. ഒന്നോ അതിലധികമോ തവണ ജയിലിൽ കഴിഞ്ഞവരായിരുന്നു അവരിൽ 70 ശതമാനം പേരും. അതായത് ഈ പാർട്ടി നേതാക്കളുടെ രാഷ്ട്രീയ ജീവിതത്തിലെ പകുതിയോളം കാലം ജയിലുകൾക്കുള്ളിലായിരുന്നു എന്നർത്ഥം. 53 ശതമാനം പ്രതിനിധികൾ ഒളിവിൽ കഴിഞ്ഞവരായിരുന്നു. അവരുടെ ആകെ ഒളിവ് ജീവിതകാലം കൂട്ടിയാൽ അതും 54 വർഷം വരും. 1943-ൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ  നിരോധനം പിൻവലിച്ചിട്ടും ഒന്നാം കോൺഗ്രസ് സമയത്ത് 695 പാർട്ടി അംഗങ്ങൾ ജയിലിലായിരുന്നു. അവരിൽ 105 പേർക്ക് ജീവപര്യന്തം തടവുശിക്ഷയാണ് വിധിക്കപ്പെട്ടത്. ഇതൊക്കെ സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായിട്ടുള്ളതാണ്. കമ്മ്യൂണിസ്റ്റുകാരും അന്ന് സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി ദേശീയ പ്രസ്ഥാനത്തിൽ പങ്കെടുത്തുകൊണ്ടാണല്ലോ പ്രവർത്തിച്ചിരുന്നത്. ഇതാണ് രക്തലിപികളിൽ എഴുതിയ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സമരചരിത്രം.  പി. സി. ജോഷി എഴുതിയ കത്തിനെപ്പറ്റി നേരത്തെ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. പാർട്ടി നിലപാട് വിശദീകരിച്ച് ഒരു കത്തല്ല പല കത്തും എഴുതിയിട്ടുണ്ട്. അതിൽ  പാർട്ടി നിലപാടാണ് പറഞ്ഞിരിക്കുന്നത്. ഫാസിസ്റ്റ് വിരുദ്ധ യുദ്ധത്തിനനുകൂലമായി കമ്മ്യൂണിസ്റ്റുകാർ പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകത

ബോധ്യപ്പെടുത്താൻ തയ്യാറാണെന്ന് പറഞ്ഞാണ് എഴുതിയത്. ഇതിലൊരിടത്തും കോൺഗ്രസ്സുകാരെ പിടിച്ചുതരാം എന്ന ഭാഗമില്ല. പി. സി. ജോഷി അടക്കമുള്ള കമ്മ്യൂണിസ്റ്റ് നേതാക്കൾ കോൺഗ്രസ്സുകാരായി സ്വാതന്ത്ര്യ സമരത്തിൽ അണിചേർന്നവരാണ്. അതും ബഹുമാനപ്പെട്ട ശ്രീ. ആര്യാടൻ ഷൗക്കത്തിന് അറിയാതിരിക്കില്ല എന്നാണ് തോന്നുന്നത്. ഒരു ഒറ്റിന്റെ കാര്യത്തെ സംബന്ധിച്ച് അദ്ദേഹം പറഞ്ഞു. അതിന്റെ ചരിത്രംകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. 1946-ൽ പുന്നപ്ര വയലാറിലും 1948 മുതൽ 1951 വരെ മലബാറിലും പൊലീസിനൊപ്പം സഞ്ചരിച്ച് കമ്മ്യൂണിസ്റ്റുകാരെ പിടികൂടാൻ കൂട്ടുനിന്ന ശ്രീ. ആര്യാടൻ ഷൗക്കത്തിന്റെ പൂർവികരുടെ പേരുകൾ നിരത്തിയാൽ തീരില്ല. ഇവിടെയാണ് നമ്മൾ മൊയാരത്ത് ശങ്കരനെ ആലോചിക്കേണ്ടത്. മഹാനായ കോൺഗ്രസ് നേതാവായിരുന്നു അദ്ദേഹം. കമ്മ്യൂണിസ്റ്റുകാരനായിപോയി എന്നുള്ളതുകൊണ്ടാണ് അദ്ദേഹത്തെ അന്നത്തെ 'കുറുവടിപ്പട' വഴിയിലിട്ട് തല്ലിചതച്ച് പൊലീസിനെ ഏല്പിക്കുകയും ജയിലിൽകൊണ്ടുപോയി തല്ലിചതച്ച് കൊലപ്പെടുത്തുകയും ചെയ്തത്. അത് ആദ്യം പിടിച്ചതും തല്ലിയതും കോൺഗ്രസ് നേതൃത്വത്തിലുള്ള കുറുവടിപ്പടയായിരുന്നു. അതിനെ സംബന്ധിച്ചും ബഹുമാനപ്പെട്ട ആര്യാടൻ ഷൗക്കത്തിന് അറിയുമോ എന്നറിയില്ല. ഇവിടെ സി.പി. രാമസ്വാമി അയ്യരുടെ അഞ്ചു രൂപാ പൊലീസിൽ ചേർന്ന് പുന്നപ്ര വയലാർ സമരത്തിലെ പോരാളികളെ ഒറ്റിയവരെ കാണാൻ കഴിയും. മലബാറിൽ കമ്മ്യൂണിസ്റ്റുകാരെ പിടികൂടാൻ എം.എസ്.പി.-കാർക്കൊപ്പം വീടു കയറിയ ആളുകളെയും മറക്കാൻ കഴിയുന്നതല്ല. ചരിത്രത്തെ സംബന്ധിച്ച് പറയുമ്പോൾ നിലമ്പൂർ അംഗം, ശ്രീ. അരുൺ ഷൂറിയുടെ വാദവും കൊണ്ടുവരാതിരിക്കാൻ ഇനിയെങ്കിലും ശ്രദ്ധിക്കുന്നത് നല്ലതാണ്. മറ്റുകാര്യങ്ങളിലേക്ക് ഞാൻ കടക്കുന്നില്ല. ബി.ജെ.പി.-യുമായിട്ടുള്ള ബന്ധത്തെക്കുറിച്ച് പറയുകയുണ്ടായി. നിലമ്പൂർ എം.എൽ.എ.-യുടെ പാർട്ടി 1921-ലെ മലബാർ കാർഷിക കലാപത്തെ ബ്രിട്ടീഷുകാർക്കൊപ്പം ചേർന്ന് മാപ്പിള ലഹള എന്നുപറഞ്ഞ് പരിഹസിച്ചവരാണ്. മലബാറിലെ കാർഷിക ജനതയുടെ സമരത്തെ സ്വാതന്ത്ര്യ സമരമായി അംഗീകരിക്കാൻ അന്ന് കോൺഗ്രസ് പാർട്ടി തയ്യാറായിരുന്നോ? മലബാർ കാർഷിക കലാപം മാത്രമല്ല, 1969-ൽ മലപ്പുറം ജില്ല എന്ന

ആശയത്തിനുതന്നെ എതിരുനിന്നവരായിരുന്നു കോൺഗ്രസ്സുകാർ. അന്ന് സംഘ്പരിവാറിനോടൊപ്പം തോളോടുതോൾ ചേർന്നാണ് അവർ നിലകൊണ്ടിരുന്നത്. 1969-ൽ വഴിക്കടവിൽനിന്നും ആരംഭിച്ച മലപ്പുറം ജില്ലാ വിരുദ്ധ ജാഥ നയിച്ചത് ആരെല്ലാമായിരുന്നുവെന്ന് ബഹുമാന്യനായ ആര്യാടൻ ഷൗക്കത്തിന് നല്ല നിശ്ചയമുണ്ടായിരിക്കും. ജില്ലാ വിരുദ്ധ സമരത്തിനായി അടൽ ബിഹാരി വാജ്പേയി കേരളത്തിൽ മലപ്പുറത്തിന്റെ മണ്ണിൽ വന്നു.

<u>ശ്രീ. ചാണ്ടി ഉമ്മൻ</u>: സർ..........(മൈക്ക് ഓഫ്)......

<u>ശ്രീ. പിണറായി വിജയൻ</u>: സർ, വാജ്പേയിയുടെ പേര് പറയുമ്പോൾ അവിടെയൊരു പൊള്ളൽ. യഥാർഥത്തിൽ പൊള്ളേണ്ടവർ ഇവിടെ ഇരിക്കുന്നുണ്ട്. അവരെക്കാളും പൊള്ളൽ അപ്പുറത്താണ് കാണുന്നത്. അടൽ ബിഹാരി വാജ്പേയിയോടൊപ്പം ചേർന്നുനിന്നുകൊണ്ടാണ് അക്കാലത്ത് കോൺഗ്രസുകാർ സമരം ചെയ്തത്. ഇതെല്ലാം ഓർമ്മിപ്പിക്കാൻ അവസരം നൽകിയതിന് ശ്രീ. ആര്യാടൻ ഷൗക്കത്തിന് നന്ദി രേഖപ്പെടുത്തുന്നു. കഴിഞ്ഞ സർക്കാരിന്റെ ക്ഷേമ വികസന പ്രവർത്തനങ്ങളെ രാഷ്ട്രീയ ലക്ഷ്യത്തോട് മാത്രം എതിരിട്ട യു.ഡി.എഫ്. എന്ത് ബദലാണ് ഇപ്പോൾ മുന്നോട്ടുവയ്ക്കുന്നത്. ജനങ്ങൾക്ക് പ്രതീക്ഷ അർപ്പിക്കാൻ കഴിയുന്ന ഒരു പ്രഖ്യാപനവും ഈ നയപ്രഖ്യാപന പ്രസംഗത്തിലില്ല. എൽ.ഡി.എഫ്. സർക്കാർ തുടങ്ങിവച്ച വികസന കുതിപ്പുകളെ പിന്നോട്ടടിപ്പിക്കുമെന്ന ആശങ്കയാണ് ഈ നയപ്രഖ്യാപനത്തിന്റെ സാക്ഷ്യപത്രം. അതിനാൽ നയപ്രഖ്യാപനത്തിന് നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തെ ശക്തമായി എതിർക്കുന്നു.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (<u>ശ്രീ. കെ. മുരളീധരൻ</u>): സർ, ബഹുമാനപ്പെട്ട ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്മേൽ മിനിഞ്ഞാന്നും ഇന്നലെയും ഇന്നുമായി നടന്ന ചർച്ചയിൽ എന്റെ രണ്ട് വകുപ്പുകളുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന പരാമർശങ്ങൾക്കുമാത്രം ഞാൻ മറുപടി പറയാം. പ്രതിപക്ഷത്തുനിന്നും ചർച്ചയാരംഭിച്ച ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് ശ്രീ. കെ. എൻ. ബാലഗോപാൽ, അദ്ദേഹം ആ ചെയർ മാറാതെ അവിടെത്തന്നെ ഇരിക്കുന്നതുകൊണ്ടാണ് ഞാൻ

അദ്ദേഹത്തെ പ്രതിപക്ഷ ഉപനേതാവെന്ന് സംബോധന ചെയ്തത്. ആ പദവി സി.പി.ഐ.-ക്ക് നൽകില്ലെന്ന് സി.പി.ഐ.(എം.) പറഞ്ഞ സ്ഥിതിക്ക് അദ്ദേഹം തന്നെയായിരിക്കും ആ സ്ഥാനത്ത് തുടരുക എന്നാണ് എന്റെ വിശ്വാസം. ശ്രീ. കെ. എൻ. ബാലഗോപാൽ മുതൽ അവസാനം പ്രസംഗിച്ച, അവസാനം ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവാണ് പ്രസംഗിച്ചതെങ്കിലും അതിനുമുമ്പ് ആവേശത്തോടെ പ്രസംഗിച്ച കല്ല്യാശ്ശേരി അംഗം ശ്രീ. എം. വിജിൻ വരെ പരാമർശിച്ച ചില വിഷയങ്ങൾക്ക് മാത്രമാണ് മറുപടി പറയുന്നത്. പ്രതിപക്ഷ ഉപനേതാവ് ശ്രീ. കെ. എൻ. ബാലഗോപാൽ വളരെ നിർദോഷമായിട്ടുള്ള ചില അഭിപ്രായങ്ങൾ പറഞ്ഞു. ഓപ്പറേഷൻ തിയേറ്ററിൽവച്ച് ഒരു ഡോക്ടറെ പാമ്പ് കടിച്ചുവെന്നും ഒരു രോഗി കട്ടിലിൽനിന്നും വീണുവെന്നുമൊക്കെ പറഞ്ഞു. കൂടാതെ ഇതെല്ലാം പതിവാണെന്നും ഇതുപോലെയാണ് മുമ്പ് ഒരു കത്രിക മറന്നുവച്ച് തുന്നിക്കെട്ടിയതെന്നും അത്രയേയുണ്ടായിട്ടുള്ളൂവെന്നും വളരെ നിർദോഷകരമായിട്ടുള്ള രീതിയിൽ അദ്ദേഹം പറഞ്ഞു. തൃശ്ശൂർ മെഡിക്കൽ കോളേജിൽ വച്ച് പി.ജി. വിദ്യാർഥിനിയെ പാമ്പ് കടിച്ചതുമായി ബന്ധപ്പെട്ട് എനിക്ക് അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്, എല്ലാ മെഡിക്കൽ കോളേജുകളും വൃത്തിയാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ഒരു പദ്ധതിയുടെ ഭാഗമായി കഴിഞ്ഞ 30-ാം തീയതി ആ മെഡിക്കൽ കോളേജിലെ കാടുകൾ വെട്ടിത്തെളിച്ചപ്പോൾ ഒരു പാമ്പ് രക്ഷപ്പെട്ട് ഒരു കാറിന്റെ ടയറിനടിയിൽ പതിങ്ങിയിരിക്കുകയും കാറിൽ കയറുന്നതിനായി എത്തിയ വിദ്യാർഥിനി അബദ്ധത്തിൽ അതിന്റെ പുറത്ത് ചവിട്ടുകയും ചെയ്തു. പാമ്പിനെ ചവിട്ടിയാൽ അത് കടിക്കും. അങ്ങനെ കടിച്ചതാണ്. അല്ലാതെ അദ്ദേഹം ഉദ്ദേശിച്ചതുപോലെ ഓപ്പറേഷൻ തിയേറ്ററിനകത്ത് വച്ച് ഡോക്ടറെ പാമ്പ് കടിച്ചതല്ല. അത്തരമൊരു സംഭവം നടന്നിരുന്നെങ്കിൽ ഇവിടത്തെ ചാനലുകൾ അതിനെ വലിയ വാർത്തയാക്കുമായിരുന്നു. ഒരു രോഗി മെഡിക്കൽ കോളേജിലെ കട്ടിലിൽനിന്നും വീണ് മരണപ്പെട്ടുവെന്നും അദ്ദേഹം പറഞ്ഞു. അതുസംബന്ധിച്ച് ചാനലിൽ വാർത്ത വന്നയുടൻതന്നെ അതിനെക്കുറിച്ച് അന്വേഷിക്കുന്നതിനായി പ്രിൻസിപ്പൽ ഉൾപ്പെടെയുള്ളവരെ ചുമതലപ്പെടുത്തിയിരുന്നു. 62 വയസ്സുള്ള വിൽഫ്രഡ് എന്ന രോഗിക്ക് വിൽസൺസ് ഡിസീസ്

എന്ന ഗുരുതര രോഗാവസ്ഥയുണ്ടായിരുന്നു. കരളിനെയും തലച്ചോറിനെയുമൊക്കെ ബാധിക്കുന്ന ഒരു രോഗമാണത്. മാത്രമല്ല ആ രോഗംമൂലം പെട്ടെന്ന് ഞെട്ടുന്നൊരു അവസ്ഥയുമുണ്ടായിരുന്നു. അതിനാൽ അദ്ദേഹത്തെ പ്രത്യേക വാർഡിലെ കട്ടിലിലാണ് കിടത്തിയിരുന്നത്. അദ്ദേഹം രാത്രി അതിൽനിന്നും നിലത്തുവീണതായും തുടർന്ന് മരണപ്പെട്ടതായും അദ്ദേഹത്തിന്റെ ബൈസ്റ്റാൻഡറാണ് ആദ്യം പരാതി പറഞ്ഞത്. പോസ്റ്റ്മോർട്ടം റിപ്പോർട്ട് ലഭിച്ചതിനുശേഷം തുടർനടപടികൾ സ്വീകരിക്കാമെന്ന നിലപാടാണ് സ്വീകരിച്ചത്. ഇന്നലെ രാത്രിയാണ് പോസ്റ്റ്മോർട്ടം റിപ്പോർട്ട് ലഭിച്ചത്. പ്രസ്തുത റിപ്പോർട്ടിൽ തലയ്ക്ക് ക്ഷതം സംഭവിച്ചിട്ടുണ്ടെന്ന് സൂചിപ്പിച്ചിട്ടുള്ളതിനാൽ കട്ടിലിൽനിന്നും താഴെ വീണ പരിക്കും മരണം സംഭവിച്ചതിന് കാരണമായേക്കാം. പക്ഷെ അദ്ദേഹത്തിനെ ബാധിച്ചിരുന്ന രോഗം വളരെ ഗുരുതരമായതായിരുന്നു. പോസ്റ്റ്മാർട്ടം റിപ്പോർട്ട് ലഭിച്ചതിനെത്തുടർന്ന് ഇന്നുതന്നെ തുടർനടപടികൾ സ്വീകരിക്കും. വാഹനാപകടത്തിൽ പരിക്കേറ്റ് ആശുപത്രിയിൽ സർജറി നടത്തിയ രാജേന്ദ്ര പ്രസാദ് എന്ന വ്യക്തിയുടെ മുറിവിൽ പുഴുവരിച്ചുവെന്നുള്ള പരാതിയാണ് പിന്നീട് ഇവിടെയുണ്ടായ മറ്റൊരു സംഭവം. അതൊരു രേഖാമൂലമുള്ള പരാതിയായി ബഹുമാനപ്പെട്ട മന്ത്രിക്കോ ആശുപത്രിയിലെ സൂപ്രണ്ടിനോ ലഭിച്ചിട്ടില്ല. പക്ഷെ അന്ന് രാത്രി ഞാൻ അവിചാരിതമായി ഒരു വാർത്താ ചാനൽ തുറന്നപ്പോൾ, ഒരു രോഗിയുടെ ശരീരത്തിൽ പുഴുവരിച്ച് നിലവിളിച്ചപ്പോൾ നഴ്സിനോടും ഡോക്ടറോടും അക്കാര്യത്തെക്കുറിച്ച് പറഞ്ഞെങ്കിലും രണ്ടുപേരും അത് മൈൻഡ് ചെയ്തില്ലെന്ന് രോഗിയുടെ മകൾ ചാനലുകാരോട് പറയുന്നതായി കണ്ടു. അതിനുശേഷം പി.എസ്.-നോട് ചോദിച്ചപ്പോൾ അദ്ദേഹവും ഈ വാർത്ത അറിഞ്ഞിരുന്നതായും സ്ഥലം എം.എൽ.എ. ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തിയതായും അറിയിച്ചു. അതനുസരിച്ച് ഈ വിഷയത്തിൽ നടപടിയെടുക്കാൻ തീരുമാനിക്കുകയും പ്രിൻസിപ്പാൾ ട്രാൻസ്ഫറായി പോയിരുന്നതിനാൽ വൈസ് പ്രിൻസിപ്പാൾ, ഓർത്തോ, സർജറി വിഭാഗങ്ങളുടെ മേധാവിമാർ എന്നിവരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു. പ്രസ്തുത കമ്മിറ്റിയുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ

സീനിയർ റസിഡന്റായ ഡോ. അഭിജിത്തിനെ അച്ചടക്കനടപടിക്ക് വിധേയമായി ഇന്നലെ സസ്പെൻഡ് ചെയ്യുകയുണ്ടായി. തുടർനടപടികൾ സ്വീകരിക്കുന്നതിനായി പ്രിൻസിപ്പാളിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതുകൂടാതെ ഇവിടെ പരാമർശിക്കാത്ത മറ്റൊരു സംഭവംകൂടി ഉണ്ടായിട്ടുണ്ട്. അടുത്ത നിയമസഭാ സമ്മേളനത്തിൽ അംഗങ്ങൾ അത് ഉന്നയിക്കാതിരിക്കാൻവേണ്ടിയാണ് മുൻകൂട്ടി പറയുന്നത്. നാലുമാസം പ്രായമുള്ള ഒരു കുട്ടിയുടെ കണ്ണിലൊഴിക്കുന്നതിനായി ഡോക്ടർ കുറിച്ചുനൽകിയ മരുന്നിന് പകരം മറ്റൊരു മരുന്ന് നൽകിയ സംഭവമുണ്ടായി. അതിന്റെ ഫലമായി ആ കുട്ടിയുടെ കണ്ണിൽ നീറ്റൽ അനുഭവപ്പെടുകയും പിന്നീട് സ്വകാര്യ ആശുപത്രിയിൽ ചികിത്സ തേടുകയും ചെയ്തു. പ്രസ്തുത വിഷയത്തെ സംബന്ധിച്ച് പരാതി ലഭിച്ചതിനെ തുടർന്ന് മരുന്ന് മാറിനൽകിയ കണ്ണാശുപത്രിയിലെ ഫാർമസിസ്റ്റ് ശ്രീമതി രേഖയെ അന്വേഷണവിധേയമായി സസ്പെൻഡ് ചെയ്തു. ഇവിടെ ഒരു കാര്യം മാത്രമാണ് പറയാനുള്ളത്. ഏത് കാലത്തും ചിലപ്പോൾ ചികിത്സാപ്പിഴവുണ്ടാകും. അതിനെക്കുറിച്ച് പരാതി ലഭിച്ചാൽ വസ്തുനിഷ്ഠമായി അന്വേഷിച്ച് നടപടിയെടുക്കുകയെന്നതാണ് സർക്കാരിന്റെ ചുമതല. അല്ലാതെ സിസ്റ്റം മുഴുവൻ തകരാറിലാണ്, മന്ത്രിക്ക് ഒരു ഉത്തരവാദിത്വവുമില്ല എന്നുപറയുന്നതല്ല ശരി. അങ്ങനെയെങ്കിൽ മന്ത്രിയുടെയോ ഉദ്യോഗസ്ഥരുടെയോ ആവശ്യമുണ്ടോ? പരാതി ലഭിച്ചാൽ കൃത്യമായി അന്വേഷിക്കും, ഒന്നിനെയും ന്യായീകരിക്കുകയില്ല. ഉദ്യോഗസ്ഥരെ വെള്ളപൂശുന്ന അന്വേഷണ റിപ്പോർട്ടാണെങ്കിൽ അതംഗീകരിക്കില്ല. പത്തനംതിട്ടയിലും ഇതുപോലൊരു സംഭവമുണ്ടായി. ഇപ്പോഴല്ല, കോഴഞ്ചേരി പ്രദേശമുൾക്കൊള്ളുന്ന മണ്ഡലത്തിലെ എം.എൽ.എ. ആരോഗ്യവകുപ്പ് മന്ത്രിയായിരുന്ന സമയത്ത് നടന്നതാണ്. ശ്രീ. അബിൻ വർക്കി കോടിയാട്ട് സൂചിപ്പിച്ചതാണ്. ഏകദേശം ഒരുവർഷം മുമ്പ് ഭക്ഷ്യവിഷബാധയേറ്റ ഒരു രോഗിക്ക് കോഴഞ്ചേരി ജില്ലാശുപത്രിയിൽ കുത്തിവയ്പുനൽകി. കുത്തിവയ്പുനടത്തി കുറച്ചുസമയം കഴിഞ്ഞപ്പോൾ ആ ഭാഗത്ത് വേദനയും നീരുമുണ്ടായി. പിന്നീട് പരിശോധിച്ചപ്പോൾ ഒരു സൂചി ഭദ്രമായി ആ ഭാഗത്തിരിക്കുന്നതായി കണ്ടെത്തി. അതിനുശേഷം ഏതെങ്കിലും രോഗങ്ങൾ വന്നപ്പോൾ മറ്റേതെങ്കിലും ആശുപത്രിയിൽപോയി

കുത്തിവയ്പ് എടുത്തപ്പോൾ സംഭവിച്ചതായിരിക്കാമെന്നാണ് ആശുപത്രി സൂപ്രണ്ട് അവരോട് പറഞ്ഞത്. പക്ഷെ ഞങ്ങളത് വിശ്വസിച്ചില്ല, അന്വേഷിക്കാൻ ആവശ്യപ്പെട്ടു. ഉത്തരവാദികളായവരെ വെള്ളപൂശുന്ന അന്വേഷണ റിപ്പോർട്ടാണ് കിട്ടിയത്. ആ റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടില്ല. നാളെ വൈകുന്നേരത്തിനുമുമ്പ് വിശദമായ റിപ്പോർട്ട് നൽകണമെന്ന് അവിടത്തെ റേഡിയോളജിസ്റ്റിനെയും സർജറി വിഭാഗം മേധാവിയുൾപ്പെടെയുള്ളവരെയും ചുമതലപ്പെടുത്തി. റിപ്പോർട്ട് ലഭ്യമായാലുടൻതന്നെ അതിന്മേൽ നടപടി സ്വീകരിക്കുകയും ചെയ്യും. എന്തെങ്കിലും പരാതിയുണ്ടെങ്കിൽ എം.എൽ.എ.-മാർക്ക് നേരിട്ട് എന്നെ വിളിച്ച് വിവരം അറിയിക്കാം. മുമ്പുണ്ടായിരുന്ന മന്ത്രി ഭരണകക്ഷി എം.എൽ.എ.-മാർ വിളിച്ചാൽ പോലും ഫോണെടുക്കാറില്ലെന്നാണ് പരാതിയെങ്കിൽ ഞാൻ പ്രതിപക്ഷ എം.എൽ.എ.-മാരുൾപ്പെടെയുള്ളവരുടെ ഫോൺ കോൾ അറ്റൻഡ് ചെയ്യും. എല്ലാവരുടെയും സഹായ സഹകരണത്തോടുകൂടി ഈ വകുപ്പിനെ നല്ലരീതിയിൽ മുന്നോട്ടുകൊണ്ടുപോകണമെന്നാണ് ആഗ്രഹിക്കുന്നത്.

മറ്റൊരുകാര്യം സൂചിപ്പിക്കാനുള്ളത് സ്വർണ്ണക്കൊള്ളയുമായി ബന്ധപ്പെട്ടാണ്. ഈ വിഷയത്തിൽ ദേവസ്വം വകുപ്പ് സി.ബി.ഐ. അന്വേഷണം ആവശ്യപ്പെടാത്തതെന്തുകൊണ്ടാണെന്ന് ശ്രീ. ബി. ബി. ഗോപകുമാറും ശ്രീ. വി. മുരളീധരനും ചോദിക്കുകയുണ്ടായി. SIT-യെ നിയമിച്ചത് ഹൈക്കോടതിയാണ്. അന്വേഷണ റിപ്പോർട്ട് സംസ്ഥാന സർക്കാരിന് ലഭ്യമാക്കേണ്ടതില്ലെന്നും നേരിട്ട് ഹൈക്കോടതിയിൽ സമർപ്പിച്ചാൽ മതിയെന്നുമാണ് എസ്.ഐ.റ്റി.-ക്ക് ലഭിച്ചിരിക്കുന്ന നിർദേശം. ഭരണം മാറിയെങ്കിലും SIT-യുടെ റിപ്പോർട്ട് ഹൈക്കോടതിയിലാണ് സമർപ്പിക്കുന്നത്. ചാർജ് ഷീറ്റ് കൊടുക്കുമ്പോൾ പ്രതികളെ രക്ഷിക്കുന്നതിനുള്ള എന്തെങ്കിലും കാര്യങ്ങൾ അതിലുണ്ടെങ്കിൽ തുടരന്വേഷണം നടത്തും. ഒരു കാര്യം വ്യക്തമാക്കാനുള്ളത്, അയ്യപ്പന്റെ സ്വർണ്ണം കട്ടെടുത്ത ഒരാളെയും സംസ്ഥാന സർക്കാർ സംരക്ഷിക്കുകയില്ല, അവരെ ജയിലിലടയ്ക്കുകതന്നെ ചെയ്യും. അത് സർക്കാരിന്റെയും യു.ഡി.എഫ്.-ന്റെയും നിലപാടാണ്. അതനുസരിച്ചുള്ള നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകും.

*04-06-2026*

*Discussion on the motion of thanks to the Governor's address – discussion to be concluded*

<u>ശ്രീ. ആര്യാടൻ ഷൗക്കത്ത്</u>: സർ, പോയിന്റ് ഓഫ് ഓർഡർ.......

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട അംഗം എഴുതി നൽകൂ. അങ്ങ് വിശദമായി എഴുതി നൽകിയാൽ അങ്ങേയ്ക്ക് സമയം അനുവദിക്കാം. ഇപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിക്കും.

മുഖ്യമന്ത്രി (<u>ശ്രീ. വി. ഡി. സതീശൻ</u>): സർ, ബഹുമാനപ്പെട്ട ഗവർണ്ണർ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിന് ബഹുമാന്യനായ കോവളം നിയോജകമണ്ഡലം അംഗം ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തെ ഞാൻ പൂർണ്ണമായി പിന്തുണയ്ക്കുന്നു. കേരളം വളരെ വലിയ പ്രതീക്ഷയോടുകൂടിയാണ് യു.ഡി.എഫ്. സർക്കാരിനെ അധികാരത്തിലേറ്റിയത്. ജനങ്ങളുടെ പ്രതീക്ഷയും സ്വപ്നങ്ങളും സാക്ഷാൽക്കരിക്കാനുള്ള അർപ്പണബോധത്തോടെയും നിശ്ചയദാർഢ്യത്തോടെയും ഈ സർക്കാർ മുന്നോട്ടുപോകും. ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ നിറവേറ്റിക്കൊണ്ട് ഒരു പുതുയുഗ കേരളത്തെ കെട്ടിപ്പടുക്കുമെന്നാണ് യു.ഡി.എഫ്. സർക്കാർ പറഞ്ഞിട്ടുള്ളത്. ആ പുതുയുഗ കേരളം യാഥാർത്ഥ്യമാക്കാൻ കൂട്ടായ പരിശ്രമമുണ്ടാകണം. ഒറ്റയ്ക്ക് ആർക്കും ഒന്നും ചെയ്യാൻ സാധിക്കില്ലെന്ന് വിശ്വസിക്കുന്ന ഒരാളാണ് ഞാൻ. നമ്മളെല്ലാവരും ചേർന്ന് ഒരു ടീം രൂപീകരിച്ച് കേരളത്തിൽ മാറ്റങ്ങളുണ്ടാക്കണം. ചില സോഷ്യൽ ഇൻഡിക്കേറ്റേഴ്സ് സംബന്ധിച്ച് വളരെ അഭിമാനത്തോടുകൂടി കഴിഞ്ഞ അരനൂറ്റാണ്ടുകാലമായി നമ്മൾ പറഞ്ഞുകൊണ്ടിരിക്കുകയാണ്. ആരോഗ്യ-വിദ്യാഭ്യാസരംഗത്തുൾപ്പെടെ പലമേഖലകളിലും മറ്റു സംസ്ഥാനങ്ങളിൽനിന്ന് വ്യത്യസ്തമായി ധാരാളം മാറ്റങ്ങൾ സംസ്ഥാനത്തുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. മിഷനറിമാർ, രാജാക്കന്മാർ എന്നിവരുടെ കാലം മുതൽ ഇന്നുവരെയുള്ള വിവിധ ജനാധിപത്യ സർക്കാരുകളുടെ കാലങ്ങളിലും ആ മാറ്റമുണ്ടായിട്ടുണ്ട്. കേരളത്തിൽ അധികാരത്തിലിരുന്ന എല്ലാ ജനാധിപത്യ സർക്കാരുകളും അക്കാര്യത്തിൽ വലിയ പങ്കുവഹിച്ചിട്ടുണ്ട്. അതെല്ലാം യാഥാർത്ഥ്യബോധത്തോടുകൂടി മാത്രമേ നമുക്ക് കാണാൻ സാധിക്കുകയുള്ളൂ. അതേസമയം നമ്മൾ അഭിമാനത്തോടെ പറഞ്ഞിരുന്ന പല സോഷ്യൽ ഇൻഡിക്കേറ്റേഴ്സും ഇന്ന് മന്ദഗതിയിൽ നിൽക്കുകയാണ്. കാലാനുസൃതമായ മാറ്റം പല

രംഗത്തുമുണ്ടായിട്ടില്ല. പദ്ധതികൾ നടപ്പാക്കാൻ നമുക്ക് സ്വപ്നങ്ങളില്ലാതിരുന്നിട്ടല്ല, അവ നടപ്പിലാക്കാനുണ്ടാകുന്ന അനാവശ്യ കാലതാമസമാണ് കേരളത്തെ പിന്നോട്ട് നടത്തിയിരിക്കുന്നത്. ആ യാഥാർത്ഥ്യം നമ്മൾ തിരിച്ചറിയണം. ജനാധിപത്യ സമ്പ്രദായത്തിൽ രാഷ്ട്രീയമായി പരസ്പരം കുറ്റപ്പെടുത്തുന്നത് തെറ്റല്ല. പക്ഷെ അതിനപ്പുറത്ത് ജനാധിപത്യമെന്നുപറയുന്നത് ഒരു ഡിസ്കോഴ്സാണ്. ജനാധിപത്യത്തിന്റെ സൗന്ദര്യം വർധിക്കുന്നത് ഡിബേറ്റിലൂടെയും ഡിസ്കോഴ്സിലൂടെയുമാണ്. നിയമസഭയ്ക്കകത്തും പുറത്തും നടക്കുന്ന സംവാദങ്ങൾക്ക് റിസൾട്ടുണ്ടാകണം. കേരളത്തിൽ മാറ്റമുണ്ടാക്കാൻ, ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്താനുതകുന്ന ഒരു ഡിബേറ്റ് കേരളത്തിൽ നടക്കണം. സർക്കാരിനെ വിമർശിക്കണം, തെറ്റായ നടപടികൾ ചൂണ്ടിക്കാണിക്കണം. സർക്കാർ ആ തെറ്റുകൾ തിരുത്തും. തെറ്റാണെന്ന് തോന്നിയാൽ തിരുത്താൻ ഈ ഗവൺമെന്റിന് ഒരു മടിയും ഉണ്ടാകില്ല. അതിൽ അപകർഷതാബോധത്തിന്റെ പ്രശ്നമില്ല. തെറ്റ് ചൂണ്ടിക്കാണിക്കാൻ ജനാധിപത്യ സംവിധാനത്തിൽ സാധാരണ ജനങ്ങൾക്കും ജനപ്രതിനിധികൾക്കും ഭരണ-പ്രതിപക്ഷത്തുള്ളവർക്കും മാധ്യമങ്ങൾക്കും അധികാരമുണ്ട്. പൊതുസമൂഹം ചൂണ്ടിക്കാണിക്കുന്ന കാര്യം തെറ്റാണെന്ന് ബോധ്യമായാൽ അത് തിരുത്തി മുന്നോട്ടുപോകുമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. പക്ഷെ മാറ്റമുണ്ടാകണം. ഞങ്ങൾ പ്രതിപക്ഷത്തിരുന്നുകൊണ്ട് ഗവൺമെന്റിനെ അതിരൂക്ഷമായി വിമർശിച്ചിട്ടുണ്ട്. ഗവൺമെന്റിനെ ശക്തമായി വിമർശിച്ചപ്പോൾ, ഗവൺമെന്റ് എവിടെയെല്ലാം പരാജയപ്പെട്ടുവെന്ന് ചൂണ്ടിക്കാണിച്ചപ്പോൾ, ആ സർക്കാർ പരാജയപ്പെട്ട സ്ഥലത്ത് എന്ത് ചെയ്യാൻ കഴിയുമെന്ന് രണ്ട് വർഷം മുമ്പേ ചർച്ച ചെയ്ത ഇന്ത്യയിലെ ആദ്യത്തെ പ്രതിപക്ഷമാണ് ഞങ്ങൾ. ആരോഗ്യ-വിദ്യാഭ്യാസ-അടിസ്ഥാനസൗകര്യവികസന രംഗങ്ങളുൾപ്പെടെയുള്ള പൊതുവായ കാര്യങ്ങളിലെല്ലാം നിരവധി വിദഗ്ദരുമായി കൂടിയാലോചനകളും കോൺക്ലേവും നടത്തി ഡോക്യുമെന്റുകൾ രൂപപ്പെടുത്തി ഞങ്ങൾ ചർച്ചയാരംഭിച്ചു. അതിൽനിന്ന് രൂപപ്പെട്ടുവന്ന കാര്യങ്ങളാണ് പുതുയുഗ യാത്രയിൽ കേരളത്തിലെ ജനങ്ങളോട് ഞങ്ങൾ പറഞ്ഞത്. ആ മാറ്റങ്ങൾ ഞങ്ങൾ ഈ

സംസ്ഥാനത്തുണ്ടാക്കും. സംസ്ഥാനത്ത് തൊഴിൽ മേഖലയിലും ആരോഗ്യ വിദ്യാഭ്യാസരംഗങ്ങളിലും സമഗ്രമായ മാറ്റമുണ്ടാകണം. കേരളത്തിലെ ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തണം. ആരോഗ്യ വിദ്യാഭ്യാസരംഗങ്ങളിൽ ലോകത്തിന്റെ മുഴുവൻ ഡെസ്റ്റിനേഷൻ പോയിന്റാക്കി കേരളത്തെ മാറ്റാൻ നമുക്ക് കഴിയും, അതിന് കഴിയണം.

നമ്മുടെ നിരവധി കുട്ടികൾ വിദേശരാജ്യങ്ങളിലേയ്ക്ക് പോകുന്നുണ്ട്. കേരളത്തിൽ ബ്രെയിൻ ഡ്രെയിനാണ് നടക്കുന്നത്. പോകുന്ന എല്ലാവരെയും തടയാൻ കഴിയില്ല. ലോകത്തിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽപോയി നമ്മുടെ കുട്ടികൾ പഠിക്കട്ടെ. പക്ഷെ, ലോകത്തിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കാണോ ഈ കുട്ടികൾ പോകുന്നത്? അല്ല. അതിനൊരു മാറ്റമുണ്ടാകണം. ആ മാറ്റമുണ്ടാകണമെങ്കിൽ ഉന്നത വിദ്യാഭ്യാസ സംവിധാനങ്ങൾ കേരളത്തിലുണ്ടാകണം. ആരോഗ്യരംഗത്ത് ലോകത്തിന്റെ മുഴുവൻ ഡെസ്റ്റിനേഷൻ പോയിന്റാക്കി കേരളത്തെ മാറ്റണമെങ്കിൽ ആ രംഗത്തും മാറ്റമുണ്ടാകണം. കേരളത്തിന്റെ സവിശേഷതകളെ നമുക്ക് എങ്ങനെ പ്രയോജനപ്പെടുത്താൻ കഴിയുമെന്ന് ആലോചിക്കണം. എങ്ങനെയാണ് ഇത്തരം കാര്യങ്ങളെ സമീപിക്കുന്നതെന്നും ഞങ്ങളുടെ നയമെന്താണെന്നും ഈ നയപ്രഖ്യാപന പ്രസംഗത്തിൽ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ഒരു ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ നടത്തുന്ന നയപ്രഖ്യാപന പ്രസംഗം ആരോടുമുള്ള യുദ്ധപ്രഖ്യാപനമല്ല. അങ്ങനെയൊരു യുദ്ധപ്രഖ്യാപനം ഈ നയപ്രഖ്യാപനത്തിലില്ല. ഇതിൽ ഞങ്ങളുടെ സമീപനവും ലക്ഷ്യവുമാണ് പറഞ്ഞിരിക്കുന്നത്. ഞങ്ങൾ അധികാരത്തിൽ വന്നാൽ അഞ്ച് ഇന്ദിരാ ഗ്യാരന്റികൾ നടപ്പാക്കുമെന്ന് തിരഞ്ഞെടുപ്പ് കാലത്ത് ജനങ്ങളോട് പറഞ്ഞു. ആദ്യത്തെ മന്ത്രിസഭായോഗത്തിൽ അതിലെ രണ്ട് ഗ്യാരന്റികൾ തീരുമാനിക്കാൻ കഴിഞ്ഞുവെന്നുള്ള അഭിമാനത്തോടുകൂടിയാണ് ഞാനിവിടെ നിൽക്കുന്നത്. കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സ്ത്രീകൾക്കുള്ള സൗജന്യ യാത്രയുടെ ആദ്യഘട്ടം ഈ വരുന്ന 15-ാം തീയതി മുതൽ നടപ്പാക്കുകയുമാണ്. ഇന്ത്യയിലാദ്യമായി ഒരു സംസ്ഥാനത്ത് സീനിയർ സിറ്റിസൺസിനായി ഒരു വകുപ്പ് ഉണ്ടാക്കിയിരിക്കുകയാണ്. ആ തീരുമാനമെടുത്തത് ഒരുപാട്

ലക്ഷ്യങ്ങളോടുകൂടിയാണ്. ലോകത്തിലെ പല മാതൃകകളും കേരളത്തിൽ കൊണ്ടുവരണം. ഒരു സൊസൈറ്റി പരിഷ്കൃതമാണോ അല്ലയോ എന്ന് തീരുമാനിക്കുന്നത് ആ സൊസൈറ്റി അവിടത്തെ മുതിർന്ന പൗരന്മാരോട് എങ്ങനെ പെരുമാറുന്നുവെന്നത് കണക്കാക്കിയാണെന്ന് ഞാൻ പറഞ്ഞിട്ടുണ്ട്. മൂന്നുനാല് വർഷം കഴിയുമ്പോൾ ഈ രാജ്യത്തോട് ഇന്ത്യയിലെ ഏറ്റവും പരിഷ്കൃതമായ സമൂഹമാണ് കേരളത്തിലുള്ളതെന്ന് അഭിമാനത്തോടെ നമുക്ക് പറയാൻ കഴിയണം. അത് മുതിർന്ന പൗരന്മാർക്ക് ഔദാര്യമായി നൽകുന്ന ഒരു വെൽഫെയർ സ്കീമല്ല. അവരെക്കൂടി നമ്മുടെ സംസ്ഥാനത്തിന്റെ നിർമ്മാണത്തിൽ പങ്കാളികളാക്കുന്ന ഒരു സിൽവർ ഇക്കോണമിയാണ്. അത് രാജ്യത്തിന് മാതൃകയായി കേരളത്തിൽ തുടക്കമിടാൻ നമ്മൾ ആഗ്രഹിക്കുന്നു.

ഒരുപാട് സ്വപ്നപദ്ധതികൾ ഞങ്ങളുടെ പ്രകടന പത്രികയിൽ പ്രഖ്യാപിച്ചിരുന്നു. അവ വേറെ ആരുടെയെങ്കിലും പ്രകടന പത്രികയിൽ ഉണ്ടോയെന്ന് ഞാൻ പരിശോധിച്ചിട്ടില്ല. ഞങ്ങളുടെ പ്രകടന പത്രികയിൽ പറഞ്ഞ കാര്യങ്ങളിലെ പ്രധാനപ്പെട്ട സ്വപ്നപദ്ധതികൾ ഇതിലുണ്ട്. എന്താണ് കേരളത്തിന്റെ സവിശേഷത, നമുക്ക് ചില അഡ്വാന്റേജസും ഡിസ്അഡ്വാന്റേജസുമുണ്ട്. സ്ഥലപരിമിതിയും ജനസാന്ദ്രതയുമാണ് നമ്മുടെ ഡിസ്അഡ്വാന്റേജുകൾ. പല സംരംഭങ്ങളും തുടങ്ങാനുള്ള ബുദ്ധിമുട്ടിന്റെ പ്രധാനപ്പെട്ട പ്രശ്നങ്ങളിലൊന്ന് ഭൂമിയുടെ ലഭ്യതക്കുറവാണ്. സംസ്ഥാനത്തിന് 600 കിലോമീറ്റർ തീരപ്രദേശം, രണ്ട് അന്താരാഷ്ട്ര തുറമുഖം, ഒരു കണ്ടെയ്നർ ടെർമിനൽ, പതിനേഴ് മിനി തുറമുഖങ്ങൾ തുടങ്ങിയ സവിശേഷതകളുണ്ട്. ഇതിനെയെല്ലാം സംയോജിപ്പിച്ച് കേരളത്തെ ഒരു തുറമുഖ നഗരമാക്കി മാറ്റണമെന്നതാണ് ഈ സർക്കാരിന്റെ ഏറ്റവും വലിയ സ്വപ്നം. ഒന്നാം ഘട്ടത്തിൽ നമ്മുടെ റോഡുകൾ വികസിപ്പിക്കേണ്ടതുണ്ട്. ഇപ്പോൾ ഹൈവേ വരികയാണ്. റോഡുകൾ വാഹന നിബിഢമാണ്. 50 ശതമാനം ലോജിസ്റ്റിക്സ് എങ്കിലും നമുക്ക് കടൽവഴിയാക്കണം. റോഡിലൂടെ കൊണ്ടുപോകുന്നതിന്റെ നാലിലൊന്ന് ചെലവിൽ കടലിലൂടെ കൊണ്ടുപോകാൻ സാധിക്കും. അപ്പോൾ റോഡ് ഫ്രീ ആകും. രണ്ടാംഘട്ടത്തിൽ നമുക്ക് ക്രൂയിസ് ഷിപ്പിങ്ങും ടൂറിസവും തുടങ്ങണം. പാസഞ്ചേഴ്സിനെ കൊണ്ടുപോകണം.

മൂന്നാംഘട്ടത്തിൽ കേരളത്തിലെ നദികളെ സംയോജിപ്പിച്ചുകൊണ്ടുള്ള വളരെ വിശദമായൊരു ടൂറിസം പ്രോജക്ടുണ്ടാകണം. കടൽമാർഗം വരുന്ന ആളുകൾക്ക് എല്ലാ സ്ഥലങ്ങളിലും പോകാൻ കഴിയുന്ന പ്രോക്സിമിറ്റിയുള്ള ടൂറിസം ഡെവലപ്പ് ചെയ്യാൻ പറ്റുന്ന ഒരു വലിയ പദ്ധതിയുണ്ടാകണം. കേരളത്തെ ഒരു തുറമുഖ നഗരമായി മാറ്റുമ്പോൾ ലക്ഷക്കണക്കിന് തൊഴിലവസരങ്ങളും അതിനോടനുബന്ധിച്ചുള്ള ലോജിസ്റ്റിക്സ് പാർക്കുകളും ഫിഷറീസ് എക്സ്പോർട്ടുകളും ഉണ്ടാകും. ഒരുപാട് വാല്യു ആഡഡ് കാര്യങ്ങൾ നമുക്ക് ചെയ്യാൻ കഴിയും. നമ്മുടെ തുറമുഖങ്ങളെ ഇന്ത്യയിലെ ഏറ്റവും മികച്ചവയാക്കി മാറ്റാൻ സാധിക്കും. ദുബായ് സ്റ്റേറ്റിന്റെ ടോട്ടൽ ജി.ഡി.പി.-യിലേക്ക് ദുബായ് പോർട്ട് നൽകുന്ന കോൺട്രിബ്യൂഷൻ 28 ശതമാനമാണ്.

നമ്മുടെ ഈ ചെറിയ സംസ്ഥാനത്ത് നാല് അന്താരാഷ്ട്ര വിമാനത്താവളങ്ങളുണ്ട്. അവയിൽ കണ്ണൂർ, കൊച്ചി വിമാനത്താവളങ്ങൾ സർക്കാരിന്റെ നിയന്ത്രണത്തിലാണ്. ഞങ്ങൾ 27 ഏവിയേഷൻ പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുണ്ട്. ആ ഏവിയേഷൻ പ്രോജക്ടുകൾ പ്രാവർത്തികമാക്കി സൗത്ത് ഏഷ്യയിലെ ഏറ്റവും വലിയ ഏവിയേഷൻ ഹബ്ബാക്കി കേരളത്തെ മാറ്റണമെന്നത് യു.ഡി.എഫ്.-ന്റെ സ്വപ്നമാണ്. ബാംഗ്ലൂർ എയർപോർട്ടിന്റെ മാനേജിങ് ഡയറക്ടർ ഒരു മലയാളിയാണ്. കർണ്ണാടകയുടെ ജി.ഡി.പി.-യിൽ ബാംഗ്ലൂർ എയർപോർട്ടിന്റെ മാത്രം കോൺട്രിബ്യൂഷൻ 5 ശതമാനമാണ്. ഒരു എയർപോർട്ട് മാത്രം നൽകുന്ന സംഭാവനയാണിത്. ലോജിസ്റ്റിക്സും മറ്റൊരുപാട് മാർഗ്ഗങ്ങളിലും കൂടിയാണ് ഇത് സാധ്യമാകുന്നത്. വിമാനത്തിൽ ആളുകൾ വന്നിറങ്ങുകയും കയറിപ്പോകുകയും ചെയ്യുന്നതിനപ്പുറം ഏവിയേഷൻ പോസ്സിബിലിറ്റീസ് ഉപയോഗപ്പെടുത്തണം. നമ്മുടെ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് ഇതിന്റെ സാധ്യതകളെക്കുറിച്ചാണ് ഞങ്ങൾ അന്വേഷിച്ചത്. ഏവിയേഷൻ എക്സ്പേർട്ടുകളുമായി സംസാരിച്ച് കൂടിയാലോചനകൾ നടത്തിയിട്ടുണ്ട്. പോർട്ടിന്റെ പ്രോജക്ട് സംബന്ധിച്ച് മാരിടൈം എക്സ്പേർട്ട്സ്, ഷിപ്പിങ് എക്സ്പേർട്ട്സ്, സാമ്പത്തിക ഉപദേഷ്ടാക്കൾ എന്നിവരുമായി സംസാരിച്ച് അതിന്റെ ഫൈനൽ പ്രോജക്ടിലേക്ക് വരികയാണ്. ബജറ്റാകുമ്പോൾ അതിന് ഏകദേശ രൂപമാകും.

അതുപോലെ നമുക്ക് വ്യവസായ സംരംഭങ്ങൾ ഉൾപ്പെടെ ഒരുപാട് സംരംഭങ്ങൾ തുടങ്ങാൻ കഴിയണം. ഇൻഫോ പാർക്കും ടെക്നോ പാർക്കുമൊക്കെ തുടങ്ങാൻ കഴിഞ്ഞ സംസ്ഥാനമാണ് കേരളം. വലിയ മാറ്റമുണ്ടാക്കിയെങ്കിലും നമ്മളാഗ്രഹിച്ചതുപോലെ അത്ര വേഗത്തിൽ മുന്നോട്ടുപോകാൻ കഴിഞ്ഞില്ല. നമുക്ക് ലാൻഡ് ബാങ്ക് ഉണ്ടാകണം. അങ്ങനെ ടൂറിസത്തിനാണെങ്കിലും ഇൻഡസ്ട്രിക്കാണെങ്കിലും പുതിയ സംരംഭങ്ങൾ തുടങ്ങാൻ സ്ഥലം പ്രൊവൈഡ് ചെയ്യാൻ സാധിക്കണം. സ്റ്റാർട്ട്-അപ്പ് സംരംഭങ്ങൾ നല്ല രീതിയിൽ തുടങ്ങാൻ പറ്റുന്ന സംസ്ഥാനമാണ് കേരളം. ലോകവ്യാപകമായി ആശയങ്ങൾ ഇൻവൈറ്റ് ചെയ്ത് അവയെ ഷോകേസ് ചെയ്യാനാണ് ഞങ്ങളാഗ്രഹിക്കുന്നത്. സംരംഭങ്ങൾ തുടങ്ങാൻ വരുന്ന ആളുകളിൽ കൂടുതലും ചെറുപ്പക്കാരായിരിക്കും. അവരിൽ ചിലർക്ക് ടെക്നിക്കൽ വൈദഗ്ധ്യം ഉണ്ടാകുമെങ്കിലും മാനേജ്മെന്റിനെയോ മാർക്കറ്റിങ്ങിനെയോ സംബന്ധിച്ച് വൈദഗ്ധ്യമുണ്ടാകണമെന്നില്ല. ഗവൺമെന്റ് അവർക്കായി ഒരു മാനേജ്മെന്റ് മെന്ററെ പ്രൊവൈഡ് ചെയ്യണം. ചിലർക്ക് മാനേജ്മെന്റും മാർക്കറ്റിങ്ങും അറിയാമെങ്കിലും അവരുടെ ടെക്നിക്കൽ സൈഡ് വീക്കായിരിക്കും. ആ സാഹചര്യത്തിൽ ഗവൺമെന്റ് അവർക്കൊരു ടെക്നോ മെന്ററെ നൽകണം. ടെക്നോ മെന്ററെയും മാനേജ്മെന്റ് മെന്ററെയും റിവോൾവിങ് ഫണ്ടും നൽകി ആ സംരംഭങ്ങളെ സൂക്ഷ്മതയോടെ, ഒരു ഗാർഡിയന്റെ ഉത്തരവാദിത്വത്തോടുകൂടി ഗവൺമെന്റ് സഹായിക്കണം. കാലാവസ്ഥയ്ക്കും ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾക്കുമനുസരിച്ചുള്ള നിരവധി പദ്ധതികൾ നമുക്ക് കേരളത്തിൽ ആരംഭിക്കാൻ സാധിക്കും. അങ്ങനെയൊരു ഇൻവെസ്റ്റ്മെന്റ് കേരളത്തിലുണ്ടാകണം. ഗവൺമെന്റ് നേരിട്ട് ബിസിനസ് ചെയ്യാൻ ഉദ്ദേശിക്കുന്നില്ല, ഒരു ഫെസിലിറ്റേറ്ററുടെ റോളായിരിക്കും ചെയ്യുന്നത്. അതിലൊരു തെറ്റുമില്ല. ഗവൺമെന്റ് ഇൻവെസ്റ്റ് ചെയ്യുന്ന തുക 3-5 വർഷങ്ങൾക്കുള്ളിൽ തിരിച്ച് ഗവൺമെന്റിലേക്ക് വരണം. ബിസിനസ് റൺ ചെയ്യുന്നത് ഗവൺമെന്റ് അല്ല, ഇൻവെസ്റ്റേഴ്സാണ്. അതിനാവശ്യമായ റെഗുലേഷൻസ് നടത്തി, നടപടിക്രമങ്ങൾ ലളിതവൽക്കരിച്ച്, കേരളത്തിൽ ഒരു സംരംഭം തുടങ്ങാൻ ബുദ്ധിമുട്ടാണെന്നുള്ള കാലഹരണപ്പെട്ട ചിന്താഗതി മാറ്റണം. ഇൻവെസ്റ്റേഴ്സിനെ സ്വാഗതം ചെയ്യുന്ന അന്തരീക്ഷവും

അതിനുള്ള ഒരു ഇക്കോസിസ്റ്റവും കേരളത്തിലുണ്ടെന്ന് ബോധ്യപ്പെടുത്തണം. അത്തരത്തിൽ രണ്ടോ മൂന്നോ സംരംഭങ്ങൾ തുടങ്ങിയാൽ ആ മെസേജ് കേരളത്തിന് പുറത്തേയ്ക്കെത്തും. ആ രീതിയിലുള്ള മാറ്റങ്ങൾ നമുക്കുണ്ടാക്കണം, അതുണ്ടാക്കിയേ മതിയാകൂ. എം.എസ്.എം.ഇ. സംരംഭങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങളിൽ അത്തരം സമീപനമാണ് സ്വീകരിക്കേണ്ടത്.

വിദ്യാഭ്യാസരംഗത്ത് കാലഹരണപ്പെട്ട കോഴ്സുകളാണ് നിലവിലുള്ളത്. ഞാൻ പഠിക്കുമ്പോൾ 90 ശതമാനം മാർക്കുണ്ടെങ്കിൽ മാത്രം അഡ്മിഷൻ ലഭിച്ചിരുന്ന ചില കോഴ്സുകൾ ഇപ്പോഴും പഠിപ്പിക്കുകയാണ്. ആ കോഴ്സുകൾ ഔട്ട്ഡേറ്റഡാണ്, ഒരാവശ്യവുമില്ല. അത് പഠിച്ച് കഴിഞ്ഞാൽ ജോലി ലഭിക്കില്ല. അതുകൊണ്ടാണ് കുട്ടികൾ പുറത്തേയ്ക്ക് പോകുന്നത്. ലോകത്തെ തൊഴിൽരംഗം മാറുന്നതനുസരിച്ച് കറസ്പോണ്ടന്റായ കരിക്കുലം ചെയ്ഞ്ചും ആവശ്യമാണ്. നമുക്ക് പുതിയ കോഴ്സുകളുണ്ടാകണം. ലോകത്ത് എന്താണ് നടക്കുന്നതെന്ന് മനസ്സിലാക്കി അതനുസരിച്ചുള്ള കോഴ്സുകളുണ്ടാക്കണം. ഇന്ന് വളരെ വേഗത്തിലാണ് തൊഴിൽമേഖല മാറുന്നത്. ഇന്നുണ്ടാകുന്ന തൊഴിൽ നാല് കൊല്ലം കഴിഞ്ഞാൽ ഇല്ലാതാകുകയാണ്. പക്ഷെ, വേറൊരു തലത്തിൽ മറ്റൊരു ഓപ്പണിങ്ങുണ്ടാവുകയാണ്. സ്കിൽഡായ വർക്കർക്ക് പെട്ടെന്ന് ജോലി ഇല്ലാതാകുകയാണ്. അയാളെ റീ-സ്കിൽ ചെയ്ത് തൊഴിലിന് അയയ്ക്കണം. ഇതാണ് ലോകത്തെ തൊഴിൽരംഗം. അതിനനുസരിച്ചുള്ള മാറ്റം കരിക്കുലത്തിൽ വരുത്തണം. തൊഴിൽമേഖലകളിൽ അതിന്റേതായ മാറ്റങ്ങൾ വരുത്തുമ്പോഴാണ് നമ്മുടെ കുട്ടികൾക്ക് തൊഴിലവസരങ്ങളുണ്ടാകുന്നത്. നമ്മുടെ നാട്ടിലും പുറത്തും അവർക്ക് തൊഴിലവസരങ്ങളുണ്ടാക്കിക്കൊടുക്കാൻ കഴിയണം.

മയക്കുമരുന്നിനെതിരെ കേരളം അതിശക്തമായ നിലപാട് സ്വീകരിക്കണം. നമ്മുടെ യുവത്വം എന്നുപറയുന്നത് demographic dividend ആണ്. ജനസംഖ്യയുടെ 60-65 ശതമാനം യുവജനങ്ങളാണ്. മറ്റ് പല രാജ്യങ്ങളിൽനിന്നും വ്യത്യസ്തമായി ശുഭപ്രതീക്ഷയോടുകൂടി ഭാവിയെ കാത്തിരിക്കാൻ കാരണം കൺസ്ട്രക്റ്റീവും ക്രിയേറ്റീവുമായ ഒരു യുവത്വം നമുക്കുള്ളതാണ്. ആ യുവത്വത്തെ കൊലയ്ക്ക് കൊടുക്കാൻ അനുവദിക്കരുത്. കേരളത്തിൽ അപകടകരമായ രീതിയിലാണ് മയക്കുമരുന്ന് വ്യാപനമുണ്ടാകുന്നത്. ഏത് വിദൂര ഗ്രാമത്തിലും

ഏത് സബ്സ്റ്റൻസും പത്തോ പതിനഞ്ചോ മിനിട്ടുകൊണ്ട് ലഭിക്കും. അവർക്ക് അത്രയും വലിയ നെറ്റ്‌വർക്കാണുള്ളത്. ആ ചെയിൻ തകർക്കണം. നമ്മൾ അറസ്റ്റ് ചെയ്യുന്നത് മയക്കുമരുന്നിന്റെ കൺസ്യൂമേഴ്സിനെയാണ്. എൻ.ഡി.പി.എസ്. ആക്റ്റ് അനുസരിച്ച് അപ്പോൾത്തന്നെ ജാമ്യം ലഭിച്ച് പുറത്തിറങ്ങുകയാണ്. അവർ പൊലീസ് സ്റ്റേഷനിൽ മൂന്നുമണിക്കൂർ നിന്നതിന്റെ ക്ഷീണം തീർക്കാൻ പുറത്തുപോയി വീണ്ടും വലിക്കുകയാണ് ചെയ്യുന്നത്. നമുക്ക് ഈ ശൃംഖലയും ഉറവിടവും തകർക്കണം. അതിന് കോമ്പീറ്റന്റായ ഏജൻസികളാണ് നമ്മുടെ പൊലീസും എക്സൈസുമെന്ന് തെളിയിക്കണം. രാഷ്ട്രീയ പാർട്ടികളും സാംസ്കാരിക സംഘടനകളും മതസംഘടനകളും ബോധവൽക്കരണം ഏറ്റെടുക്കണം. നമ്മുടെ കുഞ്ഞുങ്ങളെ കൊലയ്ക്കുകൊടുക്കാൻ വിട്ടുതരില്ലെന്ന് കേരളം ഒരുമിച്ച് പ്രഖ്യാപിച്ച് ഇതിന് അന്ത്യം വരുത്തണം. ഇതിനുമുന്നിൽ നമ്മൾ കീഴടങ്ങിയാൽ പിന്നീട് കേരളമുണ്ടാകില്ലെന്ന യാഥാർത്ഥ്യംകൂടി തിരിച്ചറിയണം. അതിനുവേണ്ടിയുള്ള പദ്ധതികളാണ് ആഭ്യന്തര വകുപ്പിന്റെയും എക്സൈസ് വകുപ്പിന്റെയും വിദ്യാഭ്യാസ വകുപ്പിന്റെയുമെല്ലാം നേതൃത്വത്തിൽ ആരംഭിക്കുന്നത്.

മനുഷ്യ-വന്യജീവി സംഘർഷം പലപ്പോഴും ഇവിടെ ചർച്ച ചെയ്തിട്ടുള്ള വിഷയമാണ്. അതിനും സത്വരമായ പരിഹാരമാർഗങ്ങൾ സ്വീകരിക്കേണ്ടതുണ്ട്. ഫെൻസിങ്, ബയോ ഫെൻസിങ്, കിടങ്ങുകൾ കുഴിക്കൽ തുടങ്ങിയ ധാരാളം പരമ്പരാഗത മാർഗ്ഗങ്ങളുണ്ട്. അതോടൊപ്പംതന്നെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉൾപ്പെടെയുള്ള ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗിച്ച് വന്യജീവി ആക്രമണത്തിൽനിന്നും മനുഷ്യജീവനെയും ജീവിതത്തെയും കൃഷിയെയും രക്ഷപ്പെടുത്താനുള്ള ഉത്തരവാദിത്വവും നമുക്കുണ്ട്. ഈ സർക്കാർ ആ ഉത്തരവാദിത്വം പൂർണ്ണമായും നിർവഹിക്കുമെന്ന് ഞാൻ ഈ സഭയ്ക്ക് ഉറപ്പുനൽകുന്നു. വന്യജീവികളുടെ ആക്രമണത്തിൽനിന്നും സാധാരണ മനുഷ്യരെയും കർഷകരെയും കുഞ്ഞുങ്ങളെയും രക്ഷിക്കാനുള്ള അതിശക്തമായ നടപടികളുണ്ടാകും.

പൊതുജനാരോഗ്യ മേഖല ശക്തിപ്പെടുത്തേണ്ടതുണ്ട്. പൊതുജനാരോഗ്യം, കാൻസർ കെയർ, മാതൃ-ശിശു ആരോഗ്യം, വയോജനങ്ങളുടെ ആരോഗ്യം, മാനസികാരോഗ്യം എന്നിവ

ഉറപ്പുവരുത്തുന്നതിനും ചികിത്സാ ചെലവ് കുറയ്ക്കുന്നതിനുമുള്ള വിശദമായ പദ്ധതികൾ ബജറ്റിൽ പ്രഖ്യാപിക്കുമെന്നതുകൊണ്ട് ഞാൻ അതിലേക്ക് കടന്നുപോകുന്നില്ല. ആർട്ടിഫിഷ്യൽ ഇന്റലിജൻസിന് പ്രത്യേകമായ പരിഗണന കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഭൂപ്രശ്നങ്ങൾ കാരണം ഹൈറേഞ്ചിലെല്ലാം ആളുകൾ പ്രയാസപ്പെടുകയാണ്. പട്ടയം നൽകിയെങ്കിലും ഭൂമി ഉപയോഗിക്കാൻ സാധിക്കാത്ത സാഹചര്യമുണ്ട്. ഭൂമി പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ ഭൂനിയമങ്ങളിൽ കാലാനുസൃതമായ മാറ്റം വരുത്തണം. ഭൂപരിഷ്കരണ നിയമം വിപ്ലവകരവും ആ കാലഘട്ടത്തിന് അനുയോജ്യമായിരുന്നു. എന്നാൽ കാലം മാറി, ലോകം മാറി അതനുസരിച്ചുള്ള മാറ്റങ്ങൾ ഭൂനിയമങ്ങളിലുണ്ടാകണം. ഉപാധിരഹിതമായി പട്ടയം കൊടുക്കണം. പട്ടയം കൊടുത്ത് വീണ്ടും ഇരുപത് വർഷം കഴിയുമ്പോൾ ക്രമപ്പെടുത്താൻ വേണ്ടി വീണ്ടും പണം ചോദിച്ച് ഈ പാവങ്ങളെ ബുദ്ധിമുട്ടിക്കുന്ന നടപടിയോട് യോജിപ്പില്ല.

എസ്.സി.-എസ്.ടി. വിഭാഗങ്ങൾക്ക് പ്രത്യേകമായ ഊന്നൽ കൊടുക്കണം. അവരുടെ ഭവനനിർമ്മാണത്തിന് ശ്രദ്ധനൽകണം. വനാവകാശ നിയമം പൂർണ്ണമായും നടപ്പാക്കണം. കുട്ടികളുടെ വിദ്യാഭ്യാസത്തിന് നൽകുന്ന പണം വർധിപ്പിക്കുന്നതിനും കൃത്യമായി നൽകുന്നതിനും കഴിയണം. പി.എസ്.സി. റിക്രൂട്ട്മെന്റ് മുഖേന അവർക്ക് നിയമനം ലഭിക്കുന്നുണ്ടോയെന്ന് മൂന്ന് വർഷം കൂടുമ്പോൾ പരിശോധിക്കണം. എസ്.സി.-എസ്.ടി. വിഭാഗത്തിൽപ്പെട്ടവർക്ക് ഭരണഘടനാപരമായി അവകാശപ്പെട്ട സ്ഥാനങ്ങളിലെത്താൻ സാധിച്ചില്ലെങ്കിൽ മൂന്നുവർഷം കഴിയുമ്പോൾ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തണമെന്ന നിലപാടാണ് സർക്കാരിനുള്ളത്.

ടൂറിസം മേഖലയിൽ മെഡിക്കൽ ടൂറിസവും ഇക്കോ ടൂറിസവും ഡെസ്റ്റിനേഷൻ ടൂറിസവുമുൾപ്പെടെയുള്ള കാര്യങ്ങൾ പൊതുജനപങ്കാളിത്തത്തോടുകൂടി നടപ്പാക്കാൻ കഴിയും. വെൽഫെയർ സ്കീമുകളോടൊപ്പംതന്നെ നമ്മുടെ സമ്പദ്‌വ്യവസ്ഥയെ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളും ആവശ്യമാണ്. ധവളപത്രം ഇറക്കാൻ തീരുമാനിച്ചത് എന്തുകൊണ്ടാണെന്നും അതൊരു പൊളിറ്റിക്കൽ ഡോക്യുമെന്റല്ലായെന്നും നിങ്ങൾക്കത് വായിക്കുമ്പോൾ മനസ്സിലാകും. അത് സംസ്ഥാനത്തിന്റെ യഥാർഥ സ്ഥിതിയാണ്. ഇന്ത്യയിലെ എല്ലാ സ്റ്റേറ്റ്

ഫിനാൻസും പ്രശ്നത്തിലാണ്. അതിൽ ഏറ്റവും രൂക്ഷമായ പ്രശ്നം അനുഭവിക്കുന്നത് കേരളമാണ്. ഞാൻ ഒന്നുരണ്ട് കാര്യങ്ങൾ മാത്രമാണ് അതുമായി ബന്ധപ്പെട്ട് സംസാരിക്കാൻ ആഗ്രഹിക്കുന്നത്. ബജറ്റ് അവതരിപ്പിച്ച ബഹുമാനപ്പെട്ട മുൻ ധനകാര്യവകുപ്പുമന്ത്രി ഇവിടെയുണ്ട്. ആ ബജറ്റിൽ വളരെ ഷോക്കിങ്ങായ ഇൻഫർമേഷനാണ് നൽകിയിട്ടുള്ളത്. ആ ബജറ്റിൽ 35,000 കോടി രൂപയുടെ പ്ലാനാണുള്ളത്. ഞങ്ങളുടെ ഗവൺമെന്റ് അതു പരിശോധിച്ചപ്പോൾ കഴിഞ്ഞ ബജറ്റിലെ 35,000 കോടി രൂപയുടെ പ്ലാനിൽ 20,000 കോടി രൂപ ഇല്ല. അത് തയ്യാറാക്കിയത് എങ്ങനെയെന്ന് എല്ലാ എം.എൽ.എ.-മാരും അറിയേണ്ടതാണ്. ഒരു ഗവൺമെന്റും അഭിമുഖീകരിക്കാത്ത ഗുരുതരമായ പ്രശ്നമാണ് ഞങ്ങൾ അഭിമുഖീകരിക്കുന്നത്. ഇവർ കണക്കാക്കിയത് എങ്ങനെയാണ്; 15-ാം ധനകാര്യകമ്മീഷൻ റവന്യൂ ഡെഫിസിറ്റ് ഗ്രാന്റായി അഞ്ച് വർഷം കൊണ്ട് 55,000 കോടി രൂപ നൽകിയിരുന്നു. അത് കഴിഞ്ഞ ഗവൺമെന്റിന് ലഭിച്ച നേട്ടമാണ്.

16-ാം ധനകാര്യ കമ്മിഷൻ വരുമ്പോൾ ആദ്യ വർഷംതന്നെ 14,137 കോടി രൂപ റവന്യൂ ഡെഫിസിറ്റ് ഗ്രാന്റായി ലഭിക്കുമെന്നാണ് മുൻ ധനകാര്യ വകുപ്പുമന്ത്രി കരുതിയിരുന്നത്. എന്നാൽ 16-ാം ധനകാര്യ കമ്മിഷൻ റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് നൽകുന്നത് നിർത്തലാക്കാൻ തീരുമാനിച്ചു. അത് കിട്ടുമെന്ന് കരുതി ആരെങ്കിലും പ്ലാൻ തയ്യാറാക്കുമോ; 14,137 കോടി രൂപ കിട്ടിയേക്കുമെന്നത് എന്ത് കണക്കാണ്? 16-ാം ധനകാര്യ കമ്മിഷൻ റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് പ്രഖ്യാപിക്കുമ്പോൾ 14,137 കോടി രൂപ നമുക്ക് ആദ്യ വർഷത്തിൽ ലഭിക്കുമെന്ന് പറഞ്ഞെങ്കിലും അത് ലഭിച്ചില്ല. അതായത്, പ്ലാൻ ഫണ്ടിൽനിന്നും 14,137 കോടി രൂപയുടെ കുറവുണ്ടായി. ബാക്കിയുള്ള കണക്ക് എന്താണ്? 15-ാം ധനകാര്യ കമ്മിഷന്റെ നിർദേശപ്രകാരമുള്ള കേന്ദ്ര നികുതി വിഹിതം 1.92 ശതമാനമായിരുന്നത് 2.8 ശതമാനമായി വർധിക്കുമെന്ന് ഊഹിച്ചിരുന്നെങ്കിലും 2.38 ശതമാനം മാത്രമാണ് വർധിപ്പിച്ചത്. അപ്പോൾ വീണ്ടും 5000 കോടി രൂപ കൂടി നഷ്ടമായി. ഇതുകൂടാതെ ചില പ്രതീക്ഷിച്ച ഗ്രാന്റുകളിൽനിന്നും 600 കോടി രൂപയും നഷ്ടമായി. കേരള ചരിത്രത്തിൽ

അധികാരത്തിൽ വന്ന ഏതെങ്കിലും ഗവൺമെന്റ് ഇതുപോലൊരു പ്രതിസന്ധി അഭിമുഖീകരിച്ചിട്ടുണ്ടോ?

35,000 കോടി രൂപയുടെ പ്ലാൻ ഫണ്ടിൽ 20,500 കോടി രൂപയില്ലെന്നുള്ളതാണ് പ്ലാൻ/ബജറ്റ് തയ്യാറാക്കുമ്പോൾ ഒരു ഗവൺമെന്റിന്റെ മുന്നിലുള്ള ഏറ്റവും വലിയ വെല്ലുവിളി. അതാണ് ഈ ധവളപത്രത്തിൽ പറയുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇന്നലെ സംസാരിച്ചപ്പോൾ ഒരു കാര്യവുമില്ലാതെ ധവളപത്രമെന്ന് പറയുന്ന ഉമ്മാക്കി കാണിച്ച് ഭയപ്പെടുത്തേണ്ടെന്ന് പറഞ്ഞു. ഞാൻ അങ്ങയോട് വളരെ വിനയത്തോടെ പറയുന്നു, ഈ ധവളപത്രം ഉമ്മാക്കിയല്ല; നിങ്ങളുടെ മുമ്പിൽ വച്ചിരിക്കുന്ന കണ്ണാടിയാണ്. പത്ത് കൊല്ലക്കാലത്തെ സാമ്പത്തിക കെടുകാര്യസ്ഥതയുടെ കണ്ണാടിയാണ്. ഞങ്ങൾ ആരെയും ഉമ്മാക്കി കാണിച്ച് ഭയപ്പെടുത്തില്ല. ആ കണ്ണാടിയിലേക്കൊന്ന് നോക്കിയശേഷം പുറകിലോട്ട് സഞ്ചരിക്കണം. പ്രസ്തുത ധവളപത്രം മേശപ്പുറത്തുവച്ച രേഖയായതിനാൽ ഞാൻ അതിലെ വിശദാംശങ്ങൾ പറയുന്നില്ല. അതിനകത്ത് എല്ലാ കണക്കുകളുമുണ്ട്.

ഫാക്ട് ചെക്ക് ചെയ്തിട്ടുണ്ടോ എന്ന് അങ്ങ് ചോദിച്ചു. ഫാക്ട് ചെക്ക് ചെയ്തിട്ടുണ്ട്. അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം) ആണ് ഈ കമ്മിറ്റിയുടെ കൺവീനർ. ഞങ്ങൾക്ക് ഇന്നലെയാണ് റിപ്പോർട്ട് ലഭ്യമായതെന്ന് അങ്ങേയ്ക്ക് എങ്ങനെയറിയാം? ഒരാഴ്ചയ്ക്കുമുമ്പ് തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്. ഞാൻ ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിന്റെ 5 യോഗങ്ങളിൽ രണ്ടുംമൂന്നും മണിക്കൂർ വീതം പങ്കെടുത്തിട്ടുള്ളതും എല്ലാ കാര്യങ്ങളിലും ഇടപെട്ടിട്ടുള്ളതുമായ ആളാണ്. ഞാൻ ധനകാര്യവകുപ്പിന്റെ ചുമതലകൂടി വഹിക്കുന്നയാൾ എന്ന നിലയിൽ അതിന്റെ ചാപ്റ്റർ ഫ്രെയിം ചെയ്യുന്ന കാര്യത്തിൽ, അതിന്റെ ഫാക്ട് ചെക്ക് ചെയ്യാനുള്ള സംവിധാനം ഇതിനകത്തുള്ളതിനാൽ എല്ലാ കണക്കുകളും കൗണ്ടർ ചെക്ക് ചെയ്തിട്ടാണ് ഇവിടെ അവതരിപ്പിക്കുന്നത്. ഫാക്ട് ചെക്ക് ചെയ്യണമെന്ന് അങ്ങ് പറഞ്ഞത് നല്ല കാര്യമാണ്. എന്നാൽ ഫാക്ട് ചെക്ക് ചെയ്തപ്പോൾ ആളുകളെ കബളിപ്പിക്കുന്ന കൗശലങ്ങളുടെ ചില കണക്കുകൾ കൂടി ഇതിനകത്തുണ്ടെന്ന് മനസ്സിലായത്. ആ കണക്കുകൂടി ഈ ധവളപത്രത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കണക്ക് എന്നത് ആളുകളെ കളിപ്പിക്കാനുള്ളതല്ല;

യാഥാർഥമായിരിക്കണം ആ കണക്ക്. ഇതിനെ എങ്ങനെ മുന്നോട്ടുകൊണ്ടുപോകാമെന്നുള്ളത് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്.

ഞാൻ ദീർഘമായി കാര്യങ്ങൾ സംസാരിക്കുന്നില്ല. പക്ഷേ ഒരു ഗവൺമെന്റിന്റെ മുന്നിലുള്ള പ്രതിസന്ധികളും ഇപ്പോൾ പറഞ്ഞ ധനപ്രതിസന്ധികളും നമ്മൾ അറിയേണ്ടതുണ്ട്.

ഈ ഗവൺമെന്റ് ഉടനടി കൊടുക്കേണ്ട പണത്തെക്കുറിച്ചും ഇതിൽ പറഞ്ഞിട്ടുണ്ട്. കഴിഞ്ഞ കുറേദിവസങ്ങളായി ഇവിടെയുള്ള പ്രചരണം കഴിഞ്ഞ സർക്കാർ 6000 കോടി രൂപ ട്രഷറിയിൽ ബാക്കി വച്ചിട്ടാണ് അധികാരത്തിൽനിന്നും ഇറങ്ങിയതെന്നാണ്. ട്രഷറിയിൽ പണം പല രീതിയിൽ വരും. ഐ.ജി.എസ്.ടി. ഗ്രാന്റിന്റെ പണം വന്നു, കേന്ദ്ര ഗവൺമെന്റിന്റെ മറ്റുചില ഗ്രാന്റുകൾ വന്നു, എന്നാൽ മേയ് മാസം 16-ാം തീയതി 6000 കോടി രൂപ ട്രഷറിയിലുണ്ടായിരുന്നോ? ഇല്ല, അന്ന് 2000 കോടി രൂപയേ ഉണ്ടായിരുന്നുള്ളൂ. അപ്പോൾ ഇത്രയും തുക ബാക്കി വച്ചിട്ടാണ് പോകുന്നതെന്ന് ഈ പാവപ്പെട്ട ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുകയായിരുന്നു. ഇതിന് ഞാൻ ഒരു ഉദാഹരണം ചൂണ്ടിക്കാണിക്കാം, ഇവിടെയിരിക്കുന്ന ലെജിസ്ലേച്ചർ സെക്രട്ടേറിയറ്റിലെ ഒരു സ്റ്റാഫിന് 50,000 രൂപ സാലറിയുണ്ടെന്ന് സങ്കല്പിക്കുക. അയാൾക്ക് ശമ്പളം ലഭിക്കുമ്പോൾ 25,000 രൂപ പലചരക്ക് കടയിൽ കൊടുക്കണം, എന്നാൽ അദ്ദേഹം പലചരക്കുകടയിൽ പണം നൽകാതെ പോക്കറ്റിൽ വയ്ക്കുന്നു. കൂടാതെ അദ്ദേഹം പാൽ വാങ്ങിയ കാശ്, പത്രക്കാരന്റെ കാശ്, ഇറച്ചിയും മീനും വാങ്ങിയ കാശ് എന്നിവ നൽകാതെ തന്റെ പോക്കറ്റിൽ 50,000 രൂപ ബാക്കിയുണ്ടെന്ന് പറയുകയാണ്.

നിങ്ങളുടെ കൈയിൽ 6,000 കോടി രൂപ ബാക്കിയുണ്ടായിരുന്നുവെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകേണ്ട മൂന്നാം ഗഡുവായ 1,982 കോടി രൂപ എന്തുകൊണ്ട് നൽകിയില്ല; നിങ്ങളുടെ വേഗത്തിൽ തീർക്കേണ്ട ബാധ്യതകൾ എന്തൊക്കെയാണ്; നിങ്ങൾ എവിടെയെല്ലാമാണ് പണം നൽകാനുള്ളത്; നിങ്ങൾ പണം നൽകാനുള്ള ധാരാളം സ്ഥലങ്ങളിൽ നിങ്ങൾ പണം നൽകിയിട്ടില്ല എന്നതാണ് സത്യം.

*04-06-2026*

*Discussion on the motion of thanks to the Governor's address – discussion to be concluded*

പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർഥികൾക്ക് നൽകാനുള്ള പണം 377 കോടി രൂപയാണ്. 6000 കോടി രൂപ ട്രഷറിയിൽ ബാക്കിയുണ്ടായിരുന്നുവെങ്കിൽ എന്തുകൊണ്ടാണ് ഈ പാവപ്പെട്ട കുട്ടികൾക്ക് നൽകേണ്ട 377 കോടി രൂപയ്ക്ക് ഒന്നാം പരിഗണന നൽകാതിരുന്നത്. ജീവനക്കാരുടെ ഡി.എ. കുടിശ്ശികയിനത്തിൽ 21000 കോടി രൂപ കൊടുക്കാതെയാണ് കഴിഞ്ഞ സർക്കാർ അധികാരത്തിൽ നിന്നിറങ്ങുന്നത്. 6,000 കോടി രൂപ ബാക്കിയുണ്ടായിരുന്നെങ്കിൽ ഒരു കുടിശ്ശിക തുകയെങ്കിലും കൊടുക്കുന്നതിന് തീരുമാനിക്കാത്തത് എന്തുകൊണ്ടാണ്? പെൻഷൻകാർക്കുള്ള 14,387 കോടി രൂപയുടെ കുടിശ്ശികയും നൽകിയിട്ടില്ല. 6000 കോടി രൂപ ട്രഷറിയിലുണ്ടെങ്കിൽ ഏറ്റവും രൂക്ഷമായ വിലക്കയറ്റം നിലനിൽക്കുന്ന സംസ്ഥാനത്ത് വിലക്കയറ്റം നിയന്ത്രിക്കുന്നതിൽ മാർക്കറ്റ് ഇന്റർവെൻഷൻ നടത്തേണ്ട സർക്കാരിന്റെ ഏജൻസിയായ സപ്ലൈകോയ്ക്ക് നൽകാനുള്ള 2,893 കോടി രൂപ എന്തുകൊണ്ടാണ് നിങ്ങൾ നൽകാതെ പോയത്?

കൂടാതെ മെഡിക്കൽ സർവീസസ് കോർപ്പറേഷന് 476 കോടി രൂപ നൽകാനുണ്ട്. സംസ്ഥാനത്തെ ടൈപ്പ് വൺ പ്രമേഹബാധിതരമായ പാവപ്പെട്ട കുഞ്ഞുങ്ങൾക്ക് ഗുണനിലവാരമില്ലാത്ത മരുന്നുവിതരണം നടത്തുന്നതിനാൽ നല്ല മരുന്ന് ലഭിക്കാൻ അവർ കാത്തിരിക്കുകയാണ്. എന്തുകൊണ്ടാണ് കഴിഞ്ഞ സർക്കാർ ഈ പാവപ്പെട്ട കുട്ടികൾക്ക് ഗുണനിലവാരമുള്ള മരുന്ന് ലഭ്യമാക്കുന്നതിനായി ഈ തുക നൽകാത്തത്? ഞാനിപ്പോൾ കുറച്ച് പദ്ധതികളെക്കുറിച്ച് മാത്രമാണ് പറഞ്ഞത്. കാരുണ്യ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ മാത്രം 2,017 കോടി രൂപയുടെ ബാധ്യതയുണ്ട്. നിരവധിയായിട്ടുള്ള ബാധ്യതകളിൽ വേഗത്തിൽ തീർപ്പാക്കേണ്ട ബാധ്യതകൾ മാത്രമാണ് ഞാൻ പറഞ്ഞത്. എന്നിട്ട് 6,000 കോടി രൂപ ബാക്കിവച്ചിട്ട് പോയിരിക്കുകയാണെന്ന് ഒരു കഥയുണ്ടാക്കി സോഷ്യൽ മീഡിയയിലൂടെ പ്രചരിപ്പിക്കുകയാണ്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 2,000 കോടി രൂപ മാത്രമാണ് ട്രഷറിയിലുണ്ടായിരുന്നത്. ഞാൻ ട്രഷറി ബാലൻസിനെക്കുറിച്ചും ട്രഷറി ബാലൻസിന്റെ സിസ്റ്റത്തെക്കുറിച്ചും വിശദമായി ഈ

ധവളപത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഓരോ സമയത്തും പണം വരുമെങ്കിലും നമ്മുടെ ബാധ്യതകൾ അവിടെത്തന്നെ നിൽക്കുകയാണ്.

ലെജിസ്ലേച്ചർ സെക്രട്ടേറിയറ്റിലെ ജീവനക്കാരൻ 50,000 രൂപ പോക്കറ്റിൽ സൂക്ഷിച്ചശേഷം ശമ്പളം മുഴുവനും തന്റെ പോക്കറ്റിലുണ്ടെന്നും താൻ ചെലവാക്കിയിട്ടില്ലെന്നും ഭാര്യയോട് പറയുകയാണ്. അതേസമയം വാതിൽ തുറന്നാൽ പത്രക്കാരനും പാൽക്കാരനും പലചരക്ക് കടകാരനും ഇറച്ചി, മീൻ മുതലായവ കൊണ്ടുവന്ന പാവപ്പെട്ട സ്ത്രീയും പുറത്തുനിൽക്കുകയാണ്. എന്നിട്ട് വാതിലടച്ചശേഷം ഭാര്യയോട് 50,000 രൂപ അതുപോലെ ഇവിടെ കൊണ്ടുവന്നിട്ടുണ്ടെന്ന് പറയുന്നതുപോലെയാണ് നമ്മുടെ സ്ഥിതിയും. ആളുകൾക്ക് പെട്ടെന്ന് മനസ്സിലാകാനാണ് ഞാൻ ഇപ്രകാരം ഒരു ഉദാഹരണം പറഞ്ഞത്.

ധനകാര്യ വകുപ്പല്ലേ ലഭ്യമായത്; നല്ല സുഖമായല്ലോ എന്ന് എന്നോട് ധാരാളം പേർ ചോദിച്ചു. അത് എന്താണെന്ന് ചോദിച്ചപ്പോൾ, മുൻ ധനകാര്യ വകുപ്പുമന്ത്രി 6,000 കോടി രൂപ ട്രഷറിയിൽ ബാക്കിവച്ചിട്ട് പോയിരിക്കുന്നതിനാൽ അടിച്ചുപൊളിക്കാമല്ലോ എന്നാണ് അവർ പറയുന്നത്. അപ്രകാരം എന്നോട് ചോദിച്ച ആളുകളോടാണ് ഞാൻ ശമ്പളം കിട്ടിയ ജീവനക്കാരന്റെ കഥ പറഞ്ഞത്. അതിനാൽ സാമ്പത്തികാവസ്ഥ ഇപ്രകാരമായതിനാൽ ഇതിന് മാറ്റമുണ്ടാകണം.

കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥ മറ്റ് സംസ്ഥാനത്തെ സമ്പദ്‌വ്യവസ്ഥയുമായും ഓരോ ഇൻഡിക്കേറ്റേഴ്സുമായും താരതമ്യം ചെയ്തപ്പോൾ വളരെ മോശമാണെന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. സംസ്ഥാനത്തിന്റെ പലിശ നിരക്ക് വളരെ കൂടുതലാണ്. കിഫ്ബിയെക്കുറിച്ച് ധാരാളം കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. കിഫ്ബി കൊണ്ടുവന്നപ്പോഴുള്ള പ്രഖ്യാപനത്തെക്കുറിച്ച് ഇന്നും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞു. എന്താണ് കിഫ്ബി? കിഫ്ബി സംസ്ഥാനത്ത് കൊണ്ടുവന്നപ്പോൾ ഇവിടെ പ്രതിപക്ഷത്ത് എഴുന്നേറ്റുനിന്ന് ലീഗൽ ഒബ്ജക്ഷൻ നടത്തുകയും ഇത് ഭരണഘടനാ വിരുദ്ധമാണെന്നും നിങ്ങളുടെ Purpose serve ചെയ്യില്ലെന്നും പറഞ്ഞയാളാണ് ഞാൻ. കിഫ്ബി എന്താണ് ചെയ്യുന്നത്? സംസ്ഥാനത്തിന്റെ വരുമാനത്തിൽനിന്നും 2000-3000 കോടി രൂപ പ്രതിവർഷവും നഷ്ടപ്പെടുകയാണ്. ബജറ്റിനും

സർക്കാരിനും പുറത്താണെന്ന് പറയുന്ന ഒന്നിന്റെ കാര്യമാണ് ഞാൻ ഇവിടെ സൂചിപ്പിച്ചത്. Extra-budgetary സംവിധാനമായിട്ടാണ് കിഫ്ബിയെ അവതരിപ്പിച്ചത്. ബജറ്റിൽനിന്നും തുക കിഫ്ബിയിലേയ്ക്ക് കൊണ്ടുപോകുകയും പിന്നീട് വായ്പയെടുക്കുകയുമാണ് ചെയ്യുന്നത്. കഴിഞ്ഞ സർക്കാർ എടുത്തിരിക്കുന്ന വായ്പയുടെ പലിശ നിരക്ക് ഗ്ലോബൽ ഫിനാൻഷ്യൽ മാർക്കറ്റിനെ സംബന്ധിച്ച് അറിയാവുന്ന ഒരാൾ കേൾക്കുകയാണെങ്കിൽ ബോധം പോകും. അത്രവലിയ പലിശ നിരക്കിലാണ് വായ്പ എടുത്തിരിക്കുന്നത്. സോവറിൻ ഗ്യാരന്റി ഓഫ് ദി സ്റ്റേറ്റ് എന്ന പേരിലാണ് വായ്പയെടുക്കുന്നത്. ഇത്തരത്തിൽ വായ്പയെടുക്കുമ്പോൾ ബജറ്റിൽനിന്നും തുക അങ്ങോട്ട് നൽകണം. ഇത് രണ്ടുംകൂടെ കൂട്ടിയതാണ് അവരുടെ തുക. ഈ തുക വായ്പയെടുക്കുന്നവർക്ക് ഒറ്റയ്ക്ക് അടയ്ക്കാൻ സാധിക്കില്ല. സെൽഫ് ഇൻകം ജനറേറ്റിങ് ആയിട്ടുള്ള ഒരു സ്കീമും കിഫ്ബിയിൽ ഇല്ലാത്തതുകൊണ്ടാണ് അവർക്ക് ഒറ്റയ്ക്ക് അടയ്ക്കാൻ സാധിക്കാത്തത്. 60 ശതമാനം പ്രോജക്ടെങ്കിലും സെൽഫ് ഇൻകം ജനറേറ്റിങ്ങായി വച്ചാൽ സർക്കാരിന് ബാധ്യത ഉണ്ടാവില്ലെന്നും അങ്ങനെ ചെയ്തില്ലെങ്കിൽ അത് അൾട്ടിമേറ്റായി നമ്മുടെ ബജറ്റിന്റെ തലയിലേക്ക് വരുമെന്നും അന്നത്തെ ധനകാര്യ വകുപ്പുമന്ത്രിയോട് ഞങ്ങൾ പറഞ്ഞു. കടമെടുപ്പ് പരിധിയിൽ ജി.എസ്.ഡി.പി. (ഗ്രോസ് സ്റ്റേറ്റ് ഡൊമസ്റ്റിക് പ്രോഡക്ട്)-യുടെ 3.5 ശതമാനം മാത്രമെ വായ്പയെടുക്കാൻ കേന്ദ്രഗവൺമെന്റ് സമ്മതിക്കുകയുള്ളൂ. പിന്നീട് അന്ന് പറഞ്ഞ മറ്റൊരു ഉപായം, കേന്ദ്രഗവൺമെന്റ് അറിയാതെ പുറത്തുനിന്നും കടമെടുക്കാമെന്ന് പറഞ്ഞു. അപ്പോൾ അവർ സമ്മതിക്കില്ലെന്ന് ഞാൻ പറഞ്ഞു. സ്റ്റേറ്റ് ഫിനാൻസ് കൺട്രോൾ ചെയ്യാൻ വേണ്ടിയാണ് എഫ്.ആർ.ബി.എം. ആക്റ്റ് (സാമ്പത്തിക ഉത്തരവാദിത്ത ബജറ്റ് മാനേജ്മെന്റ് നിയമം) കൊണ്ടുവന്നിട്ടുള്ളത്. ഇപ്പോൾ ഇതും കടമെടുപ്പിന്റെ പരിധിയിലാക്കിയിട്ടുണ്ട്. ഇപ്പോൾ അതുകൂടി ഞങ്ങളുടെ തലയിലാണ്. ഈ നിശ്ചിത പരിധിയായ 3.5 ശതമാനത്തിൽനിന്നും 0.5 ശതമാനം പവർ സെക്ടറിൽ മാത്രമെ ഞങ്ങൾക്ക് കടമെടുക്കാൻ സാധിക്കുകയുള്ളൂ. ജി.എസ്.ഡി.പി.-യിൽ നിന്നും കടമെടുക്കാൻ സാധിക്കുന്നത് മൂന്ന് ശതമാനം തുക മാത്രമാണ്. എല്ലാ സർക്കാരുകൾക്കും കടമെടുക്കേണ്ടതായിവരും. അത്തരത്തിൽ കടം എടുക്കുമ്പോൾ അതിന്റെ നല്ലൊരു ഭാഗം തുക

കിഫ്ബിക്കുവേണ്ടി തിരിച്ചടയ്ക്കണമെന്നതാണ് ഇപ്പോഴത്തെ സ്ഥിതി. കിഫ്ബിക്ക് ധനകാര്യ വകുപ്പുമായി യാതൊരുവിധ ബന്ധവുമില്ല. ധനകാര്യ വകുപ്പിലേക്ക് കിഫ്ബിയുമായി ബന്ധപ്പെട്ട ഫയലുകൾ വരില്ല. അതിന് പ്രോപ്പറായ ഓഡിറ്റിങ്ങില്ല. ഇതൊന്നുമില്ലാത്ത പ്രത്യേക ലോകം സൃഷ്ടിച്ചിരിക്കുകയാണ്. അതിനെപ്പറ്റി ഒരു അധ്യായംതന്നെ ധവളപത്രത്തിൽ പ്രതിപാദിക്കുന്നുണ്ട്. അത് നിങ്ങൾ വായിക്കണം. കിഫ്ബി എന്ന സംവിധാനം സംസ്ഥാന ഖജനാവിനെ ഏതെല്ലാം തരത്തിൽ ബാധിക്കുന്നുണ്ടെന്ന് നിങ്ങൾ മനസ്സിലാക്കണം. ഇപ്പോഴത്തെ ബഹുമാനപ്പെട്ട അമ്പലപ്പുഴ അംഗം അന്ന് ഭരണകക്ഷിയിൽ ആയിരുന്നെങ്കിലും കിഫ്ബിയുടെ കുറവുകളെ സംബന്ധിച്ച് നന്നായി മനസ്സിലാക്കിയ ആളാണെന്നാണ് എന്റെ വിചാരം. മുൻ പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രിയായ ശ്രീ. പി. എ. മുഹമ്മദ് റിയാസ് ഇവിടെ ഇരിപ്പുണ്ട്. സംസ്ഥാനത്തിന്റെ ഏറ്റവും എഫിഷ്യന്റായ ഒരു സംവിധാനമാണ് പി.ഡബ്ല്യൂ.ഡി., അതിൽ എന്തെങ്കിലും തരത്തിൽ കുറവുണ്ടെങ്കിൽ പരിഹരിക്കാവുന്നതേയുള്ളൂ. പി.ഡബ്ല്യൂ.ഡി.-യിൽ കാര്യങ്ങൾ നന്നായി ചെയ്യാവുന്നൊരു സംവിധാനമുണ്ടായിരുന്നു. പി.ഡബ്ല്യൂ.ഡി. വർക്കുകളെല്ലാം ഇതുപോലൊരു ഏജൻസിക്ക് നൽകി, അവരെക്കൊണ്ട് വർക്ക് ചെയ്തശേഷം വലിയ തുകകൾ 9 ശതമാനവും 9.72 ശതമാനവും പലിശയ്ക്ക് വായ്പയെടുത്ത് ഇവിടെ ആറ് ശതമാനം നിരക്കിൽ ബാങ്കിൽ നിക്ഷേപിക്കുന്നു. ഈ തുകയ്ക്കെല്ലാം പലിശ കൊടുക്കേണ്ടത് ആരാണ്; അതിന്റെ മുഴുവൻ ബാധ്യതയും വന്നിട്ടുള്ളത് ബജറ്റിലാണ്. ആ പ്രവൃത്തികൾക്ക് അനാവശ്യമായ കാലതാമസം ഉണ്ടായിരിക്കുകയാണ്. പി.ഡബ്ല്യൂ.ഡി.-യിൽ ഇത്തരത്തിൽ കാലതാമസം വരുന്നത് ഒരു കോൺട്രാക്ടർ വർക്ക് ഉപേക്ഷിച്ച് പോകുമ്പോൾ മാത്രമാണ്. അതിന് പരിഹാരമായി പി.ഡബ്ല്യൂ.ഡി.-ക്ക് ഒരു സംവിധാനമുണ്ട്. ശ്രദ്ധിച്ചാൽ അത് കുറച്ചുകൂടി ഭംഗിയാക്കാം. ഒരു കോൺട്രാക്ടർ വർക്ക് ഉപേക്ഷിച്ച് പോയാൽ റിസ്ക് ആൻഡ് കോസ്റ്റിൽ അയാളെ മാറ്റി പുതിയ ടെൻഡർ വച്ച് കോൺട്രാക്ട് ചെയ്യുമ്പോഴാണ് കാലതാമസമുണ്ടാകുന്നത്. ആ സംവിധാനങ്ങളെല്ലാം തകർത്ത് അതിന് പുറത്ത് ഇത്തരത്തിലുള്ള ചില സംവിധാനങ്ങൾ ഉണ്ടാക്കി. ആ സംവിധാനം ഇന്ന് ഞങ്ങളുടെ

തലയിൽ ഇരിക്കുകയാണ്. ഞാൻ ഉള്ള കാര്യങ്ങളാണ് പറയുന്നത്. ഇത് ഒന്നുകൂടി പരിശോധിച്ച് വിദഗ്ധ അഭിപ്രായങ്ങൾ കൂടി തേടി സ്റ്റേറ്റിനും ചെയ്ത വർക്കുകൾക്കും ദോഷമില്ലാത്ത രീതിയിൽ കാര്യങ്ങൾ ചെയ്യാം. ഇതുസംബന്ധിച്ച കാര്യങ്ങൾ എല്ലാ എം.എൽ.എ.-മാരും അറിയാൻ വേണ്ടിയാണ് പറയുന്നത്. ഭരണ-പ്രതിപക്ഷം അടക്കം എല്ലാ എം.എൽ.എ.-മാർക്കും ഇക്കാര്യത്തിൽ ടെൻഷനാണ്. വർക്ക് അവാർഡ് ചെയ്തു, ചിലതിന് ഭരണാനുമതിയും ചിലതിന് സാങ്കേതികാനുമതിയും കൊടുത്തു, ആകാശത്തും ഭൂമിയിലും അല്ലാതെ ചില വർക്കുകൾ നിൽക്കുന്നു... തുടങ്ങി നിരവധി കാര്യങ്ങളുണ്ട്. ഇനി എന്താണ് സംഭവിക്കാൻ പോകുന്നതെന്നുള്ള ഭീതിയിലാണ് എം.എൽ.എ.-മാർ. നമുക്കാർക്കും ദോഷകരമല്ലാത്ത രീതിയിൽ ഇക്കാര്യങ്ങളെല്ലാം പരിഹരിക്കാൻ സാധിക്കുമെന്ന പൂർണ്ണ വിശ്വാസം ഈ സർക്കാരിനുണ്ട്. ഇത് ഒന്നുകൂടി പഠിക്കണം. വളരെ വേഗത്തിൽ ഇതുസംബന്ധിച്ചുള്ള തീരുമാനമുണ്ടാകും. എന്റെ പ്രസംഗം ദീർഘിപ്പിക്കുന്നില്ല. ഈ നയപ്രഖ്യാപനം കേട്ട് നിരാശ വന്നുവെന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സംസാരിച്ചപ്പോൾ പറഞ്ഞത്. അങ്ങ് അങ്ങനെ നിരാശപ്പെടരുതെന്നാണ് എന്റെ വിനയപൂർവമായ അഭ്യർത്ഥന. ഇത് പ്രതീക്ഷ ഉണർത്തുന്നൊരു നയപ്രഖ്യാപനമാണ്. ബി.ജെ.പി. സംസ്ഥാന പ്രസിഡന്റ് ഈ നയപ്രഖ്യാപനത്തെ സംബന്ധിച്ച് നല്ലത് പറഞ്ഞെങ്കിൽ ഞാൻ അദ്ദേഹത്തോട് നന്ദി പറയുകയാണ്. മറ്റുള്ള പ്രകടന പത്രികയിൽ എഴുതിവച്ചിരിക്കുന്ന രീതിയൊന്നും ഞാൻ നോക്കിയിട്ടില്ല. ഞങ്ങളുടെ പ്രകടന പത്രികയിൽ പറഞ്ഞ കാര്യങ്ങളും ഞങ്ങൾ ജനങ്ങളോട് പറഞ്ഞ വാക്കുകളുമാണ് നയപ്രഖ്യാപനത്തിൽ സൂചിപ്പിച്ചിട്ടുള്ളത്. തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് രാഷ്ട്രീയ ദുരൂഹതയുണ്ടെന്ന് അങ്ങ് പറഞ്ഞു. അങ്ങയുടെ ഉപദേശകർ കണക്ക് തരുന്ന സമയത്ത് കണക്കിന്റെ കാര്യങ്ങളെല്ലാം ചോദിച്ച് മനസ്സിലാക്കണം. അങ്ങ് നേമം നിയോജകമണ്ഡലത്തിലെ വോട്ടിന്റെ കണക്ക് പറഞ്ഞു. കോൺഗ്രസിന് നേമത്ത് വോട്ട് കുറഞ്ഞുവെന്നും മൂന്നാം സ്ഥാനത്തേയ്ക്ക് പോയെന്നും അങ്ങിവിടെ പറഞ്ഞു. നേമത്ത് കോൺഗ്രസിന്റെ വോട്ട് മാത്രമാണോ കുറഞ്ഞത്; എൽ.ഡി.എഫ്.-ന്റെ വോട്ടും കുറഞ്ഞിട്ടുണ്ട്. അത് അങ്ങ് പരിശോധിച്ചുനോക്കു. അങ്ങയുടെ

ഉപദേശകർ അങ്ങേയ്ക്ക് കാര്യങ്ങൾ പറഞ്ഞ് തന്നപ്പോൾ ശ്രദ്ധയിൽപ്പെടുത്താത്തൊരു കാര്യം കൂടി ഞാൻ പറയാം. ചാത്തന്നൂരിൽ കോൺഗ്രസിന് ആയിരത്തോളം വോട്ട് കൂടിയപ്പോൾ എൽ.ഡി.എഫ്.-ന് 11778 വോട്ടിന്റെ കുറവുണ്ടായി. നേമത്തെ കാര്യം മാത്രം പറഞ്ഞാൽ പോരല്ലോ, ചാത്തന്നൂരിലെ കാര്യവും പറയേണ്ടതുണ്ട്. കഴക്കൂട്ടത്ത് യു.ഡി.എഫ്.-ന് 4188 വോട്ടുകൾ കൂടുതൽ ലഭിച്ചപ്പോൾ അവിടെ നിങ്ങൾക്ക് 17554 വോട്ടിന്റെ കുറവുണ്ടായി. ഇങ്ങനെയായിരുന്നിട്ടും നേമത്ത് കോൺഗ്രസിന്റെ വോട്ട് കുറഞ്ഞുവെന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറയുന്നത്. നേമത്ത് യു.ഡി.എഫ്.-ന്റെയും എൽ.ഡി.എഫ്.-ന്റെയും വോട്ടുകൾ കുറഞ്ഞിട്ടുണ്ട്. ചാത്തന്നൂരിലും കഴക്കൂട്ടത്തും കോൺഗ്രസിന് വോട്ടുകൾ കൂടുതൽ ലഭിച്ചു. കഴക്കൂട്ടത്ത് 17554 വോട്ടുകളും ചാത്തന്നൂരിൽ 11771 വോട്ടുകളും എൽ.ഡി.എഫ്.-ന് കുറഞ്ഞു. അങ്ങ് ഇവിടെ പറഞ്ഞ വാദഗതികൾ ശരിയാണെങ്കിൽ ഇവിടങ്ങളിൽനിന്ന് വിജയിച്ച മൂന്ന് പേരെയും എൽ.ഡി.എഫ്. പ്ലാൻ ചെയ്ത് ജയിപ്പിച്ചവരാണ്. കോൺഗ്രസ് നേമത്ത് മൂന്നാം സ്ഥാനത്തേയ്ക്ക് പോയെന്നാണ് അങ്ങ് ഉദ്ദേശിച്ചത്. മുമ്പും നേമത്ത് കോൺഗ്രസ് മൂന്നാം സ്ഥാനത്തായിരുന്നു. അങ്ങ് പറഞ്ഞ വാദഗതികൾ ശരിയാണെങ്കിൽ നിങ്ങളാണ് എൽ.ഡി.എഫ്.-ന്റെ നേതാക്കന്മാർ പ്രതിനിധാനം ചെയ്തിരുന്ന സീറ്റുകൾ ഒരു വെള്ളിതാലത്തിലാക്കി ബി.ജെ.പി.-ക്ക് സമ്മാനിച്ചത്. അതിനെയാണ് ഞങ്ങൾ ഡീൽ എന്ന് പറഞ്ഞത്. എല്ലാ കണക്കുകളും കൃത്യമായി ഉണ്ടാകും. ഈ കണക്കുകളൊന്നും ആർക്കും മാറ്റി മറിക്കാൻ സാധിക്കില്ല. ശ്രീ. ആര്യാടൻ ഷൗക്കത്തിന് നൽകിയ മറുപടിയിൽ അങ്ങ് രണ്ടാം ലോകമഹായുദ്ധ കാലത്തെക്കുറിച്ചും പഴയ കമ്മ്യൂണിസ്റ്റ് പാർട്ടിയെ സംബന്ധിച്ച കാര്യങ്ങളെക്കുറിച്ചും പറഞ്ഞു. യുദ്ധത്തിൽ സോവിയറ്റ് യൂണിയൻ നിഷ്പക്ഷമായിരുന്നുവെന്നും പിന്നീട് ബ്രിട്ടന്റെ കൂടെ ചേർന്നതാണെന്നുമാണ് അങ്ങ് പറഞ്ഞത്. ശരിക്കും അങ്ങനെയല്ല സംഭവിച്ചത്. 1939-ൽ സ്റ്റാലിൻ-ഹിറ്റ്ലർ ഉടമ്പടി ഉണ്ടാകുന്നു. ഹിറ്റ്ലർ ആളുകളെയും എതിരാളികളെയും ജൂതന്മാരെയും കൊല്ലാനും നാട്ടുകാരെ നാടുകടത്താനും തുടങ്ങി. ഇങ്ങനെ സംഭവിച്ച കാലത്താണ് 1939-ൽ സ്റ്റാലിൻ-ഹിറ്റ്ലർ ഉടമ്പടിയുണ്ടാക്കിയത്. അന്ന് സോവിയറ്റ് യൂണിയൻ പറയുന്നത് മാത്രമേ ഇന്ത്യയിലെ കമ്മ്യൂണിസ്റ്റുകാർ

കേൾക്കുമായിരുന്നുള്ളൂ. അന്ന് അങ്ങ് ചെറുപ്പമായിരിക്കും. അന്ന് സ്റ്റാലിൻ ഹിറ്റ്ലറുടെ കൂടെയായിരുന്നു. ഇന്ത്യയിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ നേതാക്കന്മാരും പ്രവർത്തകരും എടുത്ത തീരുമാനങ്ങളെല്ലാം ഹിറ്റ്ലറുടെ കൂടെയായിരുന്നു. അന്ന് വലിയ യജമാനൻ സ്റ്റാലിൻ ഹിറ്റ്ലറുടെ കൂടെയായിരുന്നു. ഹിറ്റ്ലറിന്റെ സ്വഭാവത്തിന് സ്ഥിരതയില്ലാത്തിനാൽ 1941-ൽ മോസ്കോ ഉൾപ്പെടുന്ന റഷ്യയെ ഹിറ്റ്ലർ ആക്രമിച്ചു. അപ്പോഴാണ് സോവിയറ്റ് യൂണിയൻ ഹിറ്റ്ലറുടെ കൂടെനിൽക്കുന്ന നിലപാടിൽ മാറ്റംവരുത്തിയത്. അപ്പോൾ നിങ്ങൾ മാറിയത് ശരിതന്നെയാണ്. സ്റ്റാലിൻ മാറിയാൽ പിന്നെ നിങ്ങൾക്ക് മാറാതിരിക്കാൻ സാധിക്കുമോ; മോസ്കോയിൽ മഴ പെയ്താൽ തിരുവനന്തപുരത്ത് കുട പിടിച്ചുനടക്കുന്ന കമ്മ്യൂണിസ്റ്റുകാരാണ് നിങ്ങൾ.

പ്രതിപക്ഷനേതാവ് (<u>ശ്രീ. പിണറായി വിജയൻ</u>): സർ, വളരെ നിർണ്ണായകമായ ഒരു നിലപാടായിരുന്നു അത്. അങ്ങ് അതിനെ മറ്റൊരു രീതിയിൽ അവതരിപ്പിക്കുകയാണ്. സോവിയറ്റ് യൂണിയൻ ഉദയം ചെയ്തിട്ട് കുറച്ച് കാലങ്ങളേ ആയിരുന്നുള്ളൂ. ആ ഘട്ടത്തിൽ ഒരാക്രമണം വന്നാൽ അത് പിടിച്ചുനിൽക്കാനുള്ള വിഷമം അന്ന് സോവിയറ്റ് യൂണിയനുണ്ടായിരുന്നു. അത് കണ്ടുകൊണ്ടാണ്, തൽക്കാലം ആക്രമണം വരാതിരിക്കാനും ആക്രമണം വന്നാൽ അതിനെതിരെ തിരിച്ചടിക്കാനുള്ള എല്ലാ തയ്യാറെടുപ്പുകളും അവിടെ ആരംഭിച്ചത്. അതിന്റെ ഭാഗമായി, ആ താൽക്കാലിക സന്ധി ഉപയോഗിച്ചുകൊണ്ട് സോവിയറ്റ് യൂണിയനെ അതിശക്തമായി ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളിലേയ്ക്ക് കടന്നു. ആ കരുത്താർജിച്ചതിന്റെ ഭാഗമായാണ് ജർമ്മൻ സേന മോസ്കോയുടെ പടിവാതിൽക്കൽവരെ എത്തിയെങ്കിലും അവിടത്തെ ചെമ്പടയ്ക്ക് അതിനെ പരാജയപ്പെടുത്താൻ കഴിഞ്ഞത്. അത് ലോകചരിത്രത്തിലെ ഏറ്റവും പ്രധാനപ്പെട്ട സംഭവമായിരുന്നു. അത് അങ്ങ് മറക്കാതിരിക്കുക.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, അത് സ്റ്റാലിന്റെ ഒരു അടവ് നയമായിരുന്നുവെന്നും അന്ന് സോവിയറ്റ് യൂണിയൻ രൂപം കൊണ്ടിട്ട് അധികം നാളൊന്നുമായില്ലെന്നുമാണ് അങ്ങ് സൂചിപ്പിച്ചത്. 1917-ലായിരുന്നു റഷ്യൻ വിപ്ലവം നടന്നത്. അതിനുശേഷം അവർ സെറ്റായിട്ട് ദീർഘകാലമായി. സ്റ്റാലിനും ഹിറ്റ്ലറും എതിരാളികളെ വധിക്കുക എന്ന ഒരേ

പ്രവൃത്തിതന്നെയാണ് ചെയ്തിരുന്നത്. സ്റ്റാലിൻ സ്വന്തം ക്യാബിനറ്റ് മന്ത്രിമാരെ വരെ വധിക്കുമായിരുന്നു. അത് നിങ്ങൾക്ക് അറിയില്ലേ; പി.ബി.-യിലുള്ളവരെ വധിക്കുമായിരുന്നു, നാടുകടത്തുമായിരുന്നു. രണ്ടുപേരും ഒരുപോലെയുള്ള പ്രവർത്തിയാണ് ചെയ്തിരുന്നത്. ഹിറ്റ്ലർ-സ്റ്റാലിൻ പാക്റ്റ് എന്നത് നല്ല യോജിച്ച പാക്റ്റ് ആയിരുന്നു. രണ്ടുപേരും ഒരേ പ്രവൃത്തിയാണ് ചെയ്തിരുന്നത്. അല്ലാതെ ഫാസിസത്തിനെതിരായി ...

<u>ശ്രീ. പി. പ്രസാദ്</u>: സർ, (...മൈക്ക് ഓഫ്...)

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, പ്ലീസ്....Let me conclude, അല്ലാതെ ഫാസിസത്തിനും നാസിസത്തിനും എതിരായ ഒരു നിലപാടും സ്റ്റാലിനുണ്ടായിരുന്നില്ല. മന്ത്രിമാർക്കുവരെ സ്റ്റാലിനെ ഭയമായിരുന്നു. എത്രയോപേരെ അദ്ദേഹം നാടുകടത്തി. സൈബീരിയ രൂപംകൊണ്ടത് എങ്ങനെയാണ്? സൈബീരിയയിലേയ്ക്ക് ആളുകളെ നാടുകടത്തുകയാണ് ചെയ്തത്. ക്രൂരമായ പീഡനങ്ങളായിരുന്നു അവിടെ നടത്തിയിരുന്നത്. ഞാൻ അങ്ങേയ്ക്ക് എല്ലാം തെളിയിച്ചുതരാം. എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട വിഷയങ്ങളിലൊന്നാണ് ഒന്നാം ലോക മഹായുദ്ധത്തിനും രണ്ടാം ലോക മഹായുദ്ധത്തിനും ഇടയിൽ ലോകത്ത് നടന്ന ഇത്തരം സംഭവങ്ങൾ. അതുകൊണ്ടാണ് ഞാനിത് കാണാതെ പറയുന്നത്. എനിക്ക് വളരെ പാഷണേറ്റായ ഏരിയയാണ്. അതുകൊണ്ടാണ് സ്റ്റാലിന്റെ പ്രവർത്തികൾ അടവുനയമൊന്നുമല്ലെന്ന് ഞാൻ പറയാൻ കാരണം. ഹിറ്റ്ലർ കൺസിസ്റ്റന്റ് അല്ലാത്തതിനാൽ അയാൾ ഒരുദിവസം മോസ്കോ ആക്രമിക്കുകയാണുണ്ടായത്. ആക്രമിച്ചപ്പോഴാണ് സ്റ്റാലിൻ മറുവശത്തേയ്ക്ക് മാറിയത്. ഇന്ത്യയിലെ കമ്മ്യൂണിസ്റ്റുകാരുടെ പ്രശ്നമെന്തെന്നാൽ, മോസ്കോയിൽ മഴ പെയ്താൽ കൊച്ചിയിലോ തിരുവനന്തപുരത്തോ കുടപിടിക്കും. ഇന്ത്യയിലെ കമ്മ്യൂണിസ്റ്റുകാർക്ക് സ്വന്തമായൊരു നയമുണ്ടായിരുന്നില്ല. കമ്മ്യൂണിസ്റ്റുകാർ രാജ്യത്തെ അതിയായി സ്നേഹിച്ചുവെന്ന് പറയുന്നുണ്ട്. ബ്രിട്ടീഷ് ആധിപത്യത്തിന് അന്ത്യംകുറിച്ചുകൊണ്ട് 1947-ൽ ജവഹർലാൽ നെഹ്റുവിന്റെ നേതൃത്വത്തിൽ ഇന്ത്യയിലൊരു ജനാധിപത്യ ഭരണകൂടമുണ്ടായി. 1948-ൽ നിങ്ങളെടുത്ത തീരുമാനമെന്താണ്; കൽക്കത്ത തീസിസ്. ജനാധിപത്യ രീതിയിൽ

അധികാരത്തിൽവന്നൊരു ഗവൺമെന്റിനെ ഇല്ലായ്മ ചെയ്യാൻ, നാടുമുഴുവൻ അട്ടിമറിക്കാൻ, പാവപ്പെട്ടവർ സഞ്ചരിച്ചിരുന്ന ട്രെയിനുകൾ ബോംബുവച്ച് അട്ടിമറിക്കാൻ, സായുധ വിപ്ലവമെന്ന കൽക്കത്ത തീസിസ് നടപ്പാക്കി രാജ്യം മുഴുവൻ അക്രമം അഴിച്ചുവിട്ടു. സ്വതന്ത്ര ഇന്ത്യ ബാലാരിഷ്ടതകളിൽ വിങ്ങുമ്പോൾ, ബ്രിട്ടീഷുകാർ ചവിട്ടി മെതിച്ച ഒരു രാജ്യത്തെ ജനങ്ങൾക്ക് ഒരു നേരത്തെ ഭക്ഷണം കൊടുക്കാൻ ലോകത്തിന്റെ മുമ്പിൽ ഭിക്ഷാപാത്രവുമായി പണ്ഡിറ്റ് ജവഹർലാൽ നെഹ്റു കൈയും നീട്ടി നിൽക്കുമ്പോൾ, PL 480 എന്ന ധാന്യം വരുന്ന കപ്പലുകൾക്കുവേണ്ടി ഈ രാജ്യം കാത്തിരിക്കുമ്പോൾ, പാവപ്പെട്ടവന് ഭക്ഷണവും വിദ്യാഭ്യാസവും ആരോഗ്യവും നൽകാൻ പ്രയാസപ്പെടുന്നൊരു കാലത്ത്, ഈ രാജ്യത്തെ തകർക്കാൻ ശ്രമിച്ച കമ്മ്യൂണിസ്റ്റ് പാരമ്പര്യത്തെക്കുറിച്ച് ദയവുചെയ്ത് പറയരുത്. അതാണ് കമ്മ്യൂണിസ്റ്റ് പാരമ്പര്യം. മഹാത്മാഗാന്ധി ഉൾപ്പെടെയുള്ളവർ ബ്രിട്ടീഷുകാരോട് പോരാടുമ്പോൾത്തന്നെ കോൺഗ്രസ്സിനൊരു ഐഡിയോളജിയുണ്ട്. ഫാസിസത്തിനും നാസിസത്തിനുമെതിരെയുള്ള ഐഡിയോളജി. ബ്രിട്ടീഷ് മേൽക്കോയ്മക്കെതിരെ പോരാടുമ്പോൾ, അത് അപകടകരമാണെന്ന് പറയുമ്പോൾ, സാമ്രാജ്യത്വം അപകടകരമാണെന്ന് പറയുമ്പോൾ, അതിനേക്കാൾ അപകടമാണ് ലോകത്ത് ഫാസിസം കൊടികുത്തിവാഴുന്നത്. ഫാസിസം ലോകത്ത് വളരുന്നത് ലോകത്തെ അപകടത്തിലേക്ക് എത്തിക്കുമെന്ന് തിരിച്ചറിയാനുള്ള ബുദ്ധിശക്തി മഹാത്മാഗാന്ധിക്കും പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിനുമുണ്ടായിരുന്നു. ലോകത്തെ പ്രത്യയ ശാസ്ത്രങ്ങളെയും എല്ലാ ഇസങ്ങളെയും ലോകത്തിന്റെ ചരിത്രത്തെ മുഴുവനും കൈ വെള്ളയിലൊതുക്കാൻ അറിയാമായിരുന്ന നേതാക്കളായിരുന്നതുകൊണ്ടാണ് അവർ ഏറ്റവും സുചിന്തിതവും അഭിമാനകരവുമായ തീരുമാനമെടുത്തതെന്നുമാത്രം ഓർമ്മിപ്പിക്കുന്നു. മലബാർ കലാപത്തിലെ ഒറ്റുകാർ ആയിരുന്നില്ല കോൺഗ്രസ്സുകാർ. മലബാർ കലാപത്തിന് നേതൃത്വം കൊടുത്ത കോൺഗ്രസ്സ് നേതാക്കന്മാരുടെ പേരുകൾ ഇവിടെ എണ്ണിപ്പറയാം. അബ്ദുറഹിമാൻ സാഹിബ്, കെ. കേളപ്പൻ,... എന്നിങ്ങനെ നിരവധി നേതാക്കൾ. ആൻഡമാൻ നിക്കോബാർ ദ്വീപുകളിലേക്ക് നാടുകടത്തപ്പെട്ട കോൺഗ്രസ്സുകാരുടെ പേരുകളും പറയാം. മലബാർ കലാപത്തിന് നേതൃത്വം

നൽകിയ, അവരെ ചേർത്തുപിടിച്ച കോൺഗ്രസ്സ് നേതാക്കന്മാർ ഒറ്റുകാരായിരുന്നില്ല. സ്റ്റാലിൻ-ഹിറ്റ്ലർ പാക്ക് നടക്കുന്ന കാലത്ത്, ക്വിറ്റ് ഇന്ത്യാ സമരകാലത്ത് കോൺഗ്രസ്സ് നേതാക്കന്മാർ ഒളിച്ചിരിക്കുന്ന സ്ഥലം ഒറ്റുകൊടുക്കാൻ നടന്നിരുന്നത് കമ്മ്യൂണിസ്റ്റുകാരായിരുന്നു. അവരെ കുറ്റപ്പെടുത്താൻ സാധിക്കില്ല. കാരണം സ്റ്റാലിൻ സ്വീകരിച്ചിരിക്കുന്ന നിലപാടിൽനിന്നും വ്യത്യസ്തമായി ഇവിടെ മറ്റൊരു നിലപാട് സ്വീകരിക്കാൻ സാധിക്കുമോ; അതിനാൽ അവർ ആ നിലപാടാണ് സ്വീകരിച്ചത്. ഞാൻ അവസാനിപ്പിക്കുകയാണ്.

ഈ നയപ്രഖ്യാപനം ഭാവി കേരളത്തിനുവേണ്ടിയുള്ള ഒരു പോളിസി ഡിക്ലറേഷനാണ്. ഇതിൽ കുറവുകളുണ്ടാകും. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉൾപ്പെടെ ഭരണ-പ്രതിപക്ഷ എം.എൽ.എ.-മാർ എല്ലാവരും ഇവിടെ പറഞ്ഞ കാര്യങ്ങളെല്ലാം പരിഗണിച്ച് ബജറ്റിലൂടെ ആ കുറവ് പരിഹരിക്കാൻ വേണ്ടി ശ്രമിക്കും. ഈ നിയമസഭയും എം.എൽ.എ.-മാരും ജാഗ്രതയോടുകൂടി പ്രവർത്തിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. സർക്കാരിന്റെ പ്രവർത്തനങ്ങളെ സൂക്ഷ്മമായി വിലയിരുത്തണം. നല്ലകാര്യങ്ങൾ ചെയ്താൽ നല്ലതാണെന്ന് ഉച്ചത്തിൽ വിളിച്ചുപറഞ്ഞില്ലെങ്കിലും സ്വകാര്യമായെങ്കിലും പറയണം. തെറ്റായ കാര്യങ്ങൾ ചൂണ്ടിക്കാണിക്കണം. അത് തെറ്റാണെന്ന് ഞങ്ങൾക്ക് ബോധ്യമായാൽ അത് കറക്ട് ചെയ്യും. കേരളത്തിലൊരു മാറ്റമുണ്ടാകണം. നമ്മുടെ വരുംതലമുറകൾക്ക് ജീവിക്കാൻ സാധിക്കുന്ന സ്ഥലമാണ് കേരളമെന്ന നിലയിൽ മാറണം. ഈ തിരഞ്ഞെടുപ്പിൽ ടീം യു.ഡി.എഫ്. സ്വീകരിച്ച സുപ്രധാനമായ നിലപാടിൽ എനിക്ക് അഭിമാനമുണ്ട്. അത് വിട്ടുവീഴ്ചയില്ലാത്ത മതേതര നിലപാടാണ്. ഞാൻ ആരുമായും കോംപ്രമൈസ് ചെയ്തില്ല. തിരഞ്ഞെടുപ്പിന്റെ പീക്കിൽ നിൽക്കുമ്പോൾ ഞങ്ങളുടെ കൈയിൽ വോട്ട് ബാങ്കുണ്ടെന്ന് പറഞ്ഞ് ചിലർ വന്നു. വോട്ടുബാങ്കുണ്ടെങ്കിൽ കൈയിൽ വച്ചോയെന്ന് ഞങ്ങൾ പറഞ്ഞു. വർഗീയത പറയരുതെന്ന് ഞങ്ങൾ മുഖത്തുനോക്കി പറഞ്ഞു. അതിന് മതേതര കേരളം നൽകിയ അംഗീകാരമാണ് ഞങ്ങളുടെ ഉജ്ജ്വലമായ വിജയം. മതേതര കേരളം- ജാതിമത ചിന്തകൾക്ക് അതീതമായി

നമ്മുടെ മക്കളും കൊച്ചുമക്കളുമുള്ള കേരളത്തിൽ എല്ലാവർക്കും സൗഹാർദത്തോടെ ജീവിക്കാനുള്ള അന്തരീക്ഷം സൃഷ്ടിക്കപ്പെടണം. തിരഞ്ഞെടുപ്പ് കാലത്ത് കോംപ്രമൈസ് ചെയ്തിട്ടില്ല, പിന്നെയാണോ ഇനിയുള്ള കാലത്ത്. ഒരു കോംപ്രമൈസും വർഗീയതയുമായുണ്ടാകില്ല, ഒരു വിട്ടുവീഴ്ചയും ചെയ്യില്ലെന്ന് ഞാൻ ഈ നിയമസഭയ്ക്ക് ഉറപ്പുനൽകുന്നു. വർഗീയതയെ അതിന്റെ മുഖം നോക്കി വിമർശിക്കുകതന്നെ ചെയ്യുമെന്നുമാത്രം വിനയപൂർവം പറഞ്ഞുകൊണ്ടും നന്ദിപ്രമേയത്തിന് ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ടും ഞാൻ നിർത്തുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികൾ പ്രസ് ചെയ്യുന്നുണ്ടോ?

(ഭേദഗതികൾ ആരും പ്രസ് ചെയ്തില്ല.)

ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ അവതരിപ്പിച്ച 1, 2, 3, 4 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. രാജൻ അവതരിപ്പിച്ച 5, 6, 7, 8, 9, 10, 11, 12, 13, 14 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. പ്രസാദ് അവതരിപ്പിച്ച 15, 16, 17, 18 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മുഹമ്മദ് മുഹസിൻ അവതരിപ്പിച്ച 19, 20, 21 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി ഗീതാഗോപി അവതരിപ്പിച്ച 22, 23, 24, 25 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. അജയപ്രസാദ് അവതരിപ്പിച്ച 26, 27, 28 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. കെ. വൽസരാജ് അവതരിപ്പിച്ച 29, 30 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

*04-06-2026*

*Discussion on the motion of thanks to the Governor's address – discussion to be concluded*

ശ്രീ. ജി. ആർ. അനിൽ അവതരിപ്പിച്ച 31, 32, 33, 34 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. ജോയി അവതരിപ്പിച്ച 35, 36 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. പ്രഭാകരൻ അവതരിപ്പിച്ച 37, 38 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. സി. മൊയ്തീൻ അവതരിപ്പിച്ച 39, 40 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. മമ്മിക്കുട്ടി അവതരിപ്പിച്ച 41, 42 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. യു. ജനീഷ് കുമാർ അവതരിപ്പിച്ച 43, 44 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. കെ. ഹരീന്ദ്രൻ അവതരിപ്പിച്ച 45, 46 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. എസ്. അരുൺ കുമാർ അവതരിപ്പിച്ച 47, 48 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി ഒ. എസ്. അംബിക അവതരിപ്പിച്ച 49, 50 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. കെ. അക്ബർ അവതരിപ്പിച്ച 51, 52 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. സി. രവീന്ദ്രനാഥ് അവതരിപ്പിച്ച 53, 54 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. യു. ആർ. പ്രദീപ് അവതരിപ്പിച്ച 55, 56 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. പ്രേമൻ അവതരിപ്പിച്ച 57, 58 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. പ്രേംകുമാർ അവതരിപ്പിച്ച 59, 60 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കാരായി രാജൻ അവതരിപ്പിച്ച 61, 62 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. കെ. രാമചന്ദ്രൻ അവതരിപ്പിച്ച 63, 64 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സജി ചെറിയാൻ അവതരിപ്പിച്ച 65, 66 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. കെ. സനോജ് അവതരിപ്പിച്ച 67, 68 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി അവതരിപ്പിച്ച 69, 70 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച 71, 72 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിജിൻ അവതരിപ്പിച്ച 73, 74 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. പി. സുമോദ് അവതരിപ്പിച്ച 75, 76 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. വി. സുമേഷ് അവതരിപ്പിച്ച 77, 78 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ജി. സ്റ്റീഫൻ അവതരിപ്പിച്ച 79, 80 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. എം. ശശി അവതരിപ്പിച്ച 81, 82 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. എ. മുഹമ്മദ് റിയാസ് അവതരിപ്പിച്ച 83, 84 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. മുരളീധരൻ അവതരിപ്പിച്ച 85, 86, 87, 88, 89, 90, 91, 92, 93, 94, 95, 96, 97, 98 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ബി. ബി. ഗോപകുമാർ അവതരിപ്പിച്ച 99, 100, 101, 102 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. രാജീവ് ചന്ദ്രശേഖർ അവതരിപ്പിച്ച 104, 105, 106 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

"2026 മെയ് 29-ന് ബഹുമാനപ്പെട്ട ഗവർണ്ണർ കേരള നിയമസഭാംഗങ്ങളോട് ചെയ്ത പ്രസംഗത്തിന് നിയമസഭാംഗങ്ങൾ ബഹുമാനപ്പെട്ട ഗവർണ്ണർക്ക് നന്ദി രേഖപ്പെടുത്തുന്നു" എന്ന ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച ഉപക്ഷേപം പാസ്സാക്കാമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .......

പ്രതികൂലിക്കുന്നവർ ......

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

മി. സ്പീക്കർ: പുതിയ അംഗങ്ങൾക്കുകൂടി പരിചിതമാകുന്നതിനായി പോളിങിന് മുമ്പ് വേണമെങ്കിൽ മോക്ക് പോൾ നടത്താം.

അനുകൂലിക്കുന്നവർ - 92

പ്രതികൂലിക്കുന്നവർ - 32

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി. കെ. ബഷീർ): സർ, പോൾ രേഖപ്പെടുത്തിയില്ല.

*04-06-2026*
*Discussion on the motion of thanks to the Governor's address – discussion to be concluded*

<u>മി. സ്പീക്കർ</u>: ഞാൻ ഒരു നിർദേശം മുന്നോട്ടുവച്ചതാണ്. അതിനുമുമ്പ് നിങ്ങൾ വോട്ടുചെയ്തു കഴിഞ്ഞു. അതുകൊണ്ടാണ് ഞാൻ മോക്ക് പോളിലോട്ട് പോകാതിരുന്നത്. വോട്ടിങ് റിപ്പീറ്റ് ചെയ്യാം.

<u>അനുകൂലിക്കുന്നവർ</u>

1. ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. ശ്രീ. കെ. എം. അഭിജിത്ത്
4. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
5. ശ്രീ. അബിൻ വർക്കി കോടിയാട്ട്
6. ശ്രീ. മഞ്ഞളാംകുഴി അലി
7. ശ്രീ. എ. പി. അനിൽ കുമാർ
8. ശ്രീ. അനൂപ് ജേക്കബ്
9. ശ്രീ. അൻവർ സാദത്ത്
10. ശ്രീ. അപു ജോൺ ജോസഫ്
11. ശ്രീ. ആര്യാടൻ ഷൗക്കത്ത്
12. ശ്രീ. എ. കെ. എം. അഷ്റഫ്
13. ശ്രീ. ടി. പി. അഷ്റഫ് അലി
14. ശ്രീ. എം. ആർ. ബൈജു
15. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
16. ശ്രീ. വി. ടി. ബൽറാം
17. ശ്രീ. പി. കെ. ബഷീർ
18. ശ്രീമതി ബിന്ദു കൃഷ്ണ
19. ശ്രീ. കെ. ബിനിമോൻ
20. ശ്രീ. ചാണ്ടി ഉമ്മൻ

21. ശ്രീ. സിറിയക് തോമസ്
22. ശ്രീ. ദീപക് ജോയ്
23. ശ്രീമതി ഫാത്തിമ തഹിലിയ
24. ശ്രീ. പി. കെ. ഫിറോസ്
25. ശ്രീ. ഫൈസൽ ബാബു
26. ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ
27. ശ്രീ. ടി. വി. ഇബ്രാഹിം
28. ശ്രീ. ഒ. ജെ. ജനീഷ്
29. ശ്രീ. കെ. ജയന്ത്
30. ശ്രീ. സി. പി. ജോൺ
31. ശ്രീ. ജ്യോതികുമാർ ചാമക്കാല
32. ശ്രീ. സി. കെ. കാസിം
33. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
34. ശ്രീ. വി. കുഞ്ഞികൃഷ്ണൻ
35. ശ്രീ. എം. ലിജു
36. ശ്രീ. പഴകുളം മധു
37. ശ്രീ. സി. ആർ. മഹേഷ്
38. ശ്രീ. കല്ലട മാഹിൻ
39. ശ്രീ. മാണി സി. കാപ്പൻ
40. ശ്രീ. മനോജ് മൂത്തേടൻ
41. ഡോ. മാത്യു കുഴൽനാടൻ
42. ശ്രീ. മുഹമ്മദ് ഷിയാസ്
43. ശ്രീ. ടി. ഒ. മോഹനൻ
44. ശ്രീ. കുറുക്കോളി മൊയ്തീൻ

*04-06-2026*

*Discussion on the motion of thanks to the Governor's address – discussion to be concluded*

45. ശ്രീ. മോൻസ് ജോസഫ്

46. ശ്രീ. കെ. മുരളീധരൻ

47. ശ്രീ. നജീബ് കാന്തപുരം

48. ശ്രീ. എം. എം. നസീർ

49. ശ്രീ. പി. കെ. നവാസ്

50. ശ്രീ. നീലകണ്ഠൻ

51. ശ്രീ. കെ. പി. നൗഷാദ് അലി

52. ശ്രീ. കെ. പ്രവീൺ കുമാർ

53. ശ്രീ. എം. റഹ്മത്തുള്ള

54. ശ്രീ. എഫ്. രാജ

55. ശ്രീ. രാജൻ ജെ. പല്ലൻ

56. ശ്രീ. രമേശ് ചെന്നിത്തല

57. ശ്രീ. രമേശ് പിഷാരടി

58. ശ്രീമതി രമ്യ ഹരിദാസ്

59. ശ്രീ. എം. എ. റസാഖ് മാസ്റ്റർ

60. ശ്രീ. റെജി ചെറിയാൻ

61. ശ്രീമതി കെ. കെ. രമ

62. ശ്രീ. റോജി എം. ജോൺ

63. ശ്രീ. റോണി കെ. ബേബി

64. ശ്രീ. റോയ് കെ. പൗലോസ്

65. ശ്രീ. വി. പി. സജീന്ദ്രൻ

66. ശ്രീ. സജീവ് ജോസഫ്

67. ശ്രീ. പി. എം. എ. സമീർ

68. ശ്രീ. എൻ. ഷംസുദ്ദീൻ

69. ശ്രീ. സന്ദീപ് വാര്യർ

70. ശ്രീ. സനീഷ്‌കുമാർ ജോസഫ്

71. ശ്രീ. സി. വി. ശാന്തകുമാർ

72. ശ്രീ. വി. ഡി. സതീശൻ

73. ശ്രീ. സെബാസ്റ്റ്യൻ എം. ജെ.

74. ശ്രീ. കെ. എം. ഷാജി

75. ശ്രീ. എൻ. ശക്തൻ

76. ശ്രീമതി ഷാനിമോൾ ഉസ്മാൻ

77. ശ്രീ. ഷിബു ബേബി ജോൺ

78. ശ്രീ. ഷിബു തെക്കുംപുറം

79. ശ്രീ. ടി. സിദ്ദിഖ്

80. ശ്രീ. വി. ടി. സൂരജ്

81. ശ്രീ. ജി. സുധാകരൻ

82. ശ്രീ. സുധീർഷാ പാലോട്

83. ശ്രീ. സുമേഷ് അച്യുതൻ

84. ശ്രീ. സണ്ണി ജോസഫ്

85. ശ്രീ. നാട്ടകം സുരേഷ്

86. ശ്രീ. എ. ഡി. തോമസ്

87. ശ്രീ. തോമസ് ഉണ്ണിയാടൻ

88. ശ്രീമതി തുളസി ടീച്ചർ

89. ശ്രീ. ടോണി ചമ്മണി

90. ശ്രീമതി ഉമ തോമസ്

91. ശ്രീ. ഉല്ലാസ് കോവൂർ

92. ശ്രീമതി ഉഷ വിജയൻ

*04-06-2026*

*Discussion on the motion of thanks to the Governor's address – discussion to be concluded*

93. ശ്രീ. വർഗ്ഗീസ് മാമ്മൻ

94. ശ്രീ. സേനാപതി വേണു

95. ശ്രീമതി വിദ്യാ ബാലകൃഷ്ണൻ

96. ശ്രീ. എം. വിൻസെന്റ്

97. ശ്രീ. ടി. ജെ. വിനോദ്

98. ശ്രീ. വിനു ജോബ് കുഴിമണ്ണിൽ

99. ശ്രീ. വിഷ്ണു മോഹൻ

<u>പ്രതികൂലിക്കുന്നവർ</u>

1. ശ്രീ. സി. അജയപ്രസാദ്
2. ശ്രീ. എൻ. കെ. അക്ബർ
3. ശ്രീമതി ഒ. എസ്. അംബിക
4. ശ്രീ. ജി. ആർ. അനിൽ
5. ശ്രീ. എം. എസ്. അരുൺ കുമാർ
6. ശ്രീ. കെ. എൻ. ബാലഗോപാൽ
7. ശ്രീമതി ഗീതാഗോപി
8. ശ്രീ. ബി. ബി. ഗോപകുമാർ
9. ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ
10. ശ്രീ. കെ. യു. ജനീഷ് കുമാർ
11. ശ്രീ. വി. ജോയി
12. ശ്രീ. പി. മമ്മിക്കുട്ടി
13. ശ്രീ. പി. എ. മുഹമ്മദ് റിയാസ്
14. ശ്രീ. എ. സി. മൊയ്തീൻ
15. ശ്രീ. മുഹമ്മദ് മുഹസിൻ
16. ശ്രീ. വി. മുരളീധരൻ

17. ശ്രീ. എ. പ്രഭാകരൻ
18. ശ്രീ. യു. ആർ. പ്രദീപ്
19. ശ്രീ. പി. പ്രസാദ്
20. ശ്രീ. പി. കെ. പ്രവീൺ
21. ശ്രീ. കെ. പ്രേമൻ
22. ശ്രീ. കെ. പ്രേംകുമാർ
23. ശ്രീ. കെ. രാജൻ
24. ശ്രീ. രാജീവ് ചന്ദ്രശേഖർ
25. ശ്രീ. കെ. കെ. രാമചന്ദ്രൻ
26. പ്രൊഫ. സി. രവീന്ദ്രനാഥ്
27. ശ്രീ. സജി ചെറിയാൻ
28. ശ്രീ. വി. കെ. സനോജ്
29. ശ്രീ. ടി. എം. ശശി
30. ശ്രീ. ജി. സ്റ്റീഫൻ
31. ശ്രീ. കെ. വി. സുമേഷ്
32. ശ്രീ. പി. പി. സുമോദ്
33. ശ്രീ. കെ. കെ. വൽസരാജ്
34. ശ്രീ. പിണറായി വിജയൻ
35. ശ്രീ. എം. വിജിൻ
36. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

അനുകൂലിക്കുന്നവർ - 99

പ്രതികൂലിക്കുന്നവർ - 36

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

*04-06-2026*
*Discussion on the motion of thanks to the Governor's address – discussion to be concluded*

നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപം സഭ പാസ്സാക്കിയിരിക്കുന്നു.

**അറിയിപ്പ്**

നിയമസഭാംഗങ്ങളുടെ ദ്വിദിന പരിശീലന പരിപാടി

മി. സ്പീക്കർ: ഓർഡർ...ഓർഡർ....കേരള ലെജിസ്ലേറ്റീവ് അസംബ്ലിയുടെ മീഡിയ ആൻഡ് പാർലമെന്ററി സ്റ്റഡീസ് സെന്റർ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ പതിനാറാം കേരള നിയമസഭയിലെ അംഗങ്ങൾക്ക് ദ്വിദിന പരിശീലന പരിപാടി 2026 ജൂൺ മാസം 17, 18 തീയതികളിൽ നിയമസഭാ സമുച്ചയത്തിലെ ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ സംഘടിപ്പിക്കുന്നുണ്ട്. പ്രസ്തുത പരിപാടിയിലെ എല്ലാ സെഷനുകളിലും ബഹുമാനപ്പെട്ട മന്ത്രിമാർ ഉൾപ്പെടെ എല്ലാ അംഗങ്ങളും പങ്കെടുക്കണമെന്ന് അഭ്യർഥിക്കുന്നു.

ഓർഡർ..... ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും ജൂൺ മാസം 19-ാം തീയതി രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2026 ജൂൺ മാസം 19-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ ഉച്ചയ്ക്കുശേഷം 1.03-ന് പിരിഞ്ഞു.)

*******